വെളിച്ചം
സൗദി ഓൺലൈൻ
ഖുർആൻ പഠന പദ്ധതി

വെളിച്ചം റമദാൻ 2025

വെളിച്ചം സൗദി ഓൺലൈൻ ഖുർആൻ പഠന പദ്ധതി

പാഠഭാഗം:

സൂറ: ഫുസ്സിലത്ത്, സൂറ: ശൂറാ

GET IT ON Google Play

Velicham Online

velichamonline.islahiweb.org
velichamsaudionline.com

Saudi Indian Islahi Center

സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

facebook.com/velichamsaudionline youtube.com/velichamsaudionline

വെളിച്ചം റമദാൻ 2025
ഷെഡ്യൂൾ

പാഠഭാഗം : سورة فُصِّلَتْ سورة الشُّورَى
പ്രതിദിന പരീക്ഷകൾ : റമദാൻ 2 മുതൽ 15 വരെ
റിവിഷൻ പരീക്ഷകൾ : റമദാൻ 16, 17
ഫൈനൽ പരീക്ഷ : 2025 മാർച്ച് 21 വെള്ളി

ദിവസം	സൂറഃ	ആയത്തുകൾ	ആയത്തുകളുടെ എണ്ണം
റമദാൻ 2	ഫുസ്സിലത്ത്	1- 8	8
റമദാൻ 3	ഫുസ്സിലത്ത്	9-14	6
റമദാൻ 4	ഫുസ്സിലത്ത്	15-24	10
റമദാൻ 5	ഫുസ്സിലത്ത്	25-32	8
റമദാൻ 6	ഫുസ്സിലത്ത്	33-39	7
റമദാൻ 7	ഫുസ്സിലത്ത്	40-48	9
റമദാൻ 8	ഫുസ്സിലത്ത്	49-54	6
റമദാൻ 9	ശൂറാ	1-8	8
റമദാൻ 10	ശൂറാ	9-14	6
റമദാൻ 11	ശൂറാ	15-21	7
റമദാൻ 12	ശൂറാ	22-27	6
റമദാൻ 13	ശൂറാ	28-35	4
റമദാൻ 14	ശൂറാ	36-43	6
റമദാൻ 15	ശൂറാ	44-53	10
റമദാൻ 16	റിവിഷൻ 1 | ഫുസ്സിലത്ത്	1-54	54
റമദാൻ 17	റിവിഷൻ 2 | ശൂറാ	1-53	53
ഗ്രാൻഡ് ഫിനാലെ			
2025മാർച്ച് 21 വെള്ളി	മുഴുവൻ സൂറത്തുകളും		107

حم السّجدة

41. സൂറതു ഹാമീം സജദഃ

[സൂറതു 'ഫുസ്സ്വിലത്ത്' എന്നും ഇതിനു പേരുണ്ട്]

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 54 - വിഭാഗം (റുകൂഉ്) 6

ഇമാം ബൈഹക്വി, ഹാകിം (റ) മുതലായ പല ഹദീഥ് പണ്ഡിതൻമാരും നിവേദനം ചെയ്തിട്ടുള്ള ഒരു സംഭവമാണ് ചുവടെ ചേർക്കുന്നത്:-

ഒരിക്കൽ ക്വുറൈശികൾ ഒരു യോഗം ചേർന്ന് ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി: 'നമുക്കിടയിൽ ഭിന്നിപ്പും ഛിദ്രവും ഉണ്ടാക്കുകയും, നമ്മുടെ മതത്തെ ആക്ഷേപിക്കുകയും ചെയ്യുന്ന ഈ മനുഷ്യന്റെ (നബിയുടെ) അടുക്കൽ ചെന്ന് ജാലവിദ്യ, പ്രശ്നവിദ്യ, കവിത ആദിയായവയിൽ സമർത്ഥനായ ഒരാൾ അവനുമായി ഒരു സംഭാഷണം നടത്തി അവനെ അതിൽനിന്ന് പിൻമാറ്റുവാൻ സാധിക്കുമോ എന്ന് നോക്കട്ടെ. 'ഇതിനായി ഉത്ബത്തുബ്നു റബീഅഃ (عتبة بن ربيعة)യെ അവർ പറഞ്ഞയച്ചു. ഉത്ബത്ത് നബിﷺയുടെ അടുക്കൽ ചെന്ന് ഇങ്ങനെ പറഞ്ഞു: 'മുഹമ്മദേ, നീയോ (നിന്റെ പിതാവായ) അബ്ദുല്ലയോ ഉത്തമൻ?' തിരുമേനി മൗനമവലംബിച്ചു. വീണ്ടും ഉത്ബത്ത്: 'അല്ലെങ്കിൽ നീയോ (നിന്റെ പിതാമഹൻ) അബ്ദുൽ മുത്ത്വലിബോ ഉത്തമൻ?' തിരുമേനി ഉത്തരം പറഞ്ഞില്ല. ഉത്ബത്ത് തുടർന്നു: 'ഇവരെല്ലാം നിന്നെക്കാൾ ഉത്തമൻമാരായിരുന്നുവെങ്കിൽ, നീ കുറ്റപ്പെടുത്തുന്ന ഈ ദൈവങ്ങളെ (വിഗ്രഹങ്ങളെ) അവരും ആരാധിച്ചു വന്നിരുന്നു. അവരെക്കാൾ ഉത്തമൻ നീയാണെന്ന് പറയുന്നുവെങ്കിൽ നീയൊന്ന് സംസാരിക്കൂ, ഞങ്ങൾ കേൾക്കട്ടെ!'

ഉത്ബത്ത് തുടർന്നു: 'അല്ലാഹുവാണ സത്യം! ഈ ജനതയിൽ നിന്നെക്കാൾ ലക്ഷണംകെട്ടവൻ മറ്റൊരാളും ഉണ്ടായിട്ടില്ല. ഞങ്ങളുടെ ഐക്യം നീ ശിഥിലമാക്കി; ഞങ്ങളുടെ കാര്യങ്ങൾ നീ താറുമാറാക്കി; മതത്തെ നീ കുറ്റപ്പെടുത്തി; അറബികളുടെ മുമ്പിൽ ഞങ്ങളെ അപമാനിച്ചു. ഹേ, മനുഷ്യാ! നിനക്ക് (സാമ്പത്തികമായ) വല്ല ആവശ്യവുമാണെങ്കിൽ, ഞങ്ങൾ നിനക്ക് ധനം ശേഖരിച്ചുതന്ന് നിന്നെ ക്വുറൈശികളിൽ വലിയ ധനികനാക്കിത്തരാം. വിവാഹമാണാവശ്യമെങ്കിൽ, നീ ഇഷ്ടപ്പെടുന്ന സ്ത്രീയെ നിനക്ക് വിവാഹം ചെയ്തുതരാം. വേണമെങ്കിൽ പത്തുപേരെ വിവാഹം കഴിച്ചുതരാം.'

നബിﷺ ചോദിച്ചു: 'താങ്കൾ പറഞ്ഞ് കഴിഞ്ഞുവോ?' ഉത്ബത്ത്: 'അതെ,' 'എന്നാൽ കേൾക്കൂ' എന്ന് പറഞ്ഞുകൊണ്ട് തിരുമേനി 'ഹാ- മീം സജദഃയുടെ 'ബിസ്മില്ലാഹി'

മുതൽ 13-ാം വചനം തീരുന്നതുവരെ (**من بسم الله – الى قوله: مثل صاعقة عادوثمود**) ഉത്ബത്തിനെ ഓതികേൾപ്പിച്ചു.

കൈകൾ പിന്നോക്കം കെട്ടിനിന്ന് അതെല്ലാം കേട്ട ഉത്ബത്ത് നബി ﷺ യോട് അപേക്ഷിച്ചു: 'മതി!മതി!! ഉത്ബത്തിന്റെ വന്നപ്പോഴത്തെ മുഖഭാവം മാറി. ക്വുറൈശികളുടെ സദസ്സിലേക്കല്ല, നേരെ സ്വന്തം വീട്ടിലേക്കായിരുന്നു. അയാൾ മടങ്ങിപ്പോയത്.

ഉത്ബത്ത് മതം മാറിപ്പോയോ എന്ന് പോലും ക്വുറൈശികൾ സംശയിച്ചു. അബൂജഹ്ൽ മുതലായവർ അയാളെ വീട്ടിൽ ചെന്ന് കണ്ടു. അയാൾ അവരോടിങ്ങനെ പറഞ്ഞു: 'മുഹമ്മദിൽ നിന്ന് ഞാൻ ചിലതെല്ലാം കേൾക്കുകയുണ്ടായി, അത് ജാലമല്ല, പ്രശ്നവുമല്ല, കവിതയുമല്ല. അതുപോലുള്ള വാക്കുകൾ ഞാൻ കേട്ടിട്ടില്ല. അവസാനം വായക്കു പിടിച്ച് കേണപേക്ഷിച്ചു. എന്നിട്ടാണ് അവനത് നിറുത്തിയത്. നിങ്ങൾക്കറിയാമല്ലോ, മുഹമ്മദ് കളവ് പറയാറില്ലെന്ന്. അതുകൊണ്ട് നമുക്ക് വല്ല ശിക്ഷയും ബാധിച്ചേക്കുമോ എന്ന് ഞാൻ ഭയപ്പെട്ടുപോയി!'

ഒരു നിവേദനത്തിൽ ഉത്ബത്തിന്റെ മറുപടിയിൽ ഇപ്രകാരവും കാണാം: 'മുഹമ്മദിനെയും, അവന്റെ കാര്യത്തെയും നിങ്ങൾ വിട്ടേക്കുക. നിശ്ചയമായും അവന്നൊരു ഭാവിയുണ്ട്. ഞാൻ ഇപ്പറയുന്നത് നിങ്ങൾ അനുസരിക്കണം. വേറെ ഏത് വാക്ക് നിങ്ങൾ നിരസിച്ചാലും വിരോധമില്ല. അറബികൾ മുഹമ്മദിനെ അപായപ്പെടുത്തിയെങ്കിൽ നിങ്ങൾക്ക് അവന്റെ ശല്യം നീങ്ങുമല്ലോ. അതല്ല, അവന് പ്രതാപം വർദ്ധിക്കുകയാണെങ്കിൽ, അത് നിങ്ങളുടെ -ക്വുറൈശികളുടെ- യും പ്രതാപമായിരിക്കും.' ഉത്ബത്തിനെ അമ്പരപ്പിച്ച ആ സൂക്തങ്ങളെ മനസ്സിരുത്തി വായിക്കുമ്പോൾ അറിയാം അവയിലടങ്ങിയ ആശയങ്ങളുടെ ഗൗരവം.

بِسۡمِ ٱللَّهِ ٱلرَّحۡمَـٰنِ ٱلرَّحِيمِ ﴿١﴾

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

حمٓ ﴿١﴾

﴾1﴿ 'ഹാ മീം.'

تَنزِيلٌ مِّنَ ٱلرَّحۡمَـٰنِ ٱلرَّحِيمِ ﴿٢﴾

﴾2﴿ പരമകാരുണികനും, കരുണാനിധിയുമായുള്ളവനിൽ നിന്നുള്ള അവതാരമാണ് (ഇത്).

كِتَـٰبٌ فُصِّلَتۡ ءَايَـٰتُهُۥ قُرۡءَانًا عَرَبِيًّا لِّقَوۡمٍ يَعۡلَمُونَ ﴿٣﴾

﴾3﴿ അറബിഭാഷയിലുള്ള ഒരു 'ക്വുർആൻ' [പാരായണഗ്രന്ഥം] എന്ന നിലയിൽ 'ആയത്ത്' [സൂക്തം]കൾ വിശദീകരിക്കപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥം, അറിയുന്ന ജനങ്ങൾക്കുവേണ്ടി!-

بَشِيرًا وَنَذِيرًا فَأَعۡرَضَ أَكۡثَرُهُمۡ

﴾4﴿ സന്തോഷവാർത്ത അറിയിക്കുന്നതും, താക്കീത് നൽകുന്നതുമായിക്കൊണ്ട്. എന്നാൽ, അവരിൽ അധി

فَهُمْ لَا يَسْمَعُونَ ﴿٤﴾

കമാളും (അവഗണിച്ച്) തിരിഞ്ഞുകളഞ്ഞു. അങ്ങനെ, അവർ (ചെവികൊടുത്ത്) കേൾക്കുന്നില്ല.

﴾1﴿ حم ഹാ മീം ﴾2﴿ تَنزِيلٌ അവതരിപ്പിക്കൽ مِّنَ الرَّحْمَٰنِ പരമകാരുണികനിൽ നിന്നുള്ള الرَّحِيمِ കരുണാനിധിയായ ﴾3﴿ كِتَابٌ ഒരു ഗ്രന്ഥം (വേദഗ്രന്ഥം) فُصِّلَتْ വിശദീകരിക്കപ്പെട്ടിട്ടുണ്ട്, വേർതിരിച്ചു പറയപ്പെട്ട آيَاتُهُ അതിന്റെ ആയത്തുകൾ قُرْآنًا ഒരു ക്വുർആൻ (പാരായണഗ്രന്ഥം) ആയിക്കൊണ്ട് عَرَبِيًّا അറബിയിലുള്ള لِّقَوْمٍ ഒരു ജനതക്ക് വേണ്ടി يَعْلَمُونَ അറിയുന്ന ﴾4﴿ بَشِيرًا സന്തോഷവാർത്ത അറിയിക്കുന്നതായി وَنَذِيرًا താക്കീത് നൽകുന്നതും فَأَعْرَضَ എന്നാൽ (എന്നിട്ട്) തിരിഞ്ഞുകളഞ്ഞു, അവഗണിച്ചു أَكْثَرُهُمْ അവരിലധികവും فَهُمْ അങ്ങനെ അവർ لَا يَسْمَعُونَ കേൾക്കുന്നില്ല, ചെവി കൊടുക്കുന്നില്ല

ബാഹ്യവും, ആന്തരികവുമായ എല്ലാതരം കാരുണ്യങ്ങളുടെയും പരമകേന്ദ്രമായ അല്ലാഹു അവന്റെ അടിയാൻമാരുടെ ശാശ്വത നന്മക്കുവേണ്ടി അവതരിപ്പിച്ച അനുഗൃഹീത ഗ്രന്ഥമത്രെ വിശുദ്ധ ക്വുർആൻ. നിഷ്പ്രയാസം പാരായണം ചെയ്യാനും, ഗ്രഹിച്ചു മനസ്സിലാക്കുവാനും വേണ്ടി അതിലെ സൂക്തങ്ങൾ ഓരോന്നും വെവ്വേറെ പിരിച്ചു വേർതിരിച്ചും, അതാതിലെ ആശയങ്ങൾ വിശദീകരിച്ചുംകൊണ്ട് അറബിഭാഷയിലുള്ള ഒരു നിത്യ പാരായണ ഗ്രന്ഥമായിട്ടാണ് അത് അവതരിപ്പിക്കുന്നത്. കാര്യങ്ങൾ ഗ്രഹിക്കുന്ന- വസ്തുതകളെപ്പറ്റി ആലോചിക്കുന്ന ആളുകൾക്ക് അത് പ്രയോജനപ്പെടാതിരിക്കുകയില്ല. സത്യത്തിൽ വിശ്വസിക്കുന്നവർക്ക് അത് സന്തോഷവാർത്തയും അവിശ്വസിക്കുന്നവർക്ക് അത് താക്കീതും നൽകുന്നു.

'വിവരിക്കപ്പെട്ടു, വേർതിരിക്കപ്പെട്ടു' എന്നൊക്കെ അർത്ഥം വരാവുന്ന വാക്കാണ് فُصِّلَت (ഫുസ്സിലത്ത്.) അതുകൊണ്ട് രണ്ടുതരത്തിലുള്ള വ്യാഖ്യാനങ്ങൾ അതിന് നൽകപ്പെട്ടുകാണാം.

1) ക്വുർആന്റെ ആയത്തുകളാകുന്ന വചനങ്ങൾ- അല്ലെങ്കിൽ (*) അദ്ധ്യായങ്ങൾ- ഓരോന്നിനും സൗകര്യപൂർവ്വം പ്രത്യേക തരത്തിലുള്ള പ്രാരംഭവും സമാപനവും നൽകികൊണ്ട് ഹൃദ്യവും, ആകർഷണീയവുമായ ശൈലിയിലാണ് ക്വുർആൻ ഉള്ളത്.

2) ക്വുർആനിലെ ഓരോ വചനവും, ഓരോ അദ്ധ്യായവും, അതതിലെ ആശയങ്ങൾ ജനങ്ങൾക്ക് വേണ്ടതുപോലെ ഗ്രഹിക്കുമാറ് സമർത്ഥമായ രീതിയിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. വാസ്തവത്തിൽ, ഈ രണ്ട് വ്യാഖ്യാനവും ക്വുർആനെ സംബന്ധിച്ചിടത്തോളം തികച്ചും യഥാർത്ഥവുമാണ്. പക്ഷേ, എന്നിട്ടും ജനങ്ങളിൽ മിക്കവരും അതിന്റെ നേരെ അവഗണനയാണ് കാണിക്കുന്നത്. മാത്രമല്ല;-

وَقَالُوا قُلُوبُنَا فِي أَكِنَّةٍ مِّمَّا

﴾5﴿ അവർ പറയുകയും ചെയ്യുന്നു: '(മുഹമ്മദേ) നീ യാതൊന്നിലേക്ക്

(*) ക്വുർആൻ സൂക്തങ്ങൾക്കും അദ്ധ്യായങ്ങൾക്കും 'ആയത്തു'കൾ എന്ന് പറയാമെന്ന് കഴിഞ്ഞ അദ്ധ്യായത്തിൽവെച്ച് നാം കണ്ടുവല്ലോ.

تَدۡعُونَآ إِلَيۡهِ وَفِيٓ ءَاذَانِنَا وَقۡرٞ وَمِنۢ بَيۡنِنَا وَبَيۡنِكَ حِجَابٞ فَٱعۡمَلۡ إِنَّنَا عَٰمِلُونَ ﴿٥﴾

ഞങ്ങളെ ക്ഷണിക്കുന്നുവോ അതിനെക്കുറിച്ച് ഞങ്ങളുടെ ഹൃദയങ്ങൾ (ഒരു തരം) മൂടികളിലാണുള്ളത്; ഞങ്ങളുടെ കാതുകളിലുമുണ്ട് (ഒരു തരം) കട്ടി. ഞങ്ങളുടെയും നിന്റെയും ഇടക്ക് (യോജിക്കാത്തവണ്ണം) ഒരു മറയുമുണ്ട്. ആകയാൽ (നീ കണ്ടത്) നീ പ്രവർത്തിച്ചുകൊള്ളുക; നിശ്ചയമായും ഞങ്ങൾ (കണ്ടത് ഞങ്ങളും) പ്രവർത്തിക്കുന്നവരാണ്!'

﴾5﴿ وَقَالُوا അവർ പറയുകയും ചെയ്തു (ചെയ്യുന്നു) قُلُوبُنَا ഞങ്ങളുടെ ഹൃദയങ്ങൾ فِي أَكِنَّةٍ (ചില) മൂടികളിലാണ് مِمَّا യാതൊന്നിനെപ്പറ്റി تَدْعُونَا നീ ഞങ്ങളെ ക്ഷണിക്കുന്നു إِلَيْهِ അതിലേക്ക് وَفِي آذَانِنَا ഞങ്ങളുടെ കാതുകളിലുമുണ്ട് وَقْرٌ ഒരു കട്ടി, ഭാരം وَمِنْ بَيْنِنَا ഞങ്ങളുടെ ഇടയിലുണ്ട് وَبَيْنِكَ നിന്റെ ഇടയിലും حِجَابٌ ഒരു മറ (തടസ്സം) فَاعْمَلْ ആകയാൽ നീ പ്രവർത്തിച്ചുകൊള്ളുക إِنَّنَا നിശ്ചയമായും ഞങ്ങൾ عَامِلُونَ പ്രവർത്തിക്കുന്നവരാണ്

ഞങ്ങൾ സത്യം ചെവികൊള്ളുവാൻ ഒരിക്കലും തയ്യാറില്ലെന്നും, നാം തമ്മിൽ യോജിച്ചുപോകുക സാധ്യമല്ലെന്നും നിസ്സങ്കോചം ദുരഭിമാനം കൊള്ളുവാൻ അവർ ധൃഷ്ടരായിരിക്കുകയാണ്. എന്നിട്ടും, സൗമ്യമായ രീതിയിൽ അവരോട് മറുപടി പറയുവാൻ അല്ലാഹു നബിﷺയെ ഉപദേശിക്കുന്നു:-

قُلۡ إِنَّمَآ أَنَا۠ بَشَرٞ مِّثۡلُكُمۡ يُوحَىٰٓ إِلَيَّ أَنَّمَآ إِلَٰهُكُمۡ إِلَٰهٞ وَٰحِدٞ فَٱسۡتَقِيمُوٓاْ إِلَيۡهِ وَٱسۡتَغۡفِرُوهُۗ وَوَيۡلٞ لِّلۡمُشۡرِكِينَ ﴿٦﴾

﴾6﴿ (നബിയേ) പറയുക: 'ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രം; നിങ്ങളുടെ ഇലാഹ് [ആരാധ്യൻ] ഒരേ ഒരു ഇലാഹാണെന്ന് എനിക്ക് 'വഹ്യ്' [ഉൽബോധനം] നൽകപ്പെടുന്നു. ആകയാൽ, നിങ്ങൾ അവങ്കലേക്ക് ചൊവ്വായി നിലകൊള്ളുവിൻ; അവനോട് പാപമോചനം തേടുകയും ചെയ്യുവിൻ.' ബഹുദൈവവിശ്വാസികൾക്ക് നാശം.

ٱلَّذِينَ لَا يُؤۡتُونَ ٱلزَّكَوٰةَ وَهُم بِٱلۡأٓخِرَةِ هُمۡ كَٰفِرُونَ ﴿٧﴾

﴾7﴿ 'സകാത്ത്' കൊടുക്കാത്തവർ; പരലോകത്തെക്കുറിച്ചാകട്ടെ, അവർ അവിശ്വാസികളുമാണ്. (അങ്ങനെയുള്ള മുശ്‌രിക്കുകൾക്ക് നാശം.)

﴾6﴿ قُلْ നീ പറയുക إِنَّمَآ أَنَا നിശ്ചയമായും ഞാൻ بَشَرٌ ഒരു മനുഷ്യൻ (മാത്രം) مِّثْلُكُمْ നിങ്ങളെപ്പോലുള്ള يُوحَىٰٓ إِلَيَّ എനിക്ക് വഹ്‌യ് നൽകപ്പെടുന്നു أَنَّمَآ إِلَٰهُكُمْ നിങ്ങളുടെ ഇലാഹാണെന്ന് إِلَٰهٌ وَٰحِدٌ ഏകനായ (ഒരേ) ഇലാഹ് ا فَاسْتَقِيمُوٓا അതുകൊണ്ട് നിങ്ങൾ ചൊവ്വായി (നേരെ) നിലകൊള്ളുവിൻ إِلَيْهِ അവങ്കലേക്ക് وَاسْتَغْفِرُوهُ അവനോട് പാപമോചനം (പൊറുക്കൽ) തേടുകയും ചെയ്യുവിൻ وَوَيْلٌ കഷ്ടം, നാശം لِّلْمُشْرِكِينَ മുശ്‌രിക്കുകൾക്കാണ് ﴾7﴿ الَّذِينَ لَا يُؤْتُونَ കൊടുക്കാത്തവരായ الزَّكَوٰةَ സകാത്ത്, ധർമം وَهُم അവർ, അവരാകട്ടെ بِالْآخِرَةِ പരലോകത്തെപ്പറ്റി هُمْ അവർ كَٰفِرُونَ അവിശ്വാസികളാണ് (താനും)

മാനുഷികമായ പ്രകൃതിയിൽ ഞാനും നിങ്ങളെപ്പോലെയുള്ള ഒരുവൻതന്നെ. എങ്കിലും, അല്ലാഹുവിൽനിന്ന് ദൗത്യസന്ദേശങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രവാചകനും, ആരാധ്യൻ അല്ലാഹു മാത്രമാണെന്ന തത്വം പ്രബോധനം ചെയ്യാൻ നിയുക്തനായവനുമത്രെ ഞാൻ. അതുകൊണ്ടാണ് ഞാൻ നിങ്ങളെ അതിലേക്ക് വിട്ടുവീഴ്ചകൂടാതെ ക്ഷണിച്ചുകൊണ്ടിരിക്കുന്നതും, ആ അടിസ്ഥാനത്തിൽ നീക്കുപോക്ക് വരുത്തുവാൻ തയ്യാറില്ലാത്തതും എന്ന് സാരം.

മുശ്‌രിക്കുകളുടെ സ്വഭാവങ്ങളായി രണ്ട് കാര്യങ്ങൾ അല്ലാഹു ഇവിടെ എടുത്തുപറഞ്ഞിരിക്കുന്നു. ഒന്ന് അവർ 'സകാത്ത്' കൊടുക്കുന്നില്ലെന്നും, മറ്റൊന്ന് അവർ പരലോകത്തിൽ വിശ്വസിക്കാത്തവരാണെന്നും. പരലോകത്തിൽ- മരണാനന്തരജീവിതത്തിലും, പ്രതിഫലത്തിലും- വിശ്വസിക്കാത്തവരാണ് മുശ്‌രിക്കുകൾ എന്ന് വ്യക്തം തന്നെ. എന്നാൽ , 'സകാത്ത് കൊടുക്കാത്തവർ' (الَّذِينَ لَا يُؤْتُونَ الزَّكَوٰةَ) എന്ന വിശേഷണം പ്രത്യേകം ശ്രദ്ധാർഹമാണ്. സകാത്തിന് അല്ലാഹു കൽപിക്കുന്ന പ്രാധാന്യം എന്തുമാത്രമുണ്ടെന്ന് ഇതിൽനിന്ന് മനസ്സിലാക്കേണ്ടതുണ്ട്. പരലോകത്തിൽ വിശ്വസിക്കാത്തതും സകാത്ത് കൊടുക്കാത്തതുമാണ് മുശ്‌രിക്കുകളുടെ നാശഹേതു എന്ന് വരുമ്പോൾ, ഇസ്‌ലാമിൽ സകാത്തിന്റെ സ്ഥാനം കേവലം ഒരു നിർബന്ധകർമം എന്നതിലും എത്രയോ ഉയർന്നതാണെന്ന് വ്യക്തമാണല്ലോ. അതുകൊണ്ടുതന്നെയായിരുന്നു നബി തിരുമേനിﷺയുടെ വിയോഗാനന്തരം ചില അറബിഗോത്രങ്ങൾ സകാത്ത് കൊടുപ്പാൻ വിസമ്മതിച്ചപ്പോൾ അബൂബക്ർ (റ) അവരോട് പരസ്യമായി യുദ്ധം നടത്തിയതും.

ഇസ്‌ലാമിൽ നിലവിലുള്ള സകാത്തുനിയമം നടപ്പിലായത് ഹിജ്റഃ രണ്ടാംകൊല്ലത്തിലാണ്. ഈ അദ്ധ്യായമാകട്ടെ, മക്കീ കാലഘട്ടത്തിൽ അവതരിച്ചതുമാകുന്നു. അതുകൊണ്ട് ഇവിടെ 'സകാത്ത്' കൊണ്ടുദ്ദേശ്യം മതത്തിലെ സാങ്കേതികാർത്ഥത്തിലുള്ള നിർബന്ധധർമം അല്ലെന്നും, ('പരിശുദ്ധി, ആത്മീയ ശുദ്ധത' മുതലായ) ഭാഷാർത്ഥത്തിലുള്ള സകാത്തോ, അല്ലെങ്കിൽ പൊതുവിലുള്ള ദാനധർമങ്ങളോ ആണെന്നുമത്രെ ചില മഹാൻമാരുടെ അഭിപ്രായം. പക്ഷേ- ഇബ്നുകഥീർ (റ) മുതലായവർ സൂചിപ്പിച്ചിട്ടുള്ളതുപോലെ- നിലവിലുള്ള സകാത്തുനിയമം വരുന്നതിനുമുമ്പ് -പ്രവാചകത്വത്തിന്റെ ആദ്യഘട്ടത്തിൽ- മറ്റൊരു തരത്തിലുള്ള സകാത്ത് നിർബന്ധമുണ്ടായിരുന്നുവെന്നാണ് മനസ്സിലാക്കേണ്ടത്. വിളവുകൾ കൊയ്തെടുക്കുന്ന അവസരത്തിൽ അതിന്റെ കടമ കൊടുത്തുതീർക്കേണ്ടതാണ്. (وَآتُوا حَقَّهُ يَوْمَ حَصَادِهِ) എന്ന് മക്കീ സൂറത്തുകളിലൊന്നായ സൂ: അൻആമിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. കൂടാതെ, കഴിവുള്ളവൻ അടിയന്തര

ഘട്ടങ്ങളിൽ ദരിദ്രൻമാർക്കും പാവപ്പെട്ടവർക്കും സാമ്പത്തികസഹായം നൽകണമെന്നുള്ളത് ഒരു പ്രധാന കടമയായി എല്ലാ കാലത്തും പൊതുവിൽ അംഗീകരിക്കപ്പെട്ടതുമാണ്.

ചുരുക്കിപ്പറഞ്ഞാൽ, ഇന്ന് നിലവിലുള്ള സകാത്ത് വിശദാംശത്തിൽ വ്യത്യസ്തമായിരുന്നാലും മറ്റൊരു തരത്തിലുള്ള സകാത്ത് അന്നും നിർബന്ധമുണ്ടായിരുന്നു. അത് അനുഷ്ഠിക്കാത്തതിന്റെ പേരിലാണ് 'സകാത്ത് കൊടുക്കാത്ത മുശ്‌രിക്കുകൾ' എന്ന് അല്ലാഹു ഇവിടെ ആക്ഷേപിച്ചിരിക്കുന്നത് എന്ന് വെക്കുവാനാണ് ന്യായം കാണുന്നത്. 'സകാത്ത് കൊടുക്കാത്ത' (الَّذِينَ لا يُؤْتُونَ الزَّكَاةَ) എന്ന പ്രയോഗവും ഇതിനാണ് കൂടുതൽ അനുകൂലമാകുന്നത്. الله اعلم

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ لَهُمْ أَجْرٌ غَيْرُ مَمْنُونٍ ﴿٨﴾

《8》 നിശ്ചയമായും, വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളവരാകട്ടെ, അവർക്ക് മുറിഞ്ഞുപോകാത്ത പ്രതിഫലം ഉണ്ടായിരിക്കും.

വിഭാഗം - 2

۞ قُلْ أَئِنَّكُمْ لَتَكْفُرُونَ بِٱلَّذِى خَلَقَ ٱلْأَرْضَ فِى يَوْمَيْنِ وَتَجْعَلُونَ لَهُۥٓ أَندَادًا ۚ ذَٰلِكَ رَبُّ ٱلْعَـٰلَمِينَ ﴿٩﴾

《9》 (നബിയേ) പറയുക: 'രണ്ട് ദിവസങ്ങളിലായി ഭൂമിയെ സൃഷ്ടിച്ചുണ്ടാക്കിയവനിൽ അവിശ്വസിക്കുകയും, അവന് സമൻമാരെ ആക്കുകയും തന്നെയാണോ നിങ്ങൾ ചെയ്യുന്നത്?! അതാ (അവനാ)ണ് ലോകരുടെ രക്ഷിതാവ്!

وَجَعَلَ فِيهَا رَوَٰسِىَ مِن فَوْقِهَا وَبَـٰرَكَ فِيهَا وَقَدَّرَ فِيهَآ أَقْوَٰتَهَا فِىٓ أَرْبَعَةِ أَيَّامٍ سَوَآءً لِّلسَّآئِلِينَ ﴿١٠﴾

《10》 അതിന്റെ [ഭൂമിയുടെ] മുകളിൽകൂടി (ഇളകാതെ) ഉറച്ചു നിൽക്കുന്ന മലകളെയും അവൻ ഉണ്ടാക്കിയിരിക്കുന്നു; അതിൽ (നന്മകൾ വർദ്ധിപ്പിച്ച്) അഭിവൃദ്ധിയുണ്ടാക്കുകയും, അതിലെ ആഹാരവസ്തുക്കൾ അതിൽ (വ്യവസ്ഥ ചെയ്ത്) നിർണയിക്കുകയും ചെയ്തിരിക്കുന്നു; (എല്ലാം കൂടി) നാല് ദിവസങ്ങളിൽ, (അതെ) ചോദിക്കുന്ന (അഥവാ അന്വേഷിക്കുന്ന)വർക്ക് ശരിക്കും (നാല് ദിവസം)!

﴾8﴿ إِنَّ الَّذِينَ നിശ്ചയമായും യാതൊരുവർ آمَنُوا വിശ്വസിച്ച وَعَمِلُوا الصَّالِحَاتِ സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്ത لَهُمْ أَجْرٌ അവർക്കുണ്ട് പ്രതിഫലം غَيْرُ مَمْنُونٍ മുറിക്കപ്പെടാത്ത (മുറിഞ്ഞുപോകാത്ത) ﴾9﴿ قُلْ നീ പറയുക أَئِنَّكُمْ നിശ്ചയമായും നിങ്ങളാണോ لَتَكْفُرُونَ അവിശ്വസിക്കുക തന്നെ بِالَّذِي യാതൊരുവനിൽ خَلَقَ الْأَرْضَ ഭൂമിയെ സൃഷ്ടിച്ച فِي يَوْمَيْنِ രണ്ട് ദിവസങ്ങളിലായി وَتَجْعَلُونَ لَهُ അവന് നിങ്ങൾ ആക്കുക (ഉണ്ടാക്കുക)യും أَندَادًا സമൻമാരെ (പങ്കുകാരെ) ذَٰلِكَ അത്, അവനാണ് رَبُّ الْعَالَمِينَ ലോക(രുടെ) രക്ഷിതാവ് ﴾10﴿ وَجَعَلَ فِيهَا അതിൽ അവൻ ആക്കുകയും ചെയ്തു رَوَاسِيَ ഉറച്ചുനിൽക്കുന്നവയെ (പർവ്വതങ്ങളെ) مِن فَوْقِهَا അതിന്റെ മുകളിൽ കൂടി (ഉപരിഭാഗത്ത്) وَبَارَكَ فِيهَا അതിൽ അവൻ ബർക്കത്ത് (അഭിവൃദ്ധി- നന്മ) ഉണ്ടാക്കുകയും ചെയ്തു وَقَدَّرَ فِيهَا അതിൽ നിർണയിക്കുക (വ്യവസ്ഥ ചെയ്യുക)യും ചെയ്തു أَقْوَاتَهَا അതിലെ അന്നങ്ങളെ, ആഹാരങ്ങളെ فِي أَرْبَعَةِ أَيَّامٍ നാല് ദിവസങ്ങളിലായി سَوَاءً ശരിക്ക്, ശരിയായി, അനുയോജ്യമായി, തക്കതായി لِّلسَّائِلِينَ ചോദിക്കുന്നവർക്ക് (അന്വേഷിക്കുന്നവർക്ക്, ആവശ്യപ്പെടുന്നവർക്ക്)

ഭൂലോകം സൃഷ്ടിക്കുകയും, അതിൽ മനുഷ്യനും ഇതരജീവികൾക്കും വേണ്ടതെല്ലാം ഏർപ്പെടുത്തിക്കൊടുക്കുകയും ചെയ്തിട്ടുള്ളത് അല്ലാഹുവാണ്. അതിൽ മറ്റാർക്കും ഒരു പങ്കുമില്ല. എന്നിരിക്കെ, ലോകരക്ഷിതാവായ അവനുപുറമെ മറ്റുചിലരെ അവന് പങ്കാളികളായി ഗണിക്കുന്നതിന്റെ അർത്ഥശൂന്യത ചൂണ്ടിക്കാട്ടുകയാണ്.

ആകാശഭൂമികളെ സൃഷ്ടിച്ചത് ആറുദിവസങ്ങളിലായിട്ടാണെന്ന് ക്വുർആൻ പലപ്പോഴും ആവർത്തിച്ച് പറയാറുള്ളതാണ്. അതിന്റെ ഒരു വിശദീകരണം ഈ ആയത്തിൽനിന്നും അടുത്ത ആയത്തിൽനിന്നുംകൂടി ലഭിക്കുന്നു. ഭൂമിയെ സൃഷ്ടിച്ചത് രണ്ട് ദിവസംകൊണ്ടാണെന്നും അതിൽ പർവ്വതങ്ങൾ സ്ഥാപിച്ചതും, ആഹാരത്തിനുള്ള വകകളും മറ്റും വ്യവസ്ഥപ്പെടുത്തിയതും വേറെ രണ്ട് ദിവസംകൊണ്ടാണെന്നും, അങ്ങനെ ഭൂമിയുടെ സൃഷ്ടികാര്യങ്ങൾ നാല് ദിവസംകൊണ്ടാണ് പൂർത്തിയാക്കിയിരിക്കുന്നതെന്നും ഈ വചനത്തിൽ അല്ലാഹു വ്യക്തമാക്കി. ആകാശത്തിന്റെ കാര്യം പൂർത്തിയാക്കിയത് രണ്ട് ദിവസം കൊണ്ടാണെന്ന് അടുത്ത വചനത്തിലും പറയുന്നുണ്ട്. ഇങ്ങനെയാണ് ആറുദിവസം പൂർത്തിയാകുന്നതെന്ന് മനസ്സിലാക്കാം. എന്നാൽ, 'ദിവസം' (يَوْم) എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം നമുക്ക് പരിചയപ്പെട്ട രാവും പകലും ചേർന്ന ദിവസമായിരിക്കയില്ല. ചില പ്രത്യേക തരത്തിലുള്ള കാലഘട്ടമായിരിക്കുവാനേ നിവൃത്തിയുള്ളൂ; സൂ: സജദഃ 4-ാം വചനത്തിന്റെ വ്യാഖ്യാനത്തിലും മറ്റും ഇതിനുമുമ്പ് നാം ഇതിനെപ്പറ്റി വിവരിച്ചിട്ടുള്ളത് ഓർക്കുക.

മനുഷ്യരടക്കം ഭൂമിയിലുള്ള കോടാനുകോടി ജീവികൾക്ക് ജനിക്കുവാനും, ജീവിക്കുവാനും, അതിന്റേതായ ജീവിതാവശ്യങ്ങൾ നിർവ്വഹിക്കുവാനും ഉപയുക്തമായ വിധത്തിൽ അന്നപാനാദി നൂറുനൂറായിരം കാര്യങ്ങൾ ഇവിടെ നേരത്തെ തന്നെ സജ്ജീകരിച്ച് ക്രമപ്പെടുത്തി വെച്ചിരിക്കുകയാണല്ലോ അല്ലാഹു. وَبَارَكَ فِيهَا وَقَدَّرَ فِيهَا أَقْوَاتَهَا (അതിൽ ബർക്കത്ത്- അഭിവൃദ്ധി- ഉണ്ടാക്കുകയും, അതിലെ ആഹാരവസ്തുക്കൾ വ്യവസ്ഥപ്പെടുത്തുകയും ചെയ്തു) എന്ന് പറഞ്ഞത് ഇതെല്ലാം ചൂണ്ടിക്കാട്ടുകയാണ് ചെയ്യു

ന്നത്. ഒരു വിത്ത് ഭൂമിയിൽ നിക്ഷേപിച്ചാൽ അത് അനേകം ഇരട്ടിയായി തിരിച്ചുതരുന്നു. അതിന്റെ ഉപരിഭാഗത്ത് ഇടതടവില്ലാതെ മനുഷ്യൻ വിവിധ മർദ്ദനപരാക്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. അതെല്ലാം അത് സഹിക്കുന്നു. സഹിക്കുക മാത്രമല്ല, അതിന്റെ ഉള്ളിൽനിന്ന് അതേ മർദ്ദകർക്ക് വേണ്ട ഉൽപന്നങ്ങൾ അത് ഉൽപാദിപ്പിച്ച് കൊടുക്കുകയും ചെയ്യുന്നു. എന്തെല്ലാം മാലിന്യങ്ങളും മ്ലേച്ഛങ്ങളും കൊണ്ടാണ് മനുഷ്യൻ ഭൂമിയെ നിത്യേന അശുദ്ധമാക്കിക്കൊണ്ടിരിക്കുന്നതെന്ന് കയ്യും കണക്കുമില്ല. പക്ഷേ, അതെല്ലാം വളമയും പശിമയുമാക്കി മാറ്റിക്കൊടുക്കുകയാണത് ചെയ്യുന്നത്. ഇതെല്ലാം ഭൂമിയിൽ അല്ലാഹു നൽകിയ എണ്ണമറ്റ ബർക്കത്തുകളിൽ ചിലതത്രെ.

سَوَاءً ('സവാഅൻ') എന്നാൽ 'ശരിക്ക്' എന്നും 'സമമായിട്ട്' എന്നും അർത്ഥം വരാം. لِلسَّائِلِينَ (ലി- സ്സാഇലീൻ) എന്നതിന് 'ചോദിക്കുന്ന- അന്വേഷിക്കുന്ന- വർക്ക് ' എന്നും അർത്ഥം. വ്യാകരണപരമായി നോക്കുമ്പോൾ, 'ക്ക്' എന്നർത്ഥം കൊടുക്കപ്പെട്ട അവ്യയം (لِ) അതിന്റെ തൊട്ടുമുമ്പുള്ള (فِىٓ أَرْبَعَةِ أَيَّامٍ എന്ന) വാചകവുമായി ബന്ധപ്പെട്ട് നിൽക്കുന്നതായും, മുമ്പ് പറഞ്ഞ (وَقَدَّرَ فِيهَآ أَقْوَٰتَهَا എന്ന) വാചകവുമായി ബന്ധപ്പെട്ടതായും വരാം. അതുകൊണ്ട് ഇവിടെ രണ്ട് പ്രകാരത്തിൽ വ്യാഖ്യാനം നൽകപ്പെടാറുണ്ട്;

1) ലോകസൃഷ്ടിയെക്കുറിച്ച് അന്വേഷിക്കുന്നവർക്ക് ശരിക്കും നാലുദിവസം. അവർക്ക് അറിയുവാൻ വേണ്ടിയാണ് നാല് ദിവസം എന്ന് പ്രത്യേകം പറഞ്ഞിരിക്കുന്നത് എന്ന് സാരം. سَوَاءً എന്ന വാക്കിന് ഇകാരം (الكسرة) കൊടുത്ത് 'സവാഇൻ' എന്നും ഇവിടെ വായിക്കപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ച് 'ശരിയായ നാല് ദിവസം എന്നേ അതിന് അർത്ഥം വരികയുള്ളൂ.

2) ചോദിക്കുന്നവർക്കുവേണ്ടി അല്ലാഹു അതിൽ ആഹാരവസ്തുക്കൾ വ്യവസ്ഥപ്പെടുത്തി വെച്ചിരിക്കുന്നു. അഥവാ ആഹാരം അന്വേഷിക്കുന്നവരുടെ ആവശ്യാർത്ഥമാണ് അവ അതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്.

ثُمَّ ٱسْتَوَىٰٓ إِلَى ٱلسَّمَآءِ وَهِىَ دُخَانٌ فَقَالَ لَهَا وَلِلْأَرْضِ ٱئْتِيَا طَوْعًا أَوْ كَرْهًا قَالَتَآ أَتَيْنَا طَآئِعِينَ ﴿١١﴾

﴾11﴿ പിന്നെ (അതിനുപുറമെ) അവൻ ആകാശത്തിലേക്ക് തിരിഞ്ഞു- അത് ഒരു (തരം) പുകയായിരുന്നു. എന്നിട്ട് അതിനോടും, ഭൂമിയോടും അവൻ പറഞ്ഞു: 'നിങ്ങൾ രണ്ടും അനുസരണപൂർവ്വമോ അല്ലെങ്കിൽ നിർബന്ധിതമായോ വരുക!' അവ രണ്ടും പറഞ്ഞു: 'ഞങ്ങൾ അനുസരിച്ചുകൊണ്ട് (തന്നെ ഇതാ) വന്നിരിക്കുന്നു.'

فَقَضَىٰهُنَّ سَبْعَ سَمَٰوَاتٍ فِى يَوْمَيْنِ وَأَوْحَىٰ فِى كُلِّ سَمَآءٍ أَمْرَهَا ۚ وَزَيَّنَّا

﴾12﴿ അങ്ങനെ, അവയെ [ആകാശങ്ങളെ] രണ്ട് ദിവസങ്ങളിലായി അവൻ ഏഴാകാശങ്ങളാക്കി (സൃഷ്ടിച്ച്) പൂർത്തീകരിച്ചു. എല്ലാ (ഓരോ)

ٱلسَّمَآءَ ٱلدُّنۡيَا بِمَصَٰبِيحَ وَحِفۡظٗاۚ ذَٰلِكَ تَقۡدِيرُ ٱلۡعَزِيزِ ٱلۡعَلِيمِ ﴿١٢﴾

ആകാശത്തിലും അതതിന്റെ കാര്യം ബോധനം (നൽകി അറിയിച്ചു) കൊടുക്കുകയും ചെയ്തു. (ഭൂമിയുമായി) അടുത്ത ആകാശത്തെ ചില വിളക്കുകൾകൊണ്ട് നാം അലങ്കരിക്കുകയും ചെയ്തു. ഒരു കാവലും (ആക്കി വെച്ചിരിക്കുന്നു.)

സർവ്വജ്ഞനായ പ്രതാപശാലിയായുള്ളവൻ (വ്യവസ്ഥ ചെയ്ത്) കണക്കാക്കിയതത്രെ അത് (ഒക്കെയും).

﴾11﴿ ثُمَّ പിന്നെ (അതിനുപുറമെ) اسْتَوَى അവൻ തിരിഞ്ഞു (ചെന്നു) إِلَى السَّمَاءِ
ആകാശത്തിലേക്ക് وَهِيَ അത്, അതായിരിക്കെ دُخَانٌ പുകയായിരുന്നു, ഒരു പുക فَقَالَ
എന്നിട്ടവൻ പറഞ്ഞു لَهَا അതിനോട് وَلِلْأَرْضِ ഭൂമിയോടും ائْتِيَا നിങ്ങൾ രണ്ടും വരു
വിൻ طَوْعًا അനുസരണപൂർവ്വം, വഴിപ്പെട്ടുകൊണ്ട്, (സ്വമനസ്സാലെ) أَوْ كَرْهًا അല്ലെങ്കിൽ
നിർബന്ധിതമായി, (അതൃപ്തിയോടെ) قَالَتَا അവരണ്ടും പറഞ്ഞു أَتَيْنَا ഞങ്ങൾ വന്നി
രിക്കുന്നു طَائِعِينَ അനുസരിക്കുന്നവരായിട്ട് ﴾12﴿ فَقَضَاهُنَّ അങ്ങനെ അവൻ അവയെ
പൂർത്തിയാക്കി (ആക്കിത്തീർത്തു) سَبْعَ سَمَاوَاتٍ ഏഴാകാശങ്ങൾ فِي يَوْمَيْنِ രണ്ട് ദിവസ
ങ്ങളിൽ وَأَوْحَى അവൻ ബോധനം നൽകുകയും ചെയ്തു فِي كُلِّ سَمَاءٍ എല്ലാ ആകാശ
ത്തിലും أَمْرَهَا അതിന്റെ കാര്യം وَزَيَّنَّا നാം അലങ്കരിക്കുക (ഭംഗിയാക്കുക)യും ചെയ്തു
السَّمَاءَ الدُّنْيَا ഏറ്റം അടുത്ത (ഐഹികമായ) ആകാശം بِمَصَابِيحَ ചില വിളക്കുകളാൽ
وَحِفْظًا ഒരു കാവലും ذَلِكَ അത് تَقْدِيرُ الْعَزِيزِ പ്രതാപശാലിയുടെ നിർണയം (വ്യവസ്ഥ, കണക്കാക്കൽ) ആകുന്നു الْعَلِيمِ സർവ്വജ്ഞനായ

ثُمَّ اسْتَوَى إِلَى السَّمَاءِ (പിന്നെ ആകാശത്തിലേക്ക് തിരിഞ്ഞു) എന്ന് പറഞ്ഞിരിക്കകൊണ്ട് ഭൂമി സൃഷ്ടിച്ചശേഷം പിന്നീടാണ് അല്ലാഹു ആകാശത്തിന്റെ സൃഷ്ടിയിലേക്ക് തിരിഞ്ഞത് എന്ന് ധരിച്ചുകൂടാത്തതാണ്. കാരണം, ആകാശത്തെ ഉയർത്തി സ്ഥാപിച്ചതിനെയും, ഇരുട്ടും വെളിച്ചവും ഏർപ്പെടുത്തിയതിനെയും സംബന്ധിച്ച് പ്രസ്താവിച്ചശേഷം, സൂ: നാസിആത്തി' (النازعات)ൽ അല്ലാഹു ഇങ്ങനെ വ്യക്തമാക്കിയിരിക്കുന്നു: وَالْأَرْضَ بَعْدَ ذَلِكَ دَحَاهَا - النازعات (അതിനുശേഷം ഭൂമിയെ അവൻ പരത്തുകയും ചെയ്തു.) നമ്മുടെ വാനശാസ്ത്ര പണ്ഡിതൻമാർക്ക് ഏഴ് ആകാശങ്ങളെപ്പറ്റി സൂക്ഷ്മമായി ഒന്നും പറയുവാൻ സാധിച്ചിട്ടില്ലെങ്കിലും, ഉപരിലോകത്തെ നക്ഷത്രങ്ങൾക്കാണ് ഭൂമിയെക്കാൾ കൂടുതൽ കാലപ്പഴക്കമെന്നാണ് മൊത്തത്തിൽ അവരുടെയും നിഗമനം. അതുകൊണ്ട് ثُمَّ(പിന്നെ) എന്ന പദം ഇവിടെ കാലക്രമം കാണിക്കുവാനുള്ളതല്ല, ഒരു വിഷയത്തിനുശേഷം മറ്റൊരു വിഷയത്തിലേക്കുള്ള പ്രവേശനം കാണിക്കുവാനുള്ളതാണെന്ന് മനസ്സിലാക്കാം.

ആകാശത്തിന്റെ സൃഷ്ടിയിലേക്ക് തിരിഞ്ഞപ്പോൾ അത് ഒരുതരം പുകയായിരുന്നു (وَهِيَ دُخَانٌ) എന്ന് പറഞ്ഞതിന്റെ താൽപര്യം എന്താണെന്ന് നമുക്ക് സൂക്ഷ്മമായി പറയുവാൻ തെളിവുകളില്ല. ശാസ്ത്രത്തിന്റെ അഭിപ്രായമനുസരിച്ച് ഉപരിഗോളങ്ങളെല്ലാം ഒരുകാലത്ത് ഒരുതരം മേഘപടലം (السَحاب) അല്ലെങ്കിൽ ധൂമപടലം (الدُخَان), അഥവാ ഒരുതരം ആവി (البخار)യോ വാതകമോ ആയിരുന്നുവെന്നും, അതി ദീർഘമായ കാലങ്ങൾക്ക് ശേഷമാണ് അവ നിലവിലുള്ള പദാർത്ഥലോകങ്ങളായി പരിണമിച്ചിരിക്കുന്നതുമെന്നാണ് കാണുന്നത്. *(*)* അങ്ങനെയുള്ള ഏതെങ്കിലും ഒരവസ്ഥയെക്കുറിച്ചായിരിക്കാം 'അത് പുകയായിരുന്നു' (وَهِيَ دُخَان) എന്ന് പറഞ്ഞിരിക്കുന്നത്. അല്ലാഹുവിനറിയാം. ഭൂമിയെയും, ആകാശത്തെയും അഭിമുഖീകരിച്ചുകൊണ്ട് അനുസരണ പൂർവ്വമോ നിർബന്ധിതമായോ വരുവാൻ കൽപിച്ചുവെന്നും, അവ അനുസരണപൂർവ്വംതന്നെ വന്നുവെന്നും പറഞ്ഞിട്ടുള്ളത് കേവലം ഒരു ഉപമാലങ്കാരപ്രയോഗമാകുന്നു. അവയും അവയിലുള്ള സർവ്വ വസ്തുക്കളും അല്ലാഹുവിന്റെ ഉദ്ദേശ്യത്തിനും, വ്യവസ്ഥകൾക്കും പരിപൂർണമായും വിധേയമാണെന്നും, അതിൽ എന്തെങ്കിലും വിഘ്നം വരുത്തുവാൻ അവയ്ക്ക് സാധ്യമല്ലെന്നും സാരം.

'പുക'യായിരുന്ന വസ്തുവെ അല്ലാഹു ഏഴാകാശങ്ങളാക്കി സൃഷ്ടി പൂർത്തിയാക്കി (فَقَضَاهُنَّ سَبْعَ سَمَاوَاتٍ) എന്ന് പറഞ്ഞുവല്ലോ. ആ പുക എന്തായിരുന്നു? അതെവിടെനിന്നുണ്ടായി? അതിനുമുമ്പ് അതെന്തായിരുന്നു? കേവലം ചില ശാസ്ത്രീയനിഗമനങ്ങളല്ലാതെ, യഥാർത്ഥവും ഖണ്ഡിതവുമായ ഉത്തരം കിട്ടാത്ത ചോദ്യങ്ങളാണവ. ഒരു കാര്യം, ബുദ്ധി നമുക്ക് കാട്ടിത്തരുന്നുണ്ട്: എല്ലാറ്റിന്റെയും ആദ്യത്തെ ഉത്ഭവസ്ഥാനം ശുദ്ധശൂന്യതയാണെന്നത്രെ അത്. ശുദ്ധശൂന്യതയിൽനിന്ന് എന്തെങ്കിലും ഒരു വസ്തുവിന് അസ്തിത്വം നൽകുവാൻ അദൃശ്യമായ ഒരു പരമശക്തിക്കല്ലാതെ (അല്ലാഹുവിനല്ലാതെ) മറ്റേതൊരു ശക്തിക്കും കഴിവില്ലതന്നെ. ഏത് പ്രകൃതിവാദിയും, ഏത് നിരീശ്വരവാദിയും ഇവിടെ മുട്ടുകുത്താതെ നിവൃത്തിയില്ല. രണ്ട് ദിവസങ്ങളിൽ (فِي يَوْمَيْنِ) അഥവാ രണ്ട് ഘട്ടങ്ങളിൽ- ആയിട്ടാണ് ആകാശങ്ങളെയും സൃഷ്ടിച്ചതെന്ന് പറഞ്ഞുവല്ലോ. കഴിഞ്ഞ വചനത്തിൽ പ്രസ്താവിച്ച നാല് ദിവസത്തിന് പുറമെയാണിത്. അങ്ങനെ, ആകാശഭൂമികളുടെ സൃഷ്ടി ആറ് ദിവസം കൊണ്ട് പൂർത്തിയായി. (ഏഴ് ആകാശങ്ങളെക്കുറിച്ച് സൂ: മുഅ്മിനൂൻ 17-ാം വചനത്തിന്റെ വിവരണത്തിൽ നാം പ്രസ്താവിച്ചത് ഓർക്കുക.)

ഓരോ ആകാശത്തിലെയും മലക്കുകൾ മുതലായ നിവാസികൾ, വിഭവങ്ങൾ, നടപടിക്രമങ്ങൾ, പ്രകൃതി വിശേഷങ്ങൾ ആദിയായ എല്ലാ കാര്യങ്ങളും നിശ്ചയിച്ച് വേണ്ടുന്ന വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുണ്ടെന്നത്രെ وَأَوْحَىٰ فِي كُلِّ سَمَاءٍ أَمْرَهَا(എല്ലാ ആകാശത്തിലും അതിന്റെ കാര്യത്തെക്കുറിച്ച് ബോധനം നൽകി) എന്ന് പറഞ്ഞതിന്റെ താൽപര്യം. നക്ഷത്രഗോളങ്ങൾ ഓരോന്നും നമ്മുടെ ഭൂമിയെക്കാൾ എത്രയോ മടങ്ങ് വലുതാണെങ്കിലും, നമ്മുടെ ദൃഷ്ടിയിൽ അവ ഒരു മേൽപുരയിൽ മിന്നിത്തിളങ്ങുന്ന വൈദ്യുതവിളക്കുകൾ പോലെയാണല്ലോ. അതുകൊണ്ടാണ് وَزَيَّنَّا السَّمَاءَ الدُّنْيَا بِمَصَابِيحَ (കൂടുതൽ അടുത്ത ആകാശത്തെ വിളക്കുകൾകൊണ്ട് അലങ്കരിച്ചു) എന്ന് പറഞ്ഞിരിക്കുന്നത്.

(*) സൂ: കഹ്ഫിന്റെ 109-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ കൂടുതൽ വിവരം കഴിഞ്ഞുപോയിട്ടുണ്ട്.

തുടർന്നുകൊണ്ട് وَحِفْظًا (ഒരു കാവലും) എന്ന് പറഞ്ഞതിന്റെ താൽപര്യം രണ്ട് പ്രകാരത്തിൽ ആയിരിക്കാനിടയുണ്ട്. രണ്ടായാലും സ്ഥലത്തേക്ക് യോജിച്ച ഒരു ക്രിയാ രൂപം (فعل) ഇവിടെ ലോപിച്ചിരിക്കൽ വ്യാകരണ നിയമപ്രകാരം അനിവാര്യമാണ്. അതിങ്ങനെ വിവരിക്കാം:

1) اي وحفظنا حفظا (അവയെ- ആകാശത്തെ- നാം ഒരു കാവൽ കാക്കുകയും ചെയ്തിരിക്കുന്നു) അഥവാ ആകാശത്തിന്റെ രക്ഷക്കാവശ്യമായ എല്ലാ ഏർപ്പാടും നാം ചെയ്തിരിക്കുന്നു.

2) وَجَعَلْنَاهَا حفظا (അവയെ- ആ വിളക്കുകളാകുന്ന നക്ഷത്രങ്ങളെ- നാം ഒരു കാവലാക്കുകയും ചെയ്തിരിക്കുന്നു.) നക്ഷത്രങ്ങളെ അടുത്ത ആകാശത്തിന് ഒരു അലങ്കാരമാണെന്നപോലെത്തന്നെ ആകാശത്തേക്ക് പിശാചുക്കളുടെ വരവിനെ തടയുക വഴി ആകാശത്തുനിന്ന് അവയെ ഒരു കാവലായും ഏർപ്പെടുത്തിയിരിക്കുന്നു എന്ന് സാരം. നക്ഷത്രങ്ങൾകൊണ്ട് ആകാശത്തെ അലങ്കരിച്ച വിവരം പറയുന്നതോടൊപ്പം തന്നെ, അവയെ പിശാചുക്കളിൽ നിന്ന് കാവലും ആക്കിയിരിക്കുന്നുവെന്ന് (സൂ: ഹിജ്ർ: 16, 17; സ്വാഫ്ഫാത്ത്: 6, 7; മുൽക്; 5 മുതലായ സ്ഥലങ്ങളിൽ) അല്ലാഹു വ്യക്തമായി പ്രസ്താവിച്ചതാണല്ലോ. അതാണ് ഈ വ്യാഖ്യാനത്തിന് അവലംബം. (കൂടുതൽ വിവരം സൂ: ഹിജ്റിന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ നോക്കുക.) ഇതെല്ലാം സൃഷ്ടിച്ച് വ്യവസ്ഥപ്പെടുത്തി നിയന്ത്രിച്ചും പരിപാലിച്ചും പോരുന്ന മഹാശക്തി, പ്രതാപത്തിന്റെയും ജ്ഞാനത്തിന്റെയും പരമകേന്ദ്രംതന്നെ. (ذَٰلِكَ تَقْدِيرُ الْعَزِيزِ الْعَلِيمِ)

فَإِنْ أَعْرَضُوا۟ فَقُلْ أَنذَرْتُكُمْ صَٰعِقَةً مِّثْلَ صَٰعِقَةِ عَادٍ وَثَمُودَ ﴿١٣﴾

﴿13﴾ എന്നിരിക്കെ, അവർ (ശ്രദ്ധിക്കാതെ) തിരിഞ്ഞുകളയുകയാണെങ്കിൽ (നബിയേ) പറയുക: 'ആദിന്റെയും, ഥമൂദിന്റെയും ഇടിത്തീ (അഥവാ ഘോരശിക്ഷ) പോലെയുള്ള ഒരു ഇടിത്തീയിനെ [വമ്പിച്ച ശിക്ഷയെ] ക്കുറിച്ച് ഞാൻ (ഇതാ) നിങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നു!'

﴿13﴾ فَإِنْ أَعْرَضُوا എന്നിരിക്കെ (അപ്പോൾ) അവർ തിരിഞ്ഞാൽ, അവഗണിച്ചാൽ فَقُلْ എന്നാൽ നീ പറയുക أَنذَرْتُكُمْ ഞാൻ നിങ്ങൾക്ക് മുന്നറിയിപ്പ് (താക്കീത്) തരുന്നു صَاعِقَةً ഒരു ഇടിത്തീ, ഘോര ശിക്ഷ مِثْلَ صَاعِقَةِ ഇടിത്തീപോലയുള്ള عَادٍ وَثَمُودَ ആദിന്റെയും ഥമൂദിന്റെയും

---

9 മുതൽ 12 കൂടി വചനങ്ങളിലെ ഉള്ളടക്കം ഓർത്തുകൊണ്ട് ഈ വചനത്തിലെ താക്കീതിന്റെയും ആഴം ഒന്ന് ആലോചിച്ചുനോക്കുക! മുമ്പ് പ്രസ്താവിച്ചതുപോലെ, ആ കടുത്ത മുശ്രിക്കായ ഉത്ബത്തിന്റെ മുഖഭാവം മാറിയതും, കരിങ്കല്ലുപോലെ ഉറച്ച് കടുത്തിരുന്ന ആ ഹൃദയത്തിന് ചാഞ്ചല്യം നേരിട്ടതും ഈ താക്കീതിന്റെ ഗൗരവം നിമിത്തമാണല്ലോ. صَاعِقَةً (ഇടിത്തീ) എന്ന വാക്കുകൊണ്ട് ഘോരമായ ശിക്ഷ എന്നാണിവിടെ വിവക്ഷ. ആദ്- ഥമൂദിന്റെ ശിക്ഷകളെക്കുറിച്ച് തുടർന്നു വിവരിക്കുന്നുണ്ട്.

إِذْ جَآءَتْهُمُ ٱلرُّسُلُ مِنۢ بَيْنِ أَيْدِيهِمْ وَمِنْ خَلْفِهِمْ أَلَّا تَعْبُدُوٓا۟ إِلَّا ٱللَّهَ ۖ قَالُوا۟ لَوْ شَآءَ رَبُّنَا لَأَنزَلَ مَلَـٰٓئِكَةً فَإِنَّا بِمَآ أُرْسِلْتُم بِهِۦ كَـٰفِرُونَ ﴿١٤﴾

《14》 അവരുടെ മുമ്പിലൂടെയും, അവരുടെ പിമ്പിലൂടെയും അവരുടെ അടുക്കൽ റസൂലുകൾ ചെ(ന്ന് ഉപദേശിച്ചു കൊണ്ടിരു)ന്നപ്പോൾ, അല്ലാഹുവിനെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന്; അവർ പറഞ്ഞു: 'ഞങ്ങളുടെ റബ്ബ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവൻ (ഞങ്ങളിലേക്ക്) 'മലക്കു'കളെ ഇറക്കുമായിരുന്നു. അതുകൊണ്ട്, നിങ്ങൾ ഏതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ അതിൽ നിശ്ചയമായും ഞങ്ങൾ അവിശ്വാസികളാണ്.'

《14》 إِذْ جَاءَتْهُمْ അവർക്ക് വന്നപ്പോൾ الرُّسُلُ റസൂലുകൾ (ദൂതൻമാർ) مِنْ بَيْنِ أَيْدِيهِمْ അവരുടെ മുമ്പിൽകൂടി وَمِنْ خَلْفِهِمْ അവരുടെ പിമ്പിൽകൂടിയും أَلَّا تَعْبُدُوا നിങ്ങൾ ആരാധിക്കരുതെന്ന് إِلَّا اللَّهَ അല്ലാഹുവിനെയല്ലാതെ قَالُوا അവർ പറഞ്ഞു لَوْ شَاءَ ഉദ്ദേശിച്ചിരുന്നെങ്കിൽ رَبُّنَا നമ്മുടെ റബ്ബ് لَأَنزَلَ അവൻ ഇറക്കുമായിരുന്നു, ഇറക്കേണ്ടതാണ് مَلَائِكَةً മലക്കുകളെ فَإِنَّا ആകയാൽ നിശ്ചയം ഞങ്ങൾ بِمَا യാതൊന്നിൽ أُرْسِلْتُم بِهِ അതുമായി നിങ്ങൾ അയക്കപ്പെട്ടിരിക്കുന്നു كَافِرُونَ അവിശ്വാസികളാണ്

മുമ്പിൽകൂടിയും, പിമ്പിൽകൂടിയും റസൂലുകൾ ചെന്നുവെന്ന് പറഞ്ഞതിന്റെ താൽപര്യം, അവരുടെ വരവും ഉപദേശവും തുടർന്നുകൊണ്ടിരുന്നു എന്നാകുന്നു. ആദിന്റെയും ഥമൂദിന്റെയും പൊതുനിലയാണ് ഈ വചനത്തിൽ ചുരുക്കിപ്പറഞ്ഞത്. തുടർന്നുള്ള വചനങ്ങളിൽ അതിന്റെ വിശദീകരണം കാണാം.

فَأَمَّا عَادٌ فَٱسْتَكْبَرُوا۟ فِى ٱلْأَرْضِ بِغَيْرِ ٱلْحَقِّ وَقَالُوا۟ مَنْ أَشَدُّ مِنَّا قُوَّةً ۖ أَوَلَمْ يَرَوْا۟ أَنَّ ٱللَّهَ ٱلَّذِى خَلَقَهُمْ هُوَ أَشَدُّ مِنْهُمْ قُوَّةً ۖ وَكَانُوا۟ بِـَٔايَـٰتِنَا يَجْحَدُونَ ﴿١٥﴾

《15》 എന്നാൽ 'ആദ്' ഗോത്രമാകട്ടെ, അവർ ന്യായമല്ലാത്ത വിധത്തിൽ ഭൂമിയിൽ അഹംഭാവം കാണിച്ചു. 'ശക്തിയിൽ ഞങ്ങളെക്കാൾ ഊക്കേറിയവർ ആരാണുള്ളത്!?' എന്ന് അവർ പറയുകയും ചെയ്തു. അവർക്ക് കണ്ടുകൂടേ; അവരെ സൃഷ്ടിച്ച അല്ലാഹു അവരെക്കാൾ ശക്തിയിൽ ഊക്കേറിയവനാണെന്ന്?! അവർ നമ്മുടെ 'ആയത്ത്' [ലക്ഷ്യദൃഷ്ടാന്തം]കളെ നിഷേധിക്കുകയും ചെയ്തിരുന്നു.

فَأَرۡسَلۡنَا عَلَيۡهِمۡ رِيحٗا صَرۡصَرٗا فِيٓ أَيَّامٖ نَّحِسَاتٖ لِّنُذِيقَهُمۡ عَذَابَ ٱلۡخِزۡيِ فِي ٱلۡحَيَوٰةِ ٱلدُّنۡيَاۖ وَلَعَذَابُ ٱلۡأٓخِرَةِ أَخۡزَىٰۖ وَهُمۡ لَا يُنصَرُونَ ﴿١٦﴾

﴿16﴾ അതിനാൽ, ദുഃശ്ശകുനം പിടിച്ച ചില ദിവസങ്ങളിൽ നാം അവരിൽ ('ശരശരേ'യുള്ള) ഉഗ്രമായ ഒരു കാറ്റിനെ അയച്ചു; ഐഹികജീവിതത്തിൽ (തന്നെ) അവർക്ക് അപമാനത്തിന്റെ ശിക്ഷ ആസ്വദിപ്പിക്കുവാൻ വേണ്ടി, പരലോകശിക്ഷയാകട്ടെ, കൂടുതൽ അപമാനകരവും! അവർ സഹായിക്കപ്പെടുകയില്ലതാനും.

﴿15﴾ فَأَمَّا عَادٌ എന്നാൽ ആദ് (ഗോത്രം) فَاسْتَكْبَرُوا അവർ അഹംഭാവം (ഗർവ്വ്) നടിച്ചു فِي الْأَرْضِ ഭൂമിയിൽ بِغَيْرِ الْحَقِّ ന്യായം കൂടാതെ, അർഹതയില്ലാതെ وَقَالُوا അവർ പറയുകയും ചെയ്തു مَنْ أَشَدُّ ആരാണ് ഊക്കുള്ളവർ, കഠിനൻമാർ مِنَّا ഞങ്ങളെക്കാൾ قُوَّةً ശക്തിയിൽ, ബലംകൊണ്ട് أَوَلَمْ يَرَوْا അവർക്ക് കണ്ടുകൂടേ, കാണുന്നില്ലേ أَنَّ اللَّهَ അല്ലാഹു ആണെന്ന് الَّذِي خَلَقَهُمْ അവരെ സൃഷ്ടിച്ചവനായ هُوَ അവൻ أَشَدُّ مِنْهُمْ അവരെക്കാൾ ഊക്കുള്ളവനാണ് قُوَّةً ശക്തിയിൽ وَكَانُوا അവർ ആയിരുന്നുതാനും بِآيَاتِنَا നമ്മുടെ ആയത്ത് (ദൃഷ്ടാന്തം, ലക്ഷ്യം)കളെ يَجْحَدُونَ നിഷേധിക്കും ﴿16﴾ فَأَرْسَلْنَا عَلَيْهِمْ അപ്പോൾ (അതിനാൽ) അവരിൽ നാം അയച്ചു رِيحًا ഒരു കാറ്റ് صَرْصَرًا 'ശരശരേ'യുള്ള (ഉഗ്രമായ) فِي أَيَّامٍ ചില ദിവസങ്ങളിൽ نَحِسَاتٍ ദുർദ്ദശ (ദുഃശ്ശകുനം) പിടിച്ച, അശുഭകരങ്ങളായ لِنُذِيقَهُمْ നാം അവർക്ക് ആസ്വദിപ്പിക്കുവാൻ വേണ്ടി عَذَابَ الْخِزْيِ അപമാനത്തിന്റെ (നിന്ദ്യതയുടെ) ശിക്ഷ فِي الْحَيَاةِ الدُّنْيَا ഐഹികജീവിതത്തിൽ وَلَعَذَابُ الْآخِرَةِ പരലോകശിക്ഷയാകട്ടെ أَخْزَى കൂടുതൽ അപമാനകരം (നിന്ദ്യമായത്) ആകുന്നു وَهُمْ അവർ, അവരോ لَا يُنْصَرُونَ സഹായിക്കപ്പെടുന്നതല്ലതാനും

തുടർച്ചയായി ഏഴ് രാത്രിയും എട്ട് പകലും പ്രസ്തുത കൊടുങ്കാറ്റ് അവരിൽ ആഞ്ഞടിച്ചുകൊണ്ടിരുന്നു. ഈന്തപ്പന കടപുഴങ്ങി വീഴുന്ന കണക്കെ അവർ ഒന്നടങ്കം ചത്തൊടുങ്ങിപ്പോയി. (69; 6- 8) ആ ജനതയെ സംബന്ധിച്ചിടത്തോളം ആ ദിവസങ്ങളത്രയും ഏറ്റവും ലക്ഷണം കെട്ട ദുർദ്ദിനങ്ങളായിരുന്നുവെന്ന് പറയേണ്ടതില്ല. മാത്രമല്ല, ആ ലക്ഷണക്കേട് പിന്നീട് അവരെ വിട്ടുമാറുവാനും പോകുന്നില്ല. അതുകൊണ്ടാണ് ദുഃശ്ശകുനം പിടിച്ച അഥവാ അശുഭകരങ്ങളായ ദിവസങ്ങൾ (أَيَّامٍ نَّحِسَاتٍ) എന്ന് ആ ദിവസങ്ങളെക്കുറിച്ച് പറഞ്ഞത്. മുറിഞ്ഞുപോകാതെ നിലനിൽക്കുന്ന ശകുനക്കേടിന്റെ ദിവസം (يَوْمِ نَحْسٍ مُّسْتَمِرٍّ) എന്നത്രെ സൂ: ക്വമറിൽ അവയെ വിശേഷിപ്പിച്ചിരിക്കുന്നത്.

ചില പ്രത്യേക ദിവസങ്ങൾ 'നഹ്സുള്ള' (അശുഭകരമായ) ദിവസങ്ങളാണെന്ന് എങ്ങനെയോ ഒരു വിശ്വാസം പലരിലും കടന്ന് കൂടിയിട്ടുണ്ട്. ആ ദിവസങ്ങൾ അപകടം പിടി

ച്ചവയാണെന്നും, അതുകൊണ്ട് ആ ദിവസങ്ങളിൽ യാത്ര, വിവാഹംപോലെയുള്ള തൊന്നും നിർവ്വഹിക്കുന്നത് നന്നല്ലെന്നുമാണ് അവരുടെ ധാരണ. ചില പഞ്ചാംഗങ്ങളിൽ ആ ദിവസങ്ങൾ ഏതെല്ലാമാണെന്ന് ചൂണ്ടിക്കാട്ടുകയും ചെയ്യാറുണ്ട്. ഇതിന് ഇസ്‌ലാമിൽ യാതൊരടിസ്ഥാനവുമില്ല. ഒരാളെയോ, ഒരു സമുദായത്തെയോ സംബന്ധിച്ചിടത്തോളം ഒരു ദിവസം പല അനിഷ്ടസംഭവങ്ങളും ഉണ്ടായെന്ന് വരാം. അതേ സമയത്ത് ആ ദിവസംതന്നെ മറ്റൊരു കൂട്ടർക്ക് വളരെ സന്തോഷകരമായ അനുഭവങ്ങളും ഉണ്ടായെന്ന് വരും. എന്നല്ലാതെ, ചില പ്രത്യേക ദിവസങ്ങളിൽ എല്ലാവർക്കും പൊതുവിൽ ദോഷം ബാധിക്കുകയോ, അല്ലെങ്കിൽ ആ ദിവസങ്ങളിൽ മാത്രം ഭാഗ്യദോഷം സംഭവിക്കുകയോ ഉണ്ടാകുന്നതല്ല. എനി, ഏതെങ്കിലും ദിവസം ഒരു പൊതു ആപത്ത് സംഭവിച്ചുവെന്ന് വെക്കുക, എന്നാൽ അത് ആ ദിവസത്തിന്റെ ഫലമായുണ്ടാകുന്നതാണോ? അതുമല്ല. അതിനുള്ള കാരണം മറ്റൊന്നായിരിക്കും. ഒരു പക്ഷേ, ആ കാരണം നമുക്ക് വ്യക്തമായി അറിയുവാൻ കഴിയാത്തതായിരിക്കാം. ഏതായാലും 'നഹ്സ് ദിവസ'ങ്ങളിൽ നടത്തപ്പെടുന്ന പ്രവർത്തനങ്ങൾ പലതും ശുഭകരമായി പര്യവസാനിക്കുന്നതും നാം സാധാരണ കാണാറുള്ളതാണ്. ശകുനം നോക്കൽ, മുഹൂർത്തം നോക്കൽ മുതലായവയെല്ലാം ഹദീഥുകളിൽ കർശനമായി വിരോധിച്ചിട്ടുള്ളത് പ്രസ്താവ്യമാകുന്നു.

وَأَمَّا ثَمُودُ فَهَدَيْنَٰهُمْ فَٱسْتَحَبُّوا۟ ٱلْعَمَىٰ عَلَى ٱلْهُدَىٰ فَأَخَذَتْهُمْ صَٰعِقَةُ ٱلْعَذَابِ ٱلْهُونِ بِمَا كَانُوا۟ يَكْسِبُونَ ﴿١٧﴾

﴿17﴾ എന്നാൽ 'ഥമൂദ്' ഗോത്രമോ, അവർക്ക് നാം സന്മാർഗം കാട്ടിക്കൊടുത്തു; അപ്പോഴവർ സന്മാർഗത്തെക്കാൾ അന്ധതയോട് [ദുർമാർഗത്തോട്] സ്നേഹം കാണിച്ചുകളഞ്ഞു. അങ്ങനെ, അവർ ചെയ്തുകൂട്ടിയിരുന്നത് നിമിത്തം, നിന്ദ്യമായ ശിക്ഷയാകുന്ന ഇടിത്തീ [ഘോരശബ്ദം] അവരെ പിടികൂടി.

وَنَجَّيْنَا ٱلَّذِينَ ءَامَنُوا۟ وَكَانُوا۟ يَتَّقُونَ ﴿١٨﴾

﴿18﴾ വിശ്വസിക്കുകയും, സൂക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്തവരെ നാം രക്ഷപ്പെടുത്തുകയും ചെയ്തു.

﴿17﴾ وَأَمَّا ثَمُودُ എന്നാൽ 'ഥമൂദ്' فَهَدَيْنَاهُمْ നാമവർക്ക് സന്മാർഗം കാണിച്ചു فَاسْتَحَبُّوا അപ്പോഴവർ സ്നേഹം കാണിച്ചു الْعَمَى അന്ധതയോട് عَلَى الْهُدَى സന്മാർഗത്തെക്കാൾ, (എതിരെ) فَأَخَذَتْهُمْ അപ്പോൾ അവരെ പിടിച്ചു صَاعِقَةُ الْعَذَابِ ശിക്ഷയാകുന്ന ഇടിത്തീ الْهُونِ നിന്ദ്യമായ بِمَا كَانُوا അവരായിരുന്നതുകൊണ്ട് يَكْسِبُونَ സമ്പാദിച്ചു (ചെയ്തുകൂട്ടി) കൊണ്ടിരിക്കും. ﴿18﴾ وَنَجَّيْنَا നാം രക്ഷപ്പെടുത്തുകയും ചെയ്തു الَّذِينَ آمَنُوا വിശ്വസിച്ചവരെ وَكَانُوا يَتَّقُونَ അവർ സൂക്ഷിച്ചുവരുകയും ചെയ്തിരുന്നു

ആദ്- ഥമൂദിന്റെ സംഭവങ്ങളെ സംബന്ധിച്ച് കൂടുതൽ വിവരം ഒന്നിലധികം സ്ഥലങ്ങളിൽ ഇതിനുമുമ്പ് നാം വായിച്ചു കഴിഞ്ഞതാണ്. വിശദീകരിക്കേണ്ടതില്ല. ഐഹിക ജീവിതത്തിൽ തന്നെ അനുഭവപ്പെടുന്ന ഇത്തരം ശിക്ഷകൾക്കുപുറമെ, പരലോകത്തു വെച്ച് ഇവർക്കും ഇവരെപ്പോലെ തൗഹീദിൽ വിശ്വസിക്കാത്തവർക്കും ആസ്വദിക്കേണ്ടി വരുന്ന ചില രംഗങ്ങളെ അല്ലാഹു തുടർന്ന് വിവരിക്കുന്നു:-

വിഭാഗം - 3

وَيَوْمَ يُحْشَرُ أَعْدَآءُ ٱللَّهِ إِلَى ٱلنَّارِ فَهُمْ يُوزَعُونَ ﴿١٩﴾

﴿19﴾ അല്ലാഹുവിന്റെ ശത്രുക്കൾ നരകത്തിലേക്ക് ഒരുമിച്ചുകൂട്ടപ്പെടുന്ന ദിവസം! അപ്പോഴവർ നിയന്ത്രിച്ചു കൊണ്ടുവരപ്പെടുന്നതാണ്.

﴿19﴾ وَيَوْمَ يُحْشَرُ ഒരുമിച്ചു കൂട്ടപ്പെടുന്ന ദിവസം أَعْدَاءُ اللَّهِ അല്ലാഹുവിന്റെ ശത്രുക്കൾ إِلَى النَّارِ നരകത്തിലേക്ക് فَهُمْ അപ്പോഴവർ يُوزَعُونَ നിയന്ത്രിച്ചുകൊണ്ടുവരപ്പെടും

ഓരോ സംഘവും മറ്റേതുമായി കൂടിച്ചേരേണ്ടതിനും, കൂട്ടംവിട്ടുപോകാതിരിക്കേണ്ടതിനുമായി, അവരെ തെളിച്ച് നിയന്ത്രിച്ചുകൊണ്ട് നരകത്തിലേക്ക് കൊണ്ടുവരപ്പെടും.

حَتَّىٰٓ إِذَا مَا جَآءُوهَا شَهِدَ عَلَيْهِمْ سَمْعُهُمْ وَأَبْصَٰرُهُمْ وَجُلُودُهُم بِمَا كَانُوا۟ يَعْمَلُونَ ﴿٢٠﴾

﴿20﴾ അങ്ങനെ, അവർ അതിന്റെ അടുക്കൽ വരുമ്പോൾ, അവരുടെ കേൾവിയും [കാതുകളും], അവരുടെ കാഴ്ചകളും [കണ്ണുകളും] അവരുടെ തൊലികളും അവർ പ്രവർത്തിച്ചു കൊണ്ടിരുന്നതിനെക്കുറിച്ച് അവർക്കെതിരിൽ സാക്ഷി പറയുന്നതാണ്.

﴿20﴾ حَتَّىٰ അങ്ങനെ (ഇതുവരെ) إِذَا مَا جَاءُوهَا അതിന്നടുക്കൽ അവർ വന്നാൽ (അപ്പോൾ) شَهِدَ عَلَيْهِمْ അവരുടെമേൽ (അവർക്കെതിരെ) സാക്ഷിനിൽക്കും سَمْعُهُمْ അവരുടെ കേൾവി (കാത്) وَأَبْصَارُهُمْ അവരുടെ ദൃഷ്ടി (കാഴ്ച, കണ്ണു)കളും وَجُلُودُهُمْ അവരുടെ തൊലികളും بِمَا كَانُوا അവരായിരുന്നതിനെപ്പറ്റി يَعْمَلُونَ പ്രവർത്തിച്ചുകൊണ്ടിരിക്കും

അവയവങ്ങൾ സാക്ഷി പറയുന്നതിന്റെ രൂപം എങ്ങനെയായിരിക്കുമെന്ന് നമുക്ക് തിട്ടപ്പെടുത്തുവാൻ സാധ്യമല്ലെങ്കിലും, അവ ഏതോ തരത്തിലുള്ള സംസാരം മുഖേനയാണ് നിർവ്വഹിക്കുക എന്ന് അടുത്ത വചനത്തിൽ നിന്ന് വ്യക്തമാണ്. പരലോകത്തു വെച്ച് അല്ലാഹു നേരിട്ട് നടത്തുന്ന കോടതിയിലെ വർത്തമാനങ്ങളാണല്ലോ അത്. മനഃശ്ശാസ്ത്രപരവും സ്വാഭാവികവുമായ നിലക്ക് കുറ്റവാളികളിൽ പ്രകടമാകുന്ന ചില ഭാവവികാരങ്ങളോ, പ്രതികരണങ്ങളോ ആയിരിക്കും ഇവിടെ ഉദ്ദേശ്യമെന്ന് വരുത്തിത്തീർക്കുവാൻ ചില ആധുനിക വ്യാഖ്യാതാക്കൾ സാഹസപ്പെടാറുണ്ട്. ഈ അഭിപ്രായത്തെ

ന്യായീകരിക്കുവാൻവേണ്ടി ചില ശാസ്ത്രീയസിദ്ധാന്തങ്ങളും ഉദാഹരണങ്ങളും അവർ എടുത്ത് കാട്ടുകയും ചെയ്യും. ക്വുർആന്റെ ചില പ്രസ്താവനകൾ- അവ സ്വയം വ്യക്തമാണെങ്കിൽ പോലും- അംഗീകരിക്കേണ്ടതിന് ശാസ്ത്രങ്ങളുടെ അനുമതികൂടി വേണമെന്നാണ് ഇവരുടെ പ്രസ്താവനകൾ തോന്നിപ്പിക്കുക. നാവും, അധരങ്ങളും ചലിപ്പിക്കുക വഴി വായുമുഖേനയാണ് സംസാരം നമുക്ക് പരിചയപ്പെട്ടിട്ടുള്ളതെങ്കിലും, അല്ലാഹു ഉദ്ദേശിച്ചാൽ മറ്റേതെങ്കിലും അവയവം മുഖേനയോ, ബുദ്ധിജീവികളല്ലാത്ത വസ്തുക്കളിൽനിന്നോ അതുണ്ടാകുന്നതിന് യാതൊരു തടസ്സവുമില്ല. വാസ്തവത്തിൽ, പാരത്രിക സംഭവങ്ങളെ ഭൗതിക പരിചയങ്ങളുമായി തുലനം ചെയ്യുന്നതിൽനിന്നും, അല്ലാഹുവിന്റെ അപാരമായ കഴിവുകളെ കുടുസ്സായ വീക്ഷണഗതിയോടെ വിലയിരുത്തുന്നതിൽനിന്നുമാണ് ഇത്തരം സമീപനങ്ങൾ ഉടലെടുക്കുന്നത്. അടുത്ത വചനം നോക്കുക. അവയവങ്ങൾ ബോധപൂർവ്വം ശരിക്കും സംസാരിച്ചുകൊണ്ടാണ് തങ്ങളുടെ സാക്ഷ്യം നിർവ്വഹിക്കുന്നത് എന്നല്ലാതെ മറ്റ് വല്ലതും അതിൽനിന്ന് ഊഹിക്കുവാൻ കഴിയുമോ എന്ന് ഒന്ന് മനസ്സിരുത്തി ആലോചിച്ച് നോക്കുക:

وَقَالُوا۟ لِجُلُودِهِمْ لِمَ شَهِدتُّمْ عَلَيْنَا ۖ قَالُوٓا۟ أَنطَقَنَا ٱللَّهُ ٱلَّذِىٓ أَنطَقَ كُلَّ شَىْءٍ وَهُوَ خَلَقَكُمْ أَوَّلَ مَرَّةٍ وَإِلَيْهِ تُرْجَعُونَ ﴿٢١﴾

﴿21﴾ അവർ തങ്ങളുടെ തൊലികളോട് പറയും: 'നിങ്ങൾ എന്തിനായിട്ടാണ് ഞങ്ങൾ (അഥവാ നമ്മൾ) ക്കെതിരിൽ സാക്ഷി പറഞ്ഞത്?!' അവർ [തൊലികൾ] പറയും: 'എല്ലാ (സംസാരിക്കുന്ന) വസ്തുവെയും സംസാരിപ്പിച്ച അല്ലാഹു ഞങ്ങളെ സംസാരിപ്പിച്ചിരിക്കുകയാണ്. അവനാണല്ലോ നിങ്ങളെ ഒന്നാം പ്രാവശ്യം സൃഷ്ടിച്ചത്. അവനിലേക്ക് തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു.'

﴿21﴾ وَقَالُوا അവർ പറയും لِجُلُودِهِمْ അവരുടെ തൊലികളോട് لِمَ شَهِدتُّمْ എന്തിനാണ് നിങ്ങൾ സാക്ഷി നിന്നത് عَلَيْنَا ഞങ്ങൾക്ക് (നമുക്ക്) എതിരെ قَالُوا അവർ പറയും أَنطَقَنَا اللَّهُ അല്ലാഹു ഞങ്ങളെ സംസാരിപ്പിച്ചു الَّذِي أَنطَقَ സംസാരിപ്പിച്ചവനായ كُلَّ شَيْءٍ എല്ലാ വസ്തുവെയും وَهُوَ അവൻതന്നെ خَلَقَكُمْ നിങ്ങളെ സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു أَوَّلَ مَرَّةٍ ഒന്നാം പ്രാവശ്യം وَإِلَيْهِ അവനിലേക്കുതന്നെ تُرْجَعُونَ നിങ്ങൾ മടക്കപ്പെടുന്നു

കുറ്റവാളികൾ 'മഹ്ശറി'ൽ വെച്ച് കളവുപറയുമെന്നും, അപ്പോൾ അവരുടെ വായകളിൽ അല്ലാഹു മുദ്രവെക്കുമെന്നും, അവരുടെ കൈകാലുകൾ സംസാരിക്കുകയും, സാക്ഷി പറയുകയും ചെയ്യുമെന്നും സൂ: യാസീൻ 65 ൽ നാം കണ്ടു. ഇത് സംബന്ധിച്ച് ഇമാം മുസ്ലിം (റ) ഉദ്ധരിച്ച ഒരു നബി വചനവും നാം അവിടെ ഉദ്ധരിച്ചിരിക്കുന്നു. ഇതെല്ലാം കേവലം അലങ്കാരപ്രയോഗങ്ങളാണെന്നും മറ്റും ജൽപിക്കുന്നവർക്കുള്ള മറുപടി ഈ ആയത്തിൽ- തൊലികളുടെ മറുപടിയിൽ- തന്നെ അടങ്ങിയിരിക്കുന്നു. കൂടുതൽ വിവരി

ക്കേണ്ടതില്ല. തൊലികളെക്കുറിച്ച് 'അവർ പറഞ്ഞു' (قَالُوا) എന്ന് ബുദ്ധിജീവികളെപ്പറ്റി പ്രയോഗിക്കുന്ന രൂപത്തിൽ പ്രസ്താവിച്ചിട്ടുള്ളതും ശ്രദ്ധേയമാണ്. സാധാരണഗതിയിൽ 'അവ പറഞ്ഞു' (قَالَتْ - اَوْ قُلْنَ) എന്നായിരുന്നു പ്രയോഗിക്കേണ്ടിയിരുന്നത്. ബോധപൂർവ്വംതന്നെയാണ് അവ മറുപടി പറയുന്നതെന്നത്രെ ഇത് കാണിക്കുന്നത്. മറുപടിയാകട്ടെ, വളരെ അർത്ഥഗർഭവും! തുടർന്ന് പറയുന്നതും നോക്കുക:-

وَمَا كُنتُمْ تَسْتَتِرُونَ أَن يَشْهَدَ عَلَيْكُمْ سَمْعُكُمْ وَلَآ أَبْصَٰرُكُمْ وَلَا جُلُودُكُمْ وَلَٰكِن ظَنَنتُمْ أَنَّ ٱللَّهَ لَا يَعْلَمُ كَثِيرًا مِّمَّا تَعْمَلُونَ ﴿٢٢﴾

﴾22﴿ 'നിങ്ങളുടെ കേൾവികളാകട്ടെ, കാഴ്ചകളാകട്ടെ, തൊലികളാകട്ടെ, നിങ്ങൾക്കെതിരിൽ സാക്ഷ്യം വഹിക്കുമെന്നതിൽ നിന്ന് നിങ്ങൾ മറഞ്ഞുനിൽക്കുകയും ചെയ്തിരുന്നില്ല. പക്ഷേ, നിങ്ങൾ ധരിച്ചു, നിങ്ങൾ പ്രവർത്തിക്കുന്നതിൽനിന്ന് അധികവും അല്ലാഹു അറിയുകയില്ല എന്ന്!

وَذَٰلِكُمْ ظَنُّكُمُ ٱلَّذِى ظَنَنتُم بِرَبِّكُمْ أَرْدَىٰكُمْ فَأَصْبَحْتُم مِّنَ ٱلْخَٰسِرِينَ ﴿٢٣﴾

﴾23﴿ 'അത് - നിങ്ങളുടെ റബ്ബിനെക്കുറിച്ച് നിങ്ങൾ ധരിച്ച് വെച്ച (ആ) ധാരണ - നിങ്ങളെ നാശത്തിൽ പതിപ്പിച്ചു. അങ്ങനെ, നിങ്ങൾ നഷ്ടക്കാരിൽപെട്ടവരായിത്തീർന്നു.'

﴾22﴿ وَمَا كُنتُمْ നിങ്ങളായിരുന്നില്ല تَسْتَتِرُونَ നിങ്ങൾ മറഞ്ഞുനിൽക്കും أَن يَشْهَدَ സാക്ഷി നിൽക്കുന്നതിന്, സാക്ഷി നിൽക്കുമെന്നതിനാൽ عَلَيْكُمْ നിങ്ങളുടെമേൽ سَمْعُكُمْ നിങ്ങളുടെ കേൾവി وَلاأَبْصَارُكُمْ നിങ്ങളുടെ കാഴ്ച (കണ്ണു)കളും ഇല്ല وَلاجُلُودُكُمْ നിങ്ങളുടെ തൊലികളും ഇല്ല وَلَٰكِنْ ظَنَنتُمْ പക്ഷേ നിങ്ങൾ ധരിച്ചു أَنَّ اللهَ لا يَعْلَمُ അല്ലാഹു അറിയുകയില്ലെന്ന് كَثِيرًا അധികം, മിക്കത് مِمَّا تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിൽ നിന്ന് ﴾23﴿ وَذَٰلِكُمْ അത് ظَنُّكُمْ നിങ്ങളുടെ ധാരണ, വിചാരം الَّذِي ظَنَنتُمْ നിങ്ങൾ ധരിച്ചതായ بِرَبِّكُمْ നിങ്ങളുടെ റബ്ബിനെക്കുറിച്ച് أَرْدَاكُمْ അത് നിങ്ങളെ നാശത്തിൽപെടുത്തി فَأَصْبَحْتُمْ അങ്ങനെ നിങ്ങളായിത്തീർന്നു مِنَ الْخَاسِرِينَ നഷ്ടപ്പെട്ടവരിൽ(പെട്ടവർ)

ഈ വാക്യങ്ങൾ അവയവങ്ങളുടെ പ്രസ്താവനയിൽ പെട്ടതാവാനും, അല്ലാഹുവിന്റെ സ്വന്തം പ്രസ്താവനയായിരിക്കുവാനും സാധ്യതയുണ്ട്. അല്ലാഹു പറയുന്നു:-

فَإِن يَصْبِرُوا۟ فَٱلنَّارُ مَثْوًى لَّهُمْ ۖ وَإِن

﴾24﴿ എനി, അവർ ക്ഷമിക്കുകയാണെങ്കിൽ, നരകമത്രെ അവർക്ക്

يَسْتَعْتِبُواْ فَمَا هُم مِّنَ ٱلْمُعْتَبِينَ ﴿٢٤﴾

പാർപ്പിടം! (അവർ ഖേദിച്ച് മടങ്ങി) തൃപ്തിക്കപേക്ഷിക്കുകയാണെങ്കിലോ, എന്നാലവർ, (മടക്കം സ്വീകരിച്ച്) തൃപ്തി നൽകുന്നവരുടെ കൂട്ടത്തിലും (പെടുന്നത്) അല്ല.

﴾24﴿ فَإِنْ يَصْبِرُوا എനി അവർ ക്ഷമിക്കുന്നപക്ഷം فَالنَّارُ എന്നാൽ നരകം, നരകമത്രെ مَثْوًى لَهُمْ അവർക്ക് പാർപ്പിടം, വാസസ്ഥലമാണ് وَإِنْ يَسْتَعْتِبُوا അവർ മടക്കത്തിന്നപേക്ഷിച്ചാൽ, ഖേദം കാണിച്ചാൽ, തൃപ്തിക്കപേക്ഷിച്ചാൽ فَمَا هُمْ എന്നാലവരല്ല مِنَ الْمُعْتَبِينَ മടക്കം സ്വീകരിക്കപ്പെടുന്ന (തൃപ്തി നൽകപ്പെടുന്ന) വരിൽ (പെട്ടവർ)

ക്ഷമിച്ചാലും ഇല്ലെങ്കിലും എനി ഫലം ഒന്നുതന്നെ. രണ്ടായാലും നരകശിക്ഷയാണവർക്ക് അനുഭവിക്കുവാനുള്ളത്. അത് ക്ഷമിക്കുവാൻ കഴിയുമോ? ഒരിക്കലും സാധ്യമല്ല. ഒരു പക്ഷേ, അവർ ഖേദം പ്രകടിപ്പിച്ചു. അല്ലെങ്കിൽ ഐഹിക ജീവിതത്തിലേക്ക് മടക്കിക്കൊടുക്കുവാൻ അപേക്ഷിച്ചു. അല്ലെങ്കിൽ തങ്ങളുടെ മേൽ പ്രീതിക്കുവേണ്ടി അപേക്ഷിച്ചു *(*)* ഇത് കൊണ്ടൊന്നും തന്നെ ഫലമില്ല. അതൊന്നും അവിടെ സ്വീകാര്യവുമല്ല. എന്നൊക്കെയാണ് അവസാനവാക്യത്തിന്റെ താൽപര്യം

മനുഷ്യരോ, ഇതര വസ്തുക്കളോ കാണാതെ പാപങ്ങളും തെറ്റുകുറ്റങ്ങളും മറച്ചു ചെയ്യാൻ കഴിഞ്ഞേക്കും. എന്നാൽ, സ്വന്തം അവയവങ്ങളറിയാതെ ആർക്കും അത് സാധ്യമല്ലല്ലോ. അവയവങ്ങൾപോലും പരലോകത്ത് സാക്ഷികളായി വരുമെന്നിരിക്കെ, മനുഷ്യൻ അവന്റെ രഹസ്യാവസ്ഥയിലും, പരസ്യാവസ്ഥയിലും- സദാസമയത്തും- അല്ലാഹുവിനെ സൂക്ഷിക്കേണ്ടതിന്റെ അനിവാര്യതയാണ് ഈ വചനങ്ങൾ നമ്മെ മനസ്സിലാക്കുന്നത്. അല്ലാഹു നമുക്ക് അതിന് തൗഫീക് നൽകട്ടെ. آمين

അല്ലാഹുവിനെക്കുറിച്ച് നല്ല ധാരണയും സദ്വിചാരവുമുള്ളവർ അല്ലാഹുവിന്റെ കല്പനക്കും പ്രീതിക്കും എതിരായ കാര്യങ്ങൾ പ്രവർത്തിക്കുകയില്ല. നേരെമറിച്ച് അല്ലാഹുവിനെക്കുറിച്ച് ചീത്ത ധാരണയും ദുർവ്വിചാരവും പുലർത്തിപ്പോരുന്നവരിൽനിന്ന് ദുർവൃത്തികളും പാപങ്ങളും ഉണ്ടാകാതിരിക്കുകയുമില്ല. സൽവിചാരം നന്ദിയുടെയും വിശ്വാസത്തിന്റെയും ലക്ഷണമാണ്. ദുർവിചാരമാകട്ടെ, നന്ദികേടും വിശ്വാസക്കുറവുമാണ്. അല്ലാഹുവിനെപ്പറ്റി സദാ നല്ല ധാരണമാത്രം പുലർത്തിക്കൊണ്ടിരിക്കുന്നത് മനുഷ്യന്റെ സകലമാന വിജയത്തിനും ചീത്ത ധാരണ അവന്റെ തീരാനഷ്ടത്തിനും കാരണമാകുന്നു. അല്ലാഹു പ്രസ്താവിച്ചതായി ഒരു ഹദീഥിൽ നബിﷺ ഉദ്ധരിക്കുന്നു;

أنا عند ظن عبدي بي–متفق عليه സാരം: എന്റെ അടിയാന് എന്നെക്കുറിച്ചുള്ള ധാരണയനുസരിച്ചായിരിക്കും ഞാൻ വർത്തിക്കുക. (ബു; മു.) മറ്റൊരു ഹദീഥിൽ നബിﷺ പറയുന്നു: **لا يموتن احدكم الا وهو يحسن الظن بالله تعالي فان قوما ارداهم سوء ظنهم بالله فقال الله وذلكم ظنكم الخ – مسلم احمد وابوداود** (നിങ്ങളിൽ ഒരാളും അല്ലാഹുവിനെപ്പറ്റി ധാരണ നന്നായിക്കൊണ്ടല്ലാതെ മരിച്ചുപോകരുത്. കാരണം, അല്ലാഹുവിനെക്കുറിച്ച്

(*)* يَسْتَعْتِب *എന്ന ക്രിയക്ക് ഈ അർത്ഥങ്ങളെല്ലാം വരും. സാരത്തിൽ എല്ലാം ഒന്നുതന്നെ.

ഒരു ജനതയുടെ ദുഷിച്ച ധാരണ അവരെ നാശത്തിലകപ്പെടുത്തിയിരിക്കുന്നു. അല്ലാഹു- അവരെപ്പറ്റി ഖുർആനിൽ- പറയുന്നു: 'നിങ്ങളുടെ റബ്ബിനെപ്പറ്റി നിങ്ങളുടെ ആ ധാരണ നിങ്ങളെ നാശത്തിലാക്കിയിരിക്കുന്നു.' (മു; അ; ദാ) എന്നാൽ, ദുഷ്പ്രവൃത്തികൾ പതിവാക്കുകയും, അതേസമയത്ത് താൻ റബ്ബിനെപ്പറ്റി നല്ല ധാരണ വെക്കുന്നുവെന്ന് പറയുകയും ചെയ്യുന്നത് നിരർത്ഥവും,- ഇമാം ഹസൻബസ്വരീ (റ) പറഞ്ഞതുപോലെ- കള്ളവുമായിരിക്കും. കാരണം, അല്ലാഹുവിനെപ്പറ്റി നല്ല ധാരണ വെക്കുന്നവൻ നിശ്ചയമായും നല്ല പ്രവൃത്തികളായിരിക്കും ചെയ്തുകൊണ്ടിരിക്കുക. അല്ലാഹു പറയുന്നു;-

۞ وَقَيَّضْنَا لَهُمْ قُرَنَآءَ فَزَيَّنُوا۟ لَهُم مَّا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَحَقَّ عَلَيْهِمُ ٱلْقَوْلُ فِىٓ أُمَمٍ قَدْ خَلَتْ مِن قَبْلِهِم مِّنَ ٱلْجِنِّ وَٱلْإِنسِ ۖ إِنَّهُمْ كَانُوا۟ خَٰسِرِينَ ﴿٢٥﴾

《25》 നാം അവർക്ക് ചില കൂട്ടാളികളെ നിശ്ചയിച്ചു; എന്നിട്ട്, അവർ അവരുടെ മുമ്പിലുള്ളതും, പിമ്പിലുള്ളതും അവർക്ക് ഭംഗിയാക്കികാണിച്ചു. ജിന്നുകളിൽനിന്നും മനുഷ്യരിൽനിന്നും തങ്ങളുടെ മുമ്പ് കഴിഞ്ഞുപോയിട്ടുള്ള സമുദായങ്ങളുടെ കൂട്ടത്തിൽ, അവരുടെമേൽ (ശിക്ഷയുടെ) വാക്ക് (യഥാർത്ഥമായി) സ്ഥിരപ്പെടുകയും ചെയ്തു. നിശ്ചയമായും അവർ നഷ്ടപ്പെട്ടവരായിരുന്നു.

《25》 وَقَيَّضْنَا നാം നിശ്ചയിച്ചു, നിയമിച്ചു لَهُمْ അവർക്ക് قُرَنَاءَ ചില കൂട്ടാളികളെ, തുണകളെ فَزَيَّنُوا എന്നിട്ടവർ അലങ്കാരമാക്കി, ഭംഗിയാക്കിക്കാട്ടി لَهُمْ അവർക്ക് مَابَيْنَأَيْدِيهِمْ അവരുടെ മുമ്പിലുള്ളതിനെ وَمَاخَلْفَهُمْ അവരുടെ പിമ്പിലുള്ളതിനെയും وَحَقَّعَلَيْهِمُ അവരിൽ യഥാർത്ഥമാകുക (സ്ഥിരപ്പെടുക)യും ചെയ്തു الْقَوْلُ വാക്ക് فِيأُمَمٍ സമുദായങ്ങളിലായിട്ട് (സമുദായങ്ങളുടെ കൂട്ടത്തിൽ) قَدْخَلَتْ കഴിഞ്ഞുപോയിട്ടുള്ള مِنْقَبْلِهِمْ അവരുടെ മുമ്പ് مِنَالْجِنِّ ജിന്നുകളിൽനിന്ന് وَالإِنْسِ മനുഷ്യരിൽനിന്നും إِنَّهُمْكَانُوا നിശ്ചയമായും അവരായിരുന്നു خَاسِرِينَ നഷ്ടപ്പെട്ടവർ

സഹവാസവും കൂട്ടുകെട്ടും നിമിത്തം മനുഷ്യൻ നന്നായിത്തീരുവാനും, ദുഷിച്ചുപോകുവാനും ഇടവരുമെന്ന് പറയേണ്ടതില്ല. കൂട്ടാളികളായി സ്വീകരിക്കപ്പെടുന്നവർ ഏത് തരത്തിലുള്ളവരാണെന്നതാണ് ഇതിന്റെ പശ്ചാത്തലം. നബിﷺ പറയുന്നു: المرأ على دين خليله فلينظر احدكم من يخالل – احمد والترمذى وابوداود والبيهقى (മനുഷ്യൻ അവന്റെ ചങ്ങാതിയുടെ മതത്തിലായിരിക്കും നിലകൊള്ളുക. അതുകൊണ്ട് നിങ്ങളിൽ ഓരോരുത്തരും ആരോടാണ് താൻ ചങ്ങാത്തം സ്വീകരിക്കേണ്ടതെന്ന് നോക്കിക്കൊള്ളട്ടെ. (അ; തി; ദാ; ബ.) ഇമാം മാലിക് (റ) നിവേദനം ചെയ്യുന്ന മറ്റൊരു ഹദീഥിൽ അല്ലാഹു പ്രസ്താവിച്ചതായി നബിﷺ ഇപ്രകാരം അരുളിച്ചെയ്യുന്നു: 'എന്റെ വിഷയത്തിൽ അന്യോന്യം സ്നേഹിക്കുന്നവർക്കും, എന്റെ വിഷയത്തിൽ അന്യോന്യം കൂടിയിരിക്കുന്നവർക്കും, എന്റെ വിഷയത്തിൽ അന്യോന്യം സന്ദർശനം നടത്തുന്നവർക്കും, എന്റെ വിഷയത്തിൽ അന്യോന്യം കൊടുക്കുന്നവർക്കും എന്റെ സ്നേഹം നിർബന്ധമായും ലഭിക്കുന്നതാണ്'.

വിഭാഗം - 4

وَقَالَ ٱلَّذِينَ كَفَرُوا۟ لَا تَسْمَعُوا۟ لِهَٰذَا ٱلْقُرْءَانِ وَٱلْغَوْا۟ فِيهِ لَعَلَّكُمْ تَغْلِبُونَ ﴿٢٦﴾

﴾26﴿ അവിശ്വസിച്ചവർ പറയുകയാണ്: 'നിങ്ങൾ ഈ ക്വുർആനിലേക്ക് ചെവികൊടുക്കരുത്; നിങ്ങൾ അതിൽ (ബഹളം കൂട്ടി) ഒച്ചപ്പാടുണ്ടാക്കുകയും ചെയ്യുവിൻ, നിങ്ങൾ ജയം നേടിയേക്കാം.'

﴾26﴿ وَقَالَ الَّذِينَ كَفَرُوا അവിശ്വസിച്ചവർ പറയുകയാണ്, പറയും لَا تَسْمَعُوا നിങ്ങൾ കേൾക്കരുത് (ചെവി കൊടുക്കരുത്) لِهَٰذَا الْقُرْآنِ ഈ ക്വുർആനിലേക്ക് وَالْغَوْا فِيهِ അതിൽ നിങ്ങൾ ഒച്ചപ്പാടുണ്ടാക്കുക (തിരക്കുകൂട്ടുക)യും ചെയ്യുവിൻ لَعَلَّكُمْ നിങ്ങളായേക്കാം, ആകുവാൻ വേണ്ടി تَغْلِبُونَ നിങ്ങൾ ജയിക്കും, മികച്ചുനിൽക്കുന്ന (വർ)

തെളിവ്, ന്യായം, മർദ്ദനം, ഉപായം എന്നിവകൊണ്ടൊന്നും ക്വുർആന്റെ വശ്യശക്തിയെ മറികടക്കുവാൻ ക്വുറൈശി മുശ്‌രിക്കുകൾക്ക് കഴിയാതിരുന്നപ്പോൾ അവർ പ്രയോഗിച്ച മറ്റൊരായുധമാണിത്. ക്വുർആൻ ഓതിക്കേൾപ്പിക്കപ്പെടുമ്പോൾ അനാവശ്യ സംസാരം, ചൂളംവിളി, കൈമുട്ടുപോലെയുള്ള എന്തെങ്കിലും ശബ്ദകോലാഹലങ്ങൾ വഴി ബഹളം കൂട്ടുക. എന്നാൽ മറ്റുള്ളവർക്ക് അത് കേൾക്കുവാൻ സാധിക്കാതെ വരുമല്ലോ. ഇങ്ങനെ, ആ സംരംഭത്തെ പരാജയപ്പെടുത്തി തങ്ങൾക്ക് വിജയം നേടാമെന്നാണവരുടെ വ്യാമോഹം. പക്ഷേ, ക്വുർആന്റെ അമാനുഷികമായ സ്വാധീനശക്തിയെ വെല്ലുവാൻ അവർക്കുണ്ടോ കഴിയുന്നു?!

'ഉത്തരം മുട്ടിയാൽ കൊഞ്ഞനം കാട്ടുക' എന്ന് അപലപനീയമായ ഈ അടവ് ക്വുറൈശികൾ മാത്രമല്ല സ്വീകരിക്കാറുള്ളത്. അന്ധവിശ്വാസത്തിനും അനാചാരങ്ങൾക്കും എതിരായി ശബ്ദം ഉയർത്തുന്നവരുടെ നേരെ ചില പാമരവിഡ്ഢികളും, അവരെ ചൂഷണം ചെയ്യുന്ന ദുഷ്ടനേതാക്കളും ഉപയോഗിച്ചുവരാറുള്ളതാണ്. നമ്മുടെ രാഷ്ട്രീയ വേദികളിലും, നിയമസഭായോഗങ്ങളിലുമെല്ലാം തന്നെ ഇന്ന് ഇത് പ്രചാരത്തിൽ വന്നിരിക്കയാണല്ലോ. 1400 കൊല്ലം മുമ്പ് ജീവിച്ചിരുന്ന സത്യനിഷേധികളായ ആ അപരിഷ്കൃത അറബികൾ അന്ന് ക്വുർആന്റെ നേരെ സ്വീകരിച്ച അതേ പൈശാചിക അടവ് ഇന്ന് ഉൽബുദ്ധരെന്ന് അവകാശപ്പെടുന്ന ജനവിഭാഗങ്ങൾക്കിടയിൽപോലും അനുകരിക്കപ്പെടുന്നത് കാണുമ്പോൾ, മനുഷ്യഹൃദയമുള്ളവർക്ക് ലജ്ജയും വിസ്മയവും തോന്നിപ്പോകും!

അതിൽ ഒച്ചപ്പാടുണ്ടാക്കുവിൻ (وَالْغَوْا فِيهِ) എന്ന വാക്യത്തിന് ഇമാം ബൈദ്വാവീ (റ) നൽകിയ വ്യാഖ്യാനം ശ്രദ്ധേയമാകുന്നു. وعاضوه بالخرافات أو ارفعوا أصواتكم بها لتشوشوه على القارئي (സാരം: വായിക്കുന്നവന് ശല്യമുണ്ടാക്കുവാനായി അടിസ്ഥാനരഹിതമായ വാർത്തകൾകൊണ്ട് നിങ്ങളതിനെ എതിർക്കുവിൻ. അല്ലെങ്കിൽ, അവ മുഖേന നിങ്ങൾ ശബ്ദം ഉയർത്തുവിൻ). ചെണ്ടമുട്ടിയും, കൂക്കിവിളിച്ചും, ഗാനാലാപങ്ങൾ നട

ത്തിയും, അനാവശ്യമായി സംസാരിച്ചും- എന്നുവേണ്ട മറ്റേതുവിധേനയും- സത്യം കേൾക്കുന്നതിൽനിന്ന് മറ്റുള്ളവരെ തടയുവാൻ പ്രതിയോഗികൾ ഉണ്ടാക്കുന്ന ശല്യങ്ങളെല്ലാം ഇതിന് ഉദാഹരണങ്ങളാകുന്നു.

فَلَنُذِيقَنَّ ٱلَّذِينَ كَفَرُوا۟ عَذَابًا شَدِيدًا وَلَنَجْزِيَنَّهُمْ أَسْوَأَ ٱلَّذِى كَانُوا۟ يَعْمَلُونَ ﴿٢٧﴾

﴿27﴾ എന്നാൽ, (ആ) അവിശ്വസിച്ചവർക്ക് നിശ്ചയമായും കഠിനമായ ശിക്ഷ നാം ആസ്വദിപ്പിക്കുന്നതാണ്. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിലെ തിന്മ(കൾ)ക്ക് അവർക്ക് നാം പ്രതിഫലം നൽകുകയും തന്നെ ചെയ്യും.

ذَٰلِكَ جَزَآءُ أَعْدَآءِ ٱللَّهِ ٱلنَّارُ ۖ لَهُمْ فِيهَا دَارُ ٱلْخُلْدِ ۖ جَزَآءًۢ بِمَا كَانُوا۟ بِـَٔايَٰتِنَا يَجْحَدُونَ ﴿٢٨﴾

﴿28﴾ അതാ, അല്ലാഹുവിന്റെ ശത്രുക്കളുടെ പ്രതിഫലം- നരകം! അവർക്കതിൽ സ്ഥിരവാസത്തിന്റെ ഭവനമുണ്ട്; നമ്മുടെ (ലക്ഷ്യ) ദൃഷ്ടാന്തങ്ങളെ അവർ നിഷേധിച്ചിരുന്നതിന് പ്രതിഫലമായിട്ട്.

وَقَالَ ٱلَّذِينَ كَفَرُوا۟ رَبَّنَآ أَرِنَا ٱلَّذَيْنِ أَضَلَّانَا مِنَ ٱلْجِنِّ وَٱلْإِنسِ نَجْعَلْهُمَا تَحْتَ أَقْدَامِنَا لِيَكُونَا مِنَ ٱلْأَسْفَلِينَ ﴿٢٩﴾

﴿29﴾ അവിശ്വസിച്ചവർ (അവിടെ വെച്ച്) പറയും: 'ഞങ്ങളുടെ റബ്ബേ! ജിന്നുകളിൽനിന്നും മനുഷ്യരിൽനിന്നും ഞങ്ങളെ വഴിപിഴപ്പിച്ച ഇരുകൂട്ടരെയും ഞങ്ങൾക്ക് കാട്ടിത്തരേണമേ; രണ്ട് കൂട്ടരും ഏറ്റവും അധമൻമാരുടെ കൂട്ടത്തിലായിത്തീരുവാൻ വേണ്ടി, ഞങ്ങൾ അവരെ ഞങ്ങളുടെ കാലടികൾക്ക് താഴെയാ(ക്കി ചവിട്ടിയേ)ക്കട്ടെ.'

﴿27﴾ فَلَنُذِيقَنَّ എന്നാൽ നിശ്ചയമായും നാം ആസ്വദിപ്പിക്കും (അനുഭവിപ്പിക്കും) الَّذِينَ كَفَرُوا അവിശ്വസിച്ചവർക്ക് عَذَابًا شَدِيدًا കഠിനമായ ശിക്ഷ وَلَنَجْزِيَنَّهُمْ അവർക്ക് നാം പ്രതിഫലം കൊടുക്കുകയും തന്നെ ചെയ്യും أَسْوَأَ الَّذِي യാതൊന്നിലെ തിന്മക്ക് كَانُوا يَعْمَلُونَ അവർ പ്രവർത്തിച്ചിരുന്ന ﴿28﴾ ذَٰلِكَ جَزَاءُ അത് (അതാ) പ്രതിഫലം أَعْدَاءِ اللَّهِ അല്ലാഹുവിന്റെ ശത്രുക്കളുടെ النَّارُ നരകം لَهُمْ فِيهَا അതിൽ അവർക്കുണ്ട് دَارُ الْخُلْدِ സ്ഥിരവാസത്തിന്റെ വീട് (ഭവനം) جَزَاءً പ്രതിഫലമായിട്ട് بِمَا كَانُوا അവരായിരുന്നതിന് بِآيَاتِنَا നമ്മുടെ ആയത്തുകളെ يَجْحَدُونَ നിഷേധിക്കും ﴿29﴾ وَقَالَ പറയും الَّذِينَ كَفَرُوا അവിശ്വസിച്ചവർ رَبَّنَا أَرِنَا ഞങ്ങളുടെ റബ്ബേ ഞങ്ങൾക്ക് കാട്ടിത്തരണം

وَالْإِنْسِ യാതൊരു രണ്ടുകൂട്ടരെ أَضَلاَّنَا ഞങ്ങളെ വഴിപിഴപ്പിച്ച مِنَ الْجِنِّ ജിന്നിൽനിന്ന് الَّذَيْنِ മനുഷ്യരിൽനിന്നും نَجْعَلْهُمَا രണ്ട് കൂട്ടരെയും ഞങ്ങൾ ആക്കട്ടെ تَحْتَ أَقْدَامِنَا ഞങ്ങളുടെ കാലടികൾക്ക് താഴെ لِيَكُونَا അവർ ആയിത്തീരുവാൻ مِنَ الْأَسْفَلِينَ ഏറ്റവും അധമൻമാരിൽ, താണവരിൽ

തങ്ങളെ വഴിപിഴപ്പിക്കുന്നതിൽ പങ്കുവഹിച്ച മനുഷ്യപിശാചുക്കളെയും, ജിന്നുപിശാചുക്കളെയും ചവിട്ടിമെതിച്ച് നിന്ദിച്ചുകൊണ്ട് പകപോക്കുവാൻ ഒരവസരം നൽകണേ എന്ന് അവർ അപേക്ഷിക്കുകയാണ്. തങ്ങൾ അതി കഠിനമായ ഈ ശിക്ഷകൾക്ക് വിധേയരായതിന് കാരണക്കാരാണല്ലോ അവർ. ഇഹത്തിൽവെച്ച് അവരോടുണ്ടായിരുന്ന സ്നേഹാദരവുകളും, ഇണക്കവണക്കങ്ങളുമെല്ലാം ഇപ്പോൾ അസ്തമിച്ചുപോയി. ഇപ്പോൾ അവരാണ് ഇവരുടെ ഏറ്റവും വെറുക്കപ്പെട്ട ശത്രുക്കൾ.

കഴിഞ്ഞ കുറെ ആയത്തുകളിൽ അവിശ്വാസികളുടെ സ്വഭാവങ്ങളും, ശിക്ഷകളുമായിരുന്നു സംസാരവിഷയം: തുടർന്നുള്ള ഏതാനു വചനങ്ങളിൽ- ക്വുർആന്റെ സാധാരണ പതിവുപോലെ- സത്യവിശ്വാസികളെക്കുറിച്ച് പ്രസ്താവിക്കുന്നു:-

إِنَّ ٱلَّذِينَ قَالُوا۟ رَبُّنَا ٱللَّهُ ثُمَّ ٱسْتَقَـٰمُوا۟ تَتَنَزَّلُ عَلَيْهِمُ ٱلْمَلَـٰٓئِكَةُ أَلَّا تَخَافُوا۟ وَلَا تَحْزَنُوا۟ وَأَبْشِرُوا۟ بِٱلْجَنَّةِ ٱلَّتِى كُنتُمْ تُوعَدُونَ ﴿٣٠﴾

《30》 'ഞങ്ങളുടെ റബ്ബ് അല്ലാഹുവാണ് എന്ന് പറയുകയും, പിന്നീട് (അതനുസരിച്ച്) ചൊവ്വായി നിലകൊള്ളുകയും ചെയ്തിട്ടുള്ളവർ, അവരിൽ മലക്കുകൾ (സന്തോഷവാർത്തയുമായി) ഇറങ്ങിവരുന്നതാണ്: അതായത്; 'നിങ്ങൾ പേടിക്കേണ്ടാ, നിങ്ങൾ വ്യസനിക്കുകയും വേണ്ടാ, നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന സ്വർഗം കൊണ്ട് നിങ്ങൾ സന്തോഷമടഞ്ഞുകൊള്ളുവിൻ!

نَحْنُ أَوْلِيَآؤُكُمْ فِى ٱلْحَيَوٰةِ ٱلدُّنْيَا وَفِى ٱلْـَٔاخِرَةِ ۖ وَلَكُمْ فِيهَا مَا تَشْتَهِىٓ أَنفُسُكُمْ وَلَكُمْ فِيهَا مَا تَدَّعُونَ ﴿٣١﴾

《31》 'ഇഹത്തിലും, പരത്തിലും നിങ്ങളുടെ ബന്ധുമിത്രങ്ങളാണ് ഞങ്ങൾ. നിങ്ങൾക്ക് അവിടത്തിൽ [പരലോകത്ത്] നിങ്ങളുടെ മനസ്സുകൾ എന്ത് ഇച്ഛിക്കുന്നുവോ അത് (മുഴുവനും) ഉണ്ടായിരിക്കും. നിങ്ങൾ അവിടെവെച്ച് എന്ത് ആവശ്യപ്പെടുന്നുവോ അതും നിങ്ങൾക്കുണ്ടായിരിക്കും;-

نُزُلًا مِّنْ غَفُورٍ رَّحِيمٍ ﴿٣٢﴾

《32》 വളരെ പൊറുക്കുന്നവനും, കരുണാനിധിയുമായ ഒരുവനിൽ

[അല്ലാഹുവിൽ] നിന്നുള്ള സൽക്കാരമായിക്കൊണ്ട്!'

﴾30﴿ إِنَّ الَّذِينَ നിശ്ചയമായും യാതൊരുവർ قَالُوا അവർ പറഞ്ഞു رَبُّنَا اللَّهُ ഞങ്ങളുടെ റബ്ബ് അല്ലാഹുവാണ് എന്ന് ثُمَّ اسْتَقَامُوا പിന്നെ അവർ ചൊവ്വിന് നിന്നു, നേരെ നിന്നു تَتَنَزَّلُ ഇറങ്ങിവരും عَلَيْهِمُ അവരിൽ الْمَلَائِكَةُ മലക്കുകൾ أَلَّا تَخَافُوا നിങ്ങൾ ഭയപ്പെടരുത് എന്ന് (പറഞ്ഞുകൊണ്ട്) وَلَا تَحْزَنُوا നിങ്ങൾ വ്യസനിക്കുകയും ചെയ്യരുത് وَأَبْشِرُوا നിങ്ങൾ സന്തോഷപ്പെടുകയും ചെയ്യുവിൻ بِالْجَنَّةِ الَّتِي യാതൊരു സ്വർഗം കൊണ്ട് كُنْتُمْ تُوعَدُونَ നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ﴾31﴿ نَحْنُ ഞങ്ങൾ أَوْلِيَاؤُكُمْ നിങ്ങളുടെ ബന്ധുക്കളാണ്, മിത്രങ്ങളാണ് فِي الْحَيَاةِ الدُّنْيَا ഐഹിക ജീവിതത്തിൽ وَفِي الْآخِرَةِ പരലോകത്തിലും وَلَكُمْ فِيهَا അതിൽ നിങ്ങൾക്കുണ്ട്താനും مَا تَشْتَهِي ഇച്ഛിക്കുന്നത്, ആശിക്കുന്നത് أَنْفُسُكُمْ നിങ്ങളുടെ മനസ്സുകൾ وَلَكُمْ فِيهَا അതിൽ നിങ്ങൾക്കുണ്ട് مَا تَدَّعُونَ നിങ്ങൾ വിളിച്ചാവശ്യപ്പെടുന്നതും ﴾32﴿ نُزُلًا വിരുന്ന് (ആതിഥ്യം) ആയിക്കൊണ്ട് مِنْ غَفُورٍ വളരെ പൊറുക്കുന്ന ഒരുവനിൽനിന്നുള്ള رَحِيمٍ കരുണാനിധിയായ

അല്ലാഹുവിൽ ശരിക്കും വിശ്വസിക്കുകയും, അത് പ്രഖ്യാപിക്കുകയും, അതിന്റെ താല്പര്യമനുസരിച്ച് നേർമാർഗത്തിൽ ചരിക്കുകയും ചെയ്യുന്നവരുടെ അടുക്കൽ ഐഹികവും പാരത്രികവുമായ സന്തോഷവാർത്തകളുമായി മലക്കുകൾ ഇറങ്ങിവന്ന് അവരെ സമാധാനിപ്പിച്ചുകൊണ്ടിരിക്കുമെന്നാണ് ഈ വചനങ്ങൾ മുഖേന അല്ലാഹു അറിയിക്കുന്നത്. പ്രസ്തുത സന്തോഷവാർത്തക്ക് പ്രധാന ക്വുർആൻവ്യാഖ്യാതാക്കൾ നൽകുന്ന വിശദീകരണം ഇങ്ങനെ സംഗ്രഹക്കാം:

'നിങ്ങൾ പരലോകത്ത് വരുമ്പോൾ നിങ്ങൾക്കവിടെ പേടിക്കേണ്ടതായി ഒന്നും ഉണ്ടായിരിക്കയില്ല. നിങ്ങൾ ഇഹലോകത്ത് വിട്ടുപോകുന്ന മക്കൾ, കുടുംബങ്ങൾ മുതലായവയെപ്പറ്റി നിങ്ങൾ വ്യസനിക്കേണ്ടതുമില്ല. അല്ലാഹുവിന്റെ റസൂലുകൾ മുഖാന്തരം സൽക്കർമശാലികൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗം നിങ്ങൾക്ക് ലഭിക്കുന്നതാണ്. ഞങ്ങളാകട്ടെ, ഇരുലോകത്തും നിങ്ങളുടെ മിത്രങ്ങളും ഗുണകാംക്ഷികളുമാകുന്നു. ഐഹിക ജീവിതത്തിൽ നിങ്ങൾക്ക് കാൺമാൻ കഴിയാത്ത പല സഹായങ്ങളും ഞങ്ങൾ നൽകുന്നുണ്ട്. നിങ്ങൾക്ക് സൽക്കർമം ചെയ്യാനുള്ള പ്രചോദനം നൽകുക, നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക മുതലായവ ഞങ്ങൾ ചെയ്തുവരുന്നു. ക്വബ്റിലെ ജീവിതത്തിലും, പുനഃരുത്ഥാനത്തിന്റെ ഭയങ്കര ഘട്ടങ്ങളിലുമെല്ലാം ഞങ്ങൾ നിങ്ങൾക്ക് മനസ്സമാധാനം നൽകിക്കൊണ്ടിരിക്കും. സ്വർഗത്തിലാണെങ്കിൽ, നിങ്ങൾ ഇച്ഛിക്കുന്നതും, നിങ്ങൾ ആവശ്യപ്പെടുന്നതുമെല്ലാം നിങ്ങൾക്കവിടെ തയ്യാറുണ്ടായിരിക്കുന്നതുമാകുന്നു. വളരെ പൊറുക്കുന്നവനും വളരെ കാരുണ്യവാനുമായ അല്ലാഹു നിങ്ങൾക്കായി ഒരുക്കിവെച്ചിട്ടുള്ള വിരുന്നുസൽക്കാരമായിരിക്കും അത്.'

സജ്ജനങ്ങളായ ആളുകൾക്ക് മലക്കുകളിൽനിന്ന് ഈ സന്തോഷവാർത്തകൾ ലഭിക്കുന്നത് എപ്പോഴായിരിക്കും? ഇതിനെക്കുറിച്ച് ചില നിവേദനങ്ങളും അഭിപ്രായങ്ങളും ഉദ്ധരിച്ചുകൊണ്ട് ഇമാം ഇബ്നുകഥീർ (റ) പറയുന്നു: 'മരണസമയത്തും, ക്വബ്റിൽവെച്ചും, പുനഃരുത്ഥാനസമയത്തും മലക്കുകൾ സന്തോഷവാർത്ത അറിയിക്കുമെന്ന്

സൈദുബ്നു അസ്‌ലം (റ) പറഞ്ഞതായി ഇബ്നു അബീഹാതിം (റ) നിവേദനം ചെയ്തിരിക്കുന്നു. ഈ പ്രസ്താവന മുൻപറഞ്ഞ എല്ലാ അഭിപ്രായങ്ങളും ഉൾക്കൊള്ളുന്നതാണ്. ഇത് വളരെ നല്ല അഭിപ്രായവും യഥാർത്ഥമായിട്ടുള്ളതുമാകുന്നു.'

ഇമാം മുസ്‌ലിം (റ) മുതലായവർ ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ ഇപ്രകാരം കാണാം: 'സുഫ്‌യാനുബ്നു അബ്ദില്ലാ (റ) റസൂൽ തിരുമേനിയോട് ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ! അവിടുത്തേക്കുശേഷം മറ്റാരോടും ഞാൻ (കൂടുതൽ) ചോദിച്ചറിയേണ്ടി വരാത്ത ഒരു വാക്ക് ഇസ്‌ലാമിനെക്കുറിച്ച് എനിക്ക് പറഞ്ഞു തന്നേക്കണം. തിരുമേനി പറഞ്ഞു: 'ഞാൻ അല്ലാഹുവിൽ വിശ്വസിച്ചു എന്ന് നീ പറയുക. പിന്നീട് നീ ചൊവ്വായി നിലകൊള്ളുക.' (**قل امنت بالله ثم استقم**) പിന്നീടദ്ദേഹം താൻ ഏറ്റവുമധികം സൂക്ഷിക്കേണ്ട കാര്യമെന്താണെന്ന് ചോദിച്ചു. തിരുമേനി, നാവിലേക്ക് ചൂണ്ടിക്കാട്ടിക്കൊണ്ട് 'ഇതാണ്' എന്ന് ഉത്തരം പറഞ്ഞു.'

വിഭാഗം - 5

وَمَنْ أَحْسَنُ قَوْلًا مِّمَّن دَعَآ إِلَى ٱللَّهِ وَعَمِلَ صَٰلِحًا وَقَالَ إِنَّنِى مِنَ ٱلْمُسْلِمِينَ ﴿٣٣﴾

﴾33﴿ അല്ലാഹുവിലേക്ക് ക്ഷണിക്കുകയും, സൽക്കർമം പ്രവർത്തിക്കുകയും, നിശ്ചയമായും ഞാൻ 'മുസ്‌ലിം'കളിൽപെട്ടവനാണ് എന്ന് പറയുകയും ചെയ്തവനെക്കാൾ നല്ല വാക്ക് പറയുന്നവൻ ആരാണുള്ളത്?! [ആരുമില്ലതന്നെ].

﴾33﴿ وَمَنْ ആരാണ് أَحْسَنُ അധികം നല്ലവൻ قَوْلًا വാക്ക്, വാക്കിൽ مِمَّن دَعَا വിളിച്ച (ക്ഷണിച്ച) വനെക്കാൾ إِلَى اللَّهِ അല്ലാഹുവിലേക്ക് وَعَمِلَ صَالِحًا സൽക്കർമം (നല്ലത്) പ്രവർത്തിക്കുകയും ചെയ്ത وَقَالَ പറയുകയും ചെയ്തു إِنَّنِي നിശ്ചയമായും ഞാൻ مِنَ الْمُسْلِمِينَ മുസ്‌ലിംകളിൽപെട്ട(വനാണ്)

മനുഷ്യർ പലരും പറയുന്നു, പ്രഖ്യാപിക്കുന്നു, പ്രചാരവേല ചെയ്യുന്നു, പലതിലേക്കും ക്ഷണിക്കുന്നു. ഇവരിൽവെച്ച് ഏറ്റവും നല്ല വക്താവ് ഏതാണ്? മൂന്ന് കാര്യങ്ങൾ ആരിൽ സമ്മേളിച്ചിട്ടുണ്ടോ അവരാണ് അതെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു:

1) അല്ലാഹുവിലേക്ക് ക്ഷണിക്കുക. അതായത്, തൗഹീദിലേക്കും, ഇസ്‌ലാമിലേക്കും ക്ഷണിക്കുകയും, അതിനുവേണ്ടി ഉപദേശവും പ്രചാരവും നടത്തുകയും ചെയ്യുക.

2) സൽക്കർമം ചെയ്യുക. അന്യരെ ക്ഷണിക്കുകയും ഉപദേശിക്കുകയും ചെയ്യുന്നവൻ നിഷ്കളങ്കനും, മാതൃകായോഗ്യനുമായിരിക്കേണ്ടതാണല്ലോ. അതുകൊണ്ട് അവൻ സ്വന്തം നിലക്കും, മറ്റുള്ളവരുടെ ഉപദേശകനെന്ന നിലക്കും സദ്‌വൃത്തനായിത്തീരേണ്ടതുണ്ട്. അല്ലാത്തപക്ഷം അവൻ വഞ്ചകനും, കപടനുമായിരിക്കും.

3) താനൊരു മുസ്‌ലിമാണ്- അല്ലാഹുവിന്റെ വിധി വിലക്കുകളനുസരിച്ച് ജീവിക്കുന്നവനാണ്- എന്ന് പറയുക. അതെ, പരസ്യമായും, ധൈര്യസമേതവും അത് തുറന്ന് പ്രഖ്യാപിക്കുകയും, അതിൽ അഭിമാനം കൊള്ളുകയും ചെയ്യുക. അതവന്റെ വിശ്വാസ ദാർഢ്യത്തെയും, കർമധീരതയെയും, സ്ഥിരചിത്തതയെയും കുറിക്കുന്നു.

ഒരാൾക്ക് നല്ല വിശ്വാസവും, ഉൽകൃഷ്ടമായ ആദർശവും ഉണ്ടായാൽ മാത്രം പോരാ, അവനതുപ്രകാരം ആചരിച്ചാലും പോരാ, അത് പ്രഖ്യാപിക്കുകയും, അതിലേക്ക് മറ്റുള്ളവരെ ക്ഷണിക്കുകയും കൂടി വേണ്ടതുണ്ടെന്ന് ഈ വചനത്തിൽ നിന്ന് മനസ്സിലാക്കാം. ഈ മൂന്ന് ഗുണങ്ങളും സമ്മേളിച്ച വ്യക്തികൾ ഇന്ന് മുസ്‌ലിം സമുദായത്തിൽ വളരെ വിരളമാണെന്ന് അത്യധികം വ്യസനത്തോടെ പറയേണ്ടിയിരിക്കുന്നു. മുസ്‌ലിം സമുദായത്തിന് ഇന്നുള്ള അധഃപതനത്തിന്റെ കാരണവും ഇതൊന്നുമാത്രമാണെന്ന് പറയാം. താനൊരു മുസ്‌ലിമാണെന്ന വസ്തുത മറ്റുള്ളവർ അറിയുന്നതുപോലും ലജ്ജയോ, ഭീരുത്വമോ ആയിത്തീർന്നിട്ടുള്ള ധാരാളം മുസ്‌ലിം നാമധാരികളെ ഇന്ന് കാണാവുന്നതാണ്. ഇത് നിമിത്തം, തങ്ങളുടെ പേരും വേഷവും ഇസ്‌ലാമികമല്ലെന്ന് തോന്നിക്കുന്ന ഏതെങ്കിലും വികൃതരൂപം സ്വീകരിക്കുവാനും ചിലർ തയ്യാറാകുന്നു. ഇത്തരക്കാർ, തങ്ങൾ മുസ്‌ലിംകളല്ലെന്ന് തുറന്നുപറയുന്നതായിരിക്കും വാസ്തവത്തിൽ അവർക്കും മുസ്‌ലിംകൾക്കും ഗുണം. പാരമ്പര്യമായി ഇസ്‌ലാമിക നാമത്തിൽ അറിയപ്പെട്ടുവെന്നല്ലാതെ, ഇസ്‌ലാമിനെക്കുറിച്ചുള്ള അറിവോ, ബോധമോ തൊട്ടുതീണ്ടിയിട്ടില്ലെന്നുള്ളതാണ് ഇതിനെല്ലാം യഥാർത്ഥ കാരണം. പോരാത്തത്- മറ്റേതെങ്കിലും പേരിൽ ജാതിവ്യത്യാസം അംഗീകരിക്കപ്പെടാമെങ്കിലും- മതത്തിന്റെ പേരിൽ ജാതിവ്യത്യാസം കണക്കാക്കുന്നത് ഇന്നത്തെ ആധുനിക പരിഷ്കാരത്തിന് വിരുദ്ധവുമാണല്ലോ. അല്ലാഹുവിൽ ശരണം!

وَلَا تَسْتَوِى ٱلْحَسَنَةُ وَلَا ٱلسَّيِّئَةُ ۚ ٱدْفَعْ بِٱلَّتِى هِىَ أَحْسَنُ فَإِذَا ٱلَّذِى بَيْنَكَ وَبَيْنَهُۥ عَدَٰوَةٌ كَأَنَّهُۥ وَلِىٌّ حَمِيمٌ ﴿٣٤﴾

《34》 നന്മയും തിന്മയും സമമാകുകയില്ല തന്നെ. കൂടുതൽ നല്ലതേതോ അതുകൊണ്ട് നീ (തിന്മയെ) തടുത്തുകൊള്ളുക. എന്നാൽ, നിന്റെയും യാതൊരുവന്റെയും ഇടയിൽ വല്ല ശത്രുതയുമുണ്ടോ അവൻ, ഒരു ഉറ്റ ബന്ധുവെന്നപോലെ ആയിരിക്കുന്നതാണ്.

وَمَا يُلَقَّىٰهَآ إِلَّا ٱلَّذِينَ صَبَرُوا۟ وَمَا يُلَقَّىٰهَآ إِلَّا ذُو حَظٍّ عَظِيمٍ ﴿٣٥﴾

《35》 ക്ഷമ (സഹനം) കൈക്കൊണ്ടവർക്കല്ലാതെ ഇത് [ഇക്കാര്യം] എത്തപ്പെടുകയില്ല; വമ്പിച്ച ഭാഗ്യവാന്നുമല്ലാതെ ഇത് എത്തപ്പെടുന്നതല്ല.

《34》 وَلاَتَسْتَوِي സമമാവുകയില്ല الْحَسَنَةُ നന്മ وَلاالسَّيِّئَةُ തിന്മയും ഇല്ല ادْفَعْ നീ തടുക്കുക, തട്ടുക بِالَّتِي യാതൊന്നുകൊണ്ട് هِيَ أَحْسَنُ അത് കൂടുതൽ നല്ലതാണ് فَإِذَا എന്നാലപ്പോൾ الَّذِي യാതൊരുവൻ بَيْنَكَ وَبَيْنَهُ നിന്റെയും അവന്റെയും ഇടയിലുണ്ട് عَدَاوَةٌ വല്ല ശത്രുതയും كَأَنَّهُ وَلِيٌّ അവനൊരു ബന്ധുവെന്നപോലെയിരിക്കും حَمِيمٌ ചൂടുപിടിച്ച (ഉറ്റ, അടുത്ത) 《35》 وَمَا يُلَقَّاهَا അത് കണ്ടെത്തിക്കപ്പെടുകയില്ല (എത്തപ്പെടുക- ലഭിക്കുക- യില്ല) إِلا ഒഴികെ الَّذِينَ صَبَرُوا ക്ഷമിച്ചവർ, സഹിച്ചവർ وَمَا يُلَقَّاهَا അത്

കണ്ടെത്തപ്പെടുന്ന (ലഭിക്കുന്ന)തുമല്ല إِلا ذُو حَظٍّ ഭാഗ്യമുള്ളവനല്ലാതെ عَظِيمٍ വമ്പിച്ച, മഹത്തായ

വളരെ മഹത്തായ ഒരു തത്വമാണ് ഈ വചനം ഉൾക്കൊള്ളുന്നത്. 'നന്മയും തിന്മയും സമമാവുകയില്ല' (وَلا تَسْتَوِي الْحَسَنَةُ وَلا السَّيِّئَةُ) എന്നതാണ് ഈ തത്വത്തിന്റെ അടിത്തറ. നന്മക്ക് അതിന്റേതായ നല്ല ഗുണങ്ങളും, തിൻമക്ക് അതിന്റേതായ ചീത്ത ഗുണങ്ങളുമാണുള്ളത്. നന്മ വരുത്തുവാൻ തിൻമക്ക് സാധ്യമല്ല. ഒരു തിന്മ പലപ്പോഴും പല തിന്മകൾ ചെയ്യാൻ കാരണമായേക്കും. അതുകൊണ്ട് തിന്മയെ തടുക്കുവാനും, മുടക്കുവാനും ഏറ്റവും നല്ല ആയുധം നന്മയാകുന്നു. പക്ഷേ, നയപൂർവ്വം അത് പ്രയോഗിക്കേണ്ടതുണ്ട്. അപ്പോൾമാത്രമേ അതിന്റെ യഥാർത്ഥ ഫലം അനുഭവപ്പെട്ടെന്നുവരികയുള്ളൂ. 'കൂടുതൽ നല്ലത് ഏതോ അതുകൊണ്ട് തിന്മയെ തടയണം' (ادْفَعْ بِالَّتِي هِيَ أَحْسَنُ) എന്ന് അല്ലാഹു ഉപദേശിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. ഉദാരമായ പെരുമാറ്റം, ക്ഷമ, മാപ്പ്, വിട്ടുവീഴ്ച, നല്ലവാക്ക്, പ്രതികാരമനഃസ്ഥിതി ഉപേക്ഷിക്കുക മുതലായവയാണ് ഇതിനുള്ള മാർഗങ്ങൾ. ഈ മാർഗം സ്വീകരിക്കുന്നപക്ഷം തമ്മിൽ ശത്രുതയോടെ വർത്തിക്കുന്നവർ പരസ്പരം ഉറ്റ ബന്ധുക്കളായി മാറുമെന്ന് തീർച്ചയാണ്. (فَإِذَا الَّذِي بَيْنَكَ وَبَيْنَهُ عَدَاوَةٌ كَأَنَّهُ وَلِيٌّ حَمِيمٌ)

പക്ഷേ, ഈ മഹത്തായ തത്വം പ്രായോഗികമാക്കുന്നവർ എത്ര ചുരുക്കം?! നന്മ ചെയ്തവരോടുപോലും തിന്മ ചെയ്യുന്നവർ, ഒരു തിന്മക്കുപകരം ഒന്നിലധികം തിന്മ ചെയ്യുന്നവർ, ഇങ്ങനെയുള്ളവരാണ് അധികവും. നന്മക്ക് നന്മയും, തിന്മക്ക് അത് അളവിൽ കവിയാത്ത തിന്മയും ചെയ്യുകയെന്ന നീതിബോധമെങ്കിലും ഉള്ളവർ തുലോം കുറവായിരിക്കും. എന്നിരിക്കെ, തിന്മയെ തടയുവാൻ നന്മയെ മാത്രം ഉപയോഗപ്പെടുത്തുകയും, അത് കൂടുതൽ പ്രായോഗികമായ രീതിയിലാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നവരുടെ കാര്യം പറയുവാനുണ്ടോ?! അത് കൊണ്ടുതന്നെയാണ്, ക്ഷമയും സഹനവുമുള്ളവർക്കും, മഹാഭാഗ്യവാൻമാരായ ആളുകൾക്കും അല്ലാതെ ഇത് സാധിച്ചുകിട്ടുന്നതല്ല (وَمَا يُلَقَّاهَا إِلاَّ الَّذِينَ صَبَرُوا وَمَا يُلَقَّاهَا إِلاَّ ذُو حَظٍّ عَظِيمٍ) എന്ന് അല്ലാഹു പ്രത്യേകം ഉണർത്തിയിരിക്കുന്നതും. ഈ മഹാഭാഗ്യവാൻമാരായ സഹനശീലൻമാരിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തട്ടെ. ആമീൻ.

നബിﷺ അരുളിചെയ്തതായി ബുഖാരി (റ) ഉദ്ധരിച്ച ഒരു ഹദീഥിന്റെ സാരം ഇതാണ്: 'ഇങ്ങോട്ട് ചെയ്തതുപോലെ അങ്ങോട്ടും - സമത്തിന് സമമായി- പ്രവർത്തിക്കുന്നവ നല്ല ബന്ധം പാലിക്കുന്നവൻ. പക്ഷേ, തന്നോടുള്ള ബന്ധം മുറിക്കപ്പെട്ടാൽ അങ്ങോട്ട് ആ ബന്ധം പാലിക്കുന്നവനാണ് ബന്ധം പാലിക്കുന്നവൻ'. (ليس الواصل بالمكافئ الخ) ഉമർ (റ) ഇപ്രകാരം പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: 'നിന്റെ കാര്യത്തിൽ അല്ലാഹുവിന്റെ കൽപനക്കെതിരായി പ്രവർത്തിക്കുന്ന ആളോട് അവന്റെ കാര്യത്തിൽ അല്ലാഹു കൽപിച്ചതനുസരിച്ച് പ്രവർത്തിക്കുന്നതിന് തുല്യമായി മറ്റൊരു പ്രതികാര നടപടിയും നിനക്ക് എടുക്കുവാനില്ല.' (حكاه ابن كثير) ഒരു കവി പറയുന്നു:-

وما شيئ أحب إلى سفيه إذاالكريم من الجواب

متاركة السفيه بلا جواب اشد على السفيه من السباب

(സാരം: ഭോഷനായ ഒരാൾ മാന്യനായ ഒരാളെ ചീത്ത പറയുമ്പോൾ അയാളിൽനിന്ന് അതിന് മറുപടി ലഭിക്കുന്നതിനെക്കാൾ തൃപ്തികരമായി അവന് മറ്റൊന്നുമുണ്ടായിരിക്കയില്ല. ഭോഷനോട് മറുപടി പറയാതെ വിട്ടേക്കുന്ന നയം, അവനോട് ചീത്ത പറയുന്നതിനെക്കാൾ അവന് അസഹനീയമായിരിക്കും.) മറ്റൊരു കവി ആയത്തിലെ ആശയം അദ്ദേഹത്തിന്റെ ഭാഷയിൽ ഇങ്ങനെ വിവരിക്കുന്നു:

ان العداوة تستحيل مودة بتدارك الهفوات بالحسنات

(അബദ്ധങ്ങൾക്ക് നന്മകൾവഴി പരിഹാരം ഉണ്ടാകുന്നതായാൽ നിശ്ചയമായും ശത്രുത സ്നേഹബന്ധമായി മാറും എന്ന് സാരം.)

അല്ലാഹു എടുത്തുകാട്ടിയ ആ മഹാഭാഗ്യം നേടുന്നതിന് പ്രധാന തടസ്സം, മനുഷ്യന്റെ കോപവും, അവന്റെ പ്രതികാരവാഞ്ഛയുമാകുന്നു. മനുഷ്യപിശാചുക്കളും, ജിന്നുപിശാചുക്കളും അവനെ അതിന് പ്രോത്സാഹിപ്പിക്കുകയും ചെയ്യും. എന്നാൽ, മനുഷ്യപിശാചുക്കളുടെ ദുഷ്പ്രേരണകളിൽനിന്ന് രക്ഷപ്പെടുവാനുള്ള മാർഗത്തെപ്പറ്റി മനുഷ്യന് ഏറെക്കുറെ ആലോചിച്ച് രൂപം കാണുവാൻ സാധിച്ചേക്കും. ജിന്നുപിശാചുക്കളുടെ ദുഷ്പ്രേരണകളിൽനിന്ന് രക്ഷപ്പെടുവാൻ അവന് പ്രത്യക്ഷത്തിൽ മാർഗമൊന്നുമില്ലല്ലോ. അതിനുള്ള മാർഗമാണ് അടുത്ത വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നത്:

وَإِمَّا يَنزَغَنَّكَ مِنَ ٱلشَّيْطَٰنِ نَزْغٌ فَٱسْتَعِذْ بِٱللَّهِ ۖ إِنَّهُۥ هُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿٣٦﴾

﴾36﴿ പിശാചിൽനിന്ന് വല്ല ദുഷ്പ്രേരണയും (എപ്പോഴെങ്കിലും) നിന്നെ ഇളക്കിവിട്ടേക്കുന്നപക്ഷം, അപ്പോൾ നീ അല്ലാഹുവിനോട് ശരണം തേടുകയും ചെയ്തുകൊള്ളുക. നിശ്ചയമായും, അവനത്രെ (എല്ലാം കേൾക്കുന്നവനും) അറിയുന്നവനും.

﴾36﴿ وَإِمَّا يَنزَغَنَّكَ നിന്നെ (വല്ലപ്പോഴും- വല്ല വിധത്തിലും) ഇളക്കിവിടുന്നപക്ഷം (ദുഷ്പ്രേരണ ഉണ്ടാക്കിയാൽ) مِنَ الشَّيْطَانِ പിശാചിൽനിന്ന് نَزْغٌ വല്ല ഇളക്കിവിടലും (ദുഷ്പ്രേരണയും) فَاسْتَعِذْ അപ്പോൾ നീ ശരണം (കാവൽ) തേടുക بِاللَّهِ അല്ലാഹുവിനോട് إِنَّهُ هُوَ നിശ്ചയമായും അവൻ തന്നെ السَّمِيعُ (എല്ലാം) കേൾക്കുന്നവൻ الْعَلِيمُ അറിയുന്നവൻ

കഴിഞ്ഞ ആയത്തിലെയും ഈ ആയത്തിലെയും ആശയങ്ങൾ ഉൾക്കൊള്ളുന്ന ചില വചനങ്ങളും അവയുടെ വിവരണവും സൂ: മുഅ്മിനൂൻ 96 - 98 ൽ കഴിഞ്ഞുപോയിട്ടുള്ളത് ഓർമിക്കുക. കൂടാതെ, സൂ: അഅ്റാഫ് 199 - 200 ലും ഇതിനെപ്പറ്റി പ്രസ്താവിച്ചിട്ടുണ്ട്. പിശാചിന്റെ ദുഷ്പ്രേരണകളെയും ദുർബോധനങ്ങളെയും ഗൗരവപൂർവ്വം കണക്കിലെടുത്ത് സൂക്ഷിക്കേണ്ടതുണ്ടെന്നും, കേവലം അദൃശ്യശക്തിയായ അവന്റെ ഉപദ്രവത്തിൽ നിന്ന് രക്ഷപ്പെടേണ്ടതിന് അല്ലാഹുവിൽ ശരണം തേടുകയും, അവനോട് പ്രാർത്ഥിക്കുകയും ചെയ്യുന്നത് അത്യാവശ്യമാണെന്നും ഇതുപോലെയുള്ള ക്വുർആൻ വചനങ്ങൾ നമ്മെ ഓർമിപ്പിക്കുന്നു. പിശാചിന്റെ നാശത്തിൽനിന്ന് മുക്തി ലഭിക്കുവാനുള്ള മാർഗം അല്ലാഹുവിനോടുള്ള പ്രാർത്ഥനയായിരിക്കുവാൻ കാരണമെന്താണെന്നും

ഈ വചനത്തിലെ അവസാനത്തെ വാക്യം ചൂണ്ടിക്കാട്ടുന്നുണ്ട്. അതെ, രഹസ്യപരസ്യമെന്നോ, ചെറുതുവലുത് എന്നോ വ്യത്യാസമില്ലാതെ എല്ലാം കേൾക്കുന്നവനും അറിയുന്നവനും അവൻമാത്രമാണല്ലോ. (إِنَّهُ هُوَ السَّمِيعُ الْعَلِيمُ) അതുകൊണ്ടാണ് ചില സന്ദർഭങ്ങളിൽ പിശാചിനെക്കുറിച്ച് രക്ഷക്കപേക്ഷിക്കുമ്പോൾ നബിﷺ ഇങ്ങനെ പറഞ്ഞിരുന്നത് اعوذ بالله السميع العليم من الشيطان الرجيم (എല്ലാം കേൾക്കുന്നവനും അറിയുന്നവനുമായ അല്ലാഹുവിനോട് ആട്ടപ്പെട്ട പിശാചിൽ നിന്ന് ഞാൻ രക്ഷതേടുന്നു.)

وَمِنْ ءَايَـٰتِهِ ٱلَّيْلُ وَٱلنَّهَارُ وَٱلشَّمْسُ وَٱلْقَمَرُ ۚ لَا تَسْجُدُوا۟ لِلشَّمْسِ وَلَا لِلْقَمَرِ وَٱسْجُدُوا۟ لِلَّهِ ٱلَّذِى خَلَقَهُنَّ إِن كُنتُمْ إِيَّاهُ تَعْبُدُونَ ﴿٣٧﴾

﴿37﴾ അവന്റെ [അല്ലാഹുവിന്റെ] ദൃഷ്ടാന്തങ്ങളിൽ പെട്ടവയാണ് രാവും, പകലും, സൂര്യനും, ചന്ദ്രനും. സൂര്യനാകട്ടെ, ചന്ദ്രനാകട്ടെ, നിങ്ങൾ 'സുജൂദ്' [സാഷ്ടാംഗവണക്കം] ചെയ്യരുത്. അവയെ സൃഷ്ടിച്ചവനായ അല്ലാഹുവിന് നിങ്ങൾ 'സുജൂദ്' ചെയ്യുകയും ചെയ്യുക; നിങ്ങൾ അവനെയാണ് ആരാധിക്കുന്നതെങ്കിൽ.

فَإِنِ ٱسْتَكْبَرُوا۟ فَٱلَّذِينَ عِندَ رَبِّكَ يُسَبِّحُونَ لَهُۥ بِٱلَّيْلِ وَٱلنَّهَارِ وَهُمْ لَا يَسْـَٔمُونَ ۩ ﴿٣٨﴾

سجود ۩

﴿38﴾ എനി, അവർ അഹംഭാവം നടിക്കുകയാണെങ്കിൽ, എന്നാൽ (നബിയേ) നിന്റെ റബ്ബിന്റെ അടുക്കലുള്ളവർ [മലക്കുകൾ] രാത്രിയിലും പകലിലും അവന്ന് 'തസ്ബീഹ്' [സ്തോത്രകീർത്തനം] നടത്തിക്കൊണ്ടിരിക്കുന്നു. അവരാകട്ടെ, മടി കാട്ടുകയുമില്ല.

﴿37﴾ وَمِنْ آيَاتِهِ അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ് اللَّيْلُ രാത്രി وَالنَّهَارُ പകലും وَالشَّمْسُ وَالْقَمَرُ സൂര്യനും ചന്ദ്രനും لَا تَسْجُدُوا നിങ്ങൾ സുജൂദ് ചെയ്യരുത് لِلشَّمْسِ സൂര്യന് وَلَا لِلْقَمَرِ ചന്ദ്രനും അരുത് وَاسْجُدُوا നിങ്ങൾ സുജൂദ് ചെയ്യുകയും ചെയ്യുവിൻ لِلَّهِ അല്ലാഹുവിന് الَّذِي خَلَقَهُنَّ അവയെ സൃഷ്ടിച്ചവനായ إِنْ كُنْتُمْ നിങ്ങളാണെങ്കിൽ إِيَّاهُ تَعْبُدُونَ അവനെത്തന്നെ ആരാധിക്കും ﴿38﴾ فَإِنِ اسْتَكْبَرُوا എനി (എന്നാൽ) അവർ അഹംഭാവം നടിച്ചാൽ فَالَّذِينَ عِنْدَ رَبِّكَ എന്നാൽ നിന്റെ റബ്ബിന്റെ അടുക്കൽ ഉള്ളവർ يُسَبِّحُونَ لَهُ അവന് അവർ തസ്ബീഹ് ചെയ്യുന്നു بِاللَّيْلِ وَالنَّهَارِ രാത്രിയും പകലും وَهُمْ അവരാകട്ടെ لَا يَسْأَمُونَ മടിക്കുകയില്ല, മടുക്കുകയില്ല, ക്ഷീണിക്കുകയില്ല

ഓതുമ്പോൾ സുജൂദ് ചെയ്യേണ്ടുന്ന ആയത്തുകളിൽ ഒന്നാണ് ഈ ആയത്തും. ഇത്

നിമിത്തമാണ് ഈ സൂറത്തിന് حم سجدة (സുജൂദുള്ള 'ഹാമീം') എന്ന് പേര്‍ പറയുന്നത്.

സൂര്യചന്ദ്രന്മാര്‍ വമ്പിച്ച ചില വസ്തുക്കളാണെന്ന കാരണത്താലാണ് അവയെ പലരും ആരാധിച്ചുവരുന്നത്. അവ എത്രതന്നെ വമ്പിച്ചതാണെങ്കിലും അവയെല്ലാം അല്ലാഹുവിന്റെ സൃഷ്ടികളും, അവന്റെ നിയന്ത്രണത്തിന് വിധേയങ്ങളുമാണല്ലോ. അപ്പോള്‍ യഥാര്‍ത്ഥത്തില്‍ ആരാധിക്കേണ്ടത് ആ സ്രഷ്ടാവിനെയല്ലേ?! മറ്റൊരാളെക്കൂടി പങ്ക് ചേര്‍ത്തുകൊണ്ടുള്ള ആരാധന അവങ്കല്‍ സ്വീകാര്യവുമല്ല. അതുകൊണ്ട് അവനെ ആരാധിക്കുവാന്‍ തയ്യാറുള്ളവര്‍ അവനെ മാത്രമേ ആരാധിച്ചുകൂടൂ. എനി- എണ്ണംകൊണ്ടും, വണ്ണംകൊണ്ടുമെല്ലാം- നിസ്സാര സൃഷ്ടിയായ മനുഷ്യന്‍ അവനെ ആരാധിക്കുവാന്‍ തയ്യാറില്ലാതെ അഹംഭാവം നടിക്കുകയാണെങ്കില്‍ അതുമൂലം അവന് എന്തെങ്കിലും പോരായ്മയോ ദോഷമോ ബാധിക്കാനില്ലതാനും. അതേസമയത്ത്, രാപ്പകല്‍ വ്യത്യാസമന്യെ, ലവലേശം മടിയോ മടുപ്പോ ക്ഷീണമോ ബാധിക്കാതെ, അവന്റെ വന്‍ സൃഷ്ടികളായ എണ്ണമറ്റ മലക്കുകള്‍ ഉപരിലോകങ്ങളില്‍വെച്ച് സദാസമയവും അവന് ആരാധനാവണക്കങ്ങളും, സ്തോത്രകീര്‍ത്തനങ്ങളും നടത്തിക്കൊണ്ടിരിക്കുന്നുണ്ട്താനും.

وَمِنْ ءَايَـٰتِهِۦٓ أَنَّكَ تَرَى ٱلْأَرْضَ خَـٰشِعَةً فَإِذَآ أَنزَلْنَا عَلَيْهَا ٱلْمَآءَ ٱهْتَزَّتْ وَرَبَتْ ۚ إِنَّ ٱلَّذِىٓ أَحْيَاهَا لَمُحْىِ ٱلْمَوْتَىٰٓ ۚ إِنَّهُۥ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٣٩﴾

﴾39﴿ അവന്റെ ദൃഷ്ടാന്തങ്ങളില്‍പെട്ടത് തന്നെയാണ് ഭൂമിയെ അടങ്ങി (ഇറുകി)യതായി നീ കാണുന്നതും, എന്നിട്ട് അതില്‍ നാം (മഴ) വെള്ളം ഇറക്കിയാല്‍ അത് (കുതിര്‍ന്ന്) ഇളകുകയും, ചീര്‍ക്കുകയും ചെയ്യുന്നു. അതിന് ജീവസ്സ് നല്‍കുന്നവന്‍, നിശ്ചയമായും മരണപ്പെട്ടവരെ ജീവിപ്പിക്കുന്നവന്‍ തന്നെയാകുന്നു. അവന്‍ എല്ലാ കാര്യത്തിനും കഴിവുള്ളവന്‍ തന്നെ.

﴾39﴿ وَمِنْ آيَاتِهِ അവന്റെ ദൃഷ്ടാന്തങ്ങളില്‍ പെട്ടതാണ് أَنَّكَ تَرَى നീ കാണുന്നുവെന്നുള്ളത് الْأَرْضَ ഭൂമിയെ خَاشِعَةً (ഭയപ്പെട്ടമാതിരി) അടങ്ങിയതായി فَإِذَا أَنزَلْنَا എന്നിട്ട് നാം ഇറക്കിയാല്‍ عَلَيْهَا അതില്‍, അതിന്‍മേല്‍ الْمَاءَ വെള്ളം اهْتَزَّتْ അത് കിളരും (കുതിരും, തരിക്കും, ഇളകും) وَرَبَتْ ചീര്‍ക്കുക (പൊന്തുക)യും ചെയ്യും إِنَّ നിശ്ചയമായും الَّذِي أَحْيَاهَا അതിനെ ജീവിപ്പിച്ചവന്‍ لَمُحْيِي ജീവിപ്പിക്കുന്നവന്‍ തന്നെ الْمَوْتَىٰ മരണപ്പെട്ടവരെ إِنَّهُ നിശ്ചയമായും അവന്‍ عَلَىٰ كُلِّ شَيْءٍ എല്ലാ കാര്യത്തിനും قَدِيرٌ കഴിവുള്ളവനാണ്

കഴിഞ്ഞ ആയത്തുകളില്‍ വാനസംബന്ധമായ ചില ദൃഷ്ടാന്തങ്ങളെ ചൂണ്ടിക്കാട്ടിക്കൊണ്ട് തൗഹീദിലേക്ക് ക്ഷണിച്ചു. ഈ ആയത്തില്‍ ഭൗതികമായ ചില ദൃഷ്ടാന്തങ്ങളെ ചൂണ്ടിക്കാട്ടിക്കൊണ്ട് പുനഃരുത്ഥാനത്തെ സ്ഥാപിക്കുകയാണ്. പച്ച മുളക്കാതെ അടങ്ങിയൊതുങ്ങി നിര്‍ജ്ജീവമായിക്കിടക്കുന്ന തരിശുഭൂമിയില്‍ അല്ലാഹു മഴ വര്‍ഷിപ്പിക്കുമ്പോള്‍, മണ്ണ് കുതിര്‍ന്ന് കിളറുകയും, ചീര്‍ക്കുകയും, അങ്ങനെ അതില്‍ സസ്യല

താദികൾ ഉൽപാദിക്കുകയും ചെയ്യുന്നു. ഇതുപോലെ, മരിച്ചുമണ്ണായ ശരീരങ്ങളെ അല്ലാഹു വീണ്ടും ജീവിപ്പിക്കുന്നു. അപ്പോൾ, മേലോട്ട് നോക്കിയാലും, കീഴോട്ട് നോക്കിയാലും ചുറ്റുപാടിൽ നോക്കിയാലും എല്ലാംതന്നെ ധാരാളം ദൃഷ്ടാന്തങ്ങൾ നിലവിലുണ്ട്. എന്നിരിക്കെ, അവയുടെ നേരെ കണ്ണടച്ചും, അവയെ അന്യഥാ വ്യാഖ്യാനിച്ചും കഴിഞ്ഞുകൂടുന്നവരുടെ സ്ഥിതി എത്ര ശോചനീയം! അല്ലാഹു പറയുന്നു:

إِنَّ ٱلَّذِينَ يُلْحِدُونَ فِىٓ ءَايَٰتِنَا لَا يَخْفَوْنَ عَلَيْنَآ ۗ أَفَمَن يُلْقَىٰ فِى ٱلنَّارِ خَيْرٌ أَم مَّن يَأْتِىٓ ءَامِنًا يَوْمَ ٱلْقِيَٰمَةِ ۚ ٱعْمَلُوا۟ مَا شِئْتُمْ ۖ إِنَّهُۥ بِمَا تَعْمَلُونَ بَصِيرٌ ﴿٤٠﴾

﴾40﴿ നമ്മുടെ 'ആയത്തു'കളിൽ [ലക്ഷ്യദൃഷ്ടാന്തങ്ങളിൽ] വക്രത കാണിക്കുന്നവർ നമുക്ക് (കാൺമാൻ കഴിയാതെ) നിശ്ചയമായും മറഞ്ഞുപോകുന്നതല്ല. എന്നാൽ, നരകത്തിൽ ഇടപ്പെടുന്ന ഒരുവനോ ഉത്തമൻ, അതല്ല ക്വിയാമത്തുനാളിൽ നിർഭയനായ നിലയിൽ വരുന്നവനോ?! (ഹേ വക്രന്മാരേ) നിങ്ങളുദ്ദേശിച്ചത് നിങ്ങൾ പ്രവർത്തിച്ചുകൊള്ളുക! നിശ്ചയമായും അവൻ [അല്ലാഹു] നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു.

إِنَّ ٱلَّذِينَ كَفَرُوا۟ بِٱلذِّكْرِ لَمَّا جَآءَهُمْ ۖ وَإِنَّهُۥ لَكِتَٰبٌ عَزِيزٌ ﴿٤١﴾

﴾41﴿ (ഈ ക്വുർആനാകുന്ന) സന്ദേശം തങ്ങൾക്കുവന്നെത്തിയപ്പോൾ അതിൽ അവിശ്വസിച്ചിട്ടുള്ളവർ നിശ്ചയമായും......! [അവർ അങ്ങേഅറ്റം കഷ്ടനഷ്ടത്തിൽ തന്നെ!] അതാകട്ടെ, പ്രബലമായ (അഥവാ വീര്യപ്പെട്ട) ഒരു ഗ്രന്ഥം തന്നെയാകുന്നു;-

لَّا يَأْتِيهِ ٱلْبَٰطِلُ مِنۢ بَيْنِ يَدَيْهِ وَلَا مِنْ خَلْفِهِۦ ۖ تَنزِيلٌ مِّنْ حَكِيمٍ حَمِيدٍ ﴿٤٢﴾

﴾42﴿ അതിന്റെ മുന്നിൽകൂടിയാകട്ടെ, അതിന്റെ പിന്നിൽകൂടിയാകട്ടെ, മിഥ്യയായുള്ളത് അതിൽ വന്നുചേരുന്നതല്ല, അഗാധജ്ഞനും, സ്തുത്യർഹനുമായുള്ള ഒരുവന്റെ [അല്ലാഹുവിന്റെ] അടുക്കൽനിന്നുള്ള അവതരണമാണ് (അത്).

﴾40﴿ إِنَّ الَّذِينَ നിശ്ചയമായും യാതൊരുകൂട്ടർ يُلْحِدُونَ വക്രത കാണിക്കുന്ന, കുത്തിപ്പറയുന്ന, തെറ്റിക്കളയുന്ന فِي آيَاتِنَا നമ്മുടെ ആയത്തുകളിൽ لَا يَخْفَوْنَ അവർ മറഞ്ഞു

പോകയില്ല, അജ്ഞാതമല്ല عَلَيْنَا നമ്മുടെ മേൽ, നമുക്ക് أَفَمَنْ അപ്പോൾ (എന്നാൽ) യാതൊരുവനോ يُلْقَىٰ فِي النَّارِ നരകത്തിൽ ഇടപ്പെടുന്ന خَيْرٌ ഉത്തമം أَمْ مَنْ അതോ ഒരുവനോ يَأْتِي അവൻ വരും آمِنًا നിർഭയനായിക്കൊണ്ട് يَوْمَ الْقِيَامَةِ കിയാമത്തുനാളിൽ اعْمَلُوا നിങ്ങൾ പ്രവർത്തിച്ചുകൊള്ളുക مَا شِئْتُمْ നിങ്ങൾ ഉദ്ദേശിച്ചത് إِنَّهُ بِمَا تَعْمَلُونَ നിശ്ചയമായും നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അവൻ بَصِيرٌ കണ്ടറിയുന്നവനാണ് ﴾41﴿ إِنَّ الَّذِينَ كَفَرُوا നിശ്ചയമായും അവിശ്വസിച്ചവർ بِالذِّكْرِ (ഈ) സന്ദേശത്തിൽ, പ്രമാണത്തിൽ لَمَّا جَاءَهُمْ അതവർക്ക് വന്നപ്പോൾ وَإِنَّهُ അതാകട്ടെ, നിശ്ചയമായും അത് لَكِتَابٌ ഒരു ഗ്രന്ഥം തന്നെ عَزِيزٌ വീര്യപ്പെട്ട, പ്രബലമായ ﴾42﴿ لَا يَأْتِيهِ അതിൽ വരികയില്ല الْبَاطِلُ മിഥ്യ, നിരർത്ഥം, (അനാവശ്യം) مِنْ بَيْنِ يَدَيْهِ അതിന്റെ മുമ്പിൽകൂടി وَلَا مِنْ خَلْفِهِ അതിന്റെ പിമ്പിൽക്കൂടിയും ഇല്ല تَنْزِيلٌ അവതരിപ്പിച്ചതാണ് مِنْ حَكِيمٍ ഒരു അഗാധജ്ഞനിൽ (യുക്തിമാനിൽ) നിന്ന് حَمِيدٍ സ്തുത്യർഹനായ, സ്തുതിക്കപ്പെടുന്ന.

الَّذِينَ يُلْحِدُونَ എന്ന വാക്കിനാണ് 'വക്രത കാണിക്കുന്നവർ' എന്ന് നാം അർത്ഥം കൽപിച്ചത്. കുത്തിപ്പറയുക, മാറ്റി മറിക്കുക, വളച്ചുതിരിക്കുക, ദുർവ്യാഖ്യാനം നടത്തുക മുതലായ വിക്രിയകൾ മുഖേന നേരായ മാർഗത്തിൽ നിന്ന് തെറ്റിപ്പോയവർ എന്നാണതുകൊണ്ടുദ്ദേശ്യം. അത് കൊണ്ടാണ് നിർമത വാദികൾക്കും താന്തോന്നിത്തരം പറയുന്നവർക്കും مُلْحِد (മുൽഹിദ്) എന്ന് പറയുന്നത്. യുക്തിവാദങ്ങളും, ദുർന്യായങ്ങളും വഴി അല്ലാഹുവിന്റെ ലക്ഷ്യദൃഷ്ടാന്തങ്ങളെയും, വേദവാക്യങ്ങളെയും വിമർശിച്ച് തള്ളുന്നവരും, ദുർവ്യാഖ്യാനം വഴി സത്യത്തെ അലങ്കോലപ്പെടുത്തി പ്രദർശിപ്പിക്കുന്നവരും അല്ലാഹു നൽകിയ ഈ കനത്ത താക്കീതുകൾക്ക് പാത്രങ്ങളാകുന്നു. ആദ്യം അർത്ഥഗർഭമായ ഒരു താക്കീത് നൽകി. അതായത്, അവർ നമ്മുടെ ദൃഷ്ടിയിൽ പെടാതെ മറഞ്ഞ് പോകയില്ല എന്ന്. അവർ നരകത്തിൽ ഇടപ്പെടുമെന്നും, കിയാമത്തുനാളിൽ അവർക്ക് ഒരു രക്ഷയുമില്ല എന്നും തുടർന്ന് ചൂണ്ടിക്കാട്ടി. ഇതുകൊണ്ടും അവസാനിപ്പിക്കാതെ, 'ഹേ കൂട്ടരേ, നിങ്ങളുദ്ദേശിച്ചത് നിങ്ങൾ പ്രവർത്തിച്ചേക്കുവിൻ, നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു കണ്ടറിയുന്നവനാണ്' (اعْمَلُوا مَا شِئْتُمْ إِنَّهُ بِمَا تَعْمَلُونَ بَصِيرٌ) എന്ന് ശക്തിയായ ഭാഷയിൽ നാലാമത് നേരിട്ടൊരു താക്കീതും! അല്ലാഹുവിന്റെ ആയത്തുകളിൽ വക്രതകാണിക്കുന്നവരെക്കുറിച്ച് അവന്നുള്ള വെറുപ്പിന്റെയും, അമർഷത്തിന്റെയും കാഠിന്യത്തെയാണ് ഇതെല്ലാം കാണിക്കുന്നത്.

41 -ാം വചനത്തിന്റെ ആരംഭത്തിൽ, ക്വുർആൻ തങ്ങൾക്ക് വന്നുകിട്ടിയശേഷം അതിൽ വിശ്വസിക്കാതെ- നിഷേധിച്ചോ വക്രതകാണിച്ചോ- പുറംതള്ളിക്കളയുന്നവർക്ക് മൗനരൂപത്തിൽ- എന്നാൽ ആഴമേറിയതും അർത്ഥഗർഭവുമായ- മറ്റൊരു താക്കീതുകൂടി അടങ്ങുന്നു. ആ വാചകത്തിന്റെ ബാക്കിഭാഗം മുഴുമിക്കാതെ അല്ലാഹു വിട്ടുകളഞ്ഞിരിക്കുകയാണ്. ഓരോരുത്തനും അവന്റെ ബുദ്ധിയുടെയും, ചിന്തയുടെയും തോതുപോലെ കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കുവാൻവേണ്ടിയാകുന്നു അത്. ക്വുർആന്റെ വിഷയത്തിൽ ഇത്രയധികം ഊന്നിപ്പറയുവാനുള്ള കാരണവും അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു:

1) അത് പ്രബലവും വീര്യപ്പെട്ടതുമായ ഒരു ഗ്രന്ഥമാണ് (وانه لكتاب عزيز)

ലോകോത്തമമായ ശാശ്വതമൂല്യങ്ങൾ നിറഞ്ഞതും, മറ്റേതെങ്കിലും ഗ്രന്ഥത്തിനോ, എതിരാളികൾക്കോ വെല്ലാൻ കഴിയാത്തതുമാണത്.

2) ഏതെങ്കിലും മാർഗേണ അതിൽ അന്യായമോ, അസത്യമോ നിരർത്ഥമോ ആയ മിഥ്യകളൊന്നും കടന്നുകൂടുന്നതല്ല. (لا يَأْتِيهِ الْبَاطِلُ) സത്യസമ്പൂർണവും കാര്യമാത്ര പ്രസക്തവും കാലദേശവ്യത്യാസമില്ലാതെ സർവ്വത്ര പ്രായോഗികവും, ഇരുലോക നന്മകളുടെ ഉറവിടവുമാണത്. അതെ, ആ ഗ്രന്ഥം അപ്രകാരമല്ലാതെ ആയിരിക്കുവാൻ നിവൃത്തിയില്ലതാനും. കാരണം:

3) അഗാധജ്ഞനും, അങ്ങേഅറ്റത്തെ തത്വജ്ഞാനിയും, പരമ യുക്തിമാനുമായ- പ്രശംസനീയമായ സർവ്വ കാര്യങ്ങളുടെയും, എല്ലാവിധ അനുഗ്രഹങ്ങളുടെയും കേന്ദ്രവും സകലവിധ പുകഴ്ചക്കും സ്തുതിക്കും അവകാശപ്പെട്ടവനുമായ- അല്ലാഹുവാണ് അത് അവതരിപ്പിച്ചിരിക്കുന്നത്. (تَنزِيلٌ مِّنْ حَكِيمٍ حَمِيدٍ)

مَّا يُقَالُ لَكَ إِلَّا مَا قَدْ قِيلَ لِلرُّسُلِ مِن قَبْلِكَ ۚ إِنَّ رَبَّكَ لَذُو مَغْفِرَةٍ وَذُو عِقَابٍ أَلِيمٍ ﴿٤٣﴾

《43》 (നബിയേ) നിന്റെ മുമ്പുണ്ടായിരുന്ന 'റസൂലു'കളോട് പറയപ്പെടുകയുണ്ടായിട്ടുള്ളതല്ലാതെ (പുതുതായൊന്നും) നിന്നോട് പറയപ്പെടുന്നില്ല. നിശ്ചയമായും നിന്റെ റബ്ബ് പാപമോചനം നൽകുന്നവനും, വേദനയേറിയ ശിക്ഷ നൽകുന്നവനും ആകുന്നു.

《43》 مَا يُقَالُ പറയപ്പെടുന്നില്ല, പറയപ്പെടുകയില്ല لَكَ നിന്നോട് إِلَّا مَا യാതൊന്നല്ലാതെ قَدْ قِيلَ പറയപ്പെട്ടിട്ടുള്ള لِلرُّسُلِ റസൂലുകളോട് مِن قَبْلِكَ നിന്റെ മുമ്പുള്ള إِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബ് لَذُو مَغْفِرَةٍ പാപമോചനം ഉള്ള(നൽകുന്ന)വനാണ് وَذُو عِقَابٍ ശിക്ഷയുള്ള (ശിക്ഷിക്കുന്ന)വനുമാണ് أَلِيمٍ വേദനയേറിയ

മുൻകഴിഞ്ഞുപോയ, ദൈവദൂതൻമാരോട് അവരുടെ എതിരാളികളായ നിഷേധികൾ പറഞ്ഞിരുന്ന അതേ തരത്തിലുള്ള ആക്ഷേപങ്ങളും, ദുർന്യായങ്ങളും തന്നെയാണ് ഇക്കൂട്ടർ തന്നോടും പറയുന്നത്. ഇതൊന്നും പുത്തരിയല്ല. അതുകൊണ്ട് ക്ഷമിച്ചുകൊള്ളുക. അല്ലാഹു പൊറുക്കേണ്ടവർക്ക് പൊറുത്തുകൊടുക്കുകയും, ശിക്ഷിക്കേണ്ടവരെ കഠിനമായി ശിക്ഷിക്കുകയും ചെയ്തുകൊള്ളും എന്ന് സാരം. ഒരുപക്ഷേ, ആയത്തിന്റെ താൽപര്യം ഇപ്രകാരവും വരാം: മുമ്പുള്ള പ്രവാചകൻമാരോട് പറയപ്പെട്ട കാര്യങ്ങൾ- അല്ലാഹുവിങ്കൽനിന്ന് അവർക്ക് നൽകപ്പെട്ടിരുന്ന സന്ദേശങ്ങളും നിയമനിർദ്ദേശങ്ങളും- തന്നെയാണ് നിന്നോടും പറയപ്പെടുന്നത്. എന്നിരിക്കെ, നീയൊരു നവീന വാദിയാണെന്നും, മുമ്പില്ലാത്ത ഒരു പുത്തൻ മതത്തിന്റെ സ്ഥാപകനാണെന്നുമുള്ള ഇവരുടെ ആരോപണങ്ങൾ നിരർത്ഥമാണ്. الله اعلم

സത്യദീക്ഷയോ, വീണ്ടുവിചാരമോ ഇല്ലാത്തവർ സത്യത്തിനുനേരെ നടത്തുന്ന ആരോപണങ്ങൾ കഴമ്പുള്ളതായിക്കൊള്ളണമെന്നില്ലല്ലോ. ഇത്തരത്തിൽപ്പെട്ട ഒരാക്ഷേപമാണ്, എന്തുകൊണ്ട് ക്വുർആൻ അറബിയല്ലാത്ത ഒരു ഭാഷയിൽ ആയില്ല എന്ന ആക്ഷേപം. അറബിയായ മുഹമ്മദ് ഒരു അറബിഗ്രന്ഥം കൊണ്ടുവരുന്നത് സ്വാഭാവികമാണ്. അതിലൊരു പ്രത്യേകതയുമില്ല. അല്ലാഹുവിങ്കൽനിന്നുള്ളതാണെങ്കിൽ എന്തു

കൊണ്ട് അത് വേറൊരു ഭാഷയിൽ ആയിക്കൂടാ? അല്ലാഹുവിന് എല്ലാ ഭാഷയും ഒരു പോലെയല്ലേ? ഇതാണവരുടെ ന്യായം. അടുത്ത ആയത്തിൽ ഇതിന് അല്ലാഹു മറുപടി പറയുന്നു:-

وَلَوْ جَعَلْنَٰهُ قُرْءَانًا أَعْجَمِيًّا لَّقَالُوا۟ لَوْلَا فُصِّلَتْ ءَايَٰتُهُۥٓ ۖ ءَا۬عْجَمِىٌّ وَعَرَبِىٌّ ۗ قُلْ هُوَ لِلَّذِينَ ءَامَنُوا۟ هُدًى وَشِفَآءٌ ۖ وَٱلَّذِينَ لَا يُؤْمِنُونَ فِىٓ ءَاذَانِهِمْ وَقْرٌ وَهُوَ عَلَيْهِمْ عَمًى ۚ أُو۟لَٰٓئِكَ يُنَادَوْنَ مِن مَّكَانٍۭ بَعِيدٍ ﴿٤٤﴾

﴿44﴾ നാം അതിനെ അറബിയല്ലാത്ത 'ക്വുർആൻ' ആക്കിയിരുന്നുവെങ്കിൽ അവർ പറഞ്ഞേക്കും: 'അതിന്റെ 'ആയത്തു'കൾ [സൂക്തങ്ങൾ] വിശദീകരിച്ച് പറയപ്പെടാത്തതെന്താണ്?! (ഗ്രന്ഥം) ഒരു അനറബിയും, (പ്രവാചകൻ) ഒരു അറബിയുമോ [ഇതെന്ത് കഥ]?! പറയുക: 'വിശ്വസിച്ചവർക്ക് അത് മാർഗദർശനവും (രോഗശ)മനവും (അഥവാ ആശ്വാസപ്രദവും) ആകുന്നു.

വിശ്വസിക്കാത്തവർക്കാകട്ടെ, അവരുടെ കാതുകളിൽ ഒരു (തരം) കട്ടിയുണ്ട്; അത് അവർക്ക് ഒരു (തരം) അന്ധതയുമാണ്.' അക്കൂട്ടർ ഒരു വിദൂരമായ സ്ഥലത്തുനിന്ന് വിളിക്കപ്പെടുകയാണ്.

﴿44﴾ وَلَوْ جَعَلْنَاهُ നാമതിനെ ആക്കിയിരുന്നുവെങ്കിൽ قُرْآنًا أَعْجَمِيًّا അനറബി (അറബിയല്ലാത്ത) ഭാഷയിലുള്ള ക്വുർആൻ لَقَالُوا അവർ പറയുകതന്നെ ചെയ്യും لَوْلَا فُصِّلَتْ എന്തുകൊണ്ട് വിശദീകരിക്കപ്പെട്ടില്ല, വിവരിച്ചു പറയപ്പെടാത്തതെന്താണ് آيَاتُهُ അതിലെ ആയത്ത് (സൂക്തം)കൾ أَأَعْجَمِيٌّ ഒരു അനറബിയോ وَعَرَبِيٌّ ഒരു അറബിയുമോ قُلْ هُوَ പറയുക അത് لِلَّذِينَ آمَنُوا വിശ്വസിച്ചവർക്ക് هُدًى മാർഗദർശനമാണ് وَشِفَاءٌ ശമനം, ആശ്വാസവും وَالَّذِينَ لَا يُؤْمِنُونَ വിശ്വസിക്കാത്തവരാകട്ടെ فِي آذَانِهِمْ അവരുടെ കാതുകളിലുണ്ട് وَقْرٌ ഒരു കട്ടി, ഭാരം وَهُوَ അത് عَلَيْهِمْ അവരിൽ, അവർക്ക് عَمًى ഒരു അന്ധതയുമാണ് أُولَٰئِكَ അക്കൂട്ടർ يُنَادَوْنَ അവർ വിളിക്കപ്പെടുന്നു مِن مَّكَانٍ ഒരു സ്ഥലത്തുനിന്ന് بَعِيدٍ ദൂരമായ

വളരെ ദൂരത്തുനിന്ന് ഒരാളെ വിളിച്ചാൽ അയാൾക്കത് കേൾക്കുവാനോ അതിന് ഉത്തരം നൽകുവാനോ സാധിക്കുകയില്ലല്ലോ. ഉപദേശിക്കുന്ന കാര്യം മനസ്സിലാക്കാതെയും ഗൗനിക്കാതെയും ഇരിക്കുന്നവരെ അങ്ങനെയുള്ളവരോട് സാദൃശ്യപ്പെടുത്തിക്കൊണ്ട് ഉപമാരൂപത്തിൽ പറയപ്പെടുന്നതാണ് 'അവർ വിദൂരമായ സ്ഥലത്തുനിന്ന് വിളിക്കപ്പെടുന്നു' എന്ന വാക്യം.

ക്വുർആൻ എന്തുകൊണ്ട് അറബിയല്ലാത്ത മറ്റൊരു ഭാഷയിൽ ആയില്ല എന്നതിനുള്ള മറുപടിയാണ് ഈ വചനത്തിലുള്ളത്. അറബികളായ ഞങ്ങൾക്ക് മറ്റൊരു ഭാഷയിൽ ഉപദേശം നൽകിയിട്ടെന്താണ് ഫലം?! ഞങ്ങളുടെ ഭാഷയിൽ എന്തുകൊണ്ട് ഞങ്ങൾക്ക് കാര്യങ്ങൾ വിവരിച്ചു തന്നുകൂടാ?! ഇതിന്റെ പ്രബോധകനാണെങ്കിൽ അറബി, അദ്ദേഹം അറബികളായ ഞങ്ങളുമായിട്ടാണ് ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നതും, എന്നിരിക്കെ, അദ്ദേഹത്തിന് നൽകപ്പെടുന്ന വേദഗ്രന്ഥം ഒരന്യ ഭാഷയിലാകുന്നത് ഒരിക്കലും ന്യായമല്ലല്ലോ എന്നൊക്കെ അവർ വാദിച്ചേക്കും. ഈ വാദം ന്യായവുമാണ്. അതുകൊണ്ടാണ് ക്വുർആൻ അറബിഭാഷയിലാക്കിയത് എന്നുസാരം.

ക്വുർആനിലേക്ക് മനസ്സുകൊടുത്ത് ശ്രദ്ധിക്കുകയും അതിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്ക് അത് മാർഗദർശനം നൽകുന്നു. മാനസികമായ രോഗങ്ങൾക്ക് - സംശയങ്ങൾക്കും, വിശ്വാസവൈകല്യങ്ങൾക്കും- അത് ശമനവും നൽകുന്നു. നേരെമറിച്ച് അതിലേക്ക് ശ്രദ്ധകൊടുക്കാതെ നിഷേധിക്കുന്നവർക്ക് അതുമൂലം യാതൊരു നന്മയും സിദ്ധിക്കുന്നില്ലെന്ന് മാത്രമല്ല, നിഷേധം നിമിത്തം അവർ നഷ്ടം മാത്രം സമ്പാദിക്കുകയും ചെയ്യും. وَلَا يَزِدُ الظَّالِمِينَ إِلَّا خَسَارًا– بنو إسرائيل (അക്രമികൾക്ക് അത്- ക്വുർആൻ- നഷ്ടത്തെയല്ലാതെ വർദ്ധിപ്പിക്കുകയില്ല.) ക്വുർആന്റെ നേരെ അവർ കേവലം ബധിരൻമാരും, അന്ധൻമാരുമായി ചമഞ്ഞതാണ് അതിന് കാരണം. അല്ലാതെ ക്വുർആന്റെ പോരായ്മയോ കൊള്ളരുതായ്മയോ അല്ല. അവർ കണ്ണ് തുറന്നുനോക്കുകയോ, ചെവികൊടുത്ത് കേൾക്കുകയോ ചെയ്തിരുന്നെങ്കിൽ ഈ ക്വുർആൻ അവർക്കും മാർഗദർശനവും ശമനവും നൽകുമായിരുന്നു.

ഇവിടെയും സൂ: ഇസ്റാഉ് 82 ലും ക്വുർആനെപ്പറ്റി شِفَاءٌ (രോഗശമനം- അല്ലെങ്കിൽ ആശ്വാസം) എന്ന് പറഞ്ഞതിന്റെ താൽപര്യം ശാരീരികമായ രോഗങ്ങൾക്കുള്ള ശമനം എന്ന അർത്ഥത്തിലല്ല. സംശയം, വിശ്വാസവൈകല്യം മുതലായ മാനസികമായ രോഗങ്ങൾക്കുള്ള ശമനം എന്ന അർത്ഥത്തിലാകുന്നു. സൂ: യൂനുസ് 57 ൽ وَشِفَاءٌ لِّمَا فِي الصُّدُورِ (ഹൃദയങ്ങളിൽ ഉള്ളതിന് ശമനവും) എന്ന് അല്ലാഹു അത് വ്യക്തമായിത്തന്നെ പ്രസ്താവിച്ചിരിക്കുന്നു.

വിഭാഗം - 6

وَلَقَدْ ءَاتَيْنَا مُوسَى ٱلْكِتَٰبَ فَٱخْتُلِفَ فِيهِ ۗ وَلَوْلَا كَلِمَةٌ سَبَقَتْ مِن رَّبِّكَ لَقُضِىَ بَيْنَهُمْ ۚ وَإِنَّهُمْ لَفِى شَكٍّ مِّنْهُ مُرِيبٍ ﴿٤٥﴾

﴿45﴾ മൂസാക്ക് നാം വേദഗ്രന്ഥം കൊടുക്കുകയുണ്ടായി. എന്നിട്ട് അതിലും ഭിന്നിപ്പുണ്ടായി. നിന്റെ റബ്ബിന്റെ പക്കൽനിന്ന് ഒരു വാക്കുമുമ്പുണ്ടായിട്ടില്ലായിരുന്നുവെങ്കിൽ, അവർക്കിടയിൽ (ഉടൻതന്നെ) വിധി നടത്തപ്പെടുമായിരുന്നു. നിശ്ചയമായും അവർ, ഇതിനെ [ക്വുർആനെ]ക്കുറിച്ച് ആശങ്കാജനകമായ സംശയത്തിൽ തന്നെ.

مَّنْ عَمِلَ صَٰلِحًا فَلِنَفْسِهِۦ ۖ وَمَنْ أَسَآءَ فَعَلَيْهَا ۗ وَمَا رَبُّكَ بِظَلَّٰمٍ لِّلْعَبِيدِ ﴿٤٦﴾

《46》 ആരെങ്കിലും സൽക്കർമം പ്രവർത്തിച്ചാൽ, തനിക്കുതന്നെയാണ് (അതിന്റെ ഗുണം). ആരെങ്കിലും തിന്മ ചെയ്താലും തന്റെ മേൽതന്നെ (അതിന്റെ ദോഷം). നിന്റെ റബ്ബ് അടിമകളോട് അക്രമം പ്രവർത്തിക്കുന്നവനല്ലതന്നെ.

《45》 وَلَقَدْ آتَيْنَا നാം കൊടുത്തിട്ടുണ്ട് مُوسَى الْكِتَابَ മൂസാക്ക് ഗ്രന്ഥം فَاخْتُلِفَ
എന്നിട്ട് ഭിന്നിക്കപ്പെട്ടു (ഭിന്നിപ്പുണ്ടായി) فِيهِ അതിൽ وَلَوْلَا كَلِمَةٌ ഒരു വാക്ക് ഇല്ലായിരു
ന്നുവെങ്കിൽ سَبَقَتْ മുൻകഴിഞ്ഞ, മുമ്പുണ്ടായി مِن رَّبِّكَ നിന്റെ റബ്ബിന്റെ പക്കൽനിന്ന്
لَقُضِيَ വിധിക്ക(തീരുമാനിക്ക)പ്പെടുമായിരുന്നു بَيْنَهُمْ അവർക്കിടയിൽ وَإِنَّهُمْ നിശ്ചയ
മായും അവർ لَفِي شَكٍّ സംശയത്തിൽ തന്നെയാണ് مِنْهُ അതിനെപ്പറ്റി مُرِيبٍ സന്ദേഹക
രമായ, ആശങ്കാജനകമായ 《46》 مَنْ عَمِلَ ആരെങ്കിലും പ്രവർത്തിച്ചാൽ صَالِحًا നല്ലത്
(സൽക്കർമം) فَلِنَفْسِهِ എന്നാൽ (അത്) തനിക്ക് (തന്റെ ദേഹത്തിന്) തന്നെ وَمَنْ أَسَاءَ
ആരെങ്കിലും തിന്മ ചെയ്താൽ فَعَلَيْهَا തന്റെ (അതിന്റെ) മേൽ തന്നെ وَمَا رَبُّكَ നിന്റെ
റബ്ബ് അല്ല بِظَلَّامٍ അക്രമകാരി لِلْعَبِيدِ അടിമകളോട്

മുൻപുണ്ടായിട്ടുള്ള വാക്ക് (كَلِمَةٌ سَبَقَتْ) എന്ന് പറഞ്ഞത്, ഐഹികജീവിതത്തിൽ വെച്ച് ചെയ്യുന്ന ദുഷ്ക്കർമങ്ങളുടെ ശിക്ഷ പരലോകത്തുവെച്ചാണ് നൽകുക എന്ന നിശ്ചയത്തെ ഉദ്ദേശിച്ചാകുന്നു. ഈ വചനങ്ങൾ നബി തിരുമേനി (ﷺ)ക്ക് മനസ്സമാധാനം നൽകുന്നതും, അതേസമയത്ത് അവിശ്വാസികൾക്ക് താക്കീത് ഉൾക്കൊള്ളുന്നതുമാകുന്നു.

ജുസ്ഉ് - 25

۞ إِلَيْهِ يُرَدُّ عِلْمُ السَّاعَةِ ۚ وَمَا تَخْرُجُ مِن ثَمَرَٰتٍ مِّنْ أَكْمَامِهَا وَمَا تَحْمِلُ مِنْ أُنثَىٰ وَلَا تَضَعُ إِلَّا بِعِلْمِهِۦ ۚ

《47》 അവങ്കലേക്കാണ് അന്ത്യസമയത്തിന്റെ [ലോകാവസാനഘട്ടത്തിന്റെ] അറിവ് മടക്കപ്പെടുന്നത്. ഏത് ഫലങ്ങളും തന്നെ, അവയുടെ (കുലകളിലുള്ള) പോളകളിൽനിന്ന് പുറത്തുവരുന്നില്ല; ഒരു സ്ത്രീയും ഗർഭം ധരിക്കുന്നുമില്ല; പ്രസവിക്കുന്നുമില്ല; അവന്റെ അറിവോടുകൂടിയല്ലാതെ!

وَيَوْمَ يُنَادِيهِمْ أَيْنَ شُرَكَآءِى قَالُوٓا۟ ءَاذَنَّٰكَ مَا مِنَّا مِن شَهِيدٍ ﴿٤٧﴾

'എന്റെ പങ്കുകാർ എവിടെ?!' എന്ന് അവൻ അവരെ വിളി(ച്ചു ചോദി)ക്കുന്ന ദിവസം, അവർ പറയും: 'ഞങ്ങൾ നിന്നോട് പ്രഖ്യാപിക്കുന്നു. ഞങ്ങളിൽ (അതിന്) സാക്ഷ്യം വഹിക്കുന്ന ഒരാളുമില്ലെന്ന്!'

وَضَلَّ عَنْهُم مَّا كَانُوا۟ يَدْعُونَ مِن قَبْلُ ۖ وَظَنُّوا۟ مَا لَهُم مِّن مَّحِيصٍ ﴿٤٨﴾

﴾48﴿ അവർ മുമ്പ് വിളിച്ച് (പ്രാർത്ഥിച്ചു) വന്നിരുന്നവ അവരിൽനിന്ന് തെറ്റി (മറഞ്ഞ്) പോകയും ചെയ്യും. ഓടിപ്പോകാവുന്ന ഒരു (രക്ഷാ) സ്ഥലവും തങ്ങൾക്ക് ഇല്ലെന്ന് അവർക്ക് വിചാരം [ഉറപ്പ്] വരുകയും ചെയ്യും.

﴾47﴿ إِلَيْهِ يُرَدُّ അവങ്കലേക്കത്രെ മടക്കപ്പെടുക عِلْمُ السَّاعَةِ അന്ത്യഘട്ടത്തിന്റെ അറിവ് وَمَا تَخْرُجُ പുറപ്പെടുന്നില്ല, പുറത്തുവരികയില്ല مِن ثَمَرَاتٍ ഫലങ്ങളിൽനിന്ന് (യാതൊന്നും) مِنْ أَكْمَامِهَا അവയുടെ പാള (പോള, പൊതുമ്പ്)കളിൽനിന്ന് وَمَا تَحْمِلُ ഗർഭം ധരിക്കുന്നുമില്ല مِنْ أُنثَىٰ ഒരു സ്ത്രീയും وَلَا تَضَعُ അവൾ പ്രസവിക്കുന്നുമില്ല إِلَّا بِعِلْمِهِ അവന്റെ അറിവോടെയല്ലാതെ وَيَوْمَ يُنَادِيهِمْ അവൻ അവരെ വിളിക്കുന്ന (വിളിച്ച് ചോദിക്കുന്ന) ദിവസം أَيْنَ شُرَكَائِي എന്റെ പങ്കുകാർ എവിടെ قَالُوا അവർ പറയും آذَنَّاكَ ഞങ്ങൾ നിന്നോട് പ്രഖ്യാപിക്കുന്നു, അറിയിപ്പ് നൽകുന്നു مَا مِنَّا ഞങ്ങളിൽ നിന്ന് (ആരും) ഇല്ല مِن شَهِيدٍ സാക്ഷ്യം വഹിക്കുന്ന ഒരാളും, ദൃക്സാക്ഷിയും ﴾48﴿ وَضَلَّ പിഴച്ചു (തെറ്റി, മറഞ്ഞു) പോകയും ചെയ്യും عَنْهُم അവരെ വിട്ടു مَا كَانُوا അവരായിരുന്നത് يَدْعُونَ അവർ വിളിക്കുക, പ്രാർത്ഥിക്കുക مِن قَبْلُ മുമ്പ് وَظَنُّوا അവർക്ക് വിചാരമുണ്ടാകുക (അവർ ധരിക്കുക, ഉറപ്പിക്കുക)യും ചെയ്യും مَا لَهُم അവർക്കില്ല എന്ന് مِن مَّحِيصٍ ഓടിപ്പോകാനുള്ള (രക്ഷപ്പെടാനുള്ള) ഒരു സ്ഥലവും

ലോകാവസാന സമയമാകുന്ന ആ അന്ത്യനിമിഷത്തെപ്പറ്റി അല്ലാഹുവിന് മാത്രമേ അറിഞ്ഞുകൂടൂ. അതിനെപ്പറ്റി ആരോട് ചോദിച്ചാലും, അത് അല്ലാഹുവിനറിയാമെന്ന് പറഞ്ഞ് അല്ലാഹുവിങ്കലേക്ക് മടക്കുവാനേ സാധിക്കുകയുള്ളൂ. മനുഷ്യരിൽനിന്നോ, മലക്കുകളിൽ നിന്നോ ഉള്ള ദൈവദൂതൻമാർക്കുപോലും അതറിയുകയില്ല. മനുഷ്യരിൽവെച്ച് ഏറ്റവും ഉന്നതനായ നബി തിരുമേനിﷺയോട്, മലക്കുകളിൽവെച്ച് ഏറ്റവും ശ്രേഷ്ഠനായ ജിബ്‌രീൽ (അ) അതിനെപ്പറ്റി ചോദിച്ചപ്പോൾ, നബി കൊടുത്ത മറുപടി ما المسؤل عنها باعلم من السائل (അതിനെക്കുറിച്ച് ചോദിക്കപ്പെട്ടവൻ ചോദ്യകർത്താവിനെക്കാൾ അറിയുന്നവനല്ല) എന്നാണല്ലോ.*(*)*

(*) നബിﷺയോട് മതകാര്യങ്ങൾ ചോദിച്ചറിയേണ്ടുന്നവിധം സ്വഹാബികൾക്ക് ▶▶

ലോകത്ത് നടക്കുന്ന സകല കാര്യങ്ങളും ചെറുതെന്നോ വലുതെന്നോ വ്യത്യാസമില്ലാതെ, സൂക്ഷ്മമായും, കൃത്യമായും, അല്ലാഹു അറിയുന്നു. സംഭവിക്കുമ്പോൾ മാത്രമല്ല, അതിന് മുമ്പുതന്നെ അവനറിയാം. ചില ആളുകൾ- ഇവരിൽ മുസ്‌ലിം സമുദായത്തിലുള്ള ചില വിഡ്ഢികളെയും കാണാം- അല്ലാഹുവിന്റെ അറിവ് കേവലം മൊത്തക്കണക്കിലാണെന്നും, ഓരോ കാര്യത്തെയും സംബന്ധിച്ച വിശദവിവരം അവനില്ലെന്നും ജൽപിക്കാറുണ്ട്. വാസ്തവത്തിൽ അവരുടെ കുടുസ്സായ ചിന്താഗതിയും, അല്ലാഹുവിന്റെ മഹൽഗുണങ്ങളുടെ പരിപൂർണതയെക്കുറിച്ചുള്ള അജ്ഞതയുമാണതിന് കാരണം. 47 -ാം വചനത്തിൽ കാണുന്ന മൂന്ന് ഉദാഹരണങ്ങളിൽ നിന്ന് നിഷ്പക്ഷബുദ്ധികൾക്ക് ഈ വാസ്തവം കണ്ടെത്താവുന്നതാണ്. ഇതുമാത്രമല്ല, ഇതുപോലെയും, ഇതിനെക്കാൾ വ്യക്തമായും ക്വുർആൻ പലേടത്തും ഈ വാസ്തവം തുറന്ന് പ്രസ്താവിച്ചിട്ടുള്ളതാണ്. ഇവിടെ അതിനെപ്പറ്റി കൂടുതൽ വിവരിക്കുന്നില്ല. ഉദാഹരണമായി, സൂ: സബഉ്: 3, 4; ഫാത്വിർ: 11; അൻആം: 59 മുതലായവ നോക്കുക.

അല്ലാഹുവിന്റെ അധികാരാവകാശങ്ങളിലും, ഗുണഗണങ്ങളിലും സമത്വം കല്പിച്ചുകൊണ്ട് പരദൈവങ്ങളെ സ്വീകരിച്ചുവന്നിരുന്ന മുശ്‌രിക്കുകളെ ആക്ഷേപിച്ചും പരിഹസിച്ചും കൊണ്ട് മഹ്ശറിൽവെച്ച് അല്ലാഹു ചോദിക്കുന്ന ചോദ്യവും, അവരുടെ മറുപടിയുമാണ് 47 -ാം വചനത്തിൽ കാണുന്നത്. ആ മറുപടിയുടെ താല്പര്യം രണ്ട് മൂന്ന് പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്:

1) ഞങ്ങൾ മുമ്പ് അബദ്ധത്തിൽ അവരെ പങ്കുകാരാക്കിവെച്ചിരുന്നുവെങ്കിലും, ഇപ്പോഴതിൽനിന്ന് ഞങ്ങൾ ഒഴിഞ്ഞുമാറിയിരിക്കുന്നു, ഇപ്പോൾ ഞങ്ങൾ അതിന് സാക്ഷ്യം നൽകുന്നില്ല എന്നുള്ള പ്രഖ്യാപനമാണത്.

2) ഞങ്ങൾ അവരെ ആരാധിച്ചിട്ടില്ല, അവർ നിന്റെ പങ്കുകാരാണെന്ന് ഞങ്ങൾ സാക്ഷ്യം വഹിച്ചിട്ടുമില്ല എന്നുള്ള വ്യാജപ്രസ്താവനയാണത്.

3) അവർ എവിടെപ്പോയെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. ഞങ്ങളാരുംതന്നെ അവരെ കാണുന്നില്ല എന്ന് അറിയിക്കുകയാണ്. ഒടുവിലത്തെ അഭിപ്രായമനുസരിച്ച് شَهِيد എന്ന് വാക്കിന് 'കാണുന്നവൻ' എന്നായിരിക്കും അർത്ഥം.

لَّا يَسْـَٔمُ ٱلْإِنسَـٰنُ مِن دُعَآءِ ٱلْخَيْرِ وَإِن مَّسَّهُ ٱلشَّرُّ فَيَـُٔوسٌ قَنُوطٌ ﴿٤٩﴾

﴾49﴿ ഗുണത്തിനു (വേണ്ടി) പ്രാർത്ഥിക്കുന്നതിനാൽ മനുഷ്യന് മടുപ്പുണ്ടാകുന്നതല്ല; അവനെ ദോഷം ബാധിച്ചുവെങ്കിലോ, അപ്പോൾ (അവൻ) ആശ മുറിഞ്ഞ് നിരാശനുമായിരിക്കും.

﴾49﴿ لَايَسْأَمُ മടുക്കുക (വെറുക്കുക, കുഴങ്ങുക)യില്ല الْإِنْسَانُ മനുഷ്യൻ مِنْ دُعَاءِ പ്രാർത്ഥന നിമിത്തം, പ്രാർത്ഥനയാൽ الْخَيْرِ നന്മയുടെ (ഗുണത്തിനുള്ള) وَإِنْ مَسَّهُ അവനെ ബാധിച്ചുവെങ്കിൽ الشَّرُّ ദോഷം, തിന്മ فَيَئُوسٌ അപ്പോൾ നിരാശനായിരിക്കും

◂◂ മനസ്സിലാക്കി കൊടുപ്പാനായി ജിബ്‌രീൽ (അ) മനുഷ്യരൂപത്തിൽ വന്ന് നബിﷺയുമായി പല ചോദ്യോത്തരങ്ങൾ നടത്തിയ സംഭവം വിവരിക്കുന്നതും, ഇമാം മുസ്‌ലിം (റ) രേഖപ്പെടുത്തിയിട്ടുള്ളതുമായ പ്രസിദ്ധ ഹദീഥിലെ ഒരു വാചകമാണിത്.

قَنُوطٌ ആശയറ്റ, ആശ മുറിഞ്ഞവൻ

മനുഷ്യന്റെ ചില സ്വഭാവങ്ങളാണ് ഈ വചനത്തിലും അടുത്ത വചനങ്ങളിലും അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. ആരോഗ്യം, ധനം, സൗഖ്യം ആദിയായ ഗുണങ്ങൾക്കു വേണ്ടി അവൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കും. അതിലവന് മടുപ്പും ക്ഷീണവും തോന്നുകയില്ല. എത്ര കിട്ടിയാലും മതിവരികയുമില്ല. നബിﷺ പറയുന്നു: لَوْ كَانَ لابْنِ آدَمَ وَادِيَانِ مِنْ مَالٍ لاَبْتَغَى ثَالِثًا وَلَا يَمْلَأُ جَوْفَ ابْنِ آدَمَ إِلَّا التُّرَابُ (ആദമിന്റെ മകൻ- മനുഷ്യന്- സ്വർണത്തിന്റെ രണ്ട് താഴ്‌വരകൾ ഉണ്ടായെങ്കിൽ അവൻ മൂന്നാമത്തേതിനും വ്യാമോഹിക്കുന്നതാണ്. ആദമിന്റെ മകന്റെ വയറ് മണ്ണുകൊണ്ടല്ലാതെ നിറയുകയില്ല. (ബു; മു.) നേരെമറിച്ച് എന്തെങ്കിലുമൊരു ദോഷമോ കെടുതിയോ ബാധിക്കുമ്പോഴേക്കും അവന്റെ ക്ഷമയും ആശയും നശിച്ച് അക്ഷമയും നിരാശയും അനുഭവപ്പെടുന്നു. എന്നാൽ, കഷ്ടത നീങ്ങി സന്തോഷം ലഭിച്ചുകൊണ്ടിരിക്കുമ്പോൾ അതിനവൻ നന്ദിയുള്ളവനായിരിക്കുമോ? അതുമില്ല. അപ്പോഴേക്കും അവൻ അഹങ്കാരിയും അവകാശവാദിയുമായി മാറുകയാണ് ചെയ്യുന്നത്. ക്രമേണ ധിക്കാരവും നിഷേധവും! അല്ലാഹു പറയുന്നു:-

وَلَئِنْ أَذَقْنَـٰهُ رَحْمَةً مِّنَّا مِنۢ بَعْدِ ضَرَّآءَ مَسَّتْهُ لَيَقُولَنَّ هَـٰذَا لِى وَمَآ أَظُنُّ ٱلسَّاعَةَ قَآئِمَةً وَلَئِن رُّجِعْتُ إِلَىٰ رَبِّىٓ إِنَّ لِى عِندَهُۥ لَلْحُسْنَىٰ ۚ

﴾50﴿ അവന് ബാധിച്ച കഷ്ടതക്കു ശേഷമായി നമ്മുടെ പക്കൽനിന്ന് വല്ല കാരുണ്യവും (അഥവാ അനുഗ്രഹവും) നാമവനെ ആസ്വദിപ്പിച്ചുവെങ്കിലോ, നിശ്ചയമായും അവൻ പറയും: 'ഇത് എനിക്ക് (അർഹതയുള്ളതാണ്; അന്ത്യസമയം നിലവിൽ വരുന്ന ഒന്നാണെന്ന് ഞാൻ വിചാരിക്കുന്നില്ല; എന്റെ രക്ഷിതാവിങ്കലേക്ക് (ഒരു പക്ഷേ,) ഞാൻ മടക്കപ്പെട്ടാൽപോലും, നിശ്ചയമായും എനിക്ക് അവന്റെ അടുക്കൽ ഏറ്റവും നല്ല നിലതന്നെ ഉണ്ടായിരിക്കുന്നതാണ്.'

فَلَنُنَبِّئَنَّ ٱلَّذِينَ كَفَرُوا۟ بِمَا عَمِلُوا۟ وَلَنُذِيقَنَّهُم مِّنْ عَذَابٍ غَلِيظٍ ﴿٥٠﴾

എന്നാൽ, (ഇങ്ങനെ) അവിശ്വസിച്ചവരെ അവർ പ്രവർത്തിച്ചതിനെപ്പറ്റി നാം ബോധ്യപ്പെടുത്തുക തന്നെ ചെയ്യും; അവർക്ക് കടുത്ത ശിക്ഷയിൽനിന്ന് നാം ആസ്വദിപ്പിക്കുകയും ചെയ്യും.

وَإِذَآ أَنْعَمْنَا عَلَى ٱلْإِنسَـٰنِ أَعْرَضَ وَنَـَٔا بِجَانِبِهِۦ وَإِذَا مَسَّهُ ٱلشَّرُّ فَذُو

﴾51﴿ മനുഷ്യന്റെമേൽ നാം അനുഗ്രഹം ചെയ്താൽ, അവൻ (അവഗണിച്ച്) തിരിഞ്ഞുകളയുകയും, (അഹംഭാവം നടിച്ച്) തന്റെ പാർശ്വവു

دُعَآءٍ عَرِيضٍ ﴿٥١﴾

മായി അകന്നുപോകുകയും ചെയ്യും. അവനെ ദോഷം ബാധിച്ചാൽ, അപ്പോൾ (അവൻ) വിശാലമായ പ്രാർത്ഥനക്കാരനുമായിരിക്കും.

﴾50﴿ وَلَئِنْ أَذَقْنَاهُ അവനെ നാം ആസ്വദിപ്പിച്ചുവെങ്കിലോ رَحْمَةً مِّنَّا നമ്മുടെ പക്കൽനിന്ന് വല്ല കാരുണ്യവും مِن بَعْدِ ضَرَّاءَ കഷ്ടതക്കുശേഷം مَسَّتْهُ അവനെ ബാധിച്ച لَيَقُولَنَّ നിശ്ചയമായും അവൻ പറയും هَٰذَا لِي ഇത് എനിക്കുള്ളതാണ്, എന്റേതാണ് وَمَا أَظُنُّ ഞാൻ വിചാരിക്കുന്നുമില്ല السَّاعَةَ അന്ത്യസമയത്തെ قَائِمَةً നിലവിൽ വരുന്നതാണെന്ന് وَلَئِن رُّجِعْتُ ഞാൻ (എന്നെ) മടക്കപ്പെട്ടുവെങ്കിൽതന്നെ إِلَىٰ رَبِّي എന്റെ റബ്ബിങ്കലേക്ക് إِنَّ لِي നിശ്ചയമായും എനിക്കുണ്ടായിരിക്കും عِندَهُ അവന്റെ അടുക്കൽ لَلْحُسْنَىٰ ഏറ്റവും നല്ലതുതന്നെ فَلَنُنَبِّئَنَّ എന്നാൽ നിശ്ചയമായും നാം ബോധ്യപ്പെടുത്തും, അറിയിച്ചുകൊടുക്കും الَّذِينَ كَفَرُوا അവിശ്വസിച്ചവർക്ക് بِمَا عَمِلُوا അവർ പ്രവർത്തിച്ചതിനെപ്പറ്റി وَلَنُذِيقَنَّهُم അവർക്ക് നാം ആസ്വദിപ്പിക്കുകയും ചെയ്യും مِّنْ عَذَابٍ ശിക്ഷയിൽ നിന്ന് غَلِيظٍ കടുത്ത, ഉരത്ത, കനത്ത ﴾51﴿ وَإِذَا أَنْعَمْنَا നാം അനുഗ്രഹം ചെയ്താൽ عَلَى الْإِنسَانِ മനുഷ്യന്റെ മേൽ أَعْرَضَ അവൻ തിരിഞ്ഞുകളയും وَنَأَىٰ അവൻ അകന്ന് (ഒഴിഞ്ഞ്) പോകയും ചെയ്യും بِجَانِبِهِ അവന്റെ പാർശ്വവുമായി, പാർശ്വംകൊണ്ട് وَإِذَا مَسَّهُ അവനെ സ്പർശിച്ചാൽ, തൊട്ടാൽ الشَّرُّ ദോഷം, തിന്മ فَذُو دُعَاءٍ അപ്പോൾ പ്രാർത്ഥനക്കാരനായിരിക്കും عَرِيضٍ വിശാല (വിസ്തൃത)മായ

نَأَىٰ بِجَانِبِهِ (അവൻ തന്റെ പാർശ്വവുമായി അകന്നുപോയി) എന്ന് പറഞ്ഞതിന്റെ താൽപര്യം, നന്ദിയില്ലാതെ അഹംഭാവം നടിച്ചുനിന്നു എന്നത്രെ. 'അവൻ ഊരതിരിച്ചു' എന്ന് മലയാളത്തിൽ പറയാറുള്ളതുപോലെ ഒരു അലങ്കാരപ്രയോഗമാണിത്. ഒരു വ്യാഖ്യാനത്തിന്റെ സഹായംകൂടാതെത്തന്നെ ഈ വചനങ്ങളിൽ ആശയം വ്യക്തമാണല്ലോ. സൂറത്തുൽ മആരിജിൽ അല്ലാഹു പറയുന്നു: إِنَّ الْإِنسَانَ خُلِقَ هَلُوعًا ۝ إِذَا مَسَّهُ الشَّرُّ جَزُوعًا ۝ وَإِذَا مَسَّهُ الْخَيْرُ مَنُوعًا - المعارج (സാരം: മനുഷ്യൻ വളരെ ദുർബ്ബലനായ നിലയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവനെ ദോഷം സ്പർശിച്ചാൽ അവൻ അക്ഷമനായിരിക്കും. അവനെ ഗുണം സ്പർശിച്ചാൽ അവൻ തടസ്സം വരുത്തുന്നവനുമായിരിക്കും.(70 : 19 - 21) നമസ്കാരം പതിവാക്കുക, ചോദിച്ചുവരുന്നവർക്കും ചോദിക്കാൻ മടിക്കുന്നവർക്കും ദാനധർമങ്ങൾ ചെയ്യുക, അന്ത്യനാളിനെക്കുറിച്ച് വിശ്വാസമുണ്ടായിരിക്കുക, അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ച് ഭയമുണ്ടായിരിക്കുക, ചാരിത്രശുദ്ധിയെ സംരക്ഷിക്കുക, വിശ്വസ്തത പാലിക്കുക, സാക്ഷ്യം ശരിക്ക് നിർവ്വഹിക്കുക, നമസ്കാരത്തെക്കുറിച്ച് സൂക്ഷ്മതയുണ്ടായിരിക്കുക എന്നിത്യാദി ഗുണങ്ങളുള്ളവർ ഈ സ്വഭാവത്തിൽനിന്ന് ഒഴിവായിരിക്കുമെന്ന് ഇതിനെത്തുടർന്നുള്ള വചനങ്ങളിൽ അവിടെ അല്ലാഹു എടുത്തുപറഞ്ഞിട്ടുമുണ്ട്. കൂടുതൽ വിവരം അവിടെവെച്ച് കാണാം. إِنْ شَاءَ الله

قُلۡ أَرَءَيۡتُمۡ إِن كَانَ مِنۡ عِندِ ٱللَّهِ ثُمَّ كَفَرۡتُم بِهِۦ مَنۡ أَضَلُّ مِمَّنۡ هُوَ فِي شِقَاقِۭ بَعِيدٖ ﴿٥٢﴾

《52》 (നബിയേ) പറയുക: 'നിങ്ങൾ കണ്ടുവോ (-ഒന്ന് പറയുവിൻ): ഇത് [ക്വുർആൻ] അല്ലാഹുവിങ്കൽ നിന്നുള്ളതായിരിക്കും, എന്നിട്ട് നിങ്ങളതിൽ അവിശ്വസിക്കുകയുമാണ് ചെയ്യുന്നതെങ്കിൽ, വിദൂരമായ കക്ഷി മത്സരത്തിൽ സ്ഥിതി ചെയ്യുന്നവരെ [നിങ്ങളെ]ക്കാൾ വഴിപിഴച്ചവർ (വേറെ) ആരാണ്?!'

《52》 قُلْ നീ പറയുക أَرَأَيْتُمْ നിങ്ങൾ കണ്ടുവോ إِنْ كَانَ അതാണെങ്കിൽ مِنْ عِنْدِ اللَّهِ അല്ലാഹുവിന്റെ പക്കൽനിന്ന് ثُمَّ എന്നിട്ട് (പിന്നെ) كَفَرْتُمْ നിങ്ങൾ അവിശ്വസിച്ചു, അവിശ്വസിച്ചിരിക്കയാണ് بِهِ അതിൽ مَنْ أَضَلُّ ആരാണ് അധികം വഴിപിഴച്ചവൻ مِمَّنْ ഒരുവനെക്കാൾ هُوَ അവൻ فِي شِقَاقٍ കക്ഷിത്വത്തിൽ (ചേരിപിരിവിൽ, ഭിന്നിപ്പിൽ ആകുന്നു) بَعِيدٍ വിദൂരമായ, അകന്ന

ക്വുർആനെയും, അതിന്റെ സിദ്ധാന്തങ്ങളെയും നിഷേധിക്കുന്നവർക്ക്- അൽപമെങ്കിലും മനസ്സാക്ഷിയോ, സത്യാന്വേഷണബുദ്ധിയോ ഉണ്ടെങ്കിൽ- അവഗണിക്കുവാൻ കഴിയാത്ത ഒരു ചോദ്യമാണിത്. ഈ ക്വുർആൻ- നബിﷺ പറയുന്നതുപോലെ- അല്ലാഹുവിങ്കൽ നിന്നുള്ളതാണെന്ന വസ്തുത യഥാർത്ഥമാണെന്നിരിക്കട്ടെ, (വാസ്തവത്തിൽ അതാണ് യഥാർത്ഥവും) അപ്പോൾ അതിൽ വിശ്വസിക്കാതെ നിഷേധിച്ച് മത്സരത്തിനും, കക്ഷിത്വത്തിനും മിനക്കെടുന്നവരെക്കാൾ വഴിപിഴച്ച ദുർഭഗൻമാർ മറ്റാരെങ്കിലുമുണ്ടായിരിക്കുമോ? ഇല്ലതന്നെ. എനി, വാസ്തവത്തിൽ അത് അല്ലാഹുവിങ്കൽനിന്നുള്ളതല്ല- നബി ﷺ കളവ് പറയുകയാണ്- എന്ന് സങ്കൽപിക്കുക. (معاذ الله) എന്നാലും അതിൽ വിശ്വസിക്കുന്നതുമൂലം അവർക്ക് വളരെയേറെ നന്മകൾ കൈവരാനുണ്ടെന്ന് തീർച്ചയാണ്. അതും ഇല്ലെന്ന് വെക്കുക. എന്നാൽപോലും അതുമൂലം അവർക്ക് ഭാവിയിൽ ഒരാപത്തും വരാനില്ലതാനും. ഒരു കവി പറഞ്ഞതെത്ര വാസ്തവം!-

قَال المنجم والطبيب كلاهما 0 لن يحشر الاموات قلت اليكما

ان صح قولكما فلست بخاسر 0 اوصح قولى فالخسار عليكما

(സാരം: ഗോളശാസ്ത്രക്കാരനും, പ്രകൃതി ശാസ്ത്രകാരനും പറയുന്നു: മരിച്ചുപോയവർ പിന്നീട് ഒരുമിച്ചുകൂട്ടപ്പെടുന്നതേയല്ല എന്ന്. ഞാൻ പറഞ്ഞു: നിൽക്കട്ടെ! നിങ്ങൾ രണ്ടുകൂട്ടരും പറയുന്നത് ശരിയാണെങ്കിൽ ഞാൻ ഒട്ടും നഷ്ടക്കാരനാവുകയില്ല. അതല്ല, എന്റെ വാക്ക് ശരിയാണെന്നുവന്നാൽ, അപ്പോൾ നിങ്ങൾക്ക് നഷ്ടം വരുവാനുണ്ടുതാനും.)

سَنُرِيهِمۡ ءَايَٰتِنَا فِي ٱلۡأٓفَاقِ وَفِيٓ أَنفُسِهِمۡ حَتَّىٰ يَتَبَيَّنَ لَهُمۡ أَنَّهُ ٱلۡحَقُّۗ

《53》 നാനാഭാഗങ്ങളിലും- അവരിൽതന്നെയും- നമ്മുടെ ദൃഷ്ടാന്തങ്ങൾ നാമവർക്ക് അടുത്ത് കാട്ടിക്കൊടുക്കുന്നതാണ്; അങ്ങനെ, അത്

أَوَلَمْ يَكْفِ بِرَبِّكَ أَنَّهُۥ عَلَىٰ كُلِّ شَىْءٍ شَهِيدٌ ﴿٥٣﴾

[ക്വുര്‍ആന്‍] യഥാര്‍ത്ഥം തന്നെയാണെന്ന് അവര്‍ക്ക് സ്പഷ്ടമായിത്തീരുന്നതാണ്. (നബിയേ) നിന്റെ രക്ഷിതാവ്- അതായത്, അവന്‍ എല്ലാ കാര്യത്തിനും ദൃക്സാക്ഷിയാണെന്നുള്ളത് -തന്നെ മതിയാകയില്ലേ?! [എന്നിരിക്കെ വല്ല തെളിവിന്റെയും ആവശ്യമുണ്ടോ?!]

《53》 سَنُرِيهِمْ അവര്‍ക്ക് നാം അടുത്ത് കാട്ടിക്കൊടുക്കും ءَايَٰتِنَا നമ്മുടെ ദൃഷ്ടാന്തങ്ങള്‍ فِى ٱلْـَٔافَاقِ നാനാഭാഗങ്ങളില്‍, പല മണ്ഡലങ്ങളില്‍ وَفِىٓ أَنفُسِهِمْ അവരില്‍ തന്നെയും حَتَّىٰ يَتَبَيَّنَ വ്യക്തമാകുന്നതുവരെ, അങ്ങനെ സ്പഷ്ടമാകും لَهُمْ അവര്‍ക്ക് أَنَّهُ ٱلْحَقُّ അത് യഥാര്‍ത്ഥമാണെന്ന് أَوَلَمْ يَكْفِ പോരേ, മതിയാവുകയില്ലേ بِرَبِّكَ നിന്റെ റബ്ബ് തന്നെ أَنَّهُ അതായത് അവനാണെന്നുള്ളത് عَلَىٰ كُلِّ شَىْءٍ എല്ലാ കാര്യത്തിനും, شَهِيدٌ ദൃക്സാക്ഷിയാണ്

ക്വുര്‍ആന്‍ അവതരിച്ച കാലത്തുള്ള മുശ്‌രിക്കുകളെ സംബന്ധിച്ചിടത്തോളം, ഈ ദീര്‍ഘദര്‍ശനം വ്യക്തമായി പുലര്‍ന്ന് കഴിഞ്ഞതാണ്. മക്കാപരിസരങ്ങള്‍ മാത്രമല്ല, അറേബ്യ മുഴുവനും ഏറെക്കുറെ പത്തുകൊല്ലങ്ങള്‍കൊണ്ട് ഇസ്‌ലാമിന്റെ അധീനത്തില്‍ വരുകയും, ക്വുര്‍ആന്റെ സത്യത സ്വീകരിക്കുകയും ചെയ്തു. അധികം താമസിയാതെ അറേബ്യയുടെ മിക്ക അയല്‍നാടുകളും ഇസ്‌ലാമിന്റെ നാടായി മാറി. ലോകത്തിന്റെ ഇതരഭാഗങ്ങളില്‍ അതിന്റെ മാറ്റൊലി വീശുകയും ചെയ്തു. അന്ന് ഇസ്‌ലാം ജയിച്ചടക്കിയ രാജ്യങ്ങള്‍- ചിലതെല്ലാം നാമമാത്രമാണെങ്കിലും ഇന്നിതുവരെയും മുസ്‌ലിം രാജ്യങ്ങളായിത്തന്നെ അവശേഷിക്കുകയും ചെയ്യുന്നു.

നാനാഭാഗങ്ങളിലും, അവരില്‍തന്നെയും ദൃഷ്ടാന്തങ്ങള്‍ കാട്ടിക്കൊടുക്കുമെന്ന് പറഞ്ഞത് കുറേകൂടി വിശാലമായ അര്‍ത്ഥത്തിലും വ്യാഖ്യാനിക്കപ്പെടാറുണ്ട്. അല്ലാഹുവിന്റെ സൃഷ്ടി മാഹാത്മ്യത്തെയും, ക്വുര്‍ആന്റെ സിദ്ധാന്തങ്ങളെയും സാക്ഷീകരിക്കുന്നതായി ആകാശത്തും, ഭൂമിയിലും നിലകൊള്ളുന്ന കണക്കറ്റ പ്രകൃതി ദൃഷ്ടാന്തങ്ങള്‍, മനുഷ്യന്റെ ആകൃതി, പ്രകൃതി, ജനനം, വളര്‍ച്ച, ശരീരഘടന, മാനസിക വിശേഷത ആദിയായ എല്ലാറ്റിലും അടങ്ങിയ അത്ഭുത രഹസ്യങ്ങള്‍ പലതും അല്ലാഹു ജനങ്ങള്‍ക്ക് പൂര്‍വ്വാധികം മനസ്സിലാക്കിക്കൊടുക്കും എന്നാണിതിന്റെ ചുരുക്കം. പുരോഗമിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്രീയ നേട്ടങ്ങളും, ഗവേഷണപരമ്പരകളും വഴി ഈ തുറകളിലെല്ലാം മനുഷ്യന്റെ അറിവ് വര്‍ദ്ധിച്ചുകൊണ്ടിരിക്കുകയാണല്ലോ. പ്രസ്തുത അറിവുകള്‍ ഓരോന്നും നിഷേധത്തിന്റെ കറ പറ്റാത്ത ഹൃദയങ്ങള്‍ക്ക് അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള ദൃഷ്ടാന്തങ്ങളായി ബോധ്യപ്പെടുന്നതാണെന്ന് തീര്‍ത്തു പറയാം. والله اعلم

أَلَآ إِنَّهُمْ فِى مِرْيَةٍ مِّن لِّقَآءِ رَبِّهِمْ ۗ أَلَآ إِنَّهُۥ بِكُلِّ شَىْءٍ مُّحِيطٌۢ ﴿٥٤﴾

《54》 അല്ലാ! (അറിയുക;) നിശ്ചയമായും അവര്‍ തങ്ങളുടെ രക്ഷിതാവുമായി കണ്ടുമുട്ടുന്നതിനെക്കുറിച്ച് സന്ദേഹത്തിലാണ്. അല്ലാ! (അറിയുക:) നിശ്ചയമായും, അവന്‍ എല്ലാ

വസ്തുവെയും വലയം ചെയ്തവനാ കുന്നു.

﴾54﴿ أَلَا അല്ലാ, അറിയുക إِنَّهُمْ നിശ്ചയമായും അവര്‍ فِي مِرْيَةٍ സന്ദേഹ (സംശയ) ത്തിലാണ് مِّن لِّقَاءِ കാണുന്ന (കണ്ടുമുട്ടുന്ന)തിനെക്കുറിച്ച് رَبِّهِمْ തങ്ങളുടെ റബ്ബിനെ, റബ്ബുമായി أَلَا إِنَّهُۥ അല്ലാ (അറിയുക) നിശ്ചയമായും അവന്‍ بِكُلِّ شَيْءٍ എല്ലാ വസ്തുവിനെയും مُّحِيطٌ വലയം ചെയ്തവനാണ്

ക്വുര്‍ആനെ നിഷേധിക്കുന്നവരുടെ നിഷേധത്തിന്റെ മൂലകാരണമാണ് ആദ്യത്തെ വാക്യം ചൂണ്ടിക്കാട്ടുന്നത്. അല്ലാഹുവുമായി കണ്ടുമുട്ടേണ്ടിവരുമെന്ന കാര്യത്തില്‍- മരണാനന്തര ജീവിതത്തില്‍- അവര്‍ സംശയാലുക്കളാണ്. ഭൗതിക ജീവിതം അവസാനിക്കുന്നതോടെ എല്ലാം കഴിഞ്ഞുവെന്നാണവരുടെ ധാരണ. ഇതാണ് അതിന്റെ മൂലകാരണം. അല്ലാഹുവിന്റെ അറിവിലും, കഴിവിലും ഉള്‍പെടാത്തതായി യാതൊന്നും തന്നെയില്ല. ഓരോ കാര്യത്തിലും വേണ്ടുന്ന നടപടികള്‍ അവന്‍ എടുക്കാതെ വിട്ടുകളയുന്നതുമല്ല. അതവര്‍ ഓര്‍ത്തിരിക്കട്ടെ. എന്നിങ്ങിനെയുള്ള ഒരു വമ്പിച്ച താക്കീതാണ് രണ്ടാമത്തെ വാക്യത്തില്‍ അടങ്ങിയിരിക്കുന്നത്.

ولله الحمد والمنة

سورة الشورى

42. സൂറതുശ്ശൂറാ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 53 - വിഭാഗം (റുകൂഉ്) 5

[23 മുതൽ 27 വരെ ആയത്തുകൾ മദനിയ്യാണെന്നും അഭിപ്രായമുണ്ട്]

بِسۡمِ ٱللَّهِ ٱلرَّحۡمَـٰنِ ٱلرَّحِيمِ ﴿١﴾

പരമ കാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ,

حمٓ ﴿١﴾

《1》 ഹാ-മീം

عٓسٓقٓ ﴿٢﴾

《2》 അയ്ൻ-സീൻ-ക്വാഫ്

《1》 حم ഹാ-മീം 《2》 عسق അയ്ൻ-സീൻ-ക്വാഫ്

ഈ അക്ഷരങ്ങൾ രണ്ട് ആയത്തുകളായിട്ടാണ് എണ്ണപ്പെട്ടിരിക്കുന്നത്. ഇതുപോലെയുള്ള കേവലാക്ഷരങ്ങളുടെ സാക്ഷാൽ ഉദ്ദേശ്യം എന്താണെന്ന് നമുക്കറിവില്ല. കൂടുതൽ വിവരം നാം മുമ്പ് പലപ്പോഴും സംസാരിച്ചിട്ടുണ്ട്.

كَذَٰلِكَ يُوحِىٓ إِلَيۡكَ وَإِلَى ٱلَّذِينَ مِن قَبۡلِكَ ٱللَّهُ ٱلۡعَزِيزُ ٱلۡحَكِيمُ ﴿٣﴾

《3》 (നബിയേ,) നിനക്കും, നിന്റെ മുമ്പുള്ളവർക്കും പ്രതാപശാലിയായ, അഗാധജ്ഞനായ, അല്ലാഹു ഇപ്രകാരം വഹ്‌യ് (ദിവ്യബോധനം) നൽകി വരുന്നു.

《3》 كَذَٰلِكَ അപ്രകാരം, ഇതുപോലെ يُوحِي إِلَيْكَ നിനക്ക് വഹ്‌യ് നൽകുന്നു وَإِلَى الَّذِينَ യാതൊരുവർക്കും مِن قَبْلِكَ നിന്റെ മുമ്പുള്ള اللَّهُ الْعَزِيزُ പ്രതാപശാലിയായ അല്ലാഹു الْحَكِيمُ അഗാധജ്ഞനായ

ഈ അദ്ധ്യായത്തിൽ പല പ്രധാന തത്വങ്ങളും നിനക്ക് ബോധനം നൽകിയിട്ടുള്ളത് പോലെ, നിനക്കും മുൻ പ്രവാചകൻമാർക്കും അല്ലാഹു പല സന്ദേശങ്ങളും നൽകി വരുന്നുവെന്ന് സാരം.

لَهُۥ مَا فِى ٱلسَّمَـٰوَٰتِ وَمَا فِى ٱلْأَرْضِ ۖ وَهُوَ ٱلْعَلِىُّ ٱلْعَظِيمُ ﴿٤﴾

《4》 ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം) അവനുള്ളതാണ്, അവന്‍ ഉന്നതനാണ്, മഹാനാണ്.

تَكَادُ ٱلسَّمَـٰوَٰتُ يَتَفَطَّرْنَ مِن فَوْقِهِنَّ ۚ وَٱلْمَلَـٰٓئِكَةُ يُسَبِّحُونَ بِحَمْدِ رَبِّهِمْ وَيَسْتَغْفِرُونَ لِمَن فِى ٱلْأَرْضِ ۗ أَلَآ إِنَّ ٱللَّهَ هُوَ ٱلْغَفُورُ ٱلرَّحِيمُ ﴿٥﴾

《5》 ആകാശങ്ങള്‍ അവയുടെ മുകളില്‍ നിന്ന് പൊട്ടിപ്പിളരുമാറാകുന്നു; മലക്കുകള്‍ അവരുടെ രക്ഷിതാവിനെ സ്തുതിച്ചുകൊണ്ട് തസ്ബീഹ് [സ്തോത്രകീര്‍ത്തനം] നടത്തിക്കൊണ്ടുമിരിക്കുന്നു; ഭൂമിയിലുള്ളവര്‍ക്ക് വേണ്ടി അവര്‍ പാപമോചനവും തേടുന്നു; അല്ലാ! (അറിയുക) നിശ്ചയമായും അല്ലാഹു തന്നെയാണ് വളരെ പൊറുക്കുന്നവനും, കരുണാനിധിയുമായുള്ളവന്‍.

《4》 لَهُ അവന്നാണ്, അവന്റെതാണ് مَا فِي السَّمَاوَاتِ ആകാശങ്ങളിലുള്ളത് وَمَا فِي الْأَرْضِ ഭൂമിയിലുള്ളതും وَهُوَ الْعَلِيُّ അവന്‍ ഉന്നതന്‍ الْعَظِيمُ മഹത്തായവന്‍ 《5》 تَكَادُ السَّمَاوَاتُ ആകാശങ്ങള്‍ ആകാറാകുന്നു يَتَفَطَّرْنَ പൊട്ടിപ്പിളരുക مِن فَوْقِهِنَّ അവയുടെ മുകളില്‍ (മീതെ) നിന്ന് وَالْمَلَائِكَةُ മലക്കുകള്‍ يُسَبِّحُونَ തസ്ബീഹ് നടത്തുന്നു بِحَمْدِ رَبِّهِمْ തങ്ങളുടെ റബ്ബിനെ സ്തുതിച്ചുകൊണ്ട്, സ്തുതിയോടെ وَيَسْتَغْفِرُونَ അവര്‍ പാപമോചനം തേടുകയും ചെയ്യുന്നു لِمَن فِي الْأَرْضِ ഭൂമിയിലുള്ളവര്‍ക്ക് أَلَا അല്ല, അറിഞ്ഞേക്കുക إِنَّ اللَّهَ നിശ്ചയമായും അല്ലാഹു هُوَ الْغَفُورُ അവന്‍ തന്നെ വളരെ പൊറുക്കുന്നവന്‍ الرَّحِيمُ കരുണാനിധി

ആകാശങ്ങള്‍ പൊട്ടിപ്പിളരുമാറാകുന്നുവെന്ന് പറഞ്ഞതിന്റെ താല്‍പര്യം അല്ലാഹുവിന്റെ മഹത്വവും ശക്തി പ്രഭാവവും അത്രമേല്‍ വമ്പിച്ചതാകുന്നുവെന്ന് കാണിക്കുകയാണ്. സൂ: മര്‍യം 90,91 ല്‍ പ്രസ്താവിച്ചതുപോലെ, അല്ലാഹുവിന് സന്താനങ്ങളുണ്ടെന്നും മറ്റും മുശ്‌രിക്കുകള്‍ വാദിക്കുന്നതിന്റെ ഗൗരവം ചൂണ്ടിക്കാട്ടുകയാണുദ്ദേശ്യമെന്നും ചില വ്യാഖ്യാതാക്കള്‍ അഭിപ്രായപ്പെട്ടിരിക്കുന്നു. (കൂടുതല്‍ വിവരം സൂ: മര്‍യമില്‍ നോക്കുക) മലക്കുകള്‍ ഭൂമിയിലുള്ളവര്‍ക്ക് വേണ്ടി പ്രാര്‍ത്ഥിക്കുന്നതിനെപ്പറ്റി സൂ: മുഅ്മിന്‍ 7-10 ല്‍ വിവരിച്ചു പറഞ്ഞിരിക്കുന്നവല്ലോ. ഭൂമിയിലുള്ളവര്‍ക്ക്വേണ്ടി (لِمَن فِي الْأَرْضِ) എന്ന് സാമാന്യമായിട്ടാണ് ഇവിടെ പറഞ്ഞിട്ടുള്ളതെങ്കിലും സത്യവിശ്വാസികളാണ് അതുകൊണ്ട് വിവക്ഷിക്കപ്പെടുന്നതെന്ന് അവിടെ നിന്ന് മനസ്സിലാക്കാവുന്നതാണ്.

وَٱلَّذِينَ ٱتَّخَذُوا۟ مِن دُونِهِۦٓ أَوْلِيَآءَ ٱللَّهُ

《6》 അവന് പുറമെ (മറ്റുള്ളവരെ) കാര്യകര്‍ത്താക്കളാക്കുന്നവരാകട്ടെ,

حَفِيظٌ عَلَيْهِمْ وَمَآ أَنتَ عَلَيْهِم بِوَكِيلٍ ﴿٦﴾

അവരെപ്പറ്റി അല്ലാഹു സൂക്ഷിച്ചു (വീക്ഷിച്ചു)കൊണ്ടിരിക്കുന്നവനാകുന്നു. (നബിയേ) നീ അവരെപ്പറ്റി (ബാധ്യത) ഏല്‍പ്പിക്കപ്പെട്ടവനല്ലതാനും.

وَكَذَٰلِكَ أَوْحَيْنَآ إِلَيْكَ قُرْءَانًا عَرَبِيًّا لِّتُنذِرَ أُمَّ ٱلْقُرَىٰ وَمَنْ حَوْلَهَا وَتُنذِرَ يَوْمَ ٱلْجَمْعِ لَا رَيْبَ فِيهِ ۚ فَرِيقٌ فِى ٱلْجَنَّةِ وَفَرِيقٌ فِى ٱلسَّعِيرِ ﴿٧﴾

﴾7﴿ അപ്രകാരം, അറബിഭാഷയിലുള്ള ഒരു ക്വുര്‍ആന്‍ നാം നിനക്ക് വഹ്‌യ് [ബോധനം] നല്‍കിയിരിക്കുന്നു; 'ഉമ്മുല്‍ക്വുറാ'യെ (അഥവാ രാജ്യങ്ങളുടെ കേന്ദ്രത്തെ)യും, അതിന്റെ ചുറ്റുപാടിലുള്ളവരെയും നീ താക്കീത് ചെയ്‌വാനും, (എല്ലാവരെയും)ഒരുമിച്ചു കൂട്ടുന്ന ദിവസത്തെ -അതില്‍ യാതൊരു സന്ദേഹവുമില്ല -താക്കീത് ചെയ്‌വാനും വേണ്ടി. (അന്ന്) ഒരു കക്ഷി സ്വര്‍ഗത്തിലും, ഒരു കക്ഷി ജ്വലിക്കുന്ന നരകത്തിലുമായിരിക്കും.

﴾6﴿ وَالَّذِينَ اتَّخَذُوا ഉണ്ടാക്കിയ (ഏര്‍പ്പെടുത്തിയ)വര്‍ مِن دُونِهِ അവനുപുറമെ أَوْلِيَاءَ കാര്യകര്‍ത്താക്കളെ, രക്ഷാധികാരികളെ اللَّهُ حَفِيظٌ അല്ലാഹു സൂക്ഷിച്ചു (വീക്ഷിച്ചു)കൊണ്ടിരിക്കുന്നവനാണ് عَلَيْهِمْ അവരെപ്പറ്റി وَمَا أَنتَ നീ അല്ലതാനും عَلَيْهِمْ അവരുടെ മേല്‍ بِوَكِيلٍ ഏല്‍പ്പിക്കപ്പെട്ടവന്‍(ഉത്തരവാദി, അധികാരപ്പെട്ടവന്‍) ﴾7﴿ وَكَذَٰلِكَ അപ്രകാരം أَوْحَيْنَا إِلَيْكَ നിനക്ക് നാം വഹ്‌യ് തന്നു قُرْآنًا عَرَبِيًّا അറബിയിലുള്ള ഒരു ക്വുര്‍ആന്‍ لِتُنذِرَ നീ താക്കീത് (മുന്നറിയിപ്പ്)ചെയ്‌വാന്‍വേണ്ടി أُمَّ الْقُرَىٰ രാജ്യങ്ങളുടെ മാതാവിനെ (കേന്ദ്രത്തെ) وَمَنْ حَوْلَهَا അതിന്റെ ചുറ്റുവശമുള്ളവരെയും وَتُنذِرَ നീ താക്കീത് ചെയ്‌വാനും يَوْمَ الْجَمْعِ ഒരുമിച്ചു കൂട്ടുന്ന ദിവസത്തെ لَا رَيْبَ فِيهِ അതില്‍ സന്ദേഹമേ ഇല്ല فَرِيقٌ ഒരു കക്ഷി, സംഘം, വിഭാഗം فِي الْجَنَّةِ സ്വര്‍ഗത്തിലായിരിക്കും وَفَرِيقٌ ഒരു കക്ഷി فِي السَّعِيرِ ജ്വലിക്കുന്ന നരകത്തിലുമായിരിക്കും.

أُمَّ الْقُرَىٰ (ഉമ്മുല്‍ക്വുറാ) എന്നാല്‍ രാജ്യങ്ങളുടെ മാതാവ് അഥവാ കേന്ദ്രം എന്നര്‍ത്ഥം, മക്കാരാജ്യമാണ് ഉദ്ദേശ്യം. ചരിത്രപരമായും ഇസ്‌ലാമികമായും നോക്കുമ്പോള്‍ മക്കഃയുടെ പ്രാധാന്യവും, ആ രാജ്യത്തെ കേന്ദ്രമാക്കിക്കൊണ്ട് ഇതരരാജ്യങ്ങള്‍ക്കുള്ളതും, ഉണ്ടായിരുന്നതുമായ ബന്ധവും പ്രസിദ്ധമാണ്. മക്കാ പ്രദേശങ്ങളിലാണ് ആദ്യം ജനവാസം ഉണ്ടായിട്ടുള്ളതെന്ന് ചില ചരിത്രകാരന്‍മാരുടെ പ്രസ്താവനകളും സ്മരണീയമാകുന്നു. മക്കഃയെ അഭിമുഖീകരിച്ചുകൊണ്ട് നബി ﷺ ഒരിക്കല്‍ പറയുകയുണ്ടായി :"അല്ലാഹുവാണ (സത്യം!) നിശ്ചയമായും നീ, അല്ലാഹുവിന്റെ ഭൂമിയില്‍വെച്ച് ഉത്തമമായതും, അല്ലാഹുവിങ്കലേക്ക് ഏറ്റവും പ്രിയപ്പെട്ടതും തന്നെ. നിന്നില്‍ നിന്നും ഞാന്‍ പുറത്താക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കില്‍, ഞാന്‍ പുറത്തു പോകയില്ലായിരുന്നു"(തി; ജ; ന.) മക്കഃക്കാരുടെ

മർദ്ദനം നിമിത്തം തിരുമേനി മദീനഃയിലേക്ക് ഹിജ്റഃ പോകേണ്ടിവന്നതിനെ ഉദ്ദേശിച്ചാണ് ഞാൻ പുറപ്പെട്ടു എന്ന് പറഞ്ഞത്.

ആദ്യവും, ഒന്നാമതുമായി നബിപ്രബോധനം ചെയ്യേണ്ടിയിരുന്നത് മക്കാ നിവാസികളിലാണല്ലോ. അതിനു ശേഷമായിരുന്നു ചുറ്റുപാടുമുള്ള മറ്റു രാജ്യക്കാരിലേക്ക് പ്രബോധനം വികസിപ്പിക്കേണ്ടത്. ഈ സൂറത്ത് മക്കാ കാലഘട്ടത്തിൽ അവതരിച്ചതുമാണ്. അതുകൊണ്ടാണ് നബിﷺയുടെ ജൻമദേശവും, രാജ്യങ്ങളുടെ കേന്ദ്രസ്ഥാനവുമായ മക്കഃയെ (അതിലെ നിവാസികളെ) താക്കീത് ചെയ്യുന്ന കാര്യം പ്രത്യേകം എടുത്തുപറഞ്ഞിരിക്കുന്നത്. وَمَنْ حَوْلَهَا (അതിന്റെ ചുറ്റുപാടുമുള്ളവരെയും) എന്ന് പറഞ്ഞതിൽ മക്കാനിവാസികളല്ലാത്ത എല്ലാ ജനതയും ഉൾപ്പെടുന്നു. പക്ഷേ, കൂടുതൽ അടുത്ത പരിസരങ്ങളിലുള്ളവർക്ക് ആദ്യമാദ്യവും, ദൂരപരിസരങ്ങളിലുള്ളവർക്ക് ക്രമേണയായും പ്രബോധനം എത്തിക്കപ്പെടുമെന്ന് മാത്രം.

يَوْمَ الْجَمْعِ (ഒരു മിച്ചുകൂട്ടുന്ന ദിവസം) എന്നു പറഞ്ഞത് ഖിയാമത്ത്നാളാകുന്നു. ഈ ദിവസത്തെക്കുറിച്ചാണല്ലോ പ്രവാചകൻമാർക്ക് പ്രധാനമായും താക്കീത് ചെയ്വാനുള്ളത്. മനുഷ്യരടക്കമുള്ള സൃഷ്ടികളെല്ലാം ഒരേ സദസ്സിൽ സമ്മേളിക്കപ്പെടുന്നതും, ഒരു വിഭാഗം ആളുകൾ-സജ്ജനങ്ങൾ-സ്വർഗീയ സുഖം അനുഭവിക്കുന്ന ഭാഗ്യവാൻമാരും, മറ്റൊരു വിഭാഗം-ദുർജ്ജനങ്ങൾ-കഠിനമായ നരകശിക്ഷക്ക് വിധേയരാകുന്ന ദുർഭാഗ്യവാൻമാരും ആയി വേർതിരിയുന്നതും അന്നാണല്ലോ.

وَلَوْ شَآءَ ٱللَّهُ لَجَعَلَهُمْ أُمَّةً وَٰحِدَةً وَلَٰكِن يُدْخِلُ مَن يَشَآءُ فِى رَحْمَتِهِۦ ۚ وَٱلظَّٰلِمُونَ مَا لَهُم مِّن وَلِىٍّ وَلَا نَصِيرٍ ﴿٨﴾

(8) അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ, അവരെ [മനുഷ്യരെ] അവൻ ഒരേ സമുദായമാക്കുമായിരുന്നു. പക്ഷേ, അവൻ ഉദ്ദേശിക്കുന്നവരെ, അവൻ തന്റെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുന്നു. അക്രമികൾക്കാകട്ടെ, അവർക്ക് യാതൊരു രക്ഷാകർത്താവുമില്ല, സഹായകനുമില്ല.

---

(8) وَلَوْ شَاءَ اللَّهُ അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ لَجَعَلَهُمْ അവരെ അവൻ ആക്കുമായിരുന്നു أُمَّةً وَاحِدَةً ഒരേ സമുദായം وَلَٰكِنْ പക്ഷേ, എങ്കിലും يُدْخِلُ അവൻ പ്രവേശിപ്പിക്കുന്നു مَنْ يَشَاءُ അവൻ ഉദ്ദേശിക്കുന്നവരെ فِي رَحْمَتِهِ തന്റെ കാരുണ്യത്തിൽ وَالظَّالِمُونَ അക്രമികൾ مَا لَهُمْ അവർക്കില്ല مِنْ وَلِيٍّ ഒരു രക്ഷാകർത്താവും وَلَا نَصِيرٍ ഒരു സഹായകനും ഇല്ല

മനുഷ്യരെല്ലാം സൻമാർഗികളായിക്കൊണ്ടുള്ള – അല്ലെങ്കിൽ ദുർമാർഗികളായിക്കൊണ്ടുള്ള-ഒരേ ഒരു സമുദായമായിരിക്കുവാനാണ് അല്ലാഹു ഉദ്ദേശിച്ചിരുന്നതെങ്കിൽ, അങ്ങിനെത്തന്നെ സംഭവിക്കുമായിരുന്നു. പക്ഷേ, അങ്ങിനെയല്ല അവൻ ഉദ്ദേശിച്ചിരിക്കുന്നത്. അവർ രണ്ട് തരക്കാരാവണം, അഥവാ അവന്റെ കൽപനാനിർദ്ദേശങ്ങളനുസരിച്ച് അവന്റെ കാരുണ്യത്തിന് വിധേയരാകുന്ന സൻമാർഗികളും, അക്രമജീവിതം കൈക്കൊണ്ട്

അവന്റെ ശിക്ഷക്ക് പാത്രങ്ങളാകുന്ന ദുർമാർഗികളും എന്നിങ്ങിനെ രണ്ട് തരക്കാരായിരിക്കും എന്നത്രെ അവൻ നിശ്ചയിച്ചിരിക്കുന്നത്. 7-ാം വചനത്തിൽ, ഒരു കക്ഷി സ്വർഗത്തിലും, ഒരു കക്ഷി നരകത്തിലും (فَرِيقٌ فِي الْجَنَّةِ وَفَرِيقٌ فِي السَّعِيرِ) എന്ന് പറഞ്ഞതും, ഈ രണ്ട് വിഭാഗക്കാരെക്കുറിച്ചുതന്നെ. ഈ അടിസ്ഥാനത്തിലാണ് മനുഷ്യന് വിവേചനബുദ്ധിയും, ഇച്ഛാസ്വാതന്ത്ര്യവും, പ്രവാചകൻമാർമുഖേനയുള്ള മാർഗദർശനങ്ങളും നൽകപ്പെട്ടിരിക്കുന്നതും. لَجَعَلَهُمْ أُمَّةً وَاحِدَةً (ഒരേ സമുദായം ആക്കുമായിരുന്നു) എന്നതിന്റെ സാരം, സൻമാർഗത്തിന്റെ സമുദായം (أمّة هداية) ആക്കുമായിരുന്നുവെന്നാണെന്നും, അതല്ല ദുർമാർഗത്തിന്റെ സമുദായം (أُمَّةً ضلالة) ആക്കുമായിരുന്നുവെന്നാണെന്നും-ഇങ്ങിനെ രണ്ടു പ്രകാരത്തിലും വ്യാഖ്യാതാക്കൾ പറഞ്ഞുകാണാം. രണ്ടിനും ചില ന്യായങ്ങളും അവർ പറയാറുണ്ട്. ഈ രണ്ടഭിപ്രായവും തത്വത്തിൽ ഒന്നുതന്നെ എന്ന് പറയാം. പക്ഷേ, ആദ്യത്തെ അഭിപ്രായമാണ് മറ്റു ചില ആയത്തുകളോട് കൂടുതൽ യോജിച്ചുകാണുന്നത്. കാരണം അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ എല്ലാവരെയും സൻമാർഗത്തിലാക്കുമായിരുന്നു എന്ന് വ്യക്തമായിത്തന്നെ (സൂ: സജദഃ 13 : അൻആം 35 ; 149 മുതലായ സ്ഥലങ്ങളിൽ) അല്ലാഹു പറഞ്ഞുകാണാം. ഏതായാലും, നിലവിലുള്ളത്, രണ്ട് വിഭാഗക്കാരായിട്ടാണെന്ന് വ്യക്തമാണല്ലോ.

ഇവിടെ ഒരു സമുദായം (أُمَّةً وَاحِدَةً) എന്ന് പറഞ്ഞതിന് പക്ഷിമൃഗങ്ങളെപ്പോലെ ഒരേതരം ജീവിതരീതി കൈക്കൊണ്ട് ജീവിക്കുന്ന സമുദായം എന്നത്രെ ചില പുത്തൻ വ്യാഖ്യാനക്കാർ ഉദ്ദേശ്യമാക്കിക്കാണുന്നത്. ഈ ആയത്തും, ഇതിന്റെ തൊട്ടുമുമ്പത്തെ ആയത്തും മാത്രം പരിശോധിച്ചാൽതന്നെ ഈ അർത്ഥകൽപന ശരിയല്ലെന്നും, നാം മുകളിൽ ചൂണ്ടിക്കാട്ടിയതാണ് വാസ്തവമെന്നും മനസ്സിലാക്കാം. കൂടാതെ സൂ: സജദഃയിലെ 13-ാം വചനം പോലെയുള്ള മറ്റുപല ആയത്തുകളിൽ നിന്നും ഈ സംഗതി കൂടുതൽ വ്യക്തമാകുകയും ചെയ്യും. ചില സ്ഥാപിത താൽപര്യങ്ങളാണ് വാസ്തവത്തിൽ ഈ വ്യാഖ്യാനത്തിന് പിന്നിലുള്ളത്. അതിനെപ്പറ്റി ഈ സന്ദർഭത്തിൽ നാം സ്പർശിക്കുവാൻ മിനക്കെടുന്നില്ല.

أَمِ ٱتَّخَذُوا۟ مِن دُونِهِۦٓ أَوْلِيَآءَ ۖ فَٱللَّهُ هُوَ ٱلْوَلِىُّ وَهُوَ يُحْىِ ٱلْمَوْتَىٰ وَهُوَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٩﴾

(9) അതല്ല, അവന് പുറമെ അവർ വല്ല രക്ഷാകർത്താക്കളെയും സ്വീകരിച്ചിരിക്കയാണോ?! എന്നാൽ (വാസ്തവത്തിൽ) അല്ലാഹുവത്രെ, രക്ഷാകർത്താവ്. അവൻതന്നെ മരിച്ചവരെ ജീവിപ്പിക്കുകയും ചെയ്യുന്നു. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനുമാണ്.

---

(9) أَمِ اتَّخَذُوا അതല്ല (അഥവാ) അവർ ഉണ്ടാക്കിയോ, (സ്വീകരിച്ചിരിക്കുന്നുവോ) مِنْ دُونِهِ അവന് പുറമെ, അവനെ കൂടാതെ أَوْلِيَاءَ കാര്യകർത്താക്കളെ, രക്ഷാധികാരികളെ فَاللَّهُ هُوَ എന്നാൽ അല്ലാഹുതന്നെയാണ് الْوَلِيُّ രക്ഷാധികാരി, കാര്യകർത്താവ് وَهُوَ അവൻ തന്നെ يُحْيِي الْمَوْتَىٰ മരിപ്പിച്ചവരെ ജീവിപ്പിക്കുകയും ചെയ്യുന്നു وَهُوَ അവൻ عَلَىٰ كُلِّ شَيْءٍ എല്ലാകാര്യത്തിനും قَدِيرٌ കഴിവുള്ളവനാണ്

മുശ്‌രിക്കുകൾ തങ്ങളുടെ നിലപാടിനെപ്പറ്റി ചിന്തിച്ചുനോക്കുവാൻ വേണ്ടി-അവരുടെ സ്ഥിതിഗതികൾ മുഴുവനും അറിയാത്ത ഭാവേന-അവരുടെ ശ്രദ്ധയെ തട്ടിഉണർത്തുകയാണ് ഈ ചോദ്യത്തിന്റെ ഉദ്ദേശ്യം.

വിഭാഗം - 2

وَمَا ٱخْتَلَفْتُمْ فِيهِ مِن شَىْءٍ فَحُكْمُهُۥٓ إِلَى ٱللَّهِ ۚ ذَٰلِكُمُ ٱللَّهُ رَبِّى عَلَيْهِ تَوَكَّلْتُ وَإِلَيْهِ أُنِيبُ ﴿١٠﴾

《10》 ഏതൊരു കാര്യത്തിലും തന്നെ, നിങ്ങൾ ഭിന്നാഭിപ്രായത്തിലായാൽ, അതിന്റെ വിധി (നിശ്ചയിക്കുവാനുള്ള അധികാരം) അല്ലാഹുവിങ്കലാണ് (അങ്ങിനെയുള്ള)അവനാണ് എന്റെ രക്ഷിതാവായ അല്ലാഹു. അവന്റെ മേൽ ഞാൻ ഭരമേൽപ്പിച്ചിരിക്കുന്നു; അവനിലേക്ക് തന്നെ ഞാൻ (വിനയപ്പെട്ട്) മടങ്ങുകയും ചെയ്യുന്നു.

《10》 وَمَا ഏതൊന്നും ٱخْتَلَفْتُمْ فِيهِ അതിൽ നിങ്ങൾ ഭിന്നിച്ചു (ഭിന്നാഭിപ്രായത്തിലായി) مِن شَيْءٍ ഏതൊരു കാര്യവും فَحُكْمُهُ എന്നാലതിന്റെ വിധി, നിയമം إِلَى اللَّهِ അല്ലാഹുവിങ്കലേക്കാണ് ذَٰلِكُمُ اللَّهُ അത(അവന)ത്രെ അല്ലാഹു رَبِّي എന്റെ റബ്ബായ عَلَيْهِ അവന്റെ മേൽ تَوَكَّلْتُ ഞാൻ ഭരമേൽപിച്ചിരിക്കുന്നു وَإِلَيْهِ അവനിലേക്ക് തന്നെ أُنِيبُ ഞാൻ (മനസ്സു)മടങ്ങുകയും ചെയ്യുന്നു.

ഭിന്നാഭിപ്രായമുള്ള കാര്യത്തിന്റെ വിധി അല്ലാഹുവിങ്കലാണ് എന്ന് പറഞ്ഞതിന് രണ്ടു തരത്തിൽ വ്യാഖ്യാനം നൽകപ്പെട്ടിട്ടുണ്ട്

1) മതകാര്യങ്ങളിൽ വിവിധ സമുദായങ്ങൾ തമ്മിലുള്ള അഭിപ്രായഭിന്നതകളെക്കുറിച്ച് അല്ലാഹുവാണ് ക്വിയാമത്ത്നാളിൽ വിധികൽപിച്ചു തീരുമാനിക്കുന്നത് എന്നും

2) മതസംബന്ധമായ അഭിപ്രായ വ്യത്യാസങ്ങളിൽ വിധികൽപിക്കുവാനുള്ള യഥാർത്ഥ അധികാരം അല്ലാഹുവിന്മാത്രമാണ് എന്നും. ഈ രണ്ട് വ്യാഖ്യാനങ്ങളിലും അടങ്ങിയ തത്വങ്ങൾ തർക്കമറ്റതാണ്താനും. മതകാര്യങ്ങളിലുള്ള വിധികർത്തൃത്വം അല്ലാഹുവിന് മാത്രമായിരിക്കുമ്പോൾ, മറ്റാർക്കും തന്നെ - പണ്ഡിതൻമാർക്കോ-പുരോഹിതൻമാർക്കോ, പ്രവാചകൻമാർക്ക്പോലുമോ-സ്വന്തം വകയായി യാതൊരു നിയമവും മതത്തിൽ ആവിഷ്കരിക്കുവാൻ പാടില്ലെന്ന് വ്യക്തമാണ്. പക്ഷേ, അല്ലാഹുവിന്റെ പ്രതിനിധിയെന്ന നിലക്കും, ദൗത്യവാഹകൻ എന്ന നിലക്കും റസൂലിന്റെ വിധിയും, തീരുമാനവും അനുസരിക്കുവാൻ നാം കടമപ്പെടുന്നു. അതുകൊണ്ടാണ് നിങ്ങൾ വല്ല കാര്യത്തിലും അന്യോന്യം പിണങ്ങിയാൽ-ഭിന്നിപ്പുണ്ടായാൽ-അത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കണം (فَإِن تَنَازَعْتُمْ فِي شَيْءٍ فَرُدُّوهُ إِلَى اللَّهِ وَالرَّسُولِ–النساء: ٩) എന്ന് അല്ലാഹു കൽപിച്ചിരിക്കുന്നതും. അല്ലാഹുവിങ്കൽ നിന്നുള്ള വഹ്‌യിന്റെ അടിസ്ഥാനത്തിലല്ലാതെ റസൂൽ സ്വന്തം വകയായി ഒന്നും വിധികൽപിക്കുകയില്ലെന്ന് തീർച്ചതന്നെ. (وَمَا يَنطِقُ عَنِ الْهَوَىٰ – النجم: ٣)

فَاطِرُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ جَعَلَ لَكُم مِّنْ أَنفُسِكُمْ أَزْوَٰجًا وَمِنَ ٱلْأَنْعَٰمِ أَزْوَٰجًا ۖ يَذْرَؤُكُمْ فِيهِ ۚ

﴾11﴿ (അവൻ) ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടികർത്താവാകുന്നു. നിങ്ങൾക്ക് വേണ്ടി നിങ്ങളിൽ നിന്ന് തന്നെ അവൻ ഇണകളെ ഉണ്ടാക്കിത്തന്നിരിക്കുന്നു; കാലികളിലും തന്നെ. ഇണകളെ (ഉണ്ടാക്കിയിരിക്കുന്നു); അതിൽകൂടി [അതുവഴി] അവൻ നിങ്ങളെ പെരുപ്പിച്ചുണ്ടാക്കുന്നു.

لَيْسَ كَمِثْلِهِۦ شَىْءٌ ۖ وَهُوَ ٱلسَّمِيعُ ٱلْبَصِيرُ ﴿١١﴾

അവനെപ്പോലെ യാതൊരു വസ്തുവും ഇല്ല. അവൻ (എല്ലാം) കേൾക്കുന്നവനാണ്, കാണുന്നവനാണ്.

﴾11﴿ فَاطِرُ السَّمَاوَاتِ ആകാശങ്ങളുടെ സൃഷ്ടികർത്താവ് وَالْأَرْضِ ഭൂമിയുടെയും جَعَلَ لَكُم നിങ്ങൾക്ക് അവൻ ഉണ്ടാക്കിത്തന്നു مِنْ أَنفُسِكُمْ നിങ്ങളിൽ (നിങ്ങളുടെ വർഗത്തിൽ)നിന്നുതന്നെ أَزْوَاجًا ഇണകളെ وَمِنَ الْأَنْعَامِ ആടുമാടൊട്ടകം (കാലി)കളിൽനിന്നും أَزْوَاجًا ഇണകളെ يَذْرَؤُكُمْ നിങ്ങളെ അവൻ പെരുപ്പിച്ചുണ്ടാക്കുന്നു فِيهِ അതിൽ(കൂടി) لَيْسَ ഇല്ല كَمِثْلِهِ അവനെപ്പോലെ (അവന്തുല്യമായി) شَيْءٌ യാതൊരുവസ്തുവും وَهُوَ അവൻ കേൾക്കുന്നവനാണ് السَّمِيعُ കാണുന്നവനാണ്

ഇസ്‌ലാമിക വിശ്വാസത്തിൽ മൗലികപ്രധാനമായ ഒരു തത്വമാണ് لَيْسَ كَمِثْلِهِ شَيْءٌ (അവനെപ്പോലെ ഒരു വസ്തുവും ഇല്ല) എന്ന വാക്യം അല്ലാഹുവിന്റെ പരിശുദ്ധ സത്തയിലാകട്ടെ, ഉൽകൃഷ്ട ഗുണങ്ങളിലാകട്ടെ, പ്രവർത്തനങ്ങളിലാകട്ടെ, അധികാരാവകാശങ്ങളിലാകട്ടെ അവനെപ്പോലെ-അവന് തുല്യമായോ, കിടയൊത്തോ-യാതൊന്നുംതന്നെ ഇല്ല. ഇതിൽ ഏതെങ്കിലും ഒന്നിൽ അവനോട് തുല്യതയോ, സമത്വമോ കൽപിക്കുന്നതിനാണ് ശിർക്ക് (പങ്കുചേർക്കൽ-അഥവാ ബഹുദൈവവിശ്വാസം)എന്ന് പറയുന്നത്. അതുകൊണ്ട് സൃഷ്ടികളെ സംബന്ധിച്ച് ഉപയോഗിക്കപ്പെടാറുള്ള ഏതെങ്കിലും നാമങ്ങളോ, ക്രിയാവിശേഷണങ്ങളോ അല്ലാഹുവിനോട് ബന്ധപ്പെടുത്തിക്കൊണ്ട് ക്വുർആനിലോ ഹദീഥിലോ ഉപയോഗിച്ചു കണ്ടാൽ തന്നെയും, അതു ഭാഷയുടെയും വാച്യാർത്ഥത്തിന്റെയും അടിസ്ഥാനത്തിൽ മാത്രം പറയപ്പെടുന്നതാണെന്നും, ഉദ്ദേശ്യത്തിലും യാഥാർത്ഥ്യത്തിലും അവ വ്യത്യസ്തമായിരിക്കുമെന്നും മനസ്സിലാക്കേണ്ടതാണ്.

ഉദാഹരണമായി അല്ലാഹു കാണുന്നവനാണ് (بَصِير) അവൻ കേൾക്കുന്നവനാണ് (سَمِيع) അവൻ പറഞ്ഞു (قَال) അവന്റെ കൈകൾ (يَدَاهُ) അവന്റെ മുഖം (وَجْهُ الله) എന്നിങ്ങിനെയുള്ള പ്രയോഗങ്ങൾ കാണുമ്പോൾ അവയൊന്നും തന്നെ, സൃഷ്ടികളുടെതുമായി താരതമ്യപ്പെടുത്തുവാൻ പാടില്ലാത്തതാണെന്നും, അല്ലാഹുവിന്റെ പരിശുദ്ധതക്കും മഹത്വത്തിനും യോജിക്കുന്ന വിധത്തിലുള്ള യാഥാർത്ഥ്യങ്ങളാണ് അവ ഉൾക്കൊ

ള്ളുന്നതെന്നും ഓർമിച്ചിരിക്കേണ്ടതാകുന്നു. അല്ലാഹു അർശിൽ ആരോഹണം ചെയ്തിരിക്കുന്നു (اِستوى على العرش) എന്നത് പോലെയുള്ള വാക്യങ്ങളെപ്പറ്റി, അവയുടെ അർത്ഥം നമുക്കറിയാം. പക്ഷേ, അതെങ്ങിനെയാണെന്ന വസ്തുത നമുക്ക് അജ്ഞാതമാണ് എന്ന് മുൻഗാമികളായ മഹാൻമാർ പറയാറുള്ളതും അതുകൊണ്ടത്രെ.

മനുഷ്യർക്ക് സ്വന്തം വർഗത്തിൽ നിന്നുതന്നെ ഇണകളെ ഏർപ്പെടുത്തിക്കൊടുത്തതും അവരുടെ ഉപയോഗാർത്ഥം ആടുമാടൊട്ടകങ്ങളിലും അതുപോലെ ഇണകളുണ്ടാക്കിക്കൊടുത്തതും മനുഷ്യന് അല്ലാഹു ചെയ്ത രണ്ട് മഹത്തായ അനുഗ്രഹങ്ങളാണല്ലോ. തുടർന്ന് പറഞ്ഞിട്ടുള്ള വാക്യം പ്രത്യേകം ശ്രദ്ധേയമാകുന്നു. മനുഷ്യരെ ആണും പെണ്ണുമാകുന്ന ഇണകളാക്കി വെച്ചിട്ടുള്ളതിന്റെ പ്രധാന ലക്ഷ്യം, അഥവാ പ്രകൃതിപരമായ അതിന്റെ ആവശ്യം അല്ലാഹു ആ വാക്യം മുഖേന നമ്മെ ഉണർത്തിയിരിക്കുന്നു. അതെ, അതുവഴി മനുഷ്യവർഗത്തെ വർദ്ധിപ്പിച്ച് പോഷിപ്പിക്കുവാനാണ് മനുഷ്യസ്രഷ്ടാവ് അതുകൊണ്ട് ഉദ്ദേശിക്കുന്നത് (يَذْرَؤُكُمْ فِيهِ) സൂറത്തുൽബഖറഃ 223-ൽ നിങ്ങളുടെ ഭാര്യമാർ നിങ്ങളുടെ വിളനിലമാണ് (نِسَآؤُكُمْ حَرْثٌ لَّكُمْ) എന്നു പ്രസ്താവിച്ചിട്ടുള്ളതും ഈ തത്വം തന്നെയാണ് വ്യക്തമാക്കുന്നത്.

സർവ്വജ്ഞനായ സ്രഷ്ടാവ് - എല്ലാ വസ്തുവെയും സൃഷ്ടിച്ച് അതതിന്റേതായ പ്രകൃതി വിശേഷങ്ങളും അതതിന്റെ നിലനിൽപ്പിനും വളർച്ചക്കും വേണ്ടുന്ന മാർഗദർശനങ്ങളും നൽകിയ ലോകനിയന്താവ്-മനുഷ്യരെ പുരുഷനും, സ്ത്രീയുമായി ഇണ ചേർത്തത് മനുഷ്യവംശത്തെ വർദ്ധിപ്പിക്കുവാനാണെന്ന് പറയുമ്പോൾ, ജനപ്പെരുപ്പത്തിന്റെ പൊട്ടിത്തെറിയെ ഭയന്ന്-മനുഷ്യ ജനനം തടഞ്ഞു നിർത്തുവാൻ വേണ്ടി-മൃഗങ്ങളെപ്പോലും ലജ്ജിപ്പിക്കുമാറ് പ്രകൃതിവിരുദ്ധവും, സദാചാര വിരുദ്ധവുമായ കൃത്രിമ മാർഗങ്ങൾ സ്വീകരിക്കുകയും, അതിനുവേണ്ടി നാടൊട്ടുക്കും മുറവിളി കൂട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്നത് എത്രമാത്രം ധിക്കാരവും, വിഡ്ഢിത്തവുമായിരിക്കും?! ഈ ധിക്കാരത്തിന്റെ ദുരന്തഫലം അതിന്റെ വൈതാളികൻമാർ ഇന്നല്ലെങ്കിൽ നാളെ അനുഭവിക്കാതിരിക്കയില്ല; നിശ്ചയം. പ്രയോജനപ്പെടാത്ത അവസരത്തിലായിരിക്കും ഒരു പക്ഷേ, അത് ബോധ്യപ്പെടുക. ജനവർദ്ധവ് നിമിത്തം, ഭക്ഷണക്ഷാമവും, പാർപ്പിട ദൗർലഭ്യവും നേരിടേണ്ടി വരുമെന്ന് കണക്ക് കൂട്ടിപ്പറയുന്ന ശാസ്ത്രപടുക്കൾക്ക്-സർവ്വജ്ഞനും, സർവ്വശക്തനുമായ ഒരു ലോകനിയന്താവിൽ അവർ വിശ്വസിക്കുന്നപക്ഷം-അടുത്ത വചനത്തിൽ തന്നെ അതിന് മറുപടി കാണാവുന്നതാണ്.

لَهُۥ مَقَالِيدُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ يَبْسُطُ ٱلرِّزْقَ لِمَن يَشَآءُ وَيَقْدِرُ ۚ إِنَّهُۥ بِكُلِّ شَىْءٍ عَلِيمٌ ﴿١٢﴾

﴾12﴿ ആകാശങ്ങളുടെയും, ഭൂമിയുടെയും (ഖജനാക്കളുടെ) താക്കോലുകൾ അവന്റേതാകുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ ഉപജീവനം [ആഹാരം] വിശാലപ്പെടുത്തിക്കൊടുക്കുന്നു; (അവൻ ഉദ്ദേശിക്കുന്നവർക്ക്) കുടുസ്സാക്കുകയും ചെയ്യുന്നു. നിശ്ചയമായും, അവൻ എല്ലാ കാര്യത്തെക്കുറിച്ചും അറിയുന്നവനാണ്.

﴾12﴿ لَهُ അവന്നാണ്, അവന്റേതാണ് مَقَالِيدُ താക്കോലുകൾ, ഖജനാക്കൾ(അധികാരങ്ങൾ) السَّمَاوَاتِ ആകാശങ്ങളുടെ وَالأَرْضِ ഭൂമിയുടെയും يَبْسُطُ الرِّزْقَ അവൻ ഉപജീവനം(ആഹാരം) വിശാലമാക്കുന്നു لِمَنْ يَشَاءُ താൻ ഉദ്ദേശിക്കുന്നവർക്ക് وَيَقْدِرُ കണക്കാക്കുക(കുടുസ്സാക്കുക)യും ചെയ്യുന്നു إِنَّهُ നിശ്ചയമായും അവൻ بِكُلِّ شَيْءٍ എല്ലാകാര്യത്തെ(വസ്തുവെ)ക്കുറിച്ചും عَلِيمٌ അറിയുന്നവനാണ്.

ഈ ആയത്തിലെ ആശയം ക്വുർആനിൽ അല്ലാഹു ആവർത്തിച്ചു പറയാറുള്ളതാണ്. (സൂ: ക്വസ്വസ്വ് 82; റൂം, 37 ; സുമർ 52, സബഉ് 36, 39 അൻകബൂത്ത് 62. എന്നിവയും മറ്റും നോക്കുക.) മനുഷ്യനെ സൃഷ്ടിക്കുകയും, അവന്റെ വർഗപരിപോഷണത്തിന് വേണ്ട ഏർപ്പാടുകൾ ചെയ്യുകയും, അവന്റെ ഉപജീവനമാർഗങ്ങൾ ഒരുക്കുകയും ചെയ്ത അതേ രക്ഷിതാവ് മനുഷ്യന്റെ ജീവിതത്തിൽ അവൻ കൈക്കൊള്ളേണ്ടുന്ന നിയമവ്യവസ്ഥയും അവന് നിശ്ചയിച്ചുകൊടുക്കാതിരുന്നിട്ടില്ല. നബിﷺയെ അഭിമുഖീകരിച്ചുകൊണ്ട് അടുത്ത വചനത്തിൽ പറയുന്നു:

۞ شَرَعَ لَكُم مِّنَ ٱلدِّينِ مَا وَصَّىٰ بِهِۦ نُوحًا وَٱلَّذِىٓ أَوْحَيْنَآ إِلَيْكَ وَمَا وَصَّيْنَا بِهِۦٓ إِبْرَٰهِيمَ وَمُوسَىٰ وَعِيسَىٰٓ ۖ أَنْ أَقِيمُوا۟ ٱلدِّينَ وَلَا تَتَفَرَّقُوا۟ فِيهِ ۚ كَبُرَ عَلَى ٱلْمُشْرِكِينَ مَا تَدْعُوهُمْ إِلَيْهِ ۚ ٱللَّهُ يَجْتَبِىٓ إِلَيْهِ مَن يَشَآءُ وَيَهْدِىٓ إِلَيْهِ مَن يُنِيبُ ﴿١٣﴾

﴾13﴿ നൂഹിനോട് അവൻ [അല്ലാഹു] കൽപിച്ചരുളിയതും, നിനക്ക് നാം വഹ്‌യ് നൽകിയിട്ടുള്ളതും, ഇബ്‌റാഹീമിനോടും, മൂസായോടും ഈസായോടും നാം കൽപിച്ചരുളിയതും (എന്താണോ അത് തന്നെ) അവൻ നിങ്ങൾക്ക് മതമായി നിയമിച്ചു തന്നിരിക്കുന്നു: അതായത്, (ഈ) മതത്തെ നിങ്ങൾ നിലനിറുത്തണം, അതിൽ നിങ്ങൾ ഭിന്നിച്ചു പോകരുത് എന്ന്. ബഹുദൈവവിശ്വാസികളെ ഏതൊന്നിലേക്ക് നീ വിളിക്കുന്നുവോ അതവർക്ക് വളരെ വമ്പിച്ച [ഭാരപ്പെട്ട] തായിരിക്കുകയാണ്. അല്ലാഹു ഉദ്ദേശിക്കുന്നവരെ തന്റെ അടുക്കലേക്ക് അവൻ തിരഞ്ഞെടുക്കുന്നു. (വിനയപ്പെട്ട്)മടങ്ങുന്നവർക്ക് അവൻ തന്റെ അടുക്കലേക്ക് മാർഗദർശനം നൽകുകയും ചെയ്യുന്നു.

﴾13﴿ شَرَعَ لَكُمْ നിങ്ങൾക്ക് അവൻ നിയമിച്ചു (മാർഗമാക്കി) തന്നിരിക്കുന്നു مِنَ الدِّينِ മതത്തിൽ നിന്ന്, മതമായി مَا وَصَّى بِهِ അവൻ കൽപിച്ചരുളിയത് نُوحًا നൂഹിനോട് وَالَّذِي أَوْحَيْنَا നാം വഹ്‌യ് നൽകിയതും إِلَيْكَ നിനക്ക് وَمَا وَصَّيْنَا بِهِ നാം കല്പിച്ച

രുളിയതും إِبْرَاهِيمَ ഇബ്‌റാഹീമിനോടും وَمُوسَىٰ وَعِيسَىٰ മൂസായോടും ഈസായോടും أَنْ أَقِيمُوا നിങ്ങൾ നിലനിറുത്തണമെന്ന് الدِّينَ മതത്തെ وَلَا تَتَفَرَّقُوا നിങ്ങൾ ഭിന്നിക്കരു തെന്നും فِيهِ അതിൽ كَبُرَ വളരെ വമ്പിച്ചതാണ്, വലുതായിരിക്കുന്നു عَلَى الْمُشْرِكِينَ മുശ്‌രിക്കുകൾക്ക് مَا تَدْعُوهُمْ إِلَيْهِ നീ അവരെ യാതൊന്നിലേക്ക് ക്ഷണിക്കുന്നുവോ അത് اللَّهُ يَجْتَبِي അല്ലാഹു തിരഞ്ഞെടുക്കുന്നു إِلَيْهِ അവനിലേക്ക് مَن يَشَاءُ അവനുദ്ദേശിക്കുന്ന വരെ وَيَهْدِي അവൻ മാർഗദർശനം നൽകുകയും ചെയ്യുന്നു إِلَيْهِ തന്നിലേക്ക്, അവനി ലേക്ക് مَن يُنِيبُ വിനയപ്പെട്ട് (മനസ്സ്)മടങ്ങുന്നവരെ.

മുഹമ്മദ് നബിയുടെ സമുദായമായ ഈ സമുദായത്തിന് അല്ലാഹു കൽപിച്ചരുളിയിരിക്കുന്ന ഈ മതം ഒരു പുതിയ മതമൊന്നുമല്ല. നൂഹ് (അ), ഇബ്‌റാഹീം (അ), മൂസാ (അ) മുതലായ മുൻപ്രവാചകവര്യൻമാരോട് കൽപിക്കപ്പെട്ടിരുന്നതും, മുഹമ്മദ് നബിക്ക് ബോധനം ലഭിച്ചിട്ടുള്ളതുമെല്ലാം ഈ ഒരേ മതം തന്നെയാകുന്നു. ഈ മതം-അതെ, തൗഹീദിൽ അധിഷ്ഠിതമായ ഇസ്‌ലാം മതം-പ്രബോധനം ചെയ്‌വാനും, അതിൽ ഭിന്നിപ്പും ഛിദ്രവും ഉണ്ടാക്കാതെ നിലനിറുത്തുവാനും തന്നെയാണ് എല്ലാവരോടും കല്പിക്കപ്പെട്ടിട്ടുള്ളതും. പക്ഷേ, ശിർക്കിൽ അടിയുറച്ച ബഹുദൈവവിശ്വാസികളെ സംബന്ധിച്ചിടത്തോളം - അവരുടെ ചിരകാലപാരമ്പര്യത്തിന് വിരുദ്ധമാണെന്ന കാരണത്താൽ-മുഹമ്മദ് പ്രബോധനം ചെയ്യുന്ന ഈ മതം പുത്തൻമതമാണെന്നാണ് അവരുടെ ധാരണ. തന്നിമിത്തം അത് സ്വീകരിക്കുന്നത് അവർക്ക് അസഹ്യമായിത്തോന്നുകയാണ്. എന്നാൽ, ഹൃദയം മരവിച്ചിട്ടില്ലാത്ത സഹൃദയൻമാരാകട്ടെ, ഈ മതം അംഗീകരിക്കുന്നതും, അതുവഴി അല്ലാഹുവിന്റെ കാരുണ്യത്തിനും, സാമീപ്യത്തിനും അവർ അർഹരായിത്തീരുന്നതുമാകുന്നു എന്ന് സാരം. ആദംനബി(അ)ക്ക്ശേഷം ഒരു സമുദായത്തിലേക്ക് നിയോഗിക്കപ്പെട്ട ആദ്യത്തെ റസൂലാണ് നൂഹ് (അ). അന്ത്യപ്രവാചകനായ മുഹമ്മദ് നബിﷺക്കും അദ്ദേഹത്തിനുമിടയിൽ കഴിഞ്ഞുപോയ മുർസലുകളിൽ പ്രധാനികളാണ് മറ്റു മൂന്ന് മുർസലുകളും.

الدِّين (മതം) എന്ന വാക്ക്കൊണ്ട് വിവക്ഷിക്കുന്നത് ഇസ്‌ലാംമതത്തിന്റെ മൗലിക സിദ്ധാന്തങ്ങളാകുന്നു. എല്ലാ പ്രവാചകൻമാരും പ്രബോധനം ചെയ്തിരുന്നതും അതേ സിദ്ധാന്തങ്ങളായിരുന്നു: : آل عمران –إِنَّ الدِّينَ عِندَ اللَّهِ الْإِسْلَامُ (അല്ലാഹുവിന്റെ അടുക്കൽ മതം ഇസ്‌ലാമാണ്) وَمَن يَبْتَغِ غَيْرَ الْإِسْلَامِ دِينًا فَلَن يُقْبَلَ مِنْهُ وَهُوَ فِي الْآخِرَةِ مِنَ الْخَاسِرِينَ ٨٥ : آل عمران–(ആരെങ്കിലും ഇസ്‌ലാമിനെയല്ലാതെ മതമായി അന്വേഷിക്കുന്നപക്ഷം അത് അവനിൽ നിന്ന് സ്വീകരിക്കപ്പെടുന്നതേയല്ല. പരലോകത്ത് അവൻ നഷ്ടപ്പെട്ടവരുടെ കൂട്ടത്തിലുമായിരിക്കും) എന്നിങ്ങിനെയുള്ള ക്വുർആൻ വചനങ്ങൾ ഈ വസ്തുതയാണ് ചൂണ്ടിക്കാട്ടുന്നത്. പ്രസ്തുത മൗലിക സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിലുള്ള കർമപരവും, ശാഖാപരവുമായ കാര്യങ്ങളിൽ, സമുദായങ്ങൾക്കിടയിൽ കാലാനുസൃതമായ ചില മാറ്റങ്ങൾ സ്വീകരിക്കപ്പെട്ടിരുന്നുവെന്ന് മാത്രം. لِكُلٍّ جَعَلْنَا مِنكُمْ شِرْعَةً ٤٨ : المائدة –وَمِنْهَاجًا(നിങ്ങളിൽ-വേദത്തിന്റെ ആൾക്കാരിൽ-പെട്ട എല്ലാവർക്കും നാം ഓരോ നിയമമാർഗവും രീതിയും ഏർപ്പെടുത്തിയിരിക്കുന്നു) എന്ന വചനം അതാണ് വ്യക്തമാക്കുന്നത്. ഏറ്റവും ഒടുവിലത്തെ സമുദായമായ ഈ സമുദായത്തിന് ഇസ്‌ലാമിന്റെ പ്രായോഗിക രൂപങ്ങളിൽവെച്ച് ഏറ്റവും പരിപൂർണവും ലോകവസാനം

വരെ നിലവിലിരിക്കുന്നതുമായ അന്തിമരൂപം അല്ലാഹു നിശ്ചയിച്ചുകൊടുത്തിരിക്കുക യാണ്. الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا–المائدة: ٣ (ഇന്നേ ദിവസം നിങ്ങൾക്ക് നിങ്ങളുടെ മതം ഞാൻ പൂർത്തീകരിച്ചു തന്നിരിക്കുന്നു. നിങ്ങളിൽ എന്റെ അനുഗ്രഹം ഞാൻ പരിപൂർണമാക്കുകയും ചെയ്തി രിക്കുന്നു. നിങ്ങൾക്ക് ഞാൻ ഇസ്‌ലാമിനെ മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കു ന്നു) പരമാർത്ഥം ഇങ്ങിനെയിരിക്കെ, ദൈവികമതമായ ഈ ഏകമതത്തിൽ ഭിന്ന കക്ഷി കൾ എങ്ങിനെ ഉടലെടുത്തുവെന്ന് അടുത്ത വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നു:

وَمَا تَفَرَّقُوٓاْ إِلَّا مِنۢ بَعْدِ مَا جَآءَهُمُ ٱلْعِلْمُ بَغْيًۢا بَيْنَهُمْ ۚ وَلَوْلَا كَلِمَةٌ سَبَقَتْ مِن رَّبِّكَ إِلَىٰٓ أَجَلٍ مُّسَمًّى لَّقُضِىَ بَيْنَهُمْ ۚ وَإِنَّ ٱلَّذِينَ أُورِثُواْ ٱلْكِتَـٰبَ مِنۢ بَعْدِهِمْ لَفِى شَكٍّ مِّنْهُ مُرِيبٍ ﴿١٤﴾

﴿14﴾ തങ്ങൾക്ക് അറിവ് വന്നെത്തിയശേഷമല്ലാതെ അവർ ഭിന്നിച്ചിട്ടില്ല താനും; (അതെ) അവർക്കിടയിലുള്ള ധിക്കാരം നിമിത്തം. നിർണയം ചെയ്യപ്പെട്ട ഒരു (നിശ്ചിത) അവധിവരേക്കും (ബാധകമായ) ഒരു വാക്ക് നിന്റെ റബ്ബിങ്കൽ നിന്ന് മുമ്പുണ്ടായിട്ടില്ലായിരുന്നുവെങ്കിൽ, അവർക്കിടയിൽ വിധി നിശ്ചയിക്കപ്പെടുകതന്നെ ചെയ്തിരുന്നു.

അവർക്ക്ശേഷം വേദഗ്രന്ഥം അനന്തരാവകാശമായി നൽകപ്പെട്ടവരാകട്ടെ, നിശ്ചയമായും അതിനെക്കുറിച്ച് ആശങ്കാപരമായ സംശയത്തിലുമാകുന്നു.

﴿14﴾ وَمَاتَفَرَّقُوا അവർ ഭിന്നിച്ചിട്ടുമില്ല, വേർപിരിഞ്ഞിട്ടില്ല إِلَّامِنۢبَعْدِ ശേഷമല്ലാതെ مَاجَاءَهُمُ അവർക്ക് വന്നതിന്റെ الْعِلْمُ അറിവ് بَغْيًا ധിക്കാരം (അതിക്രമം, താന്തോന്നിത്തം, ശത്രുത, അസൂയ)നിമിത്തം بَيْنَهُمْ അവർക്കിടയിലുള്ള وَلَوْلَا ഇല്ലായിരുന്നെങ്കിൽ كَلِمَةٌ ഒരു വാക്ക് سَبَقَتْ മുൻകഴിഞ്ഞ, കഴിഞ്ഞുപോയ مِنرَّبِّكَ നിന്റെ റബ്ബിങ്കൽ നിന്ന് إِلَىٰأَجَلٍ ഒരു അവധിവരേക്ക് مُسَمًّى നിർണയിക്കപ്പെട്ട, പേര് പറയപ്പെട്ട لَقُضِيَ വിധി നിശ്ചയിക്ക(തീരുമാനിക്ക)പ്പെടുകതന്നെ ചെയ്തിരുന്നു بَيْنَهُمْ അവർക്കിടയിൽ وَإِنَّالَّذِينَ നിശ്ചയമായും യാതൊരുവൻ أُورِثُواالْكِتَابَ വേദഗ്രന്ഥം അനന്തരാവകാശമായി നൽകപ്പെട്ട مِنۢبَعْدِهِمْ അവരുടെ ശേഷം لَفِيشَكٍّ സംശയത്തിൽതന്നെയാണ് مِنْهُ അതിനെക്കുറിച്ച് مُرِيبٍ ആശങ്കപരമായ, സന്ദേഹകരമായ

സത്യം ഇന്നതാണെന്ന് അറിയാതെയല്ല സമുദായങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടായത്. നേരെമറിച്ച് വേണ്ടത്ര അറിവും മാർഗദർശനവും എല്ലാവർക്കും ലഭിച്ചിട്ടുണ്ടായിരുന്നു. പക്ഷേ, സ്വാർത്ഥം, അസൂയ മാത്സര്യം, ധിക്കാരം തുടങ്ങിയ അതിരുകവിച്ചൽ മാത്രമാണ് ഭിന്നിപ്പിന് കാരണമായത്. ആ നിലക്ക് അവർ തികച്ചും ശിക്ഷാർഹരാകുന്നു.

പക്ഷേ, ശിക്ഷാനടപടി എടുക്കൽ പരലോകത്ത് വെച്ചാണെന്ന് അല്ലാഹു മുമ്പേ നിശ്ച യിച്ചുവെച്ചിരിക്കയാണ്. അല്ലായിരുന്നുവെങ്കിൽ തൽക്ഷണം തന്നെ ശിക്ഷ അവർക്ക് അനുഭവപ്പെടുമായിരുന്നു. മുൻഗാമികളായ വേദക്കാരുടെ കഥയാണ് ഇപ്പറഞ്ഞത്. എന്നാൽ, അവരുടെ ശേഷം വേദഗ്രന്ഥത്തിന്റെ അനുയായികളും അവകാശികളുമായി ത്തീർന്ന നിലവിലുള്ള - ജൂതരും ക്രിസ്ത്യാനികളുമാകുന്ന- വേദക്കാരുടെ സ്ഥിതിയോ? അവർ തങ്ങളുടെ പിതാക്കളെയും മുൻഗാമികളെയും പിന്തുടർന്ന് വരുന്നുവെന്നല്ലാതെ, തങ്ങളുടെ നിലപാടിനെ ന്യായീകരിക്കുന്ന അധികൃതമായ തെളിവോ ലക്ഷ്യമോ ഒന്നും അവർക്കില്ല. തങ്ങൾ സ്വീകരിച്ചുവരുന്ന വിശ്വാസാചാരങ്ങളെ സംബന്ധിച്ചേടത്തോളം അവ പരിശുദ്ധങ്ങളാണെന്ന ബോധ്യവും ഉറപ്പും അവർക്കുണ്ടോ ? അതുമില്ല. വാസ്ത വത്തിൽ അതിലവർ സംശയാലുക്കളും പരിഭ്രമചിത്തരുമാകുന്നു. പാരമ്പര്യവും അനു കരണവുമാണല്ലോ അവരുടെ അവലംബം.

فَلِذَٰلِكَ فَٱدْعُ ۖ وَٱسْتَقِمْ كَمَآ أُمِرْتَ ۖ وَلَا تَتَّبِعْ أَهْوَآءَهُمْ ۖ وَقُلْ ءَامَنتُ بِمَآ أَنزَلَ ٱللَّهُ مِن كِتَٰبٍ ۖ وَأُمِرْتُ لِأَعْدِلَ بَيْنَكُمُ ۖ ٱللَّهُ رَبُّنَا وَرَبُّكُمْ ۖ لَنَآ أَعْمَٰلُنَا وَلَكُمْ أَعْمَٰلُكُمْ ۖ لَا حُجَّةَ بَيْنَنَا وَبَيْنَكُمُ ۖ ٱللَّهُ يَجْمَعُ بَيْنَنَا ۖ وَإِلَيْهِ ٱلْمَصِيرُ ﴿١٥﴾

﴿15﴾ (നബിയേ) ആകയാൽ അതിലേക്ക് ക്ഷണിച്ചുകൊള്ളുക. നിന്നോട് കല്പിക്കപ്പെട്ടപ്രകാരം നീ (ശരിക്ക്) ചൊവ്വായി നിലകൊള്ളുകയും ചെയ്യുക. അവരുടെ ഇച്ഛകളെ പിൻപറ്റുകയും അരുത്.

നീ (ഇപ്രകാരം) പറഞ്ഞേക്കുകയും ചെയ്യുക: വേദഗ്രന്ഥമായിക്കൊണ്ട് അല്ലാഹു അവതരിപ്പിച്ചിട്ടുള്ളതിൽ (മുഴുവനും) ഞാൻ വിശ്വസിച്ചിരിക്കുന്നു. നിങ്ങൾക്കിടയിൽ നീതിപാലിക്കുവാൻ എന്നോട് കല്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അല്ലാഹു ഞങ്ങളുടെ റബ്ബും, നിങ്ങളുടെ റബ്ബുമാകുന്നു. ഞങ്ങളുടെ കർമങ്ങൾ ഞങ്ങൾക്ക്; നിങ്ങളുടെ കർമങ്ങൾ നിങ്ങൾക്കും, ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ ന്യായവാദം ഇല്ല. അല്ലാഹു നമ്മുടെ ഇടയിൽ ഒരുമിച്ചുകൂട്ടുന്നതാണ്. അവനിലേക്കാണ് തിരിച്ചെത്തലും.

﴿15﴾ فَلِذَٰلِكَ അതിലേക്ക്, അതിനാൽ فَادْعُ നീ ക്ഷണിക്കുക وَاسْتَقِمْ നീ ചൊവ്വായി നിൽക്കുകയും ചെയ്യുക كَمَا أُمِرْتَ നിന്നോട് കല്പിക്കപ്പെട്ടതുപോലെ وَلَا تَتَّبِعْ നീ പിൻപറ്റുകയും അരുത് أَهْوَاءَهُمْ അവരുടെ ഇച്ഛകളെ وَقُلْ നീ പറയുകയും ചെയ്യുക آمَنْتُ ഞാൻ വിശ്വസിച്ചിരിക്കുന്നു بِمَا أَنْزَلَ ഇറക്കിയതിൽ اللَّهُ അല്ലാഹു مِنْ كِتَابٍ വേദഗ്രന്ഥ

മായിട്ട് وَأُمِرْتُ ഞാൻ കല്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു لِأَعْدِلَ بَيْنَكُمُ
നിങ്ങൾക്കിടയിൽ നീതി ചെയ്വാൻ ٱللَّهُ رَبُّنَا അല്ലാഹു ഞങ്ങളുടെ റബ്ബാണ് وَرَبُّكُمْ
നിങ്ങളുടെ റബ്ബും لَنَآ أَعْمَٰلُنَا ഞങ്ങൾക്ക് ഞങ്ങളുടെ കർമങ്ങൾ, പ്രവൃത്തികൾ وَلَكُمْ
നിങ്ങൾക്ക് أَعْمَٰلُكُمْ നിങ്ങളുടെ കർമങ്ങളും لَا حُجَّةَ ന്യായം (തർക്കം, വാദം) ഇല്ല
بَيْنَنَا وَبَيْنَكُمُ ഞങ്ങളുടെയും നിങ്ങളുടെയും ഇടയിൽ ٱللَّهُ يَجْمَعُ അല്ലാഹു ഒരുമിച്ച്കൂട്ടും
بَيْنَنَا നമുക്കിടയിൽ وَإِلَيْهِ അവങ്കലേക്ക് തന്നെയാണ് ٱلْمَصِيرُ തിരിച്ചെത്തൽ

സത്യം ഇന്നതാണെന്ന് വ്യക്തമായി തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു. ഭിന്നിപ്പിന് കാരണം, അറിയായ്മയോഅവ്യക്തതയോ അല്ല; കേവലം വാശിയും മാത്സര്യബുദ്ധിയും മാത്രമാകുന്നു. അതുകൊണ്ടാണ് നമുക്കിടയിൽ ന്യായവാദത്തിന് സ്ഥാനം ഇല്ലെന്ന് പറയുന്നത്. അടുത്ത വചനം നോക്കുക:

وَٱلَّذِينَ يُحَآجُّونَ فِي ٱللَّهِ مِنۢ بَعۡدِ مَا ٱسۡتُجِيبَ لَهُۥ حُجَّتُهُمۡ دَاحِضَةٌ عِندَ رَبِّهِمۡ وَعَلَيۡهِمۡ غَضَبٞ وَلَهُمۡ عَذَابٞ شَدِيدٌ ١٦

16 **അല്ലാഹുവിന് [അവന്റെ മതത്തിന്] സ്വീകരണം ലഭിച്ചതിന്ശേഷം, അവന്റെ കാര്യത്തിൽ (തർക്കിച്ച്) ന്യായവാദം നടത്തുന്നവരാകട്ടെ, അവരുടെ ന്യായം തങ്ങളുടെ റബ്ബിന്റെ അടുക്കൽ ഫലശൂന്യമായതാകുന്നു [പരാജയപ്പെട്ടതാണ്]. അവരുടെ മേൽ കോപവും ഉണ്ടായിരിക്കും; കഠിനമായ ശിക്ഷയും അവർക്കുണ്ട്.**

ٱللَّهُ ٱلَّذِيٓ أَنزَلَ ٱلۡكِتَٰبَ بِٱلۡحَقِّ وَٱلۡمِيزَانَۗ وَمَا يُدۡرِيكَ لَعَلَّ ٱلسَّاعَةَ قَرِيبٞ ١٧

17 **അല്ലാഹുവത്രെ, യഥാർത്ഥ പ്രകാരം വേദഗ്രന്ഥവും, തുലാസ്സും ഇറക്കിയവൻ, തനിക്ക് എന്തറിയാം, അന്ത്യസമയം സമീപസ്ഥമായിരിക്കാം?**

يَسۡتَعۡجِلُ بِهَا ٱلَّذِينَ لَا يُؤۡمِنُونَ بِهَاۖ وَٱلَّذِينَ ءَامَنُواْ مُشۡفِقُونَ مِنۡهَا وَيَعۡلَمُونَ أَنَّهَا ٱلۡحَقُّۗ أَلَآ إِنَّ ٱلَّذِينَ يُمَارُونَ فِي ٱلسَّاعَةِ لَفِي ضَلَٰلِۭ

18 **അതിൽ വിശ്വസിക്കാത്തവർ അതിന് ധൃതികൂട്ടിക്കൊണ്ടിരിക്കുന്നു. വിശ്വസിച്ചവരാകട്ടെ, അതിനെക്കുറിച്ച് ഭയപ്പാടുള്ളവരുമാകുന്നു. അത് യഥാർത്ഥമാണെന്ന് അവർക്ക് അറിയുകയും ചെയ്യാം. അല്ലാ-(അറിയുക;) അന്ത്യസമയത്തിന്റെ കാര്യത്തിൽ തർക്കം നടത്തുന്നവർ നിശ്ച**

بَعِيدٍ ﴿١٨﴾ യമായും വിദൂരമായ വഴിപിഴവിൽ തന്നെയാകുന്നു.

﴾16﴿ وَالَّذِينَ يُحَاجُّونَ ന്യായവാദം നടത്തുന്നവർ فِي اللَّهِ അല്ലാഹുവിന്റെ കാര്യത്തിൽ مِن بَعْدِ ശേഷം مَا اسْتُجِيبَ لَهُ അവന് ഉത്തരം (സ്വീകരണം)ലഭിച്ചതിന്റെ حُجَّتُهُمْ അവരുടെ ന്യായം دَاحِضَةٌ ഫലശൂന്യമായത് (നിരർത്ഥം, പരാജയമടഞ്ഞത്)ആണ് عِندَ رَبِّهِمْ അവരുടെ റബ്ബിന്റെ അടുക്കൽ وَعَلَيْهِمْ അവരുടെ മേലുണ്ട്താനും غَضَبٌ കോപം, ദേഷ്യം وَلَهُمْ عَذَابٌ അവർക്ക് ശിക്ഷയുമുണ്ട് شَدِيدٌ കഠിനമായ ﴾17﴿ اللَّهُ الَّذِي അല്ലാഹു യാതൊരുവനാകുന്നു أَنزَلَ الْكِتَابَ ഗ്രന്ഥം ഇറക്കിയ بِالْحَقِّ യഥാർത്ഥപ്രകാരം وَالْمِيزَانَ തുലാസ്സും وَمَا يُدْرِيكَ നിനക്കെന്തറിയാം, അറിയാമോ لَعَلَّ السَّاعَةَ അന്ത്യസമയമായേക്കാം قَرِيبٌ അടുത്തത്, സമീപസ്ഥം ﴾18﴿ يَسْتَعْجِلُ بِهَا അതിന് ധൃതികൂട്ടിക്കൊണ്ടിരിക്കുന്നു الَّذِينَ യാതൊരുകൂട്ടർ لَا يُؤْمِنُونَ بِهَا അതിൽ വിശ്വസിക്കാത്ത وَالَّذِينَ آمَنُوا വിശ്വസിച്ചവരാകട്ടെ مُشْفِقُونَ مِنْهَا അതിനെപ്പറ്റി ഭയപ്പെടുന്നവരാണ് وَيَعْلَمُونَ അവർ അറിയുകയും ചെയ്യും أَنَّهَا الْحَقُّ അത് യഥാർത്ഥമാണെന്ന് أَلَا അല്ലാ, അറിയുക إِنَّ الَّذِينَ നിശ്ചയമായും യാതൊരുവൻ يُمَارُونَ തർക്കം നടത്തുന്ന, സംശയം പ്രകടിപ്പിക്കുന്ന فِي السَّاعَةِ അന്ത്യസമയത്തിന്റെ കാര്യത്തിൽ لَفِي ضَلَالٍ വഴിപിഴവിൽതന്നെ بَعِيدٍ വിദൂരമായ

സത്യാസത്യങ്ങളെ വേർതിരിക്കുവാനും തൂക്കിക്കണക്കാക്കുവാനുമുള്ള തുലാസ്സും വേദഗ്രന്ഥവും അല്ലാഹു അവതരിപ്പിച്ചിട്ടുണ്ട്; അതിന്റെ അടിസ്ഥാനത്തിൽ പലരും അല്ലാഹുവിന്റെ ക്ഷണം സ്വീകരിക്കുകയും ചെയ്തു കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് എനി ഒരു ന്യായവാദത്തിനോ തർക്കത്തിനോ സ്ഥാനമില്ല. അത് അല്ലാഹുവിങ്കൽ വിലപ്പോകുകയുമില്ല എന്ന് വേദക്കാരെയും, അല്ലാത്തവരെയും ഉണർത്തുന്നു.

മുശ്‌രിക്കുകൾ അന്ത്യനാളിൽ വിശ്വസിക്കാത്തവരാണല്ലോ. അതുകൊണ്ട് അവർ പരിഹാസപൂർവ്വം അതിന് ധൃതികൂട്ടിക്കൊണ്ടിരിക്കുകയാണ്. അങ്ങിനെ ഒന്നുണ്ടെങ്കിൽ എപ്പോഴാണതുണ്ടാവുക ? എന്താണത് സംഭവിക്കാത്തത്? എന്നൊക്കെ അവർ പറയും. സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം അവർ അതിനെപ്പറ്റി വളരെ ഭയപ്പാടിലുമായിരിക്കും. കാരണം. അന്നത്തെ അതിഭയാനകങ്ങളായ സംഭവവികാസങ്ങളെപ്പറ്റിയും തുടർന്ന് സംഭവിക്കുവാനിരിക്കുന്ന വിചാരണ, രക്ഷാശിക്ഷകൾ മുതലായവയെപ്പറ്റിയും അവർ ബോധവാൻമാരാണല്ലോ. മനുഷ്യരടക്കമുള്ള സൃഷ്ടികളുടെ തുടക്കത്തെയും, ഒടുക്കത്തെയും (المبدأ والمعاد) സംബന്ധിച്ച-അല്ലാഹുവിലും അന്ത്യനാളിലുമുള്ള - വിശ്വാസങ്ങളാണ് എല്ലാ നൻമയുടെയും വിജയത്തിന്റെയും മൂലകാരണം. ആ രണ്ട് കാര്യങ്ങളിലുള്ള അവിശ്വാസമാണ് എല്ലാ തിൻമയുടെയും, പരാജയത്തിന്റെയും കാരണവും. അപ്പോൾ, അല്ലാഹുവിന്റെ വിഷയത്തിലെന്നപോലെത്തന്നെ അന്ത്യസമയത്തിന്റെ കാര്യത്തിലും തർക്കിച്ചും പരിഹസിച്ചുംകൊണ്ടിരിക്കുന്നവർ അങ്ങേഅറ്റം വഴിപിഴവിലല്ലാതെ ആയിരിക്കയില്ലല്ലോ.

اللَّهُ لَطِيفٌ بِعِبَادِهِ يَرْزُقُ مَن يَشَاءُ

﴾19﴿ അല്ലാഹു അവന്റെ അടിയാൻമാരോട് വളരെ സൗമ്യമുള്ളവനാകുന്നു. അവൻ ഉദ്ദേശിക്കുന്ന

وَهُوَ ٱلْقَوِىُّ ٱلْعَزِيزُ ﴿١٩﴾

വർക്ക് അവൻ കൊടുക്കുന്നു(ആഹാരം നൽകുന്നു) അവനത്രെ പ്രതാപശാലിയായ ശക്തനായുള്ളവൻ.

വിഭാഗം - 3

مَن كَانَ يُرِيدُ حَرْثَ ٱلْـَٔاخِرَةِ نَزِدْ لَهُۥ فِى حَرْثِهِۦ ۖ وَمَن كَانَ يُرِيدُ حَرْثَ ٱلدُّنْيَا نُؤْتِهِۦ مِنْهَا وَمَا لَهُۥ فِى ٱلْـَٔاخِرَةِ مِن نَّصِيبٍ ﴿٢٠﴾

《20》 ആരെങ്കിലും പരലോകത്തെ കൃഷി [വരുമാനം] ഉദ്ദേശിക്കുകയാണെങ്കിൽ, അവന് അവന്റെ കൃഷിയിൽ [വരുമാനത്തിൽ] നാം വർദ്ധിപ്പിച്ചുകൊടുക്കുന്നതാണ്; ആരെങ്കിലും ഇഹലോകത്തെ കൃഷി [വരുമാനം] ഉദ്ദേശിക്കുകയാണെങ്കിൽ അവന് അതിൽനിന്നും നാം കൊടുക്കും; (പക്ഷേ) പരലോകത്തിൽ അവന് യാതൊരു ഓഹരിയും ഇല്ലതാനും.

《19》 اَللّٰهُ അല്ലാഹു لَطِيفٌ സൗമ്യം (മയം) ഉള്ളവനാകുന്നു بِعِبَادِهِ തന്റെ അടിയാൻമാരോട് يَرْزُقُ അവൻ ഉപജീവനം നൽകുന്നു, കൊടുക്കും مَنْ يَشَاءُ അവൻ ഉദ്ദേശിക്കുന്നവർക്ക് وَهُوَ അവൻ തന്നെ الْقَوِيُّ ശക്തൻ الْعَزِيزُ പ്രതാപശാലി 《20》 مَنْ كَانَ ആരെങ്കിലും ആയാൽ يُرِيدُ ഉദ്ദേശിക്കും حَرْثَ الْآخِرَةِ പരലോകത്തെ കൃഷി (വിള, സമ്പാദ്യം) نَزِدْ لَهُ അവനു നാം വർദ്ധിപ്പിച്ചുകൊടുക്കും فِي حَرْثِهِ അവന്റെ കൃഷിയിൽ وَمَنْ كَانَ ആരെങ്കിലും ആയിരുന്നാൽ يُرِيدُ ഉദ്ദേശിക്കും حَرْثَ الدُّنْيَا ഇഹത്തിലെ കൃഷിയെ نُؤْتِهِ അവനു നാം കൊടുക്കും مِنْهَا അതിൽ നിന്ന് وَمَا لَهُ അവന്നില്ലതാനും فِي الْآخِرَةِ പരലോകത്ത് مِنْ نَصِيبٍ ഒരു അംശവും, പങ്കും

കൃഷി സ്ഥലം, ഉഴവ്, കൃഷി എന്നൊക്കെയാണ് حَرْثٌ എന്ന വാക്കിന്റെ അർത്ഥം. പ്രവർത്തനഫലങ്ങളാകുന്ന നേട്ടങ്ങളാണ് ഇവിടെ വിവക്ഷ. പരലോക ലഭ്യങ്ങളെ ഉന്നം വെച്ച് പ്രവർത്തിക്കുന്നവർക്ക് അല്ലാഹു കൂടുതൽ നേട്ടങ്ങൾ കൈവരുത്തിക്കൊടുക്കുമെന്നും, ഐഹിക ലാഭങ്ങളെ ഉന്നംവെക്കുന്നവർക്ക് അവരുടെ ഉദ്ദേശ്യങ്ങൾ മുഴുവൻ നിറവേറ്റുകയില്ല-ഏതോ ചിലത് മാത്രമേ നിറവേറ്റുകയുള്ളൂ-എന്നും, അതേസമയത്ത് അവർക്ക് പരലോകത്ത് യാതൊരു നൻമയും ലഭ്യമാകുവാനില്ലെന്നും അല്ലാഹു ഈ വചനത്തിൽ വ്യക്തമാക്കിയിരിക്കുന്നു. സൂറത്ത് ബനൂഇസ്റാഈലിലെ ചില ആയത്തുകൾ ഈ വിഷയം കൂടുതൽ വിശദീകരിക്കുന്നത് കാണാം, അല്ലാഹു പറയുന്നു :

مَنْ كَانَ يُرِيدُ الْعَاجِلَةَ عَجَّلْنَا لَهُ فِيهَا مَا نَشَاءُ لِمَنْ نُرِيدُ ثُمَّ جَعَلْنَا لَهُ جَهَنَّمَ يَصْلَاهَا مَذْمُومًا مَدْحُورًا ○ وَمَنْ أَرَادَ الْآخِرَةَ وَسَعَى لَهَا سَعْيَهَا وَهُوَ مُؤْمِنٌ فَأُولَٰئِكَ كَانَ سَعْيُهُمْ مَشْكُورًا ○ كُلًّا نُمِدُّ هَٰؤُلَاءِ وَهَٰؤُلَاءِ مِنْ عَطَاءِ رَبِّكَ وَمَا كَانَ عَطَاءُ رَبِّكَ مَحْظُورًا ○ – بنوا اسرائيل

(സാരം : ആരെങ്കിലും ഈ ക്ഷണികലോകത്തെ ഉദ്ദേശിക്കുന്നതായാൽ, അതിൽ അവന് - നാം ഉദ്ദേശിക്കുന്നവർക്ക് - നാം വേണമെന്ന് വെക്കുന്നതെന്തോ അത് നാം ക്ഷണം നൽകുന്നതാണ്. പിന്നീട് അവന് നാം നരകം ഏർപ്പെടുത്തിക്കൊടുക്കും. ആക്ഷേപിക്കപ്പെട്ടവനും നിന്ദിക്കപ്പെട്ടവനുമായിക്കൊണ്ട് അവൻ അതിൽ കടന്നെരിയുന്നതാണ്. ആരെങ്കിലും പരലോകത്തെ ഉദ്ദേശിക്കുകയും, വിശ്വാസിയായിക്കൊണ്ട് അതിന്‌വേണ്ടി അതിന്റേതായ പരിശ്രമം പരിശ്രമിക്കുകയും ചെയ്താൽ അങ്ങിനെയുള്ളവരുടെ പരിശ്രമം നന്ദിപൂർവ്വം സ്വീകരിക്കപ്പെടുന്നതായിരിക്കും. എല്ലാവർക്കും - ഈ വിഭാഗത്തിനും ആ വിഭാഗത്തിനും തന്നെ - നിന്റെ റബ്ബിന്റെ സംഭാവനയിൽ നിന്ന് നാം കയ്യയച്ചു കൊടുക്കുന്നതാണ്. നിന്റെ റബ്ബിന്റെ സംഭാവന മുടക്കം ചെയ്യപ്പെട്ടതായിരിക്കയില്ല. (18- 20)

أَمْ لَهُمْ شُرَكَـٰٓؤُا۟ شَرَعُوا۟ لَهُم مِّنَ ٱلدِّينِ مَا لَمْ يَأْذَنۢ بِهِ ٱللَّهُ ۚ وَلَوْلَا كَلِمَةُ ٱلْفَصْلِ لَقُضِىَ بَيْنَهُمْ ۗ وَإِنَّ ٱلظَّـٰلِمِينَ لَهُمْ عَذَابٌ أَلِيمٌ ﴿٢١﴾

﴿21﴾ **അതല്ല-(ഒരുപക്ഷേ) അല്ലാഹു അനുവാദം നൽകിയിട്ടില്ലാത്ത വല്ലതും മതത്തിൽ പെട്ടതായി തങ്ങൾക്ക് നിയമിച്ചുകൊടുത്തിട്ടുള്ള വല്ല പങ്കാളികളും അവർക്കുണ്ടോ ?! തീരുമാനത്തിന്റെ വാക്ക് (മുമ്പ്) ഉണ്ടായിരുന്നില്ലെങ്കിൽ അവർക്കിടയിൽ (തൽക്ഷണം) വിധി നടത്തപ്പെടുമായിരുന്നു. അക്രമികളാകട്ടെ, നിശ്ചയമായും അവർക്ക് വേദനയേറിയ ശിക്ഷയുണ്ട്.**

تَرَى ٱلظَّـٰلِمِينَ مُشْفِقِينَ مِمَّا كَسَبُوا۟ وَهُوَ وَاقِعٌۢ بِهِمْ ۗ وَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ فِى رَوْضَاتِ ٱلْجَنَّاتِ ۖ لَهُم مَّا يَشَآءُونَ عِندَ رَبِّهِمْ ۚ ذَٰلِكَ هُوَ ٱلْفَضْلُ ٱلْكَبِيرُ ﴿٢٢﴾

﴿22﴾ **(ഈ) അക്രമികളെ, അവർ സമ്പാദിച്ചുവെച്ചതിനെപ്പറ്റി ഭയപ്പെടുന്നവരായി നിനക്ക് കാണാവുന്നതാണ്. അത് [ആ ശിക്ഷ] അവരിൽ സംഭവിക്കുന്നതാണ് താനും. വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർ സ്വർഗത്തോപ്പുകളിലുമായിരിക്കും. അവർ എന്തുദ്ദേശിക്കുന്നുവോ അത് തങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ അവർക്കുണ്ട്. അത്തന്നെയാണ് വലുതായ അനുഗ്രഹം (അഥവാ ശ്രേഷ്ഠത).**

﴿21﴾ أَمْ لَهُمْ അതല്ല (അഥവാ, ഒരുപക്ഷേ) അവർക്കുണ്ടോ شُرَكَاءُ പങ്കുകാർ شَرَعُوا لَهُمْ അവർക്ക് നിയമിച്ചു (മാർഗമാക്കി)കൊടുത്തിട്ടുള്ള مِنَ الدِّينِ മതത്തിൽ നിന്ന്, മതമായിട്ട്

مَا യാതൊന്ന് لَمْ يَأْذَنْ بِهِ അതിന് അനുവാദം നൽകിയിട്ടില്ല اللَّهُ അല്ലാഹു وَلَوْلَا ഇല്ലായിരുന്നുവെങ്കിൽ كَلِمَةُ الْفَصْلِ തീരുമാനത്തിന്റെ വാക്ക് لَقُضِيَ വിധി നടത്തപ്പെടുമായിരുന്നു بَيْنَهُمْ അവർക്കിടയിൽ وَإِنَّ الظَّالِمِينَ നിശ്ചയമായും അക്രമികൾ لَهُمْ عَذَابٌ അവർക്ക് ശിക്ഷയുണ്ട് أَلِيمٌ വേദനയേറിയ ﴾22﴿ تَرَى الظَّالِمِينَ അക്രമികളെ നിനക്ക് കാണാം, നീ കാണും مُشْفِقِينَ ഭയപ്പെടുന്നവരായി مِمَّا كَسَبُوا അവർ സമ്പാദിച്ച (പ്രവർത്തിച്ച)തിനെപ്പറ്റി وَهُوَ وَاقِعٌ അത് സംഭവിക്കുന്നതുമാണ് بِهِمْ അവരിൽ وَالَّذِينَ آمَنُوا വിശ്വസിച്ചവർ وَعَمِلُوا الصَّالِحَاتِ സൽക്കർമങ്ങൾ പ്രവർത്തിക്കയും ചെയ്ത فِي رَوْضَاتِ തോപ്പുകളിലായിരിക്കും الْجَنَّاتِ സ്വർഗങ്ങളിലെ لَهُمْ അവർക്കുണ്ട് مَا يَشَاءُونَ അവരുദ്ദേശിക്കുന്നത് عِنْدَ رَبِّهِمْ തങ്ങളുടെ റബ്ബിന്റെ അടുക്കൽ ذَٰلِكَ هُوَ അത് തന്നെയാണ് الْفَضْلُ അനുഗ്രഹം, ശ്രേഷ്ഠത الْكَبِيرُ വലിയ

അല്ലാഹുവിലും പരലോകത്തിലും വിശ്വസിക്കാതെ തോന്നിയ മതാചാരങ്ങളും നടപടിക്രമങ്ങളും സ്വീകരിച്ചു വരുന്ന ബഹുദൈവവിശ്വാസികളുടെ ശ്രദ്ധയെ തട്ടിയുണർത്തുവാൻവേണ്ടി അല്ലാഹു നബിയോട് ചോദിക്കുകയാണ്: ഒരു പക്ഷേ, അല്ലാഹുവിന്റെ അനുമതിയില്ലാത്ത പുത്തൻ മതനിയമങ്ങൾ നിർമിച്ചു കൊടുക്കുന്ന മറ്റു വല്ല ദൈവങ്ങളും - മനുഷ്യരിൽനിന്നോ ജിന്നുകളിൽ നിന്നോ - അവർക്കുണ്ടോ; അഥവാ അതുകൊണ്ടാണോ അവർ ഈ നില സ്വീകരിക്കുന്നത് എന്ന്? ഉത്തരം വ്യക്തമാണല്ലോ. ന്യായവിസ്താരവും ശിക്ഷാനടപടികളും പരലോകത്തുവെച്ചായിരിക്കുമെന്ന് അല്ലാഹു മുമ്പേ തീരുമാനിച്ചുവെച്ചതാകകൊണ്ടാണ് ഇപ്പോൾ അവർ ശിക്ഷിക്കപ്പെടാത്തതെന്നും, വഴിയെ അതവർക്ക് നേരിടേണ്ടിവരുമെന്നും അവരെ താക്കീത് ചെയ്യുന്നു. അതോടൊപ്പം, സൽക്കർമികളായ സത്യവിശ്വാസികളുടെ ഭാവി എന്തായിരിക്കുമെന്നും ചൂണ്ടിക്കാട്ടുന്നു.

ذَٰلِكَ ٱلَّذِى يُبَشِّرُ ٱللَّهُ عِبَادَهُ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ ۗ قُل لَّآ أَسْـَٔلُكُمْ عَلَيْهِ أَجْرًا إِلَّا ٱلْمَوَدَّةَ فِى ٱلْقُرْبَىٰ ۗ وَمَن يَقْتَرِفْ حَسَنَةً نَّزِدْ لَهُۥ فِيهَا حُسْنًا ۚ إِنَّ ٱللَّهَ غَفُورٌ شَكُورٌ ﴿٢٣﴾

﴾23﴿ അതത്രെ, വിശ്വസിക്കുകയും. സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരായ തന്റെ അടിയാന്മാരോട് അല്ലാഹു സന്തോഷവാർത്ത അറിയിക്കുന്നത്. (നബിയേ) പറയുക: ഞാൻ നിങ്ങളോട് ഇതിന്റെ പേരിൽ യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല, അടുത്ത ബന്ധത്തിലുള്ള (സ്നേഹ)താൽപര്യം എന്നല്ലാതെ.

ആരെങ്കിലും, ഒരു നൻമ [പുണ്യം] പ്രവർത്തിച്ചുണ്ടാക്കുന്നതായാൽ, നാം അവന് അതിൽ നൻമ [ഗുണം] വർദ്ധിപ്പിച്ചുകൊടുക്കുന്നതാണ്. നിശ്ചയമായും അല്ലാഹു വളരെ പൊറുക്കുന്നവനും, വളരെ നന്ദിയുള്ളവനുമാണ്.

﴾23﴿ ذَٰلِكَ الَّذِي അതത്രെ, യാതൊന്ന് يُبَشِّرُ اللَّهُ അല്ലാഹു സന്തോഷവാർത്ത അറിയി ക്കുന്ന عِبَادَهُ തന്റെ അടിയാൻമാർക്ക് الَّذِينَ آمَنُوا വിശ്വസിച്ചവരായ وَعَمِلُوا الصَّالِحَاتِ സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്ത قُل നീ പറയുക لَّا أَسْأَلُكُمْ ഞാൻ നിങ്ങ ളോട് ചോദിക്കുന്നില്ല عَلَيْهِ അതിന്റെ (ഇതിന്റെ) പേരിൽ أَجْرًا ഒരു പ്രതിഫലവും إِلَّا الْمَوَدَّةَ താൽപര്യം (സ്നേഹം)അല്ലാതെ فِي الْقُرْبَىٰ അടുത്ത ബന്ധത്തിലുള്ള وَمَن يَقْتَرِفْ ആരെങ്കിലും പ്രവർത്തിച്ചുണ്ടാക്കുന്നതായാൽ حَسَنَةً വല്ല നൻമയും, പുണ്യകർമം نَّزِدْ لَهُ അവന് നാം വർദ്ധിപ്പിച്ചുകൊടുക്കും فِيهَا അതിൽ حُسْنًا നൻമ, ഗുണം, മെച്ചം إِنَّ اللَّهَ നിശ്ച യമായും അല്ലാഹു غَفُورٌ വളരെ പൊറുക്കുന്നവനാണ് شَكُورٌ നന്ദിയുള്ളവനാണ്.

സത്യമതപ്രബോധനം ചെയ്യുന്നതിന്റെ പേരിൽ, മുഹമ്മദ് നബിതിരുമേനിﷺയാക ട്ടെ, മറ്റേതെങ്കിലും പ്രവാചകൻമാരാകട്ടെ, ജനങ്ങളിൽനിന്ന് യാതൊരു പ്രതിഫലവും ആവശ്യപ്പെടുന്നില്ലെന്ന് നിരുപാധികം പ്രസ്താവിക്കുന്ന വളരെ അധികം ഖുർആൻ വചനങ്ങൾ കാണാം. പലതും ഇതിനുമുമ്പ് നാം വായിക്കുകയും ചെയ്തിരിക്കുന്നു. അടുത്ത ബന്ധത്തിലുള്ള താൽപര്യമല്ലാതെ (إِلَّا الْمَوَدَّةَ فِي الْقُرْبَىٰ) എന്ന്കൂടി ഈ വചന ത്തിൽ കൂടുതലായി പ്രസ്താവിച്ചിരിക്കുന്നു. الْقُرْبَىٰ എന്ന വാക്കിന് കുടുംബബന്ധം അടുപ്പം, പുണ്യകർമം എന്നിങ്ങിനെ പല അർത്ഥവും വരാവുന്നതുകൊണ്ട് ഇതിന് ഒന്നി ലധികം വ്യാഖ്യാനങ്ങൾ കാണുവാൻ കഴിയും. അവയിൽ ഏത് വ്യാഖ്യാനം സ്വീകരി ച്ചാലും ശരി, അത് കൊണ്ടുള്ള ഉദ്ദേശ്യം, പ്രബോധനത്തിന്റെ പേരിൽ നബിജനങ്ങളോട് എന്തെങ്കിലും ഒരു പ്രതിഫലം യഥാർത്ഥത്തിൽ ആവശ്യപ്പെടുന്നുണ്ടെന്നല്ല. പ്രസ്തുത വ്യാഖ്യാനങ്ങളുടെ ചുരുക്കം ഇതാണ്:

1) നാം തമ്മിലുള്ള കുടുംബബന്ധംനിമിത്തം നിങ്ങളെന്നോട് സ്നേഹം കാണിക്ക ണമെന്ന് മാത്രമേ ഞാനാവശ്യപ്പെടുന്നുള്ളൂ. അഥവാ, എന്റെ ദൗത്യനിർവ്വഹണത്തിൽ നിങ്ങൾ ഉൽസുകരല്ലെങ്കിൽ ഇരിക്കട്ടെ, നമ്മുടെ കുടുംബബന്ധം ഓർത്ത് നിങ്ങൾ എന്നെ തടസ്സപ്പെടുത്താതിരിക്കണം : കുടുംബബന്ധം പാലിക്കൽ എല്ലാവരുടെയും കടമയാ ണല്ലോ എന്ന് സാരം. ഖുറൈശികളെല്ലാം നബിയുമായി കുടുംബബന്ധമുള്ളവരാണ് താനും. ഇബ്നു കഥീർ (റ) മുതലായ പ്രധാന മുഫസ്സിറുകൾ പലരും സ്വീകരിച്ചതും, ഇബ്നു അബ്ബാസ് (റ) ൽ നിന്ന് ബുഖാരി (റ) ഉദ്ധരിച്ചതുമാണ് ഈ വ്യാഖ്യാനം.

2) നിങ്ങൾ അല്ലാഹുവിനെ അനുസരിച്ച് അവന്റെ അടുപ്പം സമ്പാദിക്കുന്നതിലുള്ള താൽപര്യമാണ് എനിക്കുള്ളത്. ഇതല്ലാതെ മറ്റൊരു പ്രതിഫലവും നിങ്ങളോട് ഞാൻ ആവശ്യപ്പെടുന്നില്ല.

3) എന്റെ അടുത്ത കുടുംബത്തോട് നിങ്ങൾ സ്നേഹം കാണിക്കണമെന്നല്ലാതെ മറ്റൊന്നും ഞാൻ ആവശ്യപ്പെടുന്നില്ല. അല്ലാഹുവിനെയും റസൂലിനെയും അനുസരി ക്കുകയും സ്നേഹിക്കുകയും ചെയ്യുന്നതിനാൽ സ്വാഭാവികമായും ഉണ്ടായിത്തീരുന്ന ഒന്നാണല്ലോ ഇത്. ഈ വ്യാഖ്യാനങ്ങളും, അതതിന്റെ ന്യായങ്ങളും, തെളിവുകളും വിവ രിച്ചശേഷം ഇബ്നുകഥീർ(റ) പ്രസ്താവിക്കുന്ന ചില വരികൾ ശ്രദ്ധേയമാകുന്നു, അദ്ദേഹം പറയുന്നു : ഇമാം ബുഖാരി ഉദ്ധരിച്ചതുപോലെ, ഈ സമുദായത്തിലെ മഹാ പണ്ഡിതനും, ഖുർആന്റെ അഭിഭാഷകനുമായ ഇബ്നു അബ്ബാസ് (റ) നൽകിയ വ്യാഖ്യാ നമാണ് യഥാർത്ഥ വ്യാഖ്യാനം. അഹ്‌ലുബൈത്തിനെ (നബിതിരുമേനിയുടെ വീട്ടുകാരെ

അഥവാ കുടുംബത്തെ)സംബന്ധിച്ചുള്ള വസിയ്യത്തും, അവരോട് ആദരവും നൻമയും കാണിക്കണമെന്ന കൽപനയും നാം നിഷേധിക്കുന്നില്ല. പദവിയിലും ശ്രേഷ്ഠതയിലും ഏറ്റവും മാന്യമായ ഗൃഹത്തിൽനിന്നുത്ഭവിച്ച സന്തതികളാണല്ലോ അവർ. അബ്ബാസ് അദ്ദേഹത്തിന്റെ മക്കളും, അലിയും അദ്ദേഹത്തിന്റെ മക്കളും, വീട്ടുകാരും (رَضِي الله عنهم) എന്നിങ്ങിനെയുള്ള അവരുടെ മുൻഗാമികളെപ്പോലെ നബിചര്യകളെ പിൻപറ്റി നടക്കുന്നവരാണെങ്കിൽ വിശേഷിച്ചും !. തുടർന്നുകൊണ്ട് ഈ വിഷയകമായി വന്നിട്ടുള്ള ചില ഹദീഥുകളും ഇബ്നു കഥീർ (റ) ഉദ്ധരിച്ചിരിക്കുന്നു. അവയിൽ ചിലത് ഇതാണ് :

1) അലി (റ) യോട് അബൂബക്ർ (റ) പ്രസ്താവിച്ചതായി ബുഖാരി (റ)നിവേദനം ചെയ്യുന്നു: എന്റെ കുടുംബം പാലിക്കുന്നതിനേക്കാൾ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് റസൂൽതിരുമേനിയുടെ കുടുംബം പാലിക്കലാകുന്നു

2) അൽപം ദീർഘമായ ഒരു ഹദീഥിൽ, നബിﷺ ഇപ്രകാരം ആവർത്തിച്ചു പറഞ്ഞതായി മുസ്ലിം(റ) മുതലായവർ ഉദ്ധരിക്കുന്നു : എന്റെ അഹ്‌ലുബൈത്തിന്റെ കാര്യത്തിൽ ഞാൻ നിങ്ങളോട് അല്ലാഹുവിനെ ഓർമപ്പെടുത്തുന്നു: (اذكركم الله في اهل بيتي) ആരെല്ലാമാണ്. അഹ്‌ലുബൈത്തിൽ ഉൾപ്പെടുന്നത് എന്നതിനെക്കുറിച്ച് സൂ: അഹ്സാബ് 33-ലും അതിന്റെ വ്യാഖ്യാനത്തിലും പ്രസ്താവിച്ചത് ഓർക്കുക.

أَمْ يَقُولُونَ ٱفْتَرَىٰ عَلَى ٱللَّهِ كَذِبًا ۖ فَإِن يَشَإِ ٱللَّهُ يَخْتِمْ عَلَىٰ قَلْبِكَ ۗ

《24》 അതല്ല (-പക്ഷേ,) അവൻ [നബി] അല്ലാഹുവിന്റെ പേരിൽ കളവ് കെട്ടിച്ചമച്ചു എന്ന് അവർ പറയുന്നുവോ?! എന്നാൽ, അല്ലാഹു ഉദ്ദേശിക്കുന്നപക്ഷം, (നബിയേ,) നിന്റെ ഹൃദയത്തിന് അവൻ മുദ്രവെക്കുന്നതാണ്.

وَيَمْحُ ٱللَّهُ ٱلْبَـٰطِلَ وَيُحِقُّ ٱلْحَقَّ بِكَلِمَـٰتِهِۦٓ ۚ إِنَّهُۥ عَلِيمٌۢ بِذَاتِ ٱلصُّدُورِ ﴿٢٤﴾

അല്ലാഹു മിഥ്യയായുള്ളതിനെ മായി(ച്ചു നീ)ക്കുകയും, യഥാർത്ഥമായുള്ളതിനെ തന്റെ വചനങ്ങൾ മൂലം യഥാർത്ഥമാ(യി സ്ഥാപി)ക്കുകയും ചെയ്യും. നിശ്ചയമായും അവൻ നെഞ്ച് [ഹൃദയം] കളിലുള്ളതിനെക്കുറിച്ച് അറിയുന്നവനാണ്.

《24》 أَمْ يَقُولُونَ അതല്ല അവർ പറയുന്നുവോ افْتَرَى അവൻ കെട്ടിച്ചമച്ചുവെന്ന് عَلَى اللَّهِ അല്ലാഹുവിന്റെ മേൽ كَذِبًا കളവ്, വ്യാജം فَإِن يَشَإِ اللَّهُ എന്നാൽ അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം يَخْتِمْ അവൻ മുദ്ര വെക്കും عَلَىٰ قَلْبِكَ നിന്റെ ഹൃദയത്തിന് وَيَمْحُ اللَّهُ അല്ലാഹു മായിക്കു(തുടച്ചു നീക്കു)കയും ചെയ്യും الْبَاطِلَ മിഥ്യയെ, അന്യായത്തെ, വ്യർത്ഥത്തെ وَيُحِقُّ അവൻ യഥാർത്ഥമാക്കുക (സ്ഥാപിക്കുക, സ്ഥിരപ്പെടുത്തുക)യും ചെയ്യും الْحَقَّ യഥാർത്ഥത്തെ, ന്യായത്തെ بِكَلِمَاتِهِ അവന്റെ വചനങ്ങൾക്കൊണ്ട് إِنَّهُ عَلِيمٌ നിശ്ചയമായും

അവൻ അറിയുന്നവനാണ് بِذَاتِ الصُّدُورِ നെഞ്ചുകളിൽ (ഹൃദയങ്ങളിൽ) ഉള്ളതിനെ.

നബിﷺ അല്ലാഹുവിന്റെ പേരിൽ യാതൊന്നും കളവ് പറഞ്ഞുണ്ടാക്കുന്നില്ലെന്നും, അവിടുത്തെ ഉൽബോധനങ്ങളെല്ലാം യഥാർത്ഥമാണെന്നും വ്യക്തമാണ്. അല്ലായിരുന്നുവെങ്കിൽ, നബി തിരുമേനിﷺയുടെ ഹൃദയത്തിന് അല്ലാഹു മുദ്രവെക്കുകയും, യഥാർത്ഥ സത്യം സ്ഥാപിക്കുന്നതിനുള്ള അനന്തര നടപടികളെടുക്കുകയും ചെയ്യുമായിരുന്നു എന്നു സാരം.

وَهُوَ ٱلَّذِى يَقْبَلُ ٱلتَّوْبَةَ عَنْ عِبَادِهِۦ وَيَعْفُوا۟ عَنِ ٱلسَّيِّـَٔاتِ وَيَعْلَمُ مَا تَفْعَلُونَ ﴿٢٥﴾

﴾25﴿ അവനത്രെ, തന്റെ അടിയാൻമാരിൽ നിന്ന് പശ്ചാത്താപം സ്വീകരിക്കുന്നവൻ. അവൻ തിൻമകൾക്ക് മാപ്പ് കൊടുക്കുകയും, നിങ്ങൾ ചെയ്തുവരുന്നത് അറിയുകയും ചെയ്യുന്നു.

وَيَسْتَجِيبُ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ وَيَزِيدُهُم مِّن فَضْلِهِۦ ۚ وَٱلْكَٰفِرُونَ لَهُمْ عَذَابٌ شَدِيدٌ ﴿٢٦﴾

﴾26﴿ വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് അവൻ ഉത്തരം നൽകുകയും, അവർക്ക് തന്റെ അനുഗ്രഹത്തിൽ (അഥവാ ദയവിൽ) നിന്നും വർദ്ധിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു. അവിശ്വാസികളാകട്ടെ, അവർക്ക് കഠിനമായ ശിക്ഷയുമുണ്ട്.

﴾25﴿ وَهُوَ അവനത്രെ الَّذِي يَقْبَلُ التَّوْبَةَ പശ്ചാത്താപം (ഖേദം)സ്വീകരിക്കുന്നവൻ عَنْ عِبَادِهِ തന്റെ അടിയാൻമാരിൽ നിന്ന് وَيَعْفُوا അവൻ മാപ്പ് നൽകുകയും ചെയ്യുന്നു عَنِ السَّيِّئَاتِ തിൻമകൾക്ക് وَيَعْلَمُ അവൻ അറിയുകയും ചെയ്യും مَا تَفْعَلُونَ നിങ്ങൾ ചെയ്യുന്നത് ﴾26﴿ وَيَسْتَجِيبُ അവൻ ഉത്തരം നൽകുന്നു الَّذِينَ آمَنُوا വിശ്വസിച്ചവർക്ക് وَعَمِلُوا الصَّالِحَاتِ സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്ത وَيَزِيدُهُمْ അവർക്ക് വർദ്ധിപ്പിച്ചുകൊടുക്കും مِنْ فَضْلِهِ അവന്റെ അനുഗ്രഹത്തിൽ(ദയവിൽ)നിന്നും وَالْكَافِرُونَ അവിശ്വാസികളാകട്ടെ لَهُمْ അവർക്കുണ്ട് عَذَابٌ شَدِيدٌ കഠിനശിക്ഷ.

പശ്ചാത്താപത്തെയും, പാപമോചനത്തെയും സംബന്ധിച്ച് സൂ: സുമർ 53 ലും, അതിന്റെ വ്യാഖ്യാനത്തിലും വിവരിച്ചത് ഓർക്കുക.

۞ وَلَوْ بَسَطَ ٱللَّهُ ٱلرِّزْقَ لِعِبَادِهِۦ لَبَغَوْا۟ فِى ٱلْأَرْضِ وَلَٰكِن يُنَزِّلُ بِقَدَرٍ مَّا

﴾27﴿ അല്ലാഹു അവന്റെ അടിയാൻമാർക്ക് ഉപജീവനം [ആഹാരം] വിശാലമാക്കിക്കൊടുത്തിരുന്നുവെങ്കിൽ, അവർ ഭൂമിയിൽ അതിക്രമം

يَشَآءُ ۚ إِنَّهُۥ بِعِبَادِهِۦ خَبِيرٌۢ بَصِيرٌ ﴿٢٧﴾

നടത്തുമായിരുന്നു. പക്ഷേ, അവൻ താനുദ്ദേശിക്കുന്ന ഒരു തോത് [വ്യവസ്ഥ] അനുസരിച്ച് ഇറക്കിക്കൊടുക്കുകയാണ്, നിശ്ചയമായും, അവൻ തന്റെ അടിയാൻമാരെപ്പറ്റി സൂക്ഷ്മജ്ഞാനിയും, കണ്ടറിയുന്നവനുമാകുന്നു.

﴾27﴿ وَلَوْ بَسَطَ اللَّهُ അല്ലാഹു വിശാലമാക്കിയിരുന്നുവെങ്കിൽ الرِّزْقَ ഉപജീവനം, ആഹാരം لِعِبَادِهِ തന്റെ അടിയാൻമാർക്ക് لَبَغَوْا അവർ അതിക്രമം (കുഴപ്പം) നടത്തുമായിരുന്നു فِي الْأَرْضِ ഭൂമിയിൽ وَلَٰكِن يُنَزِّلُ എങ്കിലും അവൻ ഇറക്കുന്നു بِقَدَرٍ ഒരു തോത് (അളവ്, കണക്ക്, വ്യവസ്ഥ) പ്രകാരം مَا يَشَاءُ അവൻ ഉദ്ദേശിക്കുന്നത് إِنَّهُ بِعِبَادِهِ നിശ്ചയമായും അവൻ തന്റെ അടിയാൻമാരെപ്പറ്റി خَبِيرٌ സൂക്ഷ്മജ്ഞാനിയാണ് بَصِيرٌ കണ്ടറിയുന്നവനാണ്.

വളരെ ശ്രദ്ധേയമായ ഒരു യാഥാർത്ഥ്യമാണ് ഈ വചനത്തിലൂടെ അല്ലാഹു അറിയിച്ചുതരുന്നത്. എല്ലാവർക്കും അവരുടെ ഇഷ്ടം പോലെ ജീവിതമാർഗങ്ങൾ വിശാലമാക്കിക്കൊടുത്താൽ മനുഷ്യർ ഭൂമിയിൽ അക്രമവും കുഴപ്പവും ഉണ്ടാക്കുകയാണ് ചെയ്യുക. അതുകൊണ്ട് അല്ലാഹു അവനുദ്ദേശിക്കുന്ന ഒരു തോതനുസരിച്ചാണ് അത് നൽകിക്കൊണ്ടിരിക്കുന്നത്. തന്റെ അടിയാന്മാരായ മനുഷ്യരുടെ എല്ലാ സ്വഭാവങ്ങളും അവന് സസൂക്ഷ്മം അറിയാമല്ലോ. സുഖസൗകര്യങ്ങൾ വർദ്ധിച്ചാലും, കുറഞ്ഞാലും അവരുടെ സ്ഥിതിഗതികൾ എപ്രകാരമായിരിക്കും ? അവ ഏത് തോതിൽ നൽകുന്നതിലാണ് പൊതുനൻമ? ഇത്യാദി എല്ലാ കാര്യങ്ങളും അവന് തികച്ചും അറിയാം. എന്നൊക്കെയാണ് ഈ വചനം ഉണർത്തുന്നത്. തുറന്ന ഹൃദയത്തോടുകൂടി മനുഷ്യചരിത്രം പരിശോധിക്കുന്ന ഏവർക്കും ഈ യാഥാർത്ഥ്യം വേഗം മനസ്സിലാക്കാവുന്നതാണ്. വ്യക്തികളാകട്ടെ, ധാർമികബോധവും നശിച്ച്, പൈശാചികവും മൃഗീയവുമായ ജീവിതം നയിക്കുന്നതായിട്ടാണ് അനുഭവം. ഇന്നത്തെ സമ്പന്നവിഭാഗങ്ങളുടെ സ്ഥിതിഗതികൾ പരിശോധിച്ചാൽ ഈ വാസ്തവം മനസ്സിലാക്കാം.

വേണ്ടാ, അൽപമൊന്ന് ആലോചിച്ചുനോക്കുക: ഭൂമിയിൽ എല്ലാവർക്കും വേണ്ടത്ര ജീവിതസൗകര്യങ്ങൾ നല്കപ്പെട്ടുവെന്ന് വിചാരിക്കുക. ഒരാൾ മറ്റൊരാളെ അനുസരിക്കുമോ? മറ്റൊരാൾക്ക് കീഴൊതുങ്ങുമോ? കീഴൊതുക്കുവാൻ സാധ്യമാകുമോ? തൊഴിലും ജോലിയും ചെയ്വാൻ ആളെ കിട്ടുമോ?...... എല്ലാവരും ജീവിതക്ലേശം അനുഭവിക്കുന്നതായാലത്തെ സ്ഥിതിയും ഏറെക്കുറെ ഇതുതന്നെയായിരിക്കുന്നതാണ്. അതുകൊണ്ട്തന്നെയാണ് ഉപജീവനമാർഗത്തിൽ അല്ലാഹു ചിലരെ ഉയർത്തിയും, മറ്റു ചിലരെ താഴ്ത്തിയും വെച്ചിരിക്കുന്നതും. അപ്പോഴേ മനുഷ്യജീവിതമാകുന്ന തുലാസ്സിന്റെ സമനില(ബാലൻസ്) ശരിപ്പെടുകയുള്ളൂ. അടുത്ത അദ്ധ്യായം 32-ാം വചനത്തിൽ ഈ യാഥാർത്ഥ്യത്തെക്കുറിച്ച് പ്രസ്താവിക്കുന്നുണ്ട്. താരതമ്യേന നോക്കുമ്പോൾ, ജീവിതസൗകര്യം കുറവാകുന്നത്കൊണ്ട് ഉളവാകുന്ന ദോഷത്തെക്കാൾ അതിന്റെ ആധിക്യംകൊണ്ടാണ് ലോകത്ത് ദോഷം സംഭവിക്കുന്നതെന്ന് കാണാം. ഭൗതിക വീക്ഷണത്തിലൂടെ മാത്രം ഗുണദോഷങ്ങൾ വിലയിരുത്തുന്നവർക്കുമാത്രമേ ഈ വാസ്തവം സമ്മ

തിക്കുവാൻ പ്രയാസം തോന്നുകയുള്ളൂ. മനുഷ്യന്റെ ഏക ജീവിതലക്ഷ്യം ക്ഷണിക മായ ഈ ഭൗതിക സുഖഭോഗം മാത്രമായിരിക്കുമല്ലോ അവരുടെ ദൃഷ്ടിയിൽ, നേരെമ റിച്ച് അതിനെക്കാൾ ഉപരിയായ - ശാശ്വതമായ- സുഖസൗകര്യങ്ങളാണ് തങ്ങളുടെ ജീവിതലക്ഷ്യമെന്നും, ആകയാൽ മാനുഷികവും ധാർമികവുമായ മൂല്യങ്ങളുടെ സുര ക്ഷിതത്വത്തിനാണ് കൂടുതൽ പ്രാധാന്യം നൽകേണ്ടതെന്നും അറിയുന്നവർക്ക് ഈ പ്രസ്താവനയിൽ അണുവോളം സംശയം തോന്നുകയില്ല.

അത് കൊണ്ടാണ് നബിﷺ ഇപ്രകാരം പ്രസ്താവിച്ചത്: إِنِّي مِمَّا أَخَافُ عَلَيْكُمْ مِنْ بَعْدِي مَا يُفْتَحُ عَلَيْكُمْ مِنْ زَهْرَةِ الدُّنْيَا وَزِينَتِهَا – متفق عليه (സാരം 'എന്റെ ശേഷം നിങ്ങളെപ്പറ്റി ഞാൻ ഭയപ്പെടുന്ന ഒരു കാര്യമാണ്, ഇഹലോകജീവിതത്തിന്റെ മോടിയും അലങ്കാരവും നിങ്ങൾക്ക് തുറന്ന് കിട്ടുന്നത്'. (ബു. മു) ഈ പ്രവചനം നബി തിരുമേനിﷺക്ക് ശേഷം ഏറെത്താമസിയാതെത്തന്നെ പുലർന്ന് കാണുവാനും തുടങ്ങി. മുസ്‌ലിംകളുടെ മതപരവും, ധാർമികവുമായ അധഃപതനത്തിൽ മാത്രമല്ല, ഭരണരംഗത്തും, സാമൂഹ്യരംഗത്തുമെല്ലാംതന്നെ അവരുടെ യശസ്സ് നഷ്ടപ്പെടുവാനും ഒടുക്കം അത് കാര ണമായിത്തീരുകയും ചെയ്തു.

وَهُوَ ٱلَّذِى يُنَزِّلُ ٱلْغَيْثَ مِنۢ بَعْدِ مَا قَنَطُوا۟ وَيَنشُرُ رَحْمَتَهُۥ ۚ وَهُوَ ٱلْوَلِىُّ ٱلْحَمِيدُ ﴿٢٨﴾

﴾28﴿ അവൻ തന്നെയാണ് അവർ [ജനങ്ങൾ] നിരാശപ്പെട്ടതിന് ശേഷം മഴ ഇറക്കുകയും, തന്റെ കാരുണ്യം വ്യാപിപ്പിക്കുകയും ചെയ്യുന്നവനും. സ്തുത്യർഹനായ കൈകാര്യ കർത്താവും അവൻ തന്നെ.

وَمِنْ ءَايَـٰتِهِۦ خَلْقُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَمَا بَثَّ فِيهِمَا مِن دَآبَّةٍ ۚ وَهُوَ عَلَىٰ جَمْعِهِمْ إِذَا يَشَآءُ قَدِيرٌ ﴿٢٩﴾

﴾29﴿ അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്, ആകാശങ്ങളെയും ഭൂമിയെയും, ജീവജന്തുക്കളായി അവ രണ്ടിലും അവൻ വിതരണം ചെയ്തിട്ടുള്ളതിനെയും സൃഷ്ടിച്ചത്. അവൻ ഉദ്ദേശിക്കുന്നതായാൽ. അവയെ ഒരുമിച്ച് കൂട്ടുവാൻ കഴിവുള്ളവനുമാണ് അവൻ.

﴾28﴿ وَهُوَ الَّذِي അവൻ യാതൊരുവനാണ്, അവനാണ് യാതൊരുവൻ يُنَزِّلُ الْغَيْثَ മഴ ഇറക്കുന്ന مِنْ بَعْدِ ശേഷം مَا قَنَطُوا അവർ നിരാശപ്പെട്ടതിന്റെ وَيَنْشُرُ അവൻ വ്യാപിപ്പിക്കുകയും ചെയ്യുന്നു رَحْمَتَهُ തന്റെ കാരുണ്യം وَهُوَ الْوَلِيُّ അവനത്രെ കൈകാര്യ കർത്താവും الْحَمِيدُ സ്തുത്യർഹൻ, സ്തടുതിക്കപ്പെടുന്നവൻ ﴾29﴿ وَمِنْ آيَاتِهِ അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് خَلْقُ السَّمَاوَاتِ ആകാശങ്ങളെ സൃഷ്ടിച്ചത് وَالْأَرْضِ ഭൂമിയെയും وَمَا بَثَّ فِيهِمَا അവ രണ്ടിലും അവൻ വിതരണം ചെയ്തതിനെയും (വ്യാപിപ്പിച്ചതിനെയും) مِنْ دَابَّةٍ ജീവജന്തുവായിട്ട് وَهُوَ അവൻ عَلَى جَمْعِهِمْ അവരെ ഒരുമിച്ച് കൂട്ടുവാൻ إِذَا يَشَاءُ

അവൻ ഉദ്ദേശിക്കുന്ന പക്ഷം, ഉദ്ദേശിക്കുമ്പോൾ قَدِيرٌ കഴിവുള്ളവനാണ്.

دَابَّةٍ (ദാബ്ബത്ത്) എന്ന വാക്ക് ചരിക്കുന്ന എല്ലാ ജീവികൾക്കും പറയപ്പെടുന്നതാണ്. മനുഷ്യൻ, ജിന്ന്, മലക്കുകൾ, പക്ഷിമൃഗാദികൾ തുടങ്ങിയ എല്ലാ ജീവികൾക്കും ആ വാക്ക് ഉപയോഗിക്കാം. ആകാശഗോളങ്ങളിലും മലക്കുകൾക്കും പുറമെ പലതരം ജീവികൾ ഉണ്ടായിരിക്കാമെന്നാണ് ഈ വചനത്തിൽ നിന്ന് മനസ്സിലാകുന്നത്. അല്ലാഹുവിനറിയാം. അവയുടെ പ്രകൃതിസ്വഭാവങ്ങളെപ്പറ്റിയോ മറ്റോ നമുക്കൊന്നും തിട്ടപ്പെടുത്തുവാൻ സാധ്യമല്ല. ഭൂമിയിലെ പലതരം ജീവികളെപ്പറ്റി പ്രസ്താവിച്ചശേഷം സൂ: നൂർ 45 -ൽ പറയുന്നു: يَخْلُقُ اللَّهُ مَا يَشَاءُ (അല്ലാഹു ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കും) ആടു-മാട്-ഒട്ടകം-കഴുത-കുതിര മുതലായവയെപ്പറ്റി പ്രസ്താവിച്ചശേഷം സൂ: നഹ്ൽ 8 ൽ ഇങ്ങിനെ പറയുന്നു: وَيَخْلُقُ مَا لَا تَعْلَمُونَ (നിങ്ങൾക്ക് അറിയാത്തതിനെ അവൻ സൃഷ്ടിക്കും) ആഗോള നിരീക്ഷകരായ ശാസ്ത്രജ്ഞൻമാർക്ക് ഉപരിഗോളങ്ങളിൽ ജീവജാലങ്ങളുള്ളതായി മനസ്സിലാക്കുവാൻ കഴിയാത്തത് കൊണ്ടോ, ഏതെങ്കിലും ചില ഗോളങ്ങളിൽ ജീവികൾ ഇല്ലെന്ന് അവരുടെ നിരീക്ഷണങ്ങൾ തെളിയിച്ചതുകൊണ്ടോ ഇപ്പറഞ്ഞതിന് തടസ്സം നേരിടുന്നില്ല. മനുഷ്യന്റെ കഴിവും നിരീക്ഷണവും എത്രമേൽ പുരോഗമിച്ചാലും ശരി, അല്ലാഹുവിന്റെ സൃഷ്ടിരഹസ്യങ്ങളെ സംബന്ധിച്ചിടത്തോളം വൻസമുദ്രങ്ങളിലെ ഒരു തുള്ളിക്കണക്കിന് പോലും അവ എത്തിച്ചേരുകയില്ല. അല്ലാഹു ഉദ്ദേശിക്കുന്നപക്ഷം, ശാസ്ത്രത്തിന്റെ ഭാവിപുരോഗമനംവഴി, ഇന്നുവരെ നാം അറിഞ്ഞിട്ടില്ലാത്ത ഉപരിലോകജീവികളെപ്പറ്റി കുറച്ചെന്തെങ്കിലും വിവരങ്ങൾ നമുക്ക് വഴിയെ അറിയുവാൻ സാധിച്ചെന്നുവരാം. അത്രമാത്രം.

എല്ലാറ്റിനെയും സൃഷ്ടിച്ചു നിയന്ത്രിച്ചു വരുന്ന അല്ലാഹുവിന് അവൻ ഉദ്ദേശിക്കുമ്പോൾ അവയെ മുഴുവനും ഒരു സ്ഥലത്ത് ഒരുമിച്ച്കൂട്ടുവാനും കഴിയുന്നതാണ്. അതെ, ക്വിയാമത്തുനാളിൽ അത് സംഭവിക്കുന്നതുമാകുന്നു നിശ്ചയം അവൻ ഉദ്ദേശിക്കുന്നപക്ഷം, ഭൗതികജീവിയായ മനുഷ്യനും, വാനജീവികളായ മറ്റേതെങ്കിലും ജീവികളും തമ്മിൽ സന്ധിക്കുവാനും തടസ്സമൊന്നുമില്ലതന്നെ. അങ്ങിനെ, അവൻ ഉദ്ദേശിക്കുന്നപക്ഷം-അടുത്ത കാലത്ത് ചന്ദ്രനിൽപോയി തിരിച്ചുപോരുവാൻ വേണ്ടുന്ന മാർഗദർശനവും സജ്ജീകരണവും നൽകി മനുഷ്യനെ സഹായിച്ചതുപോലെ-മറ്റൊരിക്കൽ അതിനുള്ള മാർഗവും മനുഷ്യന് അവൻ തുറന്ന് കൊടുത്തേക്കാം. الله اعلم

വിഭാഗം - 4

وَمَآ أَصَـٰبَكُم مِّن مُّصِيبَةٍ فَبِمَا كَسَبَتْ أَيْدِيكُمْ وَيَعْفُوا۟ عَن كَثِيرٍ ﴿٣٠﴾

﴾30﴿ നിങ്ങൾക്ക് ഏതൊര് ആപത്ത് ബാധിക്കുന്നതായാലും അത് നിങ്ങളുടെ കരങ്ങൾ പ്രവർത്തിച്ചത് നിമിത്തമായിരിക്കും. പലതിനെ സംബന്ധിച്ചും അവൻ മാപ്പ് നൽകുകയും ചെയ്യുന്നു.

﴾30﴿ وَمَآأَصَابَكُمْ നിങ്ങൾക്ക് എന്ത് ബാധിച്ചാലും, നിങ്ങൾക്ക് ബാധിച്ചത് مِنْ مُصِيبَةٍ ആപത്തായിട്ട്, വല്ല ബാധയും فَبِمَا كَسَبَتْ സമ്പാദിച്ച (പ്രവർത്തിച്ച)ത്കൊ

ണ്ടാണ് أَيْدِيكُمْ നിങ്ങളുടെ കരങ്ങൾ, കൈകൾ وَيَعْفُوا അവൻ മാപ്പ് ചെയ്കയും ചെയ്യുന്നു عَنْ كَثِيرٍ പലതിനെ സംബന്ധിച്ച്, മിക്കതിനെയും.

മനുഷ്യൻ ഓർത്തിരിക്കേണ്ടുന്ന ഒരു യാഥാർത്ഥ്യമാണിത്. അതെ, മനുഷ്യന് ബാധിക്കുന്ന ഓരോ ആപത്തും മനുഷ്യപ്രവർത്തനത്തിന്റെ അനന്തരഫലമായിരിക്കുമെന്ന്. എന്നാൽ, മനുഷ്യന്റെ എല്ലാ പ്രവർത്തികൾക്കും അതതിന്റേതായ ദോഷഫലങ്ങൾ അനുഭവപ്പെടുന്നില്ലതാനും. പലതും അല്ലാഹു മാപ്പാക്കി വിട്ടുകൊടുത്തുകൊണ്ടിരിക്കുകയാണ്. അല്ലായിരുന്നുവെങ്കിൽ മനുഷ്യന്റെ അവസ്ഥ അതിഭയാനകമായിത്തീരുമായിരുന്നു. മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നത് നോക്കുക : وَلَوْ يُؤَاخِذُ اللَّهُ النَّاسَ بِظُلْمِهِم مَّا تَرَكَ عَلَيْهَا مِن دَابَّةٍ وَلَٰكِن يُؤَخِّرُهُمْ إِلَىٰ أَجَلٍ مُّسَمًّى – النحل : ٦١ (മനുഷ്യരുടെ അക്രമത്തിനനുസരിച്ച് അല്ലാഹു അവരെ പിടികൂടുകയാണെങ്കിൽ, അതിന്റെ - ഭൂമിയുടെ - മീതെ യാതൊരു ജീവജന്തുവെയും അവൻ ബാക്കിവെച്ചേക്കുമായിരുന്നില്ല. പക്ഷേ, ഒരു നിർണയിക്കപ്പെട്ട അവധിവരേക്കും അവൻ അവരെ ഒഴിവാക്കിവെക്കുകയാണ് ചെയ്യുന്നത്. (സൂ: നഹ്ൽ, 61)

മനുഷ്യന്റെ ശരീരാരോഗ്യസംബന്ധമായ കാര്യങ്ങളിൽപോലും മനുഷ്യൻ നിത്യേന ചെയ്തുകൊണ്ടിരിക്കുന്ന തെറ്റുകൾക്കനുസരിച്ച് പ്രത്യാഘാതം സംഭവിക്കുന്നുണ്ടായിരുന്നുവെങ്കിൽ, നിശ്ചയമായും ആരോഗ്യത്തോടുകൂടി ജീവിക്കുന്ന മനുഷ്യനെ ലോകത്ത് കാണുവാൻ വളരെ പ്രയാസമാണ്. സ്വഭാവത്തിലും, പെരുമാറ്റത്തിലും, ധാർമിക തുറകളിലുമെല്ലാം മനുഷ്യൻ-വ്യക്തിപരമായും സാമൂഹ്യമായും-ചെയ്തുവരുന്ന അനീതികളെപ്പറ്റിയും, അവമൂലം നേരിടാവുന്ന ഭവിഷ്യത്തുകളെപ്പറ്റിയും ഈ ക്വുർആൻവചനം മുമ്പിൽവെച്ച്കൊണ്ട് ഒന്നാലോചിച്ചു നോക്കുക ! അല്ലാഹുവിന്റെ സഹനവും, അവൻ മനുഷ്യന് നൽകുന്ന മാപ്പും എത്രയെത്ര മഹത്തരം ! മനുഷ്യൻ ചെയ്തുകൂട്ടുന്ന കണക്കറ്റ തെറ്റുകുറ്റങ്ങളുടെ അനന്തരഫലങ്ങൾ മിക്കതും സംഭവിക്കാതെ അല്ലാഹു കാത്തുരക്ഷിക്കുന്നു. എത്രയോ തെറ്റുകളുടെ ആപൽഫലങ്ങളിൽ അവൻ അയവ് വരുത്തി ലഘൂകരിക്കുന്നു. മറ്റ് ചിലതിന്റെ പ്രതികരണം സാക്ഷാൽ രൂപത്തിൽ പ്രത്യക്ഷപ്പെടുത്താതെ, വേറെ ഏതെങ്കിലും എളുതായ മാർഗത്തിൽകൂടി മാത്രം അനുഭവപ്പെടുത്തി കഴിച്ചലാക്കുന്നു. ഇതിനെല്ലാം പുറമെ, ഇഹത്തിൽവെച്ച് നടപടിയെടുക്കാതെ, പരത്തിലേക്ക് നീട്ടിവെക്കുന്ന തെറ്റുകുറ്റങ്ങൾ വേറെയും. ചുരുക്കിപ്പറഞ്ഞാൽ, മനുഷ്യന്റെ പ്രവൃത്തിദോഷങ്ങൾ മുഴുവനും, അനുഭവത്തിൽ വരുത്താതെ പലതും അല്ലാഹു മാപ്പ് ചെയ്തുകൊണ്ടിരിക്കുകയാണ് (وَيَعْفُو عَن كَثِيرٍ)

നബിﷺ പറയുന്നു: ഏതെങ്കിലും ഒരു ബുദ്ധിമുട്ടാകട്ടെ, വിഷമമാകട്ടെ, വ്യസനമാകട്ടെ, ഉപദ്രവമാകട്ടെ, സങ്കടമാകട്ടെ - ഒരു മുള്ള്കുത്തുന്നത്പോലും-ഒരു മുസ്ലിമിന് സംഭവിക്കുന്നതായാൽ, അത് നിമിത്തം അല്ലാഹു അവന്റെ തെറ്റുകൾ പൊറുത്തുകൊടുക്കാതിരിക്കുകയില്ല. (ബു; മു.)

وَمَآ أَنتُم بِمُعْجِزِينَ فِى ٱلْأَرْضِ ۖ وَمَا لَكُم مِّن دُونِ ٱللَّهِ مِن وَلِىٍّ وَلَا نَصِيرٍ ﴿٣١﴾

﴿31﴾ ഭൂമിയിൽ നിങ്ങൾ (അല്ലാഹുവിനെ) അസാധ്യമാക്കുന്നവരല്ല; അല്ലാഹുവിന് പുറമെ നിങ്ങൾക്ക് ഒരു കാര്യകർത്താവുമില്ല, ഒരു സഹായകനുമില്ല.

وَمِنۡ ءَايَـٰتِهِ ٱلۡجَوَارِ فِى ٱلۡبَحۡرِ كَٱلۡأَعۡلَـٰمِ ﴿٣٢﴾

《32》 അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്, മലകളെപോലെ (ഉയർന്ന്കൊണ്ട്) സമുദ്രത്തിൽ (സഞ്ചരിക്കുന്ന) കപ്പലുകൾ.

إِن يَشَأۡ يُسۡكِنِ ٱلرِّيحَ فَيَظۡلَلۡنَ رَوَاكِدَ عَلَىٰ ظَهۡرِهِۦٓۚ إِنَّ فِى ذَٰلِكَ لَأَيَـٰتٍ لِّكُلِّ صَبَّارٍ شَكُورٍ ﴿٣٣﴾

《33》 അവൻ ഉദ്ദേശിക്കുന്ന പക്ഷം, കാറ്റിനെ അവൻ അടക്കിനിർത്തുകയും, അങ്ങിനെ അവ അതിന്റെ [സമുദ്രത്തിന്റെ] മുകളിൽ (നിശ്ചലമായും) തങ്ങിനിൽക്കുന്നവയായിതീരുകയും ചെയ്യുന്നതാണ്. നിശ്ചയമായും, അതിൽ, ക്ഷമാലുക്കളും നന്ദിയുള്ളവരുമായ എല്ലാവർക്കും ദൃഷ്ടാന്തങ്ങളുണ്ട്.

أَوۡ يُوبِقۡهُنَّ بِمَا كَسَبُواْ وَيَعۡفُ عَن كَثِيرٍ ﴿٣٤﴾

《34》 അല്ലെങ്കിൽ, അവർ [ജനങ്ങൾ] പ്രവർത്തിച്ചുവെച്ചതിന്റെ കാരണമായി അവയെ [കപ്പലുകളെ] അവൻ നശിപ്പിച്ചു കളഞ്ഞേക്കുന്നതാണ്. പലതിനെ സംബന്ധിച്ചും അവൻ മാപ്പ് നൽകുകയും ചെയ്യും.

وَيَعۡلَمَ ٱلَّذِينَ يُجَـٰدِلُونَ فِىٓ ءَايَـٰتِنَا مَا لَهُم مِّن مَّحِيصٍ ﴿٣٥﴾

《35》 നമ്മുടെ ദൃഷ്ടാന്തങ്ങളിൽ തർക്കം നടത്തുന്നവർ അറിഞ്ഞുകൊള്ളുകയും ചെയ്യും; അവർക്ക് ഓടി രക്ഷപ്പെടാവുന്ന ഒരു സ്ഥലവും ഇല്ല എന്ന്. [അതിന്നും കൂടിയാണ് അങ്ങിനെ ചെയ്തേക്കുന്നത്].

《31》 وَمَاأَنتُم നിങ്ങളല്ല بِمُعۡجِزِينَ അസാധ്യമാക്കുന്ന (പരാജയപ്പെടുത്തുന്ന)വർ فِي الأَرۡضِ ഭൂമിയിൽ وَمَالَكُم നിങ്ങൾക്കില്ലതാനും مِن دُونِ اللّٰهِ അല്ലാഹുവിന് പുറമെ مِن وَلِيّٖ ഒരു കൈകാര്യക്കാരനും, രക്ഷാധികാരിയും وَلَا نَصِيرٍ ഒരു സഹായകനുമില്ല. 《32》 وَمِنۡ آيَاتِهِ അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ് الۡجَوَارِ സഞ്ചരിക്കുന്നവ(കപ്പലുകൾ) فِي الۡبَحۡرِ സമുദ്രത്തിൽ كَالأَعۡلَامِ (പൊന്തിക്കാണുന്ന) മലകളെപ്പോലെ 《33》 إِن يَشَأۡ അവൻ ഉദ്ദേശിക്കുന്നപക്ഷം يُسۡكِنِ الرِّيحَ കാറ്റിനെ അവൻ അടക്കിനിർത്തും فَيَظۡلَلۡنَ എന്നിട്ടവ ആയിത്തീരും رَوَاكِدَ തങ്ങിനിൽക്കുന്നവ, കെട്ടിക്കിടക്കുന്നവ عَلَىٰ ظَهۡرِهِ അതിന്റെ മുകളിൽ, പുറത്ത് إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَآيَاتٍ പല ദൃഷ്ടാന്ത

﴾34﴿ نَدിയുള്ളവരായ شَكُورٍ എല്ലാ ക്ഷമാശീലൻമാർക്കും لِكُلِّ صَبَّارٍ ങ്ങൾ
അവർ പ്രവർത്തിച്ചത് بِمَا كَسَبُوا അല്ലെങ്കിൽ അവയെ അവൻ നശിപ്പിക്കും أَوْ يُوبِقْهُنَّ
وَيَعْلَمَ ﴾35﴿ പലതിനെയും عَن كَثِيرٍ അവൻ മാപ്പ് ചെയ്യുകയും ചെയ്യും وَيَعْفُ നിമിത്തം
നമ്മുടെ ദൃഷ്ടാന്തങ്ങളിൽ فِي آيَاتِنَا തർക്കം നടത്തുന്നവർ الَّذِينَ يُجَادِلُونَ അറിയുവാനും
مَا لَهُم അവർക്കില്ല مِن مَّحِيصٍ ഓടിരക്ഷപ്പെടാവുന്ന ഒരു സ്ഥലവും

മുൻകാലത്ത് യന്ത്രക്കപ്പലുകൾ ഇല്ലായിരുന്നതുകൊണ്ട് പായക്കപ്പലുകളെപ്പറ്റിയാണ് ക്വുർആനിൽ പ്രസ്താവിക്കാറുള്ളത്. എങ്കിലും ഈ വചനങ്ങളിൽ ചൂണ്ടിക്കാട്ടിയ കാര്യങ്ങളിൽ പായക്കപ്പലുകൾ മാത്രമല്ല, പരിഷ്കരിച്ച വൻകപ്പലുകളും ഉൾപ്പെടുന്നുതാനും. സാധാരണനിലയിൽ യന്ത്രക്കപ്പലുകൾക്ക് കാറ്റിന്റെ ഗതിവിഗതികൾ ഒരു പ്രശ്നമല്ലെങ്കിലും, അമിതമായ കാറ്റും കോളും അവക്കും പേടിക്കേണ്ടതുണ്ടെന്നതിൽ സംശയമില്ല. ആഞ്ഞടിച്ചും വെള്ളത്തിൽ മുങ്ങിയും, കടലിലെ പാറകളിലും മലകളിലും ചെന്നിടിച്ചും, മണലിൽപൂന്തിയും, യന്ത്രം തകരാറിലായും ഇങ്ങിനെ പലവിധത്തിലുള്ള അപായ സാധ്യതകളിൽ നിന്ന് അവയും ഒഴിവല്ല. മനുഷ്യൻ ചെയ്യുന്ന തെറ്റുകുറ്റങ്ങൾ കാരണം അവയെ പല നിലക്കും അപകടപ്പെടുത്തി നടപടിയെടുക്കുവാൻ അല്ലാഹുവിന് കഴിയും. അങ്ങിനെയുള്ള ദുരന്തഘട്ടങ്ങളിൽ അല്ലാഹുവിങ്കൽ നിന്നല്ലാതെ രക്ഷാമാർഗമില്ലെന്ന് സത്യനിഷേധികൾക്ക് പോലും ബോധ്യപ്പെടുകയും ചെയ്യും. പക്ഷേ, 30-ാം വചനത്തിൽ പറഞ്ഞതുപോലെ, പലതും മാപ്പു നൽകിയും വിട്ടുവീഴ്ച ചെയ്തും കൊണ്ടിരിക്കുകയാണ് അല്ലാഹു. അതുകൊണ്ടാണ് മനുഷ്യന് സമാധാനപൂർവ്വം ഉദ്ദേശിച്ചതുപോലെ സമുദ്ര സഞ്ചാരം നടത്തുവാൻ സൗകര്യപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇങ്ങിനെയുള്ള യാഥാർത്ഥ്യങ്ങളിൽ ക്ഷമാപൂർവ്വം, കൃതജ്ഞതാബുദ്ധിയോടുകൂടി, ആലോചിച്ച് നോക്കുന്നവർക്ക് അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹങ്ങളെയും, അപാരമായ കഴിവുകളെയും, അവന്റെ കൈകാര്യങ്ങളിൽ അന്തർഭവിച്ചിരിക്കുന്ന യുക്തി മഹത്വങ്ങളെയും സാക്ഷീകരിക്കുന്ന ദൃഷ്ടാന്തങ്ങൾ പലതും കണ്ടെത്താവുന്നതാണ് والله الموفق

فَمَآ أُوتِيتُم مِّن شَىْءٍ فَمَتَٰعُ ٱلْحَيَوٰةِ ٱلدُّنْيَا ۖ وَمَا عِندَ ٱللَّهِ خَيْرٌ وَأَبْقَىٰ لِلَّذِينَ ءَامَنُوا۟ وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ ﴿٣٦﴾

﴾36﴿ എന്നാൽ, നിങ്ങൾക്ക് വല്ല വസ്തുവും നൽകപ്പെട്ടിട്ടുണ്ടെങ്കിലത് ഐഹിക ജീവിതത്തിന്റെ ഉപകരണമാകുന്നു. അല്ലാഹുവിന്റെ പക്കലുള്ളതാകട്ടെ, കൂടുതൽ ഉത്തമവും, കൂടുതൽ ശേഷിക്കുന്നതുമാകുന്നു. (അത് ആർക്കാണെന്നോ?-) വിശ്വസിക്കുകയും തങ്ങളുടെ റബ്ബിന്റെമേൽ (കാര്യങ്ങളെ) ഭരമേൽപ്പിക്കുകയും ചെയ്യുന്നവർക്കും;

وَٱلَّذِينَ يَجْتَنِبُونَ كَبَٰٓئِرَ ٱلْإِثْمِ وَٱلْفَوَٰحِشَ وَإِذَا مَا غَضِبُوا۟ هُمْ

﴾37﴿ മഹാപാപങ്ങളെയും, നീചവൃത്തികളെയും വിട്ടകന്നു നിൽക്കുന്നവർക്കും; ദേഷ്യം വരുമ്പോൾ അവർ പൊറുത്തുകൊടുക്കുകയും

يَغْفِرُونَ ﴿٣٧﴾ وَالَّذِينَ اسْتَجَابُوا لِرَبِّهِمْ وَأَقَامُوا الصَّلَوٰةَ وَأَمْرُهُمْ شُورَىٰ بَيْنَهُمْ وَمِمَّا رَزَقْنَاهُمْ يُنفِقُونَ ﴿٣٨﴾

وَالَّذِينَ إِذَا أَصَابَهُمُ الْبَغْيُ هُمْ يَنتَصِرُونَ ﴿٣٩﴾

ചെയ്യും (അങ്ങിനെയുള്ളവർക്കും)

﴾38﴿ തങ്ങളുടെ റബ്ബിന് ഉത്തരം നൽകുകയും, നമസ്കാരം നിലനിറുത്തുകയും ചെയ്തവർക്കും ; തങ്ങളുടെ കാര്യം തങ്ങൾക്കിടയിൽ കൂടിയാലോചിക്കപ്പെടുന്നതുമായിരിക്കും, നാം തങ്ങൾക്ക് നൽകിയിട്ടുള്ളതിൽ നിന്ന് ചിലവഴിക്കുകയും ചെയ്യും (അങ്ങിനെയുള്ളവർക്കും)

﴾39﴿ തങ്ങൾക്ക് (വല്ലവരിൽ നിന്നും) അതിക്രമം ബാധിച്ചാൽ, (സ്വയം) രക്ഷാനടപടി എടുക്കുന്നവർക്കും.

﴾36﴿ فَمَا أُوتِيتُمْ എന്നാൽ നിങ്ങൾക്ക് നൽകപ്പെട്ടിട്ടുള്ളത് مِن شَيْءٍ വല്ലവസ്തുവും فَمَتَاعُ الْحَيَاةِ ജീവിതത്തിന്റെ ഉപകരണം (വിഭവം) ആകുന്നു الدُّنْيَا ഐഹിക, ഇഹത്തിന്റെ وَمَا عِندَ اللَّهِ അല്ലാഹുവിങ്കലുള്ളതാകട്ടെ خَيْرٌ ഉത്തമമായതാണ് وَأَبْقَىٰ അധികം ശേഷിക്കുന്നതും لِلَّذِينَ آمَنُوا വിശ്വസിച്ചവർക്ക് وَعَلَىٰ رَبِّهِمْ തങ്ങളുടെ റബ്ബിന്റെ മേൽ يَتَوَكَّلُونَ അവർ ഭരമേൽപിക്കുകയും ചെയ്യും ﴾37﴿ وَالَّذِينَ يَجْتَنِبُونَ വിട്ടകന്ന് നിൽക്കുന്നവർക്കും كَبَائِرَ الْإِثْمِ പാപത്തിൽ വലുതായവയെ (മഹാപാപങ്ങളെ) وَالْفَوَاحِشَ നീചവൃത്തികളെയും وَإِذَا مَا غَضِبُوا അവർ കോപിച്ചാൽ, ദ്വേഷ്യം പിടിച്ചാൽ هُمْ يَغْفِرُونَ അവർ പൊറുക്കുകയും ചെയ്യും ﴾38﴿ وَالَّذِينَ اسْتَجَابُوا ഉത്തരം നൽകിയവരും لِرَبِّهِمْ തങ്ങളുടെ റബ്ബിന് وَأَقَامُوا നിലനിറുത്തുകയും ചെയ്തു الصَّلَاةَ നമസ്കാരം وَأَمْرُهُمْ അവരുടെ കാര്യം شُورَىٰ കൂടിയാലോചിക്കപ്പെടുന്നതുമാണ് بَيْنَهُمْ തങ്ങൾക്കിടയിൽ وَمِمَّا رَزَقْنَاهُمْ നാമവർക്ക് നൽകിയതിൽനിന്ന് يُنفِقُونَ അവർ ചിലവഴിക്കയും ചെയ്യും ﴾39﴿ وَالَّذِينَ യാതൊരുവർക്കും إِذَا أَصَابَهُمُ അവർക്ക് ബാധിച്ചാൽ الْبَغْيُ അതിക്രമം (കയ്യേറ്റം) هُمْ അവർ يَنتَصِرُونَ രക്ഷാനടപടിയെടുക്കും.

ഇങ്ങിനെയുള്ള സജ്ജനങ്ങൾക്കാണ് അല്ലാഹുവിങ്കൽനിന്ന് – പരലോകത്തുവെച്ച് – ലഭിക്കുന്ന എല്ലാ പ്രതിഫലങ്ങളും വളരെ ഉത്തമവും, നശിച്ചുപോകാതെ അവശേഷിക്കുന്നതും ആയിരിക്കും. ഈ ഗുണങ്ങൾ നഷ്ടപ്പെട്ടവർക്ക് അല്ലാഹുവിങ്കൽനിന്ന് ലഭിക്കുവാനിരിക്കുന്നത് ശിക്ഷയാണല്ലോ. അവരെ സംബന്ധിച്ചിടത്തോളം, ഇഹത്തിൽ തങ്ങൾക്ക് ലഭിച്ചതെന്തോ അത്മാത്രമേ അവർക്കുള്ളൂ. ഈ വചനങ്ങളിൽ സജ്ജനങ്ങളുടെതായ പത്തു ഗുണങ്ങളെയാണ് അല്ലാഹു എടുത്ത് കാണിച്ചിരിക്കുന്നത്:

1) സത്യവിശ്വാസം: സത്യവിശ്വാസം സ്വീകരിക്കാത്തവർക്ക് പരലോകത്ത് യാതൊരു രക്ഷയുമില്ലെന്നും. അവിശ്വാസികളുടെ യാതൊരു കർമവും അവിടെ സ്വീകാര്യമല്ലെന്നും

അല്ലാഹു ക്വുർആനിൽ ആവർത്തിച്ച് പറഞ്ഞിട്ടുള്ളതാണ്. എന്നിരിക്കെ, തുടർന്ന് പറയുന്ന മറ്റെല്ലാ ഗുണങ്ങളും സത്യവിശ്വാസത്തോടുകൂടി മാത്രമേ പരിഗണിക്കപ്പെടുകയുള്ളൂവെന്ന് പറയേണ്ടതില്ല.

2) കാര്യങ്ങൾ അല്ലാഹുവിൽ ഭരമേൽപിക്കാൻ, അതായത്: അവനവന്റെ കഴിവിൽപെട്ടതെല്ലാം പ്രവർത്തിക്കുകയും, കഴിവിനുമപ്പുറമുള്ളതിൽ ശുഭപ്രതീക്ഷയോടും വിശ്വാസത്തോടും കൂടി അല്ലാഹുവിൽ ഭരമേൽപിച്ചു സമാധാനപ്പെടുകയും ചെയ്യുക. ഇതിനെപ്പറ്റിയും ക്വുർആനിലും ഹദീഥിലും ധാരാളം പ്രസ്താവിക്കപ്പെടാറുള്ളതാണ്.

3,4) മഹാപാപങ്ങളിൽ നിന്നും നീചവൃത്തികളിൽനിന്നും ഒഴിഞ്ഞുനിൽക്കുക: കർശനമായി വിരോധിക്കപ്പെട്ടിട്ടുള്ളതും, ശിക്ഷാനിയമങ്ങൾക്ക് വിധേയമായതുമായ എല്ലാ പാപങ്ങളും മഹാപാപത്തിൽ ഉൾപ്പെടുന്നു. മനുഷ്യത്വത്തിനും മാന്യതക്കും നിരക്കാത്ത നിന്ദ്യകൃത്യങ്ങളും, അന്യന് അപമാനവും മാനനഷ്ടവും വരുത്തുന്ന നീചകൃത്യങ്ങളുമാണ് الْفَوَاحِشَ (നീചവൃത്തികൾ) എന്ന് വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നത്. നിസ്സാരങ്ങളായ തെറ്റുകുറ്റങ്ങൾവന്ന് പോകുക മനുഷ്യസഹജമാണ്. അത്കൊണ്ട് അല്ലാഹു അതിൽ വിട്ടുവീഴ്ച ചെയ്യുന്നതാകുന്നു. അല്ലാഹു പറയുന്നു. إِن تَجْتَنِبُوا كَبَائِرَ مَا تُنْهَوْنَ عَنْهُ نُكَفِّرْ عَنكُمْ سَيِّئَاتِكُمْ وَنُدْخِلْكُم مُّدْخَلًا كَرِيمًا – النساء : ٣١ (നിങ്ങളോട് വിരോധിക്കപ്പെടുന്നതിൽ വൻകാര്യങ്ങളെ നിങ്ങൾ വിട്ടകന്ന് നിൽക്കുന്ന പക്ഷം, നിങ്ങളുടെ തിൻമകളെ നിങ്ങൾക്ക് നാം മൂടിവെച്ച്-പൊറുത്ത്-തരുകയും, നിങ്ങളെ നാം മാന്യമായ പ്രവേശനം പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്. (സൂ: നിസാഉ് 31)

5) കോപംവന്നാൽ പൊറുത്ത്കൊടുക്കൽ: സഹിഷ്ണുതയില്ലായ്മയിൽനിന്നും, പ്രതികാര വാഞ്ഛയിൽനിന്നുമാണ് കോപം ഉണ്ടാകുന്നത്. അപ്പോൾ, കോപം അനുഭവപ്പെടുന്നവൻ തന്റെ പ്രതിയോഗിയുടെ നേരെമാപ്പും വിട്ടുവീഴ്ചയും കൈക്കൊള്ളുന്നപക്ഷം, അതവന്റെ മാന്യതയും ഹൃദയശുദ്ധിയും പരിപക്വതയുമാണ് കാണിക്കുന്നത്. നബിഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു: لَيْسَ الشَّدِيدُ بِالصُّرَعَةِ إِنَّمَا الشَّدِيدُ الَّذِي يَمْلِكُ نَفْسَهُ عِنْدَ الْغَضَبِ – متفق عليه സാരം : 'മൽപിടുത്തത്തിൽ ആളെ വീഴ്ത്തുന്നതുകൊണ്ടല്ല, ഊക്കനാകുന്നത്, ദ്വേഷ്യം വരുമ്പോൾ മനസ്സിനെ സ്വാധീനപ്പെടുത്തുന്നവനാണ് ഊക്കൻ'.

6) റബ്ബിന് ഉത്തരം ചെയ്യൽ: അതായത് അല്ലാഹുവും അവന്റെ റസൂലും ഏത് കാര്യത്തിലേക്ക് ക്ഷണിച്ചാലും ആ ക്ഷണം സ്വീകരിക്കുകയും – അത് തന്റെ ഇച്ഛക്കും ഇഷ്ടത്തിനും അനുകൂലമാകട്ടെ പ്രതികൂലമാകട്ടെ – അതിനെ നിരുപാധികം പിൻപറ്റി അനുസരിക്കുകയും ചെയ്യുക

7) നമസ്കാരം നിലനിറുത്തൽ: ഈ രണ്ട് ഗുണങ്ങളുടെയും പ്രാധാന്യത്തെക്കുറിച്ച് വിശേഷിച്ചൊന്നും പ്രസ്താവിക്കേണ്ടുന്ന ആവശ്യം ഇല്ലതന്നെ.

8) കാര്യങ്ങളിൽ അന്യോന്യം കൂടിയാലോചനനടത്തൽ: മനുഷ്യന്റെ പാരത്രികമോ, മതപരമോ ആയ വശങ്ങളിൽ മാത്രമല്ല, ലൗകികവും ഭൗതികവുമായ വശങ്ങളിൽപോലും വളരെയേറെ പ്രാധാന്യം അർഹിക്കുന്ന ഒരു ഗുണമത്രെ ഇത്. തർക്കവും കക്ഷിവഴക്കും അവസാനിപ്പിക്കുന്നതിലും, മതകാര്യങ്ങളും, പൊതുകാര്യങ്ങളും നടപ്പാക്കുന്നതിലും, ഭിന്നാഭിപ്രായങ്ങളിൽ യോജിപ്പ് വരുത്തുന്നതിലും, നാനാമുഖങ്ങളായ പ്രശ്നങ്ങളെ നേരിടുന്നതിലുമെല്ലാം തന്നെ കൂടിയാലോചന എത്രമാത്രം പ്രയോജന

കരമാണെന്ന് എടുത്ത് പറയേണ്ടതില്ല. നേരെമറിച്ച് അത്യാവശ്യമായ തോതിലെങ്കിലും കൂടിയാലോചന നടത്തപ്പെടാതെ ഏകപക്ഷീയമായി കാര്യങ്ങൾ കയ്യാളുന്നത് നിമിത്തം ഉണ്ടാകാറുള്ള ഭവിഷ്യത്തുകൾ പലപ്പോഴും വമ്പിച്ചതായിരിക്കും. അല്ലാഹുവിങ്കൽ നിന്ന് വഹ്‌യ് ലഭിക്കുന്ന ആളായിരുന്നിട്ട് പോലും, പ്രധാന വിഷയങ്ങൾ നേരിടുമ്പോഴെല്ലാം നബിﷺ തിരുമേനിസ്വഹാബികളുമായി അവയെപ്പറ്റി കൂടിയാലോചന നടത്തുക പതിവായിരുന്നു. وَشَاوِرْهُمْ فِي الأَمْرِ فَإِذَا عَزَمْتَ فَتَوَكَّلْ عَلَى اللهِ–ال عمران (നീ അവരുമായി കാര്യത്തിൽ കൂടിയാലോചന നടത്തുക, എന്നിട്ട് നീ തീർച്ചയാക്കിക്കഴിഞ്ഞാൽ അപ്പോൾ അല്ലാഹുവിന്റെമേൽ ഭരമേൽപിച്ചുകൊള്ളുക) എന്ന് അല്ലാഹു നബിയോട് കൽപിക്കുകയും ചെയ്തിരുന്നു. കൂടിയാലോചനയുടെ പ്രാധാന്യത്തെയും, സ്വാഭിപ്രായം കൊണ്ട് തൃപ്തി അടയുന്നതിന്റെ ഭവിഷ്യത്തുകളെയും ചൂണ്ടിക്കാട്ടുന്ന പല ഹദീഥുകളും കാണാവുന്നതാണ്. ഇമാം തിർമദീ ഉദ്ധരിച്ചിട്ടുള്ള ഒരു ഹദീഥ് - ഇക്കാലത്ത് വിശേഷിച്ചും - പ്രത്യേകം ശ്രദ്ധാർഹമാകുന്നു:

إذا كان أمراؤكم خياركم وأغنياؤكم سمحاتكم وأموركم شورى بينكم فظهر الأرض خير لكم من بطنها وإذا كان أمراؤكم شراركم وأغنياؤكم بخلاءكم وأموركم إلى نساءكم فبطن الأرض خير لكم من ظهرها-ترمذي

(നിങ്ങളുടെ അധികാരസ്ഥന്മാർ നിങ്ങളിൽ ഉത്തമന്മാരും നിങ്ങളുടെ ധനികന്മാർ നിങ്ങളിൽ ഔദാര്യവാന്മാരും നിങ്ങളുടെ കാര്യങ്ങൾ നിങ്ങൾക്കിടയിൽ കൂടിയാലോചിക്കപ്പെടുന്നവരും ആണെങ്കിൽ നിങ്ങൾക്ക് ഭൂമിയുടെ ഉൾഭാഗത്തേക്കാൾ അതിന്റെ ഉപരിഭാഗം ഉത്തമമായിരിക്കും. നിങ്ങളുടെ അധികാരസ്ഥന്മാർ നിങ്ങളിൽ മോശക്കാരും, നിങ്ങളുടെ ധനികന്മാർ നിങ്ങളിൽ പിശുക്കന്മാരും, നിങ്ങളുടെ കാര്യങ്ങൾ നിങ്ങളുടെ സ്ത്രീകളുടെ അടുക്കലും ആയിരുന്നാൽ അപ്പോൾ, ഭൂമിയുടെ ഉപരിഭാഗത്തേക്കാൾ അതിന്റെ ഉൾഭാഗം നിങ്ങൾക്ക് ഉത്തമമായിരിക്കും) ഹാ! ഈ ഹദീഥും ഇന്നത്തെ നമ്മുടെ പൊതുനിലയും കൂടി ഒന്ന് ആലോചിച്ച് നോക്കുക! الله اكبر

9) അല്ലാഹു നൽകിയിട്ടുള്ളതിൽനിന്ന് ചിലവഴിക്കൽ: അല്ലാഹു നൽകിയതല്ലാതെ മനുഷ്യന്റെ പക്കൽ എന്താണുള്ളത് ? ഭൂവിഭവങ്ങളെല്ലാം ഉൽപാദിപ്പിക്കുന്നതും, മനുഷ്യന്റെ അദ്ധ്വാനം ഫലവത്താകുന്നതും, അവന്ന് അദ്ധ്വാനിക്കുവാൻ കഴിവുണ്ടാക്കുന്നതും അതിന് തോന്നിക്കുന്നത് പോലും - അല്ലാഹുവിന്റെ വകയാണല്ലോ. എന്നിരിക്കെ അല്ലാഹുവിന്റെ മാർഗത്തിൽ അത് വിനിയോഗിക്കുന്നത് മനുഷ്യന്റെ കടമയും, അല്ലാഹുവിനോട് നന്ദി കാണിക്കലുമാണ്. അല്ലാഹു നൽകിയതെല്ലാം ചിലവഴിക്കണമെന്ന് അല്ലാഹു നിർബന്ധിക്കുന്നില്ല. നൽകിയതിൽ നിന്ന് ചിലവഴിക്കുക-അതായത് കഴിവിന്റെ തോതും, വിനിയോഗിക്കപ്പെടുന്ന വിഷയത്തിന്റെ പ്രാധാന്യവും അനുസരിച്ച് ചിലവഴിക്കുക-എന്നേ അല്ലാഹു ആവശ്യപ്പെടുന്നുള്ളൂ.

10) അന്യരിൽ നിന്ന് അതിക്രമം നേരിട്ടാൽ സ്വയം രക്ഷാനടപടി എടുക്കൽ: അതായത്, അക്രമിക്കപ്പെടുകയോ കയ്യേറ്റം ചെയ്യപ്പെടുകയോ ചെയ്യുമ്പോൾ, ഭീരുത്വവും ചപലതയും കാണിക്കാതെ, ധീരവും സമർത്ഥവുമായ നിലയിൽ അതിനെ ചെറുക്കുകയും പ്രതികാര നടപടികളെടുക്കുകയും ചെയ്യുക. എതിരാളിയോട് പ്രതികാരം ചെയ്യാതെ

മാപ്പ് നൽകുവാൻ പ്രോൽസാഹനം നൽകിക്കൊണ്ടുള്ള കൽപനകളും, ഇപ്പറഞ്ഞതും തമ്മിൽ വൈരുദ്ധ്യമൊന്നുമില്ല. രണ്ടിന്റെയും സന്ദർഭങ്ങൾ വ്യത്യസ്തമാണ്. വ്യക്തിപരമായ കാര്യവും പൊതുകാര്യവും തമ്മിലും മാപ്പ് നൽകിയാൽ അതിന് കുറവുണ്ടാകുന്ന മാന്യനും കൂടുതൽ ധിക്കാരത്തിന് മുതിരുന്ന ദുഷ്ടനും തമ്മിലും, മാപ്പിനെ ദുർബ്ബലതയായി കണക്കാക്കുന്ന പ്രതിയോഗിയും ഔദാര്യമായി ഗണിക്കുന്ന പ്രതിയോഗിയും തമ്മിലും വ്യത്യാസമുണ്ടായിരിക്കും. ഒന്ന് ധീരതയാണെങ്കിൽ മറ്റേത് ഔദാര്യമാകുന്നു. ഒരു കവി ഈ തത്വമാണ് ചൂണ്ടിക്കാട്ടുന്നത്.

اذا انت اكرمت الكريم ملكته وان انت اكرمت اللئيم تمردا

فوضع الندي فى موضع السيف بالعلا مضر كوضع السيف فى موضع الندي

(സാരം : മാന്യനെ നീ മാനിച്ചാൽ നിനക്കവനെ സ്വാധീനിക്കാം, ദുഷ്ടനെ മാനിച്ചാൽ അവൻ ധിക്കാരം പ്രവർത്തിക്കയാണ് ചെയ്യുക. അതുകൊണ്ട് വാൾ ഉപയോഗിക്കേണ്ട സ്ഥാനത്ത് ഔദാര്യം പ്രയോഗിക്കുന്നത് ഔദാര്യത്തിന്റെ സ്ഥാനത്ത് വാൾ പ്രയോഗിക്കുന്നത് പോലെത്തന്നെ, ഉപദ്രവകരമാകുന്നു)

മർഹൂം അല്ലാമ: സയ്യിദ് ക്വുതുബ് അദ്ദേഹത്തിന്റെ തഫ്സീറിൽ ചൂണ്ടിക്കാണിച്ചത്പോലെ, ഈ അദ്ധ്യായം അവതരിച്ചത് മക്കീ കാലഘട്ടത്തിലാണല്ലോ. മുസ്ലിംകൾക്ക് തങ്ങളുടെ ശത്രുക്കളോട് പ്രതികാരവും രക്ഷാനടപടിയും കൈക്കൊള്ളുവാൻ സാധിക്കാത്ത, ക്ഷമയും സഹനവും മാത്രം അവലംബമായിരുന്ന കാലമായിരുന്നു അത്. അപ്പോൾ, മുസ്ലിം സമുദായത്തിൽ സ്ഥിരപ്രതിഷ്ഠിതമായി നിലകൊള്ളേണ്ടിയിരിക്കുന്നതും, സമുദായത്തിന്റെ നിലനിൽപിനും വളർച്ചക്കും അവശ്യം ആവശ്യമായിട്ടുള്ളതുമായ ഒരു സ്വഭാവം എന്ന നിലക്ക്കൂടിയാണ് അല്ലാഹു ഇക്കാര്യം-അതിക്രമം ബാധിച്ചാൽ അതിനെതിരെ രക്ഷാനടപടി സ്വീകരിക്കുക എന്ന നയം-മുസ്ലിംകളെ പഠിപ്പിക്കുന്നതെന്ന് മനസ്സിലാക്കാം. മാപ്പ് നൽകുന്നതിനെക്കുറിച്ചും പ്രതികാരനടപടി എടുക്കുന്ന പക്ഷം അതെങ്ങിനെയായിരിക്കണമെന്നും അടുത്ത വചനങ്ങളിൽ പ്രസ്താവിക്കുന്നു.

وَجَزَٰٓؤُا۟ سَيِّئَةٍ سَيِّئَةٌ مِّثْلُهَا ۖ فَمَنْ عَفَا وَأَصْلَحَ فَأَجْرُهُۥ عَلَى ٱللَّهِ ۚ إِنَّهُۥ لَا يُحِبُّ ٱلظَّٰلِمِينَ ﴿٤٠﴾

40 ഒരു തിൻമയുടെ പ്രതിഫലം, അതുപോലെയുള്ള ഒരു തിൻമയാകുന്നു. എന്നാൽ, ആരെങ്കിലും മാപ്പ് നൽകുകയും നന്നാക്കുക (അഥവാ നല്ലത് പ്രവർത്തിക്കുക)യും ചെയ്താൽ, അവന്റെ കൂലി അല്ലാഹുവിന്റെ മേൽ (ബാധ്യതപ്പെട്ടത്) ആകുന്നു. നിശ്ചയമായും, അവൻ അക്രമം ചെയ്യുന്നവരെ ഇഷ്ടപ്പെടുകയില്ല.

وَلَمَنِ ٱنتَصَرَ بَعْدَ ظُلْمِهِۦ فَأُو۟لَٰٓئِكَ مَا عَلَيْهِم مِّن سَبِيلٍ ﴿٤١﴾

41 തന്നെ അക്രമിച്ചതിന് ശേഷം ആരെങ്കിലും രക്ഷാനടപടി എടുക്കുന്നതായാൽ, അക്കൂട്ടരുടെ മേൽ [അവർക്കെതിരെ വല്ലതും പ്രവർത്തിക്കുവാൻ] യാതൊരു മാർഗവുമില്ല.

إِنَّمَا ٱلسَّبِيلُ عَلَى ٱلَّذِينَ يَظْلِمُونَ ٱلنَّاسَ وَيَبْغُونَ فِي ٱلْأَرْضِ بِغَيْرِ ٱلْحَقِّ ۚ أُوْلَٰٓئِكَ لَهُمْ عَذَابٌ أَلِيمٌ ﴿٤٢﴾

﴾42﴿ നിശ്ചയമായും മാർഗമുള്ളത് ജനങ്ങളെ അക്രമിക്കുകയും, ന്യായമല്ലാത്ത വിധേന ഭൂമിയിൽ അതിക്രമം നടത്തുകയും ചെയ്യുന്നവരുടെ മേൽമാത്രമാണ്. അക്കൂട്ടർക്ക് വേദനയേറിയ ശിക്ഷയുണ്ട്.

وَلَمَن صَبَرَ وَغَفَرَ إِنَّ ذَٰلِكَ لَمِنْ عَزْمِ ٱلْأُمُورِ ﴿٤٣﴾

﴾43﴿ ആരെങ്കിലും ക്ഷമിക്കുകയും, പൊറുക്കുകയും ചെയ്താൽ, നിശ്ചയമായും അത് (മനോ)ദാർഢ്യതയുള്ള കാര്യങ്ങളിൽ പെട്ടതാകുന്നു.

﴾40﴿ وَجَزَاءُ سَيِّئَةٍ ഒരു തിൻമയുടെ പ്രതിഫലം سَيِّئَةٌ مِثْلُهَا അതുപോലെയുള്ള ഒരു തിൻമയാണ് فَمَنْ عَفَا എന്നാൽ ആരെങ്കിലും മാപ്പ് ചെയ്താൽ وَأَصْلَحَ നന്നാക്കുകയും, നല്ലത് പ്രവർത്തിക്കുകയും فَأَجْرُهُ എന്നാലവന്റെ കൂലി, പ്രതിഫലം عَلَى اللَّهِ അല്ലാഹുവിന്റെ മേലാകുന്നു إِنَّهُ لَا يُحِبُّ നിശ്ചയമായും അവൻ ഇഷ്ടപ്പെടുന്നില്ല الظَّالِمِينَ അക്രമികളെ ﴾41﴿ وَلَمَنِ انْتَصَرَ ആരെങ്കിലും രക്ഷാനടപടിയെടുത്താൽ بَعْدَ ظُلْمِهِ തന്നെ അക്രമിച്ചതിന്ശേഷം فَأُولَٰئِكَ എന്നാൽ അക്കൂട്ടർ مَا عَلَيْهِمْ അവരുടെമേൽ ഇല്ല مِنْ سَبِيلٍ യാതൊരുമാർഗവും വഴിയും ﴾42﴿ إِنَّمَا السَّبِيلُ നിശ്ചയമായും മാർഗമുള്ളത് عَلَى الَّذِينَ യാതൊരുവരുടെ മേൽ മാത്രമാണ് يَظْلِمُونَ النَّاسَ ജനങ്ങളെ അക്രമിക്കുന്ന وَيَبْغُونَ അതിക്രമം നടത്തുകയും ചെയ്യുന്ന فِي الْأَرْضِ ഭൂമിയിൽ بِغَيْرِ الْحَقِّ ന്യായമില്ലാതെ أُولَٰئِكَ അക്കൂട്ടർ لَهُمْ അവർക്കുണ്ട് عَذَابٌ أَلِيمٌ വേദനയേറിയ ശിക്ഷ ﴾43﴿ وَلَمَنْ صَبَرَ ആരെങ്കിലും ക്ഷമിച്ചാൽ, സഹിച്ചാൽ وَغَفَرَ പൊറുക്കുകയും إِنَّ ذَٰلِكَ നിശ്ചയമായും അത് لَمِنْ عَزْمِ الْأُمُورِ ദൃഢതയുള്ള (സുദൃഢമായ-വേണ്ടപ്പെട്ട)കാര്യങ്ങളിൽ പെട്ടതുതന്നെ.

ഒരു തിന്മക്ക് പ്രതികാരം ചെയ്യുമ്പോൾ ഇങ്ങോട്ട് ചെയ്ത അതേ പ്രകാരത്തിൽമാത്രമെ അങ്ങോട്ടും ചെയ്വാൻ പാടുള്ളൂ; അതിൽ കവിയാൻ പാടില്ല. തിൻമയുടെ പ്രതിഫലം അതുപോലെയുള്ള ഒരു തിൻമയാണ് (وَجَزَاءُ سَيِّئَةٍ سَيِّئَةٌ مِثْلُهَا) എന്ന് പറഞ്ഞതിന്റെ താലപര്യം അതാണ്. وَإِنْ عَاقَبْتُمْ فَعَاقِبُوا بِمِثْلِ مَا عُوقِبْتُمْ بِهِ وَلَئِنْ صَبَرْتُمْ لَهُوَ خَيْرٌ لِلصَّابِرِينَ-النحل: ١٢٦ (നിങ്ങൾ പ്രതികാര നടപടി എടുക്കുകയാണെങ്കിൽ നിങ്ങളോട് എടുക്കപ്പെട്ട നടപടിപോലെയുള്ളത് കൊണ്ട് നടപടിയെടുക്കുവിൻ, നിങ്ങൾ ക്ഷമിക്കുന്നെങ്കിലോ, നിശ്ചയമായും അത് ക്ഷമിക്കുന്നവർക്ക് ഉത്തമമമാകുന്നു. (സൂ: നഹ്ൽ) فَمَنِ اعْتَدَى عَلَيْكُمْ فَاعْتَدُوا عَلَيْهِ بِمِثْلِ مَا اعْتَدَى عَلَيْكُمْ وَاتَّقُوا اللَّهَ-البقرة: ١٩٤ (ആരെങ്കിലും നിങ്ങളോട് അതിര്വിട്ട് പ്രവർത്തിച്ചാൽ നിങ്ങളോടവൻ അതിരു

വിട്ടതുപോലെയുള്ളത്കൊണ്ട് - അങ്ങോട്ടും-അതിര് കടന്നുകൊള്ളുവിൻ; അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ. (അൽബക്വറഃ) എന്നീ വചനങ്ങൾ ഈ വിഷയം കൂടുതൽ വ്യക്തമാക്കുന്നു. കണ്ണിന് കണ്ണ്, മൂക്കിന് മൂക്ക്, പല്ലിന് പല്ല് എന്നിങ്ങിനെ കൃത്യമായിട്ടായിരിക്കണം പ്രതികാരം എന്നുള്ളത് ഇസ്‌ലാമിലെ ഖണ്ഡിതമായ നിയമമാണ്. പ്രതികാരം എടുക്കുന്നത് അക്രമി ഇങ്ങോട്ട് ചെയ്ത അതേ പ്രകാരത്തിലായിരിക്കയാൽ രണ്ട് ഭാഗക്കാരുടെ പ്രവർത്തനവും ഒരേ രീതിയിലുള്ളതായിരിക്കുമല്ലോ. അതുകൊണ്ടാണ് രണ്ടിനെക്കുറിച്ചും തിൻമ എന്നും അക്രമം എന്ന് (سَيِّئَة،اعتداء) അല്ലാഹു പറഞ്ഞിരിക്കുന്നത്. കൂടാതെ, പ്രധാനപ്പെട്ട ഒരു സൂചനയും അതിൽ അന്തർഭവിച്ചിരിക്കുന്നത് കാണാം. അക്രമിക്കപ്പെട്ടവന്റെ ഒരവകാശമെന്ന നിലക്കും, സമുദായത്തിൽ നീതി നിലനിറുത്തുവാൻ ആവശ്യമെന്ന നിലക്കുമാണ് പ്രതികാരനടപടി അംഗീകരിക്കപ്പെട്ടിരിക്കുന്നത്; പക്ഷേ, അത് വാസ്തവത്തിൽ ഇങ്ങോട്ട് ചെയ്തതുപോലെയുള്ള അക്രമവും തിൻമയുംതന്നെയാണല്ലോ. അതിനാൽ കഴിവതും അത് ഒഴിവാക്കുകയും തൽസ്ഥാനത്ത് മാപ്പും വിട്ടുവീഴ്ചയും പ്രകടിപ്പിക്കുകയും ചെയ്യുന്നതാണ് മാന്യവും പുണ്യവുമായിട്ടുള്ളത്. ഇതാണാ സൂചന الله اعلم.

അക്രമിക്ക് മാപ്പ് നൽകുകയെന്നത് അക്രമിക്കപ്പെട്ടവന്റെ ഭാഗത്തുനിന്നുള്ള ഔദാര്യവും, മാന്യതയുമായത്കൊണ്ടുതന്നെയാണ് അല്ലാഹു അതിനെപ്പറ്റി പല സ്ഥലത്തും ശക്തിയായ ഭാഷയിൽ പ്രോൽസാഹിപ്പിച്ചിട്ടുള്ളതും. മാപ്പ് നൽകിയത്കൊണ്ട് മതിയാക്കാതെ, നിലവിലുള്ള ശത്രുതാമനഃസ്ഥിതി അവസാനിപ്പിക്കുകയും നല്ലപെരുമാറ്റം വഴി സ്നേഹബന്ധം സ്ഥാപിക്കുകയും ചെയ്യുമ്പോൾ പ്രസ്തുത ഗുണം കൂടുതൽ മെച്ചപ്പെട്ടതായിത്തീരുകയും, പ്രതിയോഗിക്ക് അതൊരു ഗുണപാഠമായിത്തീരുകയും ചെയ്യുന്നു. അതുകൊണ്ട്തന്നെയാണ് മാപ്പ് നൽകുകയും, നന്നാക്കുകയും ചെയ്താൽ അതിന് പ്രതിഫലം നൽകൽ അല്ലാഹുവിന്റെ ബാധ്യതയാണ് (فَمَنْ عَفَا وَأَصْلَحَ الخ) എന്ന് പ്രത്യേകം പ്രസ്താവിക്കുന്നതും. (ഹാമീം സജദഃ 34,35 മുതലായ വചനങ്ങൾ ഇവിടെ സ്മരിക്കുന്നത് നന്നായിരിക്കും) അക്രമികളെ അല്ലാഹു ഇഷ്ടപ്പെടുകയില്ല (إِنَّهُ لَا يُحِبُّ الظَّالِمِينَ) എന്ന വാക്യത്തിൽ ആദ്യമായി അക്രമം നടത്തിയവൻ മാത്രമല്ല, പ്രതികാര നടപടിയിൽ അതിര് കവിഞ്ഞവനും ഉൾപ്പെടുന്നു. രണ്ട് പേർ അന്യോന്യം പഴി പറയുമ്പോൾ അക്രമത്തിന് വിധേയനായവൻ അങ്ങോട്ടുള്ള മറുപടിയിൽ അതിരുവിട്ടു പറയാത്ത പക്ഷം, രണ്ട്പേരും, അന്യോന്യം പറഞ്ഞതിന്റെ കുറ്റം മുഴുവനും ആദ്യം പറയുവാൻ തുടങ്ങിയവന്റെ പേരിലായിരിക്കുമെന്ന് ഇമാം മുസ്‌ലിം (റ) നിവേദനം ചെയ്തിട്ടുള്ള ഒരു ഹദീഥിൽ വന്നിട്ടുള്ളത് ഇവിടെ പ്രസ്താവ്യമാണ്. المستبان ما قالا فعلى البادئ مالم يعتد المظلوم (مسلم)

അക്രമത്തിനും കയ്യേറ്റത്തിനും വിധേയനായവൻ നിയമാനുസൃതം രക്ഷാനടപടി എടുക്കുകയോ പ്രതികാരം ചെയ്യുകയോ ചെയ്യുന്നത് തടയുവാനും, അതിനെപ്പറ്റി ആക്ഷേപിക്കുവാനും, അതിന്റെ പേരിൽ അവനെ അക്രമിക്കുവാനും പാടില്ല. നേരെമറിച്ച് വ്യക്തികളെ അക്രമിക്കുക, നാട്ടിൽ അതിക്രമവും കുഴപ്പവും ഉണ്ടാക്കുക മുതലായവ ചെയ്യുന്ന ദ്രോഹികൾക്കെതിരിൽ മാത്രമേ അതെല്ലാം ചെയ്യാവൂ. ഇഹത്തിൽവെച്ചുള്ള നടപടികൾക്ക് പുറമെ, അല്ലാഹുവിന്റെ അടുക്കൽവെച്ചു അതികഠിനമായ ശിക്ഷക്ക് ഇവർ വിധേയരായിരിക്കും. എന്നൊക്കെയാണ് 41,42 എന്നീ ആയത്തുകളിൽ പ്രസ്താവിക്കുന്നത്. 43-ാം വചനത്തിൽ ക്ഷമയുടെയും, മാപ്പ് നൽകുന്നതിന്റെയും പ്രാധാന്യം ഒന്നുകൂടി ആവർത്തിച്ചുണർത്തിയിരിക്കുകയാണ്. അത് മനോദാർഢ്യതയിൽനിന്ന് ഉളവാകുന്ന ഒരു

മഹത്തായ ഗുണമാണെന്നും അല്ലാഹുവിന്റെ അടുക്കൽ അത് നിസ്സാരമല്ല-വളരെ വീര്യപ്പെട്ടതാണ്-എന്നുകൂടി ഊന്നിപ്പറയുന്നു.

അഹ്മദ് (റ), അബൂദാവൂദ് (റ) എന്നിവർ നിവേദനം ചെയ്ത ഒരു ഹദീഥിൽ നബിﷺ ഒരിക്കൽ അബൂബക്ർ (റ) നോട് ഇപ്രകാരം പറഞ്ഞതായി കാണാം : മൂന്ന് കാര്യങ്ങൾ തികച്ചും പരമാർത്ഥമാണ് : ഏതൊരു അടിയാനും ഒരു അക്രമത്തിന് വിധേയനായിട്ട് അവൻ അല്ലാഹുവിന് വേണ്ടി അതിനെപ്പറ്റി കണ്ണടക്കുന്ന പക്ഷം, അത്മൂലം അല്ലാഹു അവന് പ്രതാപം നൽകുകയും, സഹായിക്കുകയും ചെയ്യാതിരിക്കയില്ല. ഏതൊരു മനുഷ്യനും ചാർച്ചബന്ധം ചേർക്കുന്നതിനെ ഉദ്ദേശിച്ചുകൊണ്ട് ഒരു സംഭാവനയുടെ വാതിൽ (മാർഗം)തുറക്കുന്നപക്ഷം, അല്ലാഹു അത് മൂലം അവന് വർദ്ധനവ് നൽകാതിരിക്കയില്ല. ഏതൊരു മനുഷ്യനുംതന്നെ (ഉള്ളതിൽകൂടി) വർദ്ധിച്ചുകിട്ടുവാൻ ഉദ്ദേശിച്ചുകൊണ്ട് ചോദ്യത്തിന്റെ വാതിൽ (യാചനമാർഗം)തുറക്കുന്ന പക്ഷം, അതുമൂലം അവന് കുറവ് (നഷ്ടം) അധികരിപ്പിക്കാതിരിക്കയുമില്ല.

വിഭാഗം - 5

وَمَن يُضْلِلِ ٱللَّهُ فَمَا لَهُۥ مِن وَلِىٍّ مِّنۢ بَعْدِهِۦ ۗ وَتَرَى ٱلظَّٰلِمِينَ لَمَّا رَأَوُا۟ ٱلْعَذَابَ يَقُولُونَ هَلْ إِلَىٰ مَرَدٍّ مِّن سَبِيلٍ ﴿٤٤﴾

﴿44﴾ അല്ലാഹു ഏതൊരുവനെ വഴിപിഴവിലാക്കിയോ അവന് പിന്നീട് യാതൊരു രക്ഷാകർത്താവും ഇല്ല. അക്രമികൾ ശിക്ഷയെ കാണുന്ന അവസരത്തിൽ, അവർ പറയുന്നതായി നിനക്കുകാണാം: ഒരു തിരിച്ചുപോക്കിന് വല്ല മാർഗവും ഉണ്ടോ?! എന്ന്.

وَتَرَىٰهُمْ يُعْرَضُونَ عَلَيْهَا خَٰشِعِينَ مِنَ ٱلذُّلِّ يَنظُرُونَ مِن طَرْفٍ خَفِىٍّ ۗ وَقَالَ ٱلَّذِينَ ءَامَنُوٓا۟ إِنَّ ٱلْخَٰسِرِينَ ٱلَّذِينَ خَسِرُوٓا۟ أَنفُسَهُمْ وَأَهْلِيهِمْ يَوْمَ ٱلْقِيَٰمَةِ ۗ أَلَآ إِنَّ ٱلظَّٰلِمِينَ فِى عَذَابٍ مُّقِيمٍ ﴿٤٥﴾

﴿45﴾ നിന്ദ്യതനിമിത്തം (വിനയപ്പെട്ട്)ഭക്തികാണിക്കുന്നവരായ നിലയിൽ അതിന്റെ [നരകത്തിന്റെ] അടുക്കൽ അവർ പ്രദർശിക്കപ്പെടുന്നതായും നിനക്ക് കാണാം. (ശരിക്ക് കണ്ണുതുറക്കാതെ) ഗോപ്യമായ ഒരു ദൃഷ്ടിയിലൂടെ അവർ നോക്കുന്നതാണ്. വിശ്വസിച്ചവർ പറയും: നിശ്ചയമായും, (സാക്ഷാൽ) നഷ്ടക്കാർ, ഖിയാമത്തു നാളിൽ തങ്ങളെത്തന്നെയും, തങ്ങളുടെ സ്വന്തക്കാരെയും നഷ്ടപ്പെടുത്തിയവരത്രെ. അല്ലാ! (അറിഞ്ഞേക്കുക;) നിശ്ചയമായും അക്രമികൾ (ഇടമുറിയാതെ) നിലനില്ക്കുന്ന ശിക്ഷയിലായിരിക്കും.

وَمَا كَانَ لَهُم مِّنْ أَوْلِيَآءَ يَنصُرُونَهُم مِّن دُونِ ٱللَّهِ ۗ وَمَن يُضْلِلِ ٱللَّهُ فَمَا لَهُۥ مِن سَبِيلٍ ﴿٤٦﴾

﴾46﴿ അല്ലാഹുവിന് പുറമെ, അവരെ സഹായിക്കുന്ന രക്ഷാ കർത്താക്കളൊന്നും അവർക്കുണ്ടായി രിക്കയില്ല. അല്ലാഹു ഏതൊരുവനെ വഴിപിഴവിലാക്കിയോ അവന് യാതൊരു (രക്ഷാ)മാർഗവും ഇല്ല.

﴾44﴿ وَمَنْ يُضْلِلِ اللَّهُ ആരെ അല്ലാഹു വഴിപിഴവിലാക്കിയോ فَمَا لَهُ എന്നാൽ അവന്നില്ല مِنْ وَلِيٍّ ഒരു രക്ഷാധികാരിയും, ബന്ധുവും, മിത്രവും مِنْ بَعْدِهِ അവന്ന് ശേഷം (പുറമെ) وَتَرَى الظَّالِمِينَ അക്രമികളെ നിനക്ക് കാണാം, നീ കാണും لَمَّا رَأَوُا അവർ കാണുന്ന അവസരത്തിൽ الْعَذَابَ ശിക്ഷ يَقُولُونَ പറയുന്നതായിട്ട് هَلْ ഉണ്ടോ إِلَى مَرَدٍّ ഒരു മടങ്ങി (തിരിച്ച്) പോക്കിന് مِنْ سَبِيلٍ വല്ലമാർഗവും ﴾45﴿ وَتَرَاهُمْ നിനക്കവരെ കാണുകയും ചെയ്യാം يُعْرَضُونَ അവർ പ്രദർശിപ്പിക്കപ്പെടുന്നതായി عَلَيْهَا അതിങ്കൽ, അതിന്നടുത്ത് خَاشِعِينَ വിനയപ്പെട്ടവരായി, ഭക്തി കാണിക്കുന്നവരായി مِنَ الذُّلِّ നിന്ദ്യതയാൽ, എളിമത്തം يَنْظُرُونَ അവർ നോക്കും, നോക്കിക്കൊണ്ട് مِنْ طَرْفٍ ഒരു (തരം)കണ്ണിൽ (ദൃഷ്ടിയിൽ)കൂടി خَفِيٍّ ഗോപ്യമായ, ഒളിഞ്ഞ وَقَالَ الَّذِينَ آمَنُوا വിശ്വസിച്ചവർ പറയും إِنَّ الْخَاسِرِينَ നിശ്ചയമായും നഷ്ടക്കാർ الَّذِينَ خَسِرُوا നഷ്ടപ്പെടുത്തിയവരാണ് أَنْفُسَهُمْ തങ്ങളെത്തന്നെ, സ്വന്തം ദേഹങ്ങളെ وَأَهْلِيهِمْ തങ്ങളുടെ സ്വന്തക്കാരെ (വീട്ടുകാരെ, കുടുംബത്തെ)യും يَوْمَ الْقِيَامَةِ ക്വിയാമത്ത് നാളിൽ أَلَا إِنَّ الظَّالِمِينَ അല്ലാ നിശ്ചയമായും അക്രമികൾ فِي عَذَابٍ ശിക്ഷയിലായിരിക്കും مُقِيمٍ നിലനിൽക്കുന്ന ﴾46﴿ وَمَا كَانَ لَهُمْ അവർക്കുണ്ടായിരിക്കുകയില്ല مِنْ أَوْلِيَاءَ രക്ഷാകർത്താക്കളിൽ നിന്നും (ആരും) يَنْصُرُونَهُمْ അവരെ സഹായിക്കുന്ന مِنْ دُونِ اللَّهِ അല്ലാഹുവിന് പുറമെ وَمَنْ يُضْلِلِ اللَّهُ അല്ലാഹു ആരെ വഴിപിഴവിലാക്കിയോ فَمَا لَهُ എന്നാലവന്നില്ല مِنْ سَبِيلٍ ഒരു മാർഗവും, വഴിയും

ഗോപ്യമായ ദൃഷ്ടിയിലൂടെ നോക്കും (يَنْظُرُونَ مِنْ طَرْفٍ خَفِيٍّ) എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം, അപമാനവും വ്യസനവും നിമിത്തം കണ്ണ്മുഴുവൻ തുറന്ന്നോക്കാതെ, ഗോപ്യമായി കട്ടുനോക്കുകയാണവർ ചെയ്യുക എന്നാകുന്നു. കഴിഞ്ഞ കുറെ ആയത്തുകളിലായി അല്ലാഹുവിന്റെ മഹത്തായ പ്രതിഫലത്തിന് അർഹരാകുന്ന സജ്ജനങ്ങളുടെ ഗുണഗണങ്ങൾ വിവരിച്ചു. അക്രമികളുടെയും, വിദ്രോഹികളുടെയും ശിക്ഷാനടപടികളെക്കുറിച്ചും പ്രസ്താവിച്ചു. സത്യോപദേശങ്ങളും, മാർഗദർശനങ്ങളും വകവെക്കാതെ ദുർമാർഗത്തിൽ ആപതിക്കുന്നവരുടെ ഭാവിയും ചൂണ്ടിക്കാട്ടി. തുടർന്നുകൊണ്ട് മനുഷ്യസമുദായത്തെ അവരുടെ രക്ഷാമാർഗത്തിലേക്ക് വിളിക്കുന്നു.

ٱسْتَجِيبُوا۟ لِرَبِّكُم مِّن قَبْلِ أَن يَأْتِىَ

﴾47﴿ (മനുഷ്യരേ,) ഒരു ദിവസം വന്നെത്തും മുമ്പായി നിങ്ങൾ നിങ്ങളുടെ രക്ഷിതാവിന് ഉത്തരം ചെയ്യു

يَوۡمٌ لَّا مَرَدَّ لَهُۥ مِنَ ٱللَّهِۚ مَا لَكُم مِّن مَّلۡجَإٖ يَوۡمَئِذٖ وَمَا لَكُم مِّن نَّكِيرٖ ﴿٤٧﴾

വിൻ; (അത്‌വന്നാൽ) അതിന് അല്ലാഹുവിങ്കൽ നിന്ന് യാതൊരു തടവും ഉണ്ടാകയില്ല. അന്നത്തെ ദിവസം, നിങ്ങൾക്ക് യാതൊരു അഭയസ്ഥാനവും ഇല്ല; നിങ്ങൾക്ക് യാതൊരു നിഷേധവും [കുറ്റനിഷേധത്തിനുള്ള സാധ്യതയും] ഇല്ല.

فَإِنۡ أَعۡرَضُواْ فَمَآ أَرۡسَلۡنَٰكَ عَلَيۡهِمۡ حَفِيظًاۖ إِنۡ عَلَيۡكَ إِلَّا ٱلۡبَلَٰغُۗ وَإِنَّآ إِذَآ أَذَقۡنَا ٱلۡإِنسَٰنَ مِنَّا رَحۡمَةٗ فَرِحَ بِهَاۖ

وَإِن تُصِبۡهُمۡ سَيِّئَةُۢ بِمَا قَدَّمَتۡ أَيۡدِيهِمۡ فَإِنَّ ٱلۡإِنسَٰنَ كَفُورٞ ﴿٤٨﴾

﴾48﴿ (നബിയേ) എനി, അവർ (അവഗണിച്ചു) തിരിച്ചുപോകയാണെങ്കിൽ (ചെയ്യട്ടെ); എന്നാൽ, നിന്നെ അവരുടെമേൽ കാവൽക്കാരനായി നാം അയച്ചിട്ടില്ല. നിന്റെമേൽ (ദൗത്യം) എത്തിച്ചുകൊടുക്കലല്ലാതെ (ബാധ്യത) ഇല്ല. നാം നമ്മുടെ വകയായി ഒരു കാരുണ്യം [അനുഗ്രഹം] മനുഷ്യനെ ആസ്വദിപ്പിച്ചാൽ അവൻ അതുമൂലം ആഹ്ളാദിക്കും;

അവർക്ക് അവരുടെ കരങ്ങൾ മുൻചെയ്തു വെച്ചത് മൂലം വല്ല തിൻമയും ബാധിക്കുന്നുവെങ്കിലോ, അപ്പോൾ, മനുഷ്യൻ നിശ്ചയമായും നന്ദികെട്ടവനുമായിരിക്കും.

﴾47﴿ اَسۡتَجِيبُوا നിങ്ങൾ ഉത്തരം ചെയ്യുവിൻ لِرَبِّكُمۡ നിങ്ങളുടെ റബ്ബിന് مِنۡ قَبۡلِ أَنۡ يَأۡتِيَ വരുന്നതിന് മുമ്പായി يَوۡمٌ ഒരു ദിവസം لَا مَرَدَّ لَهُ അതിന് യാതൊരു തടസ്സവും(മുടക്കും) ഇല്ല مِنَ اللهِ അല്ലാഹുവിങ്കിൽ നിന്ന് مَا لَكُمۡ നിങ്ങൾക്കില്ല مِنۡ مَلۡجَإٍ ഒരു അഭയസ്ഥാനവും يَوۡمَئِذٍ അന്നത്തെ ദിവസം وَمَا لَكُمۡ നിങ്ങൾക്കില്ലതാനും مِنۡ نَكِيرٍ ഒരു നിഷേധവും, പ്രതിഷേധവും ﴾48﴿ فَإِنۡ أَعۡرَضُوا എനി അവർ തിരിഞ്ഞു(അവഗണിച്ചു)കളഞ്ഞാൽ فَمَا أَرۡسَلۡنَاكَ എന്നാൽ നാം നിന്നെ അയച്ചിട്ടില്ല عَلَيۡهِمۡ അവരുടെ മേൽ حَفِيظًا സൂക്ഷ്മവീക്ഷകനായി, കാവൽക്കാരനായി إِنۡ عَلَيۡكَ നിന്റെ മേൽ ഇല്ല إِلَّا الۡبَلَاغُ എത്തിച്ചുകൊടുക്കൽ (പ്രബോധനം) അല്ലാതെ وَإِنَّا നിശ്ചയമായും നാം إِذَا أَذَقۡنَا നാം ആസ്വദിപ്പിച്ചാൽ, അനുഭവിപ്പിച്ചാൽ الۡإِنۡسَانَ മനുഷ്യന് مِنَّا رَحۡمَةً നമ്മുടെ പക്കൽനിന്ന് വല്ല കാരുണ്യവും فَرِحَ بِهَا അത്കൊണ്ട് അവൻ ആഹ്ളാദിക്കും, സന്തോഷിക്കും وَإِنۡ تُصِبۡهُمۡ അവർക്ക് ബാധിച്ചുവെങ്കിലോ سَيِّئَةٌ വല്ല തിൻമയും بِمَا قَدَّمَتۡ മുൻചെയ്തതത് നിമിത്തം أَيۡدِيهِمۡ അവ രുടെ കൈകൾ فَإِنَّ الۡإِنۡسَانَ എന്നാൽ (അപ്പോൾ) മനുഷ്യൻ كَفُورٌ

നന്ദികെട്ടവനായിരിക്കും

لِّلَّهِ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ يَخْلُقُ مَا يَشَآءُ ۚ يَهَبُ لِمَن يَشَآءُ إِنَٰثًا وَيَهَبُ لِمَن يَشَآءُ ٱلذُّكُورَ ﴿٤٩﴾

﴿49﴾ അല്ലാഹുവിനാണ് ആകാശങ്ങളുടെയും, ഭൂമിയുടെയും രാജാധിപത്യം, അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെണ്ണുങ്ങളെ [പെൺമക്കളെ] പ്രദാനം ചെയ്യുന്നു; അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ ആണുങ്ങളെയും [ആൺമക്കളെയും] പ്രദാനം ചെയ്യുന്നു.

أَوْ يُزَوِّجُهُمْ ذُكْرَانًا وَإِنَٰثًا ۖ وَيَجْعَلُ مَن يَشَآءُ عَقِيمًا ۚ إِنَّهُۥ عَلِيمٌ قَدِيرٌ ﴿٥٠﴾

﴿50﴾ അല്ലെങ്കിൽ, അവർക്ക് അവൻ ഉദ്ദേശിക്കുന്നവർക്ക് ആണുങ്ങളെയും, പെണ്ണുങ്ങളെയും ഇണകലർത്തിക്കൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരുമാക്കുന്നു. നിശ്ചയമായും അവൻ സർവ്വജ്ഞനും, സർവ്വശക്തനുമാകുന്നു.

﴿49﴾ لِلَّهِ അല്ലാഹുവിനാണ് مُلْكُ السَّمَاوَاتِ ആകാശങ്ങളുടെ രാജത്വം, ആധിപത്യം وَالْأَرْضِ ഭൂമിയുടെയും يَخْلُقُ അവൻ സൃഷ്ടിക്കുന്നു مَا يَشَاءُ താൻ ഉദ്ദേശിക്കുന്നത് يَهَبُ അവൻ പ്രദാനം ചെയ്യുന്നു لِمَنْ يَشَاءُ താനുദ്ദേശിക്കുന്നവർക്ക് إِنَاثًا പെണ്ണുങ്ങളെ وَيَهَبُ അവൻ പ്രദാനം ചെയ്യുന്നു لِمَنْ يَشَاءُ താനുദ്ദേശിക്കുന്നവർക്ക് الذُّكُورَ ആണുങ്ങളെ ﴿50﴾ أَوْ يُزَوِّجُهُمْ അല്ലെങ്കിൽ അവർക്ക് അവൻ ഇണയാക്കി (കലർത്തി)ക്കൊടുക്കുന്നു ذُكْرَانًا وَإِنَاثًا ആണുങ്ങളെയും പെണ്ണുങ്ങളെയും وَيَجْعَلُ അവൻ ആക്കുകയും ചെയ്യുന്നു مَنْ يَشَاءُ അവൻ ഉദ്ദേശിക്കുന്നവരെ عَقِيمًا വന്ധ്യർ (മക്കളില്ലാത്തവർ) إِنَّهُ عَلِيمٌ നിശ്ചയമായും അവൻ അറിയുന്നവനാണ് قَدِيرٌ കഴിവുള്ളവനാണ്.

സന്താനങ്ങൾ ജനിക്കാതെ അങ്ങേയറ്റം വ്യസനത്തിലും നിരാശയിലും കഴിഞ്ഞുകൂടുന്നവരെയും, ആൺമക്കൾ ധാരാളമുണ്ടെങ്കിലും ഒരു പെൺകുഞ്ഞിനെ കാണുവാൻ മോഹിച്ചുകൊണ്ടിരിക്കുന്നവരെയും, പെൺമക്കളെക്കൊണ്ട് വലഞ്ഞും, ഒരു ആൺകുട്ടിക്ക്‌വേണ്ടി പ്രാർത്ഥിച്ചും കഴിയുന്നവരെയും കാണാം. ചിലർക്കാവട്ടെ, ആണും പെണ്ണും ഇടകലർന്നോ, അല്ലെങ്കിൽ കുറെ ആൺമക്കൾ ജനിച്ചശേഷം കുറെ പെൺമക്കളായോ, മറിച്ചോ ജനിക്കുന്നു. ഇതിലൊന്നും അവർക്കോ മറ്റാർക്കെങ്കിലുമോ യാതൊരു കയ്യും സ്വാതന്ത്ര്യവും ഇല്ല. എല്ലാം അല്ലാഹുവിന്റെ ഉദ്ദേശ്യവും നിശ്ചയവും അനുസരിച്ച്മാത്രം നടക്കുന്നു. ഏതേത് ആളുകൾക്ക് ഏതേത് പ്രകാരത്തിൽ വേണം - അല്ലെങ്കിൽ വേണ്ടാ - എന്നൊക്കെ അവനാണ് അറിയുക. അതങ്ങിനെത്തന്നെ നടപ്പിൽ വരുത്തുവാൻ കഴിയുന്നവനും അവൻതന്നെ. അവൻ സർവ്വജ്ഞനും സർവ്വശക്തനുമാണല്ലോ.

۞ وَمَا كَانَ لِبَشَرٍ أَن يُكَلِّمَهُ ٱللَّهُ إِلَّا وَحْيًا أَوْ مِن وَرَآئِ حِجَابٍ أَوْ يُرْسِلَ رَسُولًا فَيُوحِىَ بِإِذْنِهِۦ مَا يَشَآءُ ۚ إِنَّهُۥ عَلِىٌّ حَكِيمٌ ﴿٥١﴾

﴿51﴾ യാതൊരു മനുഷ്യനോടും തന്നെ, അല്ലാഹു സംസാരിക്കലുണ്ടാകുന്നതല്ല, ബോധനം നൽകലായോ, അല്ലെങ്കിൽ ഒരു മറയുടെ അപ്പുറത്ത്നിന്നോ, അല്ലെങ്കിൽ ഒരു ദൂതനെ അയച്ച് അദ്ദേഹം അവന്റെ അനുവാദ പ്രകാരം അവനുദ്ദേശിക്കുന്നത് ബോധനം നൽകുകയോ അല്ലാതെ, നിശ്ചയമായും അവൻ ഉന്നതനാണ്, അഗാധജ്ഞനാണ്.

﴾51﴿ وَمَا كَانَ ഇല്ല, ഉണ്ടാകുകയില്ല لِبَشَرٍ ഒരു മനുഷ്യന്നും أَنْ يُكَلِّمَهُ അവനോട് സംസാരിക്കൽ اللهُ അല്ലാഹു إِلَّا وَحْيًا വഹ്‌യ് (ബോധനം) ആയിട്ടല്ലാതെ أَوْ مِنْ وَرَاءِ അല്ലെങ്കിൽ അപ്പുറത്ത് (പിന്നിൽ) നിന്ന് حِجَابٍ ഒരു മറയുടെ أَوْ يُرْسِلَ അല്ലെങ്കിൽ അയക്കുക رَسُولًا ഒരു ദൂതനെ فَيُوحِيَ എന്നിട്ട് ബോധനം നൽകുക بِإِذْنِهِ അവന്റെ അനുമതി (സമ്മത)പ്രകാരം مَا يَشَاءُ അവൻ ഉദ്ദേശിക്കുന്നത് إِنَّهُ عَلِيٌّ നിശ്ചയമായും അവൻ ഉന്നതനാകുന്നു حَكِيمٌ അഗാധജ്ഞനാണ്, യുക്തിമാനാണ്.

വഹ്‌യ് (الْوَحِي) എന്ന വാക്ക് ഭാഷയിൽ വേഗം സൂചന നൽകുക, പതുക്കെ സംസാരിക്കുക, തോന്നിപ്പിക്കുക, സ്വകാര്യമായി അറിയിക്കുക എന്നിങ്ങിനെയുള്ള അർത്ഥങ്ങളിലെല്ലാം ഉപയോഗിക്കാറുണ്ട്. തേനീച്ചക്ക് വഹ്‌യ് നൽകി (اوحى ربك الي النحل) ഭൂമിക്ക് വഹ്‌യ് കൊടുത്തു (اوحى لها) എന്നൊക്കെയുള്ള പ്രയോഗങ്ങളുടെ താൽപര്യം ഇതിൽനിന്നു മനസ്സിലാക്കാം. അത്തരത്തിലുള്ള വഹ്‌യല്ല ഇവിടെ ഉദ്ദേശ്യം. അല്ലാഹുവിൽ നിന്ന് ദിവ്യസന്ദേശങ്ങൾ മനുഷ്യർക്ക് ലഭിക്കുന്നത് ഏത് പ്രകാരത്തിലായിരിക്കുമെന്നാണ് അല്ലാഹു ഈ വചനം മുഖേന അറിയിക്കുന്നത്.

1) **ബോധനമായിട്ട്:** (وَحْيًا) മനസ്സിൽ വെളിപ്പാടുണ്ടായും, സ്വപ്നംവഴിയും ഇതു സംഭവിക്കുന്നു. എന്റെ മനസ്സിൽ ഊതി (نفث في روعي) എന്നും, എന്റെ മനസ്സിൽ ഇട്ടുതന്ന (القى في روعي) എന്നും, സ്വപ്നത്തിൽ എനിക്ക് കാണിക്കപ്പെട്ടു (أريت في المنام) എന്നുമെല്ലാം നബിചിലപ്പോൾ പറയാറുള്ളതും, സാധാരണമായി ഇൽഹാം (الهام അഥവാ തോന്നിപ്പിക്കൽ) എന്നു പറയപ്പെടുന്നതും ഈ ഇനത്തിലെ വഹ്‌യിനെ ഉദ്ദേശിച്ചാകുന്നു. ഇബ്റാഹീം നബി (അ) പുത്രനെ അറുക്കുന്നതായിക്കണ്ട സ്വപ്നവും, പ്രവാചകത്വത്തിന്റെ ആരംഭത്തിൽ നബികണ്ടിരുന്നതായി ആയിശാ(റ) പ്രസ്താവിച്ച സ്വപ്നങ്ങളും, മൂസാ നബി(അ)യെ പെട്ടിയിലാക്കി നദിയിൽ ഇട്ടേക്കുവാൻ മാതാവിന് വഹ്‌യ് നൽകിയതും ഇതിൽ ഉൾപ്പെടുന്നതാണ്. ഹദീഥുകളിൽ ഇതിന് വേറെയും ഉദാഹരണങ്ങൾ കാണാം. നബിമാരുടെ ഇൽഹാമും സ്വപ്നവും, നബിമാരല്ലാത്തവരുടേതിൽനിന്നും വ്യത്യാസമുണ്ട്. നബിമാരുടേതെല്ലാം തികച്ചും യാഥാർത്ഥ്യങ്ങളായിരിക്കും. അവർക്ക് അത് മുഖേന ലഭിക്കുന്ന അറിവ് യാതൊരുവിധ സംശയത്തിനോ, ചാഞ്ചല്യത്തിനോ ഇടമില്ലാത്തവണ്ണം യഥാർത്ഥവും, സുദൃഢവുമായിരിക്കും.

2) ഒരു മറയുടെ പിന്നിൽ നിന്നുള്ള സംസാരമായിട്ട്: (أَوْ مِن وَرَاءِ حِجَابٍ) മൂസാ നബി (അ)യുമായി അല്ലാഹു സംസാരിച്ചു وَكَلَّمَ اللَّهُ مُوسَىٰ تَكْلِيمًا എന്നുപറഞ്ഞത് ഈ ഇനത്തിൽപെട്ടതാണ്. സംസാരിക്കുന്ന ആളെ കാണാതെ, സംസാരംമാത്രം കേൾക്കലാണിത്. മൂസാ നബി(അ)ക്കല്ലാതെ മറ്റാർക്കും ഈ അനുഗ്രഹം സിദ്ധിച്ചതായി അറിയില്ല.

3) ഒരു ദൂതനെ-മലക്കിനെ-അയച്ചു അദ്ദേഹം മുഖേന ബോധനം നൽകൽ: (أَوْ يُرْسِلَ رَسُولًا فَيُوحِيَ الخ) നബി തിരുമേനിﷺക്ക് ഇങ്ങിനെയുള്ള വഹ്‌യ് ധാരാളം ലഭിച്ചിരുന്നു. ഇബ്‌റാഹീം നബി(അ)യുടെയും ലൂത്ത് നബി(അ)യുടെയും അടുക്കൽ മലക്കുകൾ ചെന്ന് വർത്തമാനം അറിയിച്ചതും ഈ ഇനത്തിൽപെട്ടതാകുന്നു. മലക്കുകളുടെ വരവ് ചിലപ്പോൾ മനുഷ്യരൂപത്തിലായെന്നും വരും. മലക്ക്മുഖേന വഹ്‌യ് ലഭിക്കുന്നതിനെപ്പറ്റി സൂ: ശുഅറാഅ് 195-ാം വചനത്തിലും, അതിന്റെ വിവരണത്തിലും - മുമ്പ് നാം വിവരിച്ചു കഴിഞ്ഞിട്ടുണ്ട്.

1-ാമത്തെയും, 2-ാമത്തെയും ഇനങ്ങളിൽ അല്ലാഹുവിനും, ബോധനം നൽകപ്പെടുന്ന ആൾക്കുമിടയിൽ മൂന്നാമതൊരു മദ്ധ്യമൻ ഇല്ല. 3-ാമത്തെ ഇനത്തിൽ മലക്കുമുഖാന്തരമാണ് ബോധനം നൽകുന്നത്. ഇത് ജിബ്‌രീൽ (അ) എന്ന മലക്കോ മറ്റോ ആകാവുന്നതാണ്. എങ്കിലും ജിബ്‌രീലാ(അ)ണ് വഹ്‌യിന്റെ പ്രധാന വാഹകൻ. അദ്ദേഹമാണ് വിശുദ്ധ ക്വുർആൻ നബിക്ക് വഹ്‌യ് നൽകിയിരിക്കുന്നത്. അല്ലാഹു തങ്ങളെ ഏൽപിച്ച ദൗത്യം അപ്പടി എത്തിക്കുകയല്ലാതെ, അതിൽ യാതൊരു ഏറ്റക്കുറവും, ഭേദഗതിയും വരുത്തുകയില്ലെന്നാണ് فَيُوحِيَ بِإِذْنِهِ مَا يَشَاءُ (അവന്റെ അനുവാദപ്രകാരം അവൻ ഉദ്ദേശിക്കുന്നത് അദ്ദേഹം ബോധനം നൽകും) എന്ന വാക്യം വ്യക്തമാക്കുന്നത്. മേൽകണ്ട മൂന്നു വിധത്തിലൂടെയല്ലാതെ, ഈ ഐഹികജീവിതത്തിൽവെച്ച് അല്ലാഹുവിങ്കൽ നിന്നു നേരിട്ടുള്ള ബോധനങ്ങൾ ലഭിക്കുവാനും. അത് സ്വീകരിക്കുവാനും മനുഷ്യർക്ക് സാധ്യമല്ലെന്നും, ഇങ്ങിനെയുള്ള മാർഗങ്ങളിലൂടെ ദൈവികസന്ദേശങ്ങൾ എത്തിച്ചുകൊടുക്കുന്നത് മനുഷ്യാത്മാക്കൾക്ക് ജീവനം നൽകുവാൻ വേണ്ടി അല്ലാഹു ചെയ്യുന്ന യുക്തിമത്തായ ഒരു കാര്യമാണെന്നും ആയത്തിന്റെ അവസാനവാക്യം സൂചിപ്പിക്കുന്നു. അതെ, നിശ്ചയമായും അവൻ വളരെ ഉന്നതനും, യുക്തിമാനും തന്നെ (إِنَّهُ عَلِيٌّ حَكِيمٌ) അടുത്ത വചനം നോക്കുക:

وَكَذَٰلِكَ أَوْحَيْنَآ إِلَيْكَ رُوحًا مِّنْ أَمْرِنَا ۚ مَا كُنتَ تَدْرِى مَا ٱلْكِتَٰبُ وَلَا ٱلْإِيمَٰنُ وَلَٰكِن جَعَلْنَٰهُ نُورًا نَّهْدِى بِهِۦ مَن نَّشَآءُ مِنْ عِبَادِنَا ۚ

﴿52﴾ അപ്രകാരംതന്നെ, നമ്മുടെ കല്പനയാൽ നിനക്ക് ഒരു (മഹത്തായ) ആത്മാവിനെ [ക്വുർആനെ] നാം വഹ്‌യ് നൽകിയിരിക്കുന്നു. കിതാബ് [വേദഗ്രന്ഥം] ആകട്ടെ, ഈമാൻ സത്യവിശ്വാസം ആകട്ടെ, എന്താണെന്ന് നിനക്കറിയുമായിരുന്നില്ല എങ്കിലും, അതിനെ നാം ഒരു പ്രകാശമാക്കിയിരിക്കുന്നു; അത്മൂലം നമ്മുടെ അടിയാൻമാരിൽനിന്ന് നാം ഉദ്ദേശിക്കുന്നവർക്ക് നാം മാർഗ

وَإِنَّكَ لَتَهْدِىٓ إِلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٥٢﴾

ദർശനം നൽകുന്നതാണ്. നിശ്ചയമായും നീയുംതന്നെ, നേരെ(ചൊവ്വാ) യുള്ള പാതയിലേക്ക് മാർഗദർശനം നൽകുന്നു.

صِرَٰطِ ٱللَّهِ ٱلَّذِى لَهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۗ أَلَآ إِلَى ٱللَّهِ تَصِيرُ ٱلْأُمُورُ ﴿٥٣﴾

《53》 അതായത്, ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും യാതൊരുവന്നുള്ളതാണോ ആ അല്ലാഹുവിന്റെ പാത(യിലേക്ക്). അല്ലാ! (അറിയുക) അല്ലാഹുവിങ്കലേക്കത്രെ കാര്യങ്ങൾ പരിണമിക്കുന്നത്.

《52》 وَكَذَٰلِكَ അപ്രകാരംതന്നെ أَوْحَيْنَا إِلَيْكَ നിനക്ക് നാം വഹ്‌യ് നൽകിയിരിക്കുന്നു رُوحًا ഒരു ആത്മാവിനെ مِنْ أَمْرِنَا നമ്മുടെ കല്പനയാൽ مَا كُنتَ تَدْرِي നീ അറിയുമായിരുന്നില്ല مَا الْكِتَابُ വേദഗ്രന്ഥമെന്താണെന്ന് وَلَا الْإِيمَانُ സത്യവിശ്വാസവും (എന്താണെന്ന്)ഇല്ല وَلَٰكِن جَعَلْنَاهُ എങ്കിലും അതിനെ നാം ആക്കിയിരിക്കുന്നു نُورًا ഒരു പ്രകാശം, വെളിച്ചം نَّهْدِي بِهِ അത്മൂലം നാം മാർഗദർശനം ചെയ്യുന്നു مَن نَّشَاءُ നാമുദ്ദേശിക്കുന്നവർക്ക് مِنْ عِبَادِنَا നമ്മുടെ അടിയാൻമാരിൽ നിന്ന് وَإِنَّكَ لَتَهْدِي നീയും തന്നെ മാർഗദർശനം നൽകുന്നു إِلَىٰ صِرَاطٍ ഒരു പാതയിലേക്ക് مُّسْتَقِيمٍ ചൊവ്വായ, നേരായ 《53》 صِرَاطِ اللَّهِ അതായത് അല്ലാഹുവിന്റെ പാത الَّذِي യാതൊരുവനായ لَهُ مَا فِي السَّمَاوَاتِ അവന്നാണ് ആകാശങ്ങളിലുള്ളത് وَمَا فِي الْأَرْضِ ഭൂമിയിലുള്ളതും أَلَا അല്ലാ, അറിയുക إِلَى اللَّهِ അല്ലാഹുവിങ്കലേക്കത്രെ تَصِيرُ ആയിത്തീരുന്നത്, പരിണമിക്കുന്നത് الْأُمُورُ കാര്യങ്ങൾ

കഴിഞ്ഞ ആയത്തിൽ പ്രസ്താവിച്ച ഒരു മാർഗേണയാണ് നബിﷺക്ക് അല്ലാഹു ഈ ഖുർആനാകുന്ന ഗ്രന്ഥം നൽകിയിരിക്കുന്നത്. മനുഷ്യന്റെ ശരീരം ജീവിക്കുവാൻ ആത്മാവെന്നപോലെ, ആത്മാവിന്റെ ജീവനായിട്ടാണ് ആ ഗ്രന്ഥം നിലകൊള്ളുന്നത്. അതുകൊണ്ട് അതിന്ന് ജീവൻ അഥവാ ആത്മാവ് (رُوح) എന്ന് പറയാം.ശാശ്വത വിജയത്തിനും, സാക്ഷാൽ മോക്ഷത്തിനും വെളിച്ചം നൽകുന്നതാകകൊണ്ട് അത് പ്രകാശവും (نور) ആകുന്നു. സൻമാർഗത്തിലേക്ക് വെളിച്ചം കാട്ടി മാർഗദർശനം നൽകുകയാണതിന്റെ ലക്ഷ്യം. അതിലേക്ക് തന്നെയാണ് നബിﷺക്ഷണിക്കുന്നതും.

നബിﷺക്ക് വേദഗ്രന്ഥം എന്താണെന്നും, സത്യവിശ്വാസം എന്താണെന്നും അറിയുമായിരുന്നില്ല (مَا كُنتَ تَدْرِي مَا الْكِتَابُ وَلَا الْإِيمَانُ) എന്ന് പറഞ്ഞത് പ്രത്യേകം ശ്രദ്ധാർഹമാണ്. പ്രവാചകത്വം (നുബുവ്വത്ത്) ലഭിക്കുന്നതിന് മുമ്പ് തിരുമേനിക്ക് ഈ രണ്ടിനെക്കുറിച്ചും പറയത്തക്ക അറിവുണ്ടായിരുന്നില്ലെന്നും, വഹ്‌യ് ലഭിച്ചുതുടങ്ങിയതോടെയാണ് അവയെപ്പറ്റി അറിയാൻ കഴിഞ്ഞതെന്നും ഇതിൽനിന്ന് സ്പഷ്ടമാണ്. ഒരു വേദഗ്രന്ഥം ലഭിക്കുമെന്ന പ്രതീക്ഷ നബിﷺക്ക് ഉണ്ടായിരുന്നില്ല; അല്ലാഹുവിന്റെ അനുഗ്രഹത്താൽ മാത്രം അത് കിട്ടിയതാണ് എന്ന് (وَمَا كُنتَ تَرْجُو أَن يُلْقَىٰ إِلَيْكَ)

(الْكِتَابُ الخ) സൂ: ക്വസ്വസ് 86-ലും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. എന്നിരിക്കെ, പ്രവാചകത്വത്തിന് മുമ്പ് നബി ഹിറാമലാ ഗുഹയിൽ, ലോകത്തിന് മാർഗദർശനം ചെയ്‌വാനുള്ള ഒരു പ്രകാശത്തെ പ്രതീക്ഷിച്ചും അന്വേഷിച്ചുംകൊണ്ടിരിക്കുകയായിരുന്നുവെന്നും, അങ്ങിനെയിരിക്കെ ആ തേടിയ പ്രകാശം ലഭിച്ചുവെന്നും മറ്റും ചില ആളുകൾ പറഞ്ഞുവരുന്നത് ക്വുർആന്റെ പ്രസ്താവനക്ക് കടകവിരുദ്ധമായതാണ്. മാത്രമല്ല, ഈ പ്രസ്താവനയെ പ്രവാചകത്വത്തിന്റെ അടിസ്ഥാനത്തിനുതന്നെ കളങ്കം ചാർത്തുന്നതുമാകുന്നു. (ഇതിനെപ്പറ്റി സൂ: ക്വസ്വസിൽ വെച്ച് നാം വിവരിച്ചിരിക്കുന്നു)

ഇമാം ബുഖാരി, മുസ്‌ലിം (റ) മുതലായവർ പ്രവാചകത്വത്തിന്റെ തുടക്കത്തെപ്പറ്റി ആയിശാ(റ)യിൽ നിന്ന് ഉദ്ധരിക്കുന്ന പ്രസിദ്ധമായ ഹദീഥിൽ ഇങ്ങിനെ കാണാം : റസൂൽ തിരുമേനിക്ക് ആദ്യമായി വഹ്‌യ് തുടങ്ങിയത് യഥാർത്ഥ സ്വപ്നങ്ങളായിരുന്നു. പിന്നീട് അവിടുത്തേക്ക് ഏകാന്തമായിരിക്കുവാൻ ഇഷ്ടം തോന്നി. അങ്ങിനെ, അവിടുന്ന് ഹിറാ ഗുഹയിൽ ചെന്ന് ചില നാളുകൾ ആരാധനയിൽ മുഴുകിക്കൊണ്ടിരുന്നു. കുറച്ച് ദിവസത്തിനുശേഷം വീട്ടിലേക്ക് മടങ്ങിവന്ന് വീണ്ടും ചില നാളുകൾക്കുള്ള ഭക്ഷണം തയ്യാറാക്കിക്കൊണ്ടുപോകും. അങ്ങിനെയിരിക്കെ മലക്ക് വന്നു... അപ്പോൾ ആദ്യം വഹ്‌യ് തുടങ്ങിയത് സ്വപ്നങ്ങളായിട്ടാണെന്നും, ഹിറാ ഗുഹയിലെ ഏകാന്തവാസം സ്വസ്ഥമായ ആരാധനക്ക്‌വേണ്ടിയായിരുന്നുവെന്നും, ഒരു ദിവസം പെട്ടന്നാണ് മലക്ക് പ്രത്യക്ഷപ്പെട്ടതെന്നും ഇതിൽ നിന്നും വ്യക്തമാണ്. എനി മലക്ക് പ്രത്യക്ഷപ്പെട്ടപ്പോഴാകട്ടെ, താൻ തേടിയും പ്രതീക്ഷിച്ചുംകൊണ്ടിരിക്കുന്ന ഒരു കാര്യം ലഭിച്ച പ്രതീതിയല്ല അവിടെ സംഭവിച്ചത്. അപ്രതീക്ഷിതമായിരുന്ന ആ വെളിപാട്മൂലം തിരുമേനിക്ക് വലിയ ഭയപ്പാടും നടുക്കവുമാണുണ്ടായത്.

ഒരു പ്രവാചകന് പ്രവാചകത്വം, ദിവ്യദൗത്യവും നൽകിയതിന്റെ രൂപം മൂസാ നബി (അ)യുടേതു മാത്രമേ ക്വുർആനിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളൂ. അദ്ദേഹം ഒരു കൊലപാതകത്തിന്റെ ഭവിഷ്യത്ത് ഭയന്ന് നാടുവിട്ടുപോയി, കുറെ കൊല്ലത്തോളം ആടുകളെ മേക്കുന്ന ഒരു ഇടയനായിക്കഴിഞ്ഞ ശേഷം, ഭാര്യയുമായി നാട്ടിലേക്ക് മടങ്ങുമ്പോൾ ഇരുട്ടിലും തണുപ്പിലും പെട്ട്, വഴി അറിയാതെയും കഷ്ടപ്പെട്ടുകൊണ്ടിരുന്ന ഒരവസരത്തിൽ-ത്വൂർ വനാന്തരങ്ങളിൽ വെച്ച് പെട്ടെന്നാണല്ലോ ഒരു തീ ദർശിച്ചതും, അല്ലാഹുവിൽ നിന്നുള്ള സംസാരം കേട്ടതും, വഹ്‌യ് ലഭിച്ചതും. ഇവിടെയും ഒരു പ്രതീക്ഷയുടെയോ, ആഗ്രഹത്തിന്റെയോ, പ്രയത്നത്തിന്റെയോ ഫലമായി ലഭിച്ചതായിരുന്നില്ല അത്. അതെ, പ്രവാചകത്വവും, വഹ്‌യും അല്ലാഹു ഉദ്ദേശിച്ചവർക്ക് അവൻ ഉദ്ദേശിക്കുമ്പോൾ, അവന്റെ അനുഗ്രഹമെന്ന നിലക്കു മാത്രം, സിദ്ധിക്കുന്ന ഒരു മഹാഭാഗ്യമത്രെ. സൂ: ക്വസ്വസിലെ ആയത്ത് ഒന്നുകൂടി നമുക്ക് ഇവിടെ ഓർമിക്കാം وَمَا كُنتَ تَرْجُو أَن يُلْقَى إِلَيْكَ الْكِتَابُ إِلَّا رَحْمَةً مِّن رَّبِّكَ فَلَا تَكُونَنَّ ظَهِيرًا لِّلْكَافِرِينَ - القصص : ٨٦ 'നിനക്ക് വേദഗ്രന്ഥം കിട്ടുമെന്ന് നീ പ്രതീക്ഷിക്കുന്നുണ്ടായിരുന്നില്ല-ആഗ്രഹിച്ചിരുന്നില്ല. പക്ഷേ, നിന്റെ റബ്ബിങ്കൽ നിന്നുള്ള കാരുണ്യമായിട്ടത്രെ അത് ആകയാൽ നീ, നിശ്ചയമായും അവിശ്വാസികൾക്ക് പിൻതുണ നല്കുന്നവനായിരിക്കരുത്'.

വഹ്‌യിനെപ്പറ്റി പ്രസ്താവിച്ചുകൊണ്ടാരംഭിച്ച ഈ അദ്ധ്യായം അതിന്റെ വിവരണത്തോട്കൂടിത്തന്നെ സമാപിച്ചിരിക്കുകയാണ്.

﴿قل فلله الحجة البالغة – وله الحمد والمنة﴾